ഗ്രാംഷിയൻ വിചാര വിപ്ലവം

ഇ എം എസ് പി ഗോവിന്ദപ്പിള്ള

Antonio Gramsci



PG
335.43092

ഗ്രാംഷിയൻ
വിചാര വിപ്ലവം

gramscian vichara viplavam • e m s, p govinda pillai • first edition march 1996 • third edition september 2006 • type setting & published by chintha publishers, thiruvananthapuram • distributed by deshabhimani book house • printed at akshara offset, thiruvananthapuram.

cover : shahul aliyar *price : rupees sixty five only*

വിതരണം : ദേശാഭിമാനി ബുക്ക് ഹൗസ്
H O തിരുവനന്തപുരം-695 001

ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CR - 668 / 1663

ഗ്രാംഷിയൻ വിചാര വിപ്ലവം

7799

ഇ എം എസ്
പി ഗോവിന്ദപ്പിള്ള



ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 001
വില : 65.00 രൂപ

PG
335.43092

ഗ്രന്ഥകർത്താക്കളെപ്പറ്റി

ഇ എം എസ്

1909 ജൂൺ 14 ന് ഏലങ്കുളത്ത് ജനിച്ചു. പിതാവ് പരമേശ്വരൻ നമ്പൂതിരിപ്പാട്. മാതാവ് വിഷ്ണുദത്ത. ഭാര്യ ആര്യ അന്തർജനം. മക്കൾ മാലതി, ശ്രീധരൻ, രാധ, ശശി. ബിഎയ്ക്കു പഠിക്കുമ്പോൾ സിവിൽ നിയമലംഘനത്തിൽ പങ്കെടുക്കാൻ കോളജ് വിട്ടിറങ്ങി. പി കൃഷ്ണപിള്ള മുതലായവരോട് ചേർന്ന് കേരളത്തിൽ 1934 ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. 1934 മുതൽ 1940 വരെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി. 1934 ലും 1938–40 ലും കെപിസിസി സെക്രട്ടറി. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപകരിലൊരാൾ. 1941 മുതൽ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി മെംബർ. 1950 മുതൽ പോളിറ്റ് ബ്യൂറോ മെംബർ. 1953, 1954, 1955–56 വർഷങ്ങളിൽ ആക്റ്റിങ് സെക്രട്ടറി. 1962–63 ൽ ജനറൽ സെക്രട്ടറി. 1978 മുതൽ 1991 വരെ സിപിഐ(എം) ജനറൽ സെക്രട്ടറി. *ദേശാഭിമാനി* ദിനപത്രത്തിന്റെ ചീഫ് എഡിറ്റർ, *മാർക്സിസ്റ്റ് സംവാദ*ത്തിന്റെ പത്രാധിപർ, എ കെ ജി പഠന ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1939 ൽ മദിരാശി അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1957, 1965, 1967, 1977 എന്നീ വർഷങ്ങളിൽ കേരള അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1957–59 ലും 1967–69 ലും കേരളത്തിലെ മുഖ്യമന്ത്രി. 1998 മാർച്ച് 19 ന് അന്തരിച്ചു.

പി ഗോവിന്ദപ്പിള്ള

1926 മാർച്ച് 25 ന് പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ ജനിച്ചു. വിദ്യാർഥി പ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു. 1951 ൽ തിരു–കൊച്ചി നിയമസഭാംഗമായും പിന്നീട് കേരള നിയമസഭാംഗമായും സേവനമനുഷ്ഠിച്ചു. കിറ്റ് ഇന്ത്യാ സമരത്തിലും മറ്റും പങ്കെടുത്ത് പലതവണ ജയിൽവാസം അനുഭവിച്ചു. 1964 മുതൽ 1976 വരെ *ദേശാഭിമാനി*യുടെ മുഖ്യപത്രാധിപർ. സിപിഐ(എം) സംസ്ഥാന കമ്മിറ്റി അംഗം. *ചിന്ത* പത്രാധിപസമിതി അംഗം.

പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ: *ഇസങ്ങൾക്കപ്പുറം, വിപ്ലവ പ്രതിഭ, കേരളം ഇന്ത്യയിലെ അധഃകൃത സംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും, വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം, അധോഗതിയും പുരോഗതിയും. പൂന്താനം മുതൽ സൈമൺ വരെ, ചരിത്ര ശാസ്ത്രംപുതിയമാനങ്ങൾ,ഭഗവദ്ഗീത–ബൈബിൾ–മാർക്സിസം,സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, ഫ്രെഡറിക് എംഗൽസ് സ്നിഗ്ധനായ സഹകാരി വരിഷ്ഠനായ വിപ്ലവകാരി, കേരള നവോത്ഥാനം : ഒരു മാർക്സിസ്റ്റ് വീക്ഷണം, കാട്ടുകടന്നൽ* (തർജുമ), *ഭൂതകാലവും മുൻവിധികളും* (തർജുമ), *ഇന്ത്യാചരിത്ര വ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ* (തർജുമ).

ഉള്ളടക്കം

ഭാഗം ഒന്ന്

ധന്യജീവിതം

6-27

ഭാഗം രണ്ട്

ആസ്ഥാനശിലകൾ

38-55

ഭാഗം മൂന്ന്

പ്രമേയങ്ങൾ

56-105

ഭാഗം നാല്

അനുബന്ധങ്ങൾ

106-120

ഭാഗം ഒന്ന്

ധന്യജീവിതം

ഗ്രാംഷിയുടെയും കുറിപ്പുകളുടെയും കഥ 7

വിപ്ലവകാരിയുടെ വളർച്ച 11

പീഡനകാലം പുഷ്കലകാലം 17

അന്ത്യരംഗങ്ങൾ 23

ഗ്രാംഷിയുടെയും കുറിപ്പുകളുടെയും കഥ

"ഈ തലച്ചോറിനെ ഇരുപത് വർഷത്തേക്ക് പ്രവർത്തിക്കാതാക്കണം." മുസോളിനിയുടെ ഇറ്റലിയിൽ അന്നത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന അന്തോണിയോ ഗ്രാംഷിക്കെതിരേ നടന്ന വിചാരണ സമാപിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ ഫാഷിസ്റ്റ് ഗവൺമെന്റിന്റെ അഭിഭാഷകൻ ആവശ്യപ്പെട്ടതാണ് ഇത്.

ഈ ആവശ്യം കോടതി അംഗീകരിച്ചു; അങ്ങനെ 20 വർഷത്തെ തടവുശിക്ഷയ്ക്കുവേണ്ടി ഗ്രാംഷി (1891–1937) ജയിലിൽ അടയ്ക്കപ്പെട്ടു. എന്നാൽ ആ കാലാവധി കഴിയുന്നതിനു മുമ്പുതന്നെ രോഗഗ്രസ്തനായ അദ്ദേഹത്തെ ജയിലിൽനിന്ന് വിടാൻ സാർവദേശീയ സമ്മർദം മുസോളിനി ഗവൺമെന്റിനെ നിർബന്ധിച്ചു. പക്ഷേ 10 വർഷത്തിനുശേഷം ജയിൽ വിമോചിതനായെങ്കിലും അങ്ങേയറ്റം രോഗഗ്രസ്തനായിരുന്ന അദ്ദേഹം ഏതാനും മാസങ്ങൾക്കകം 46–ാം വയസ്സിൽ (1937 ഏപ്രിൽ 27) അന്തരിച്ചു.

ജയിലിലായിരുന്ന കാലത്ത് അദ്ദേഹം ചെയ്ത ഒരു ജോലി തന്റെ രാഷ്ട്രീയാനുഭവങ്ങളിലേക്ക് തിരിഞ്ഞുനോക്കി, മൗലിക പ്രാധാന്യമുള്ള ചില പ്രശ്നങ്ങൾ പരിശോധിച്ചുകൊണ്ടുള്ള കുറെയേറെ കുറിപ്പുകൾ എഴുതിവെക്കുകയാണ്. കൈയെഴുത്തിൽ 2848 പുറംവരുന്ന ആ കുറിപ്പുകൾ രഹസ്യമാർഗങ്ങളിലൂടെ പുറത്തേക്ക് അയയ്ക്കപ്പെട്ടുകൊണ്ടിരുന്നു. മാർക്സിസം–ലെനിനിസവും തൊഴിലാളിവർഗ പ്രസ്ഥാനവും നേരിടുന്ന ആഗോള പ്രശ്നങ്ങൾ പൊതുവിലും ഇറ്റലിയിലെ പ്രശ്നങ്ങൾ വിശേഷിച്ചും കൈകാര്യം ചെയ്യുന്ന ഈ രേഖാസംഹിത സൈദ്ധാന്തികവും പ്രായോഗികവുമായ പല ഉൾക്കാഴ്ചകളും നവീനാശയങ്ങളും നൽകുന്ന ഒരു രത്നഖനിയായി പരിണമിച്ചു.

ഗ്രാംഷിയുടെ മരണത്തിനുശേഷം 10 വർഷം പിന്നിട്ട് രണ്ടാം ലോക മഹാ

യുദ്ധാനന്തരം (1947) ഈ കുറിപ്പുകൾ ആദ്യമൊക്കെ സംഗ്രഹിച്ചും പിന്നീട് പൂർണമായും, ഇറ്റലിയിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. അതോടെ ഒരു പുത്തൻ രത്നഖനി കണ്ടുപിടിക്കപ്പെട്ടതുപോലെയാണ് ലോകമെങ്ങുമുള്ള മാർക്സിസ്റ്റുകാരും മാർക്സിസ്റ്റിതരരും അത്ഭുതാദരങ്ങളോടെ ഗ്രാംഷിയിലേക്കു തിരിഞ്ഞത്. അങ്ങനെ 20-ാം നൂറ്റാണ്ട് കലാശം കൊട്ടിയ ഈ സന്ദർഭത്തിലും ഗ്രാംഷി കൈകാര്യംചെയ്ത വൈവിധ്യമേറിയ പ്രശ്നങ്ങൾ സംബന്ധിച്ച് എതിരായോ അനുകൂലമായോ എഴുതുന്നവർക്കാർക്കും—അവർ മാർക്സിസ്റ്റുകാരായാലും വിരുദ്ധരായാലും—ഗ്രാംഷിയുടെ കൃതികളെ പരാമർശിക്കാതെ പോകാനാവില്ലെന്നായിരിക്കുന്നു.

1947 ലാണ് ഗ്രാംഷിയുടെ ജയിൽകത്തുകളുടെ ഒരു സംഗ്രഹിത പതിപ്പ് ഇറ്റലിയിൽ പ്രസിദ്ധീകരിച്ചത്. 1951 ആയപ്പോഴേക്കും അദ്ദേഹത്തിന്റെ *ജയിൽക്കുറിപ്പുകളും* മുൻകാല രചനകളും ഉൾപ്പെടെയുള്ള കൃതികൾ ആറ് വലിയ വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടു. ഇറ്റലിയിൽ ഇപ്പോഴും പലതരം പതിപ്പുകളും വ്യാഖ്യാനങ്ങളുമായി ഗ്രാംഷികൃതികൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. മിക്ക യൂറോപ്യൻ ഭാഷകളിലും അതുതന്നെ സ്ഥിതി. ഇംഗ്ലീഷിൽ 1957 ലാണ് ലണ്ടനിലെ ലോറൻസ് ആൻഡ് വിഷാർട് *ജയിൽക്കുറിപ്പുകളുടെ* ഒരു സംഗ്രഹം പ്രസിദ്ധീകരിച്ചത്. കുറെക്കൂടി വിപുലമായ *ജയിൽക്കുറിപ്പുകളിൽനിന്ന് തിരഞ്ഞെടുത്ത ഭാഗങ്ങൾ* അമേരിക്കയിലെ *ഇന്റർനാഷണൽ പബ്ലിഷേഴ്സ്* 1971 ൽ പ്രസിദ്ധീകരിച്ചു. അടിക്കുറിപ്പുകളും വിശദീകരണങ്ങളും ചേർത്ത് വിഷയംതിരിച്ച് പ്രസിദ്ധീകരിച്ച ഈ ഇന്റർനാഷണൽ പതിപ്പാണ് ഈ ലഘുഗ്രന്ഥത്തിന് ആശ്രയം. ഇംഗ്ലീഷിലും ഗ്രാംഷിയുടെ കൃതികളും ജീവചരിത്രങ്ങളും വിലയിരുത്തലുകളുമായി ധാരാളം കൃതികൾ ഉണ്ടെന്നല്ല ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. (കൂടുതൽ വായിക്കാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്കുവേണ്ടി അവയിൽ ചിലവയുടെ വിവരം അവസാനം ഗ്രന്ഥസൂചിയിൽ ചേർത്തിട്ടുണ്ട്).

ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്ന ഗ്രാംഷി ഇറ്റാലിയൻ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തതിനുപുറമെ മോസ്കോവിൽ താമസിച്ചും വിവിധ യൂറോപ്യൻ കേന്ദ്രങ്ങളിൽ സഞ്ചരിച്ചും കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ഭാരവാഹികളിലൊരാളെന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. അങ്ങനെ നേടിയ അനുഭവസമ്പത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ നടത്തിയ വിമർശനത്തിന്റെയും സ്വയംവിമർശനത്തിന്റെയും പകൃഫലങ്ങളാണ് അദ്ദേഹം തന്റെ *ജയിൽക്കുറിപ്പുകളിൽ* സമാഹരിച്ചിരിക്കുന്നത്.

മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാനഭണ്ഡാഗാരത്തിലേക്ക് വി ഐ ലെനിനുശേഷം പുത്തൻ മുതൽക്കൂട്ടുകൾ ഉണ്ടാക്കിയ ജർമനിയിലെ റോസാ ലക്സംബർഗ്, ചൈനയിലെ മൗ സെ ദോങ് മുതലായവരെപ്പോലെ മൗലിക സംഭാവനകൾ നൽകിയ ഒരു ലോക വിപ്ലവകാരിയാണ് ഗ്രാംഷി. മാർക്സും എംഗൽസും ലെനിനും ചേർന്ന് രൂപപ്പെടുത്തിയ തൊഴിലാളിവർഗ ദർശനവും രാഷ്ട്രമീമാംസയും സാംസ്കാരിക നിലപാടും ഇറ്റാലിയൻ വിപ്ലവത്തിന്റെ അനുഭവംവെച്ച് പുനരാലോചിക്കുകയും അതിലൂടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിജ്ഞാനത്തെ കൂടുതൽ സമ്പന്നമാക്കുകയുമാണ്

അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ *ജയിൽക്കുറിപ്പുകൾ*കൂടി സ്വായത്തമാക്കാതെ ഇന്നത്തെ തലമുറയിലെ മാർക്സിസ്റ്റ്–ലെനിനിസ്റ്റുകാർക്ക് തങ്ങളുടെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല.

ദുരിതംനിറഞ്ഞ ബാല്യം

അന്തോണിയോ ഗ്രാംഷി എന്ന തൊഴിലാളിവർഗ വിപ്ലവകാരിയെയും അന്തോണിയോ ഗ്രാംഷി എന്ന സൈദ്ധാന്തികനെയും മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ദുരിതപൂർണവും ത്യാഗോജ്വലവുമായ ജീവിതകഥ ചുരുക്കമായെങ്കിലും മനസ്സിലാക്കിയിരിക്കണം. അദ്ദേഹത്തിന്റെ ബാല്യകാല സാമൂഹ്യ, രാഷ്ട്രീയ പരിതഃസ്ഥിതികളും പ്രതിഭാശാലിയായിരുന്ന ആ ബാലന്റെ വളർച്ചയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇറ്റലിയുടെ ഒരു തെക്കൻ പ്രവിശ്യയും മധ്യധരണ്യാഴിയിലെ ഒരു ദ്വീപുമായ സർദീനിയയാണ് ഗ്രാംഷിമാരുടെ ജന്മനാട്. ഇറ്റലിയുടെ ഒരുഭാഗം തന്നെയെങ്കിലും ഉത്തര ഇറ്റാലിയൻ പ്രവിശ്യകളെ അപേക്ഷിച്ച് വളരെ ദരിദ്രവും പിന്നോക്കവുമാണ് ഈ ദ്വീപ്. തെക്കൻ മേഖലകൾ പലപ്പോഴും വിഘടനവാദംവരെ ചെന്നെത്തി കലാപങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും നാടായി മാറാറുണ്ട്. സർദീനിയയിലെ ഭൂമി മുഴുവൻ ഉത്തര ഇറ്റാലിയൻ നഗരങ്ങളിൽ തമ്പടിച്ചുപോന്ന ജന്മിമാരുടെ വകയായിരുന്നു. ഇറ്റാലിയൻ ഭൂവുടമകൾക്ക് പുറമെ സർദീനിയയിലെ വിലപിടിച്ച ലോഹങ്ങൾ ഖനനംചെയ്യാനെത്തിയ ബൽജിയൻ–ഫ്രഞ്ച് മുതലാളിമാരുടെ ചൂഷണവും ജനങ്ങളെ അസ്വസ്ഥരാക്കിവന്നു. ഗ്രാംഷിയുടെ കാലത്തും പിന്നീടും ഈ 'തെക്കൻ പ്രശ്നം' ഇറ്റാലിയൻ രാഷ്ട്രീയത്തിലെ ഒരു കീറാമുട്ടിയായിത്തുടർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ മസീനിയുടെയും ഗാരിബാൾഡിയുടെയും മറ്റും നേതൃത്വത്തിൽ വിജയകരമായ പോരാട്ടങ്ങളുടെ ഫലമായി നടന്ന 'പുനരേകീകരണം' (റിസോർഗിമെന്റോ) ഔത്തരാഹരരുടെ ആധിപത്യസ്ഥാപനവും ദക്ഷിണേന്ത്യരുടെ കോളനിവൽക്കരണവും മാത്രമായിരുന്നു എന്നുവരെ സർദീനിയൻ പ്രക്ഷോഭകർ പ്രചരിപ്പിച്ചുവന്നു.

ഈ അസ്വസ്ഥതകളാൽ മുഖരിതമായ അന്തരീക്ഷത്തിലാണ് 1891 ജാനുവരി 23 ന് അലെസ് എന്ന സർദീനിയൻ ഗ്രാമത്തിൽ ഒരു താഴ്ന്ന ഇടത്തരം കുടുംബത്തിൽ അന്തോണിയോ ജനിച്ചത്. ഏഴ് സഹോദരീസഹോദരന്മാരിൽ നാലാമത്തെ കുട്ടിയായി അന്തോണിയോ പിറന്നതിനെത്തുടർന്ന് കുടുംബം ഉത്തരസർദീനിയയിലെ ഘിലാർസക്ക് താമസം മാറ്റി. പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചത് അവിടെയാണെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം തുടർന്നത് സർദീനിയയിലെ തുറമുഖപട്ടണമായ കളിയാറിയിലാണ്. അതിനിടെ അന്തോണിയോവിന്റെ സ്കൂൾ വിദ്യാഭ്യാസകാലത്ത് ഒരു താഴ്ന്ന സർക്കാരുദ്യോഗസ്ഥനായ അച്ഛൻ ഏതോ ഔദ്യോഗിക വീഴ്ചയെക്കുറിച്ചുള്ള ആരോപണങ്ങൾക്കു വിധേയനായി തടവിൽ ചെന്നുപെട്ടു. കുടുംബത്തിന്റെ ആശ്രയം അങ്ങനെ അവതാളത്തിലായതോടെ വിദ്യാഭ്യാസം നിറുത്താനും കുടുംബത്തെ പോറ്റാൻ പണിയെടുക്കാനും ആ ബാലൻ നിർബന്ധിതനായി.

ആ ദുരിതസന്ധിയെക്കുറിച്ച് അന്തോണിയോ പിൽക്കാലത്ത് ഇങ്ങനെ ഓർമിക്കുകയുണ്ടായി:

> ഉപജീവനത്തിനും കുടുംബത്തെ പുലർത്താനും പതിനൊന്നാം വയസ്സിൽ ഞാൻ പണിക്കുപോയിത്തുടങ്ങി. ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും 10 മണിക്കൂറെങ്കിലും പണിയെടുക്കണം. മാസം 9 ലിറ ശമ്പളം. ദിവസംപ്രതി ഒരു കിലോ റൊട്ടിവാങ്ങാൻ അത് തികയും. എന്നെക്കാൾ ഭാരംവരുന്ന രജിസ്റ്ററുകളും മറ്റും ചുമക്കലായിരുന്നു പ്രധാന ജോലി. പല രാത്രികളിലും ആരുമറിയാതെ തനിയെയിരുന്ന് ഞാൻ കരയും. അത്രയ്ക്ക് വേദനയായിരുന്നു ദേഹമാസകലം.

കുഞ്ഞുനാൾ തൊട്ടേ രോഗിയായിരുന്ന അന്തോണിയോയുടെ മുതുകിൽ ഒരു അസുഖകരമായ വളർച്ച പ്രത്യക്ഷപ്പെട്ടു. ചികിത്സകൾകൊണ്ട് വലിയ ഫലമുണ്ടായില്ലെന്ന് മാത്രമല്ല ആജീവനാന്തം കൂനനുമായി.

നാലുവർഷം കഴിഞ്ഞ് 1904 ൽ അച്ഛൻ തടവിൽനിന്ന് മോചിപ്പിക്കപ്പെട്ടു പുറത്തുവന്നപ്പോൾ പഠിത്തം തുടർന്നു. തുറമുഖനഗരമായ കളിയാറിയിൽ തൊഴിലാളിയായിരുന്ന ജ്യേഷ്ഠൻ ഗൊണ്ണാറൊവിന്റെകൂടെ താമസിച്ചാണ് പഠിത്തം തുടർന്നത്. ഗൊണ്ണാറൊ സോഷ്യലിസ്റ്റ് അനുഭാവിയും സർദീനിയൻ പ്രക്ഷോഭങ്ങളിൽ അങ്ങേയറ്റം തൽപ്പരനുമായിരുന്നു. സർദീനിയൻ അസ്വസ്ഥതയും ഗൊണ്ണാറൊവിന്റെ സോഷ്യലിസവും തുറമുഖനഗരത്തിലെ പണിമുടക്കുകളും കൂർമബുദ്ധിയായിരുന്ന ബാലന്റെ പ്രാഥമിക രാഷ്ട്രീയ വിദ്യാഭ്യാസത്തിന് വഴിയൊരുക്കി. ജ്യേഷ്ഠൻ ഗൊണ്ണാറൊയായിരുന്നു തന്റെ ആദ്യത്തെ രാഷ്ട്രീയ ഗുരുനാഥൻ എന്ന് അഭിമാനത്തോടെ അന്തോണിയോ പിൽക്കാലത്ത് അവകാശപ്പെടാറുണ്ട്.

അങ്ങനെ സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ സോഷ്യലിസ്റ്റ് സാഹിത്യവും സോഷ്യലിസ്റ്റ് പ്രക്ഷോഭവുമായി പരിചയപ്പെട്ട ഗ്രാംഷിക്ക് മെച്ചപ്പെട്ട പഠനത്തെ മുൻനിർത്തി ഒരു സർക്കാർ സ്കോളർഷിപ്പ് ലഭിച്ചതുമൂലം മാത്രമാണ് സർവകലാശാലയിൽ പ്രവേശിക്കാൻ കഴിഞ്ഞത്.

1910 ൽ അന്തോണിയോ തന്റെ പ്രിയപ്പെട്ട ദ്വീപും തുറമുഖനഗരമായ കളിയാറിയും വിട്ട് ഇറ്റാലിയൻ വൻകരയിലെ ഉത്തരദേശത്തുള്ള തൂറിൻ സർവകലാശാലയിൽ ചേരാൻ യാത്ര തിരിച്ചു. തൂറിൻ സർവകലാശാലയിലെ സാഹിത്യവകുപ്പിൽ പഠനത്തിനു ചേർന്ന ഗ്രാംഷി പടിപടിയായി സോഷ്യലിസ്റ്റ് പാർട്ടിയിലേക്കും തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന പ്രവർത്തനത്തിലേക്കും മോസ്കോവിൽ കമ്യൂണിസ്റ്റ് ഇന്റർനാഷണൽ ആസ്ഥാനത്തേക്കും വീണ്ടും ഇറ്റലിയിലേക്കുവന്ന് ഇറ്റാലിയൻ പാർലമെന്റിലെ പ്രതിപക്ഷ നേതൃത്വത്തിലേക്കുയർന്ന് 1926 ൽ തടവിലാകും വരെയുള്ള ഉദ്വേഗജനകമായ കഥ ഒരു വിശ്വപ്രശസ്ത വിപ്ലവകാരിയുടെ വളർച്ചയുടെ ചരിത്രമാണ്. *ജയിൽക്കുറിപ്പുകളുടെ* കർത്താവിന്റെ സമരവും സംഘടനയും ചിന്തയും പകയതപ്രാപിച്ച 16 വർഷങ്ങളുടെ ചരിത്രം. ഇരുപത് വർഷത്തേക്ക് ആ തലച്ചോറിനെ പ്രവർത്തനരഹിതമാക്കാതെ തനിക്ക് രക്ഷയില്ലെന്ന് സാക്ഷാൽ ബെനിറ്റോ മുസോളിനിക്ക് ബോധ്യപ്പെടാൻ ഇടയാക്കിയ വളർച്ചയുടെ ചരിത്രം.

വിപ്ലവകാരിയുടെ വളർച്ച

ഇറ്റലിയുടെ 'ഓണംകേറാമൂല'യെന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഉൾനാടൻ പ്രദേശത്തുനിന്ന് വ്യവസായകേന്ദ്രമായിരുന്ന തൂറിൻ നഗരത്തിലെ സർവകലാശാലയിൽ എത്തിയ ആ പതിനെട്ടുകാരൻ ഗ്രാമീണൻ ശബ്ദമുഖരിതവും പ്രവർത്തനനിരതവുമായ ഒരു വിശാല ലോകത്തിലേക്ക് കാൽകുത്തുകയായിരുന്നു. പുറത്ത് കൂനും നീണ്ട ദുരിതാനുഭവങ്ങളുടെ ഭാണ്ഡവും കൂടെക്കൂടെയുള്ള രോഗപീഡയുമായി വന്നെത്തിയ വിജ്ഞാനകുതുകിയായ ആ ഗ്രാമീണ കുമാരനെ നഗരത്തിലെ സമരകാഹളങ്ങളോടൊപ്പം സർവകലാശാലയിലെ അറിവിന്റെ അനന്തസാധ്യതകളും ആവേശഭരിതനാക്കി.

ഭാഷയും സാഹിത്യവും സംബന്ധിച്ച വകുപ്പിൽ ചേർന്ന ഗ്രാംഷിയുടെ ഗുരുഭൂതരിൽ വിശ്വപ്രശസ്തരായ പണ്ഡിതരും ചിന്തകരും ഉണ്ടായിരുന്നു. യൂറോപ്പിലെ അന്നത്തെ ഭാഷാശാസ്ത്ര വിശാരദരിൽ പ്രമുഖരായിരുന്ന മത്തിയോ ബർത്തോളി, ഡി സാങ്ക്ടിസ്, 20-ാം നൂറ്റാണ്ടിന്റെ അന്ത്യമായിട്ടും പ്രശസ്തി മങ്ങിയിട്ടില്ലാത്ത വിശ്വദാർശനികൻ ബെനെഡിറ്റോ ക്രോച്ചെ തുടങ്ങിയവർ അവരിൽപ്പെടുന്നു. ആശയവാദികളായ ഈ ദാർശനികർ, പ്രത്യേകിച്ച് ക്രോച്ചെ, ഗ്രാംഷിയുടെ ബൗദ്ധിക വളർച്ചയിൽ ചെലുത്തിയ സ്വാധീനത്തിൽനിന്ന് വിമുക്തിനേടി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആകാൻ ഗ്രാംഷി പെടേണ്ടിവന്ന പാട് കുറച്ചൊന്നുമല്ല എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. 20-ാം നൂറ്റാണ്ടിന്റെ ഭാഷാശാസ്ത്ര വികാസത്തിന് വലിയൊരു വാഗ്ദാനമായി ഗ്രാംഷിയെ ഗണിച്ചുപോന്നു. മത്തിയോ ബർത്തോളി തന്റെ ശിഷ്യൻ മുഴുവൻസമയ വിപ്ലവ രാഷ്ട്രീയത്തിലേക്ക് കുതിച്ചപ്പോൾ കുറച്ചൊന്നുമല്ല വ്യസനിച്ചത്.

ഈ മഹാന്മാരായ അധ്യാപകപ്രവരരോടൊപ്പം പിൽക്കാലത്ത് തന്റെ ഉറച്ച സഖാവും ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെയും കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെയും നേതാവുമായി ഉയർന്ന പാൽമിറോ തോഗ്ലിയാത്തി സഹപാഠിയായും ഉണ്ടായിരുന്നു.

സർദീനിയൻ പ്രക്ഷോഭാന്തരീക്ഷത്തിൽനിന്നും ജ്യേഷ്ഠനിൽനിന്നും നേടിയ പ്രക്ഷോഭവാസനയും സോഷ്യലിസ്റ്റ് ചിന്തയും നഗരത്തിലെ തൊഴിലാളിസമരങ്ങളുമായി പെട്ടെന്ന് ഇടപഴകാൻ ഗ്രാംഷിക്ക് സഹായകമായി. ഒന്നാം ലോകമഹായുദ്ധം (1914–18) പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പുതന്നെ ഗ്രാംഷി സർവകലാശാലാ പഠനം ഉപേക്ഷിച്ച് മുഴുവൻസമയ പ്രവർത്തകനായി മാറി. ഒന്നാം ലോകമഹായുദ്ധത്തിനെതിരേയുള്ള തൊഴിലാളിസമരങ്ങളിൽ ഗ്രാംഷി വഹിച്ച വലിയ പങ്കിനെ മുൻനിർത്തി 1917 ൽ നഗരത്തിലെ സോഷ്യലിസ്റ്റ് പാർട്ടി ഘടകത്തിന്റെ സെക്രട്ടറിയായി ഗ്രാംഷി തിരഞ്ഞെടുക്കപ്പെട്ടു.

ബൂർഷ്വാ ദേശീയയുദ്ധങ്ങളെയും ലോകയുദ്ധത്തെയും എതിർക്കുക, യുദ്ധത്തെ ആഭ്യന്തരയുദ്ധമാക്കി മാറ്റി സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള വഴിതെളിക്കുക എന്ന ലെനിന്റെ മുദ്രാവാക്യം യൂറോപ്പിലെങ്ങുമുള്ള വിപ്ലവകാരികളെ പലരെയും എന്നപോലെ ഗ്രാംഷിയെയും ആവേശം കൊള്ളിച്ചു. ഇതിനകം മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും കൃതികൾ വളരെയേറെ വായിച്ചുപഠിച്ച ഗ്രാംഷി 1917 ലെ മഹത്തായ ഒക്റ്റോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തോടെ മാർക്സിസ്റ്റ്–ലെനിനിസ്റ്റായി മാറുകയായിരുന്നു. ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയിലും മാർക്സിസ്റ്റ്–ലെനിനിസ്റ്റ് വിഭാഗം ശക്തിപ്പെട്ടുവന്നു.

അക്കാലത്തെ മുഖ്യ സമരസംഘടന 'ഫാക്ടറി കൗൺസിലുകൾ' ആയിരുന്നു. അധികാരത്തിനുവേണ്ടിയുള്ള അന്തിമ വിപ്ലവപോരാട്ടത്തിൽ റഷ്യയിലെ സോവിയറ്റുകളെപ്പോലെ ഈ കൗൺസിലുകളെ വളർത്താൻ കഴിയണമെന്നായിരുന്നു ഗ്രാംഷിയുടെ കാഴ്ചപ്പാട്. 1919 ൽ ഈ കൗൺസിലുകളുടെ മുഖപത്രമായി *ഓർഡിൻ നോവോ* (Ordine Nuovo) എന്ന ഒരു വർത്തമാനപത്രം ഗ്രാംഷി ആരംഭിച്ചു. 1926 ൽ അറസ്റ്റ് ചെയ്യുന്നതിനുമുമ്പുള്ള ഗ്രാംഷിയുടെ ലേഖനങ്ങൾ മിക്കവയും ഈ പത്രത്തിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. *ജയിൽക്കുറിപ്പുകൾക്ക് മുമ്പുള്ള ലേഖനങ്ങൾ* (പ്രീ പ്രിസൺ റൈറ്റിങ്സ്) എന്ന പേരിൽ ഈ ലേഖനങ്ങൾ വിവിധ പതിപ്പുകളായി സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രാംഷിയുടെ ചിന്തയുടെ വികാസവും ഇറ്റാലിയൻ ദേശീയസാഹചര്യങ്ങൾക്ക് അനുസരണമായി മാർക്സിസം–ലെനിനിസത്തിന്റെ വികാസവും മനസ്സിലാക്കാൻ ഈ പത്രവും ഗ്രാംഷിയുടെ ലേഖനങ്ങളും ഉപകരിക്കും. 1923 ൽ മുസോളിനിസർക്കാർ നിരോധിക്കുംവരെ അത് തുടർന്നു.

ഇറ്റാലിയൻ തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനത്തിന്റെ പടിപടിയായുള്ള വികാസത്തിനും സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നും പിളർന്നുമാറി 1921 ജാനുവരിയിൽ ചേർന്ന ലിവോർണോ കോൺഗ്രസ്സിൽ ഇറ്റാലിയൻ

കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചതിലും *ഓർഡിൻ നോവോ* വഹിച്ച പങ്ക് നിർണായകമാണ്. സോഷ്യലിസ്റ്റ് പാർട്ടിയിലെ മറ്റു പലരെയുംകാൾ നേരത്തേതന്നെ തൊഴിലാളിവർഗ സമരത്തിന്റെ രാഷ്ട്രീയമാനത്തിന് ഊന്നൽ നൽകിയത് ഗ്രാംഷിയാണ്. സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖ പത്രമായിരുന്ന (ഇപ്പോഴും അത് നിലവിലുണ്ട്) *അവന്തി*യുടെ പത്രാ ധിപസമിതിയിൽ ഗ്രാംഷിയും ഉണ്ടായിരുന്നു. അതിലെ നാടകനിരൂപണ പംക്തി അദ്ദേഹമാണ് കൈകാര്യം ചെയ്തത്. പിൽക്കാലത്ത് വിശ്വനാടക വേദിയിൽ യുഗപ്രഭാവനായി പ്രകീർത്തിക്കപ്പെട്ട ലൂയിഗി പിരാൻഡെല്ലോ (1867–1936)യുടെ മഹത്വം കണ്ടറിഞ്ഞ ആദ്യത്തെ നാടക നിരൂപകൻ അദ്ദേഹത്തെക്കാൾ 24 വയസ് കുറവായിരുന്ന ഈ യുവാവായിരുന്നു എന്നത് കലാ–സാംസ്കാരിക രംഗത്തെ ഗ്രാംഷിയുടെ ഉൾക്കാഴ്ചയ്ക്ക് സാക്ഷ്യംവഹിക്കുന്നു. ഓർഡിൻ നോവയിലെ ആദ്യകാല ലേഖനങ്ങളി ലൊന്ന് അത്ഭുതപ്രഭാവനായിരുന്ന ഇറ്റാലിയൻ നവോത്ഥാന നായകനും ചിത്രകാരനും ശാസ്ത്രജ്ഞനും മറ്റുമായിരുന്ന ലിയനാർഡോ ഡാവിഞ്ചി (1452–1519)യെക്കുറിച്ചായിരുന്നു എന്നതും അർഥവത്താണ്. *ഓർഡിൻ നോവോ* ഇറ്റാലിയൻ തൊഴിലാളിവർഗ രാഷ്ട്രീയത്തിന്റെ നേതൃശക്തി യായി വർത്തിച്ചപ്പോഴും അതിനെ ഒരു തൊഴിലാളിവർഗ സാംസ്കാരിക പ്രസിദ്ധീകരണമായിട്ടാണ് ഗ്രാംഷി വിശേഷിപ്പിച്ചത്. ഗ്രാംഷിയൻ ചിന്ത യിൽ രാഷ്ട്രമീമാംസയും സൗന്ദര്യശാസ്ത്രവും ചരിത്രവിജ്ഞാനീയവും ദർശനവും സാംസ്കാരിക പഠനങ്ങളും എങ്ങനെ തുടക്കംതൊട്ടേ ഇഴുകിച്ചേർന്നിരുന്നു എന്നാണ് പിൽക്കാലത്തെ *ജയിൽക്കുറിപ്പുകൾ* പോലെ *ഓർഡിൻ നോവോ*യുടെ വൈവിധ്യമാർന്ന ലേഖനങ്ങളും തെളിയിക്കുന്നത്.

ഇപ്രകാരമുള്ള ഒരു സമഗ്ര രാഷ്ട്രീയ വീക്ഷണത്തിനുള്ള സാധ്യതകളി ല്ലെന്നതിന് പുറമെ ഫിലിപ്പോതുറാത്തി(1857–1932)യുടെ നേതൃത്വത്തി ലുള്ള സോഷ്യലിസ്റ്റ് പാർട്ടി ഒന്നാം ലോകമഹായുദ്ധത്തിനും ഒക്ടോ ബർ വിപ്ലവത്തിനുംശേഷം ഉളവായ അനുകൂല സന്ദർഭത്തിനൊത്ത് ഉയരാൻ മടിക്കുകയും ചെയ്തു. അതുകൊണ്ട് മാർക്സിസ്റ്റ്–ലെനിനിസ്റ്റ് അടിസ്ഥാനത്തിലുള്ള പുതിയൊരു പാർട്ടിയും പ്രസ്ഥാനവും വളരാതെ നിവൃത്തിയില്ലെന്ന നിഗമനത്തിൽ ഗ്രാംഷി ചെന്നെത്തി. അതാണ് ഈ പുതിയ പത്രസംരംഭത്തിന് ഗ്രാംഷിയെ പ്രേരിപ്പിച്ചത്.

നേരത്തേ പറഞ്ഞതുപോലെ യുദ്ധകാലത്തുതന്നെ രൂപംകൊള്ളുകയും യുദ്ധാനന്തരകാലത്ത് തൊഴിലാളികളുടെ വിപ്ലവ സംഘടനയായി മാറു കയും ചെയ്ത 'ഫാക്ടറി കൗൺസിലു'കളുടെ മുഖപത്രമായിട്ടാണ് *ഓർഡിൻ നോവോ* സംവിധാനം ചെയ്യപ്പെട്ടത്. പാർലമെന്ററി പ്രവർ ത്തനം നൽകുന്ന സർവവിധ സാധ്യതകളെയും ഉപയോഗപ്പെടുത്തുന്ന തിന് അശേഷം അലംഭാവം കാട്ടാതെതന്നെ പാർലമെന്ററി പരിധിക്ക പ്പുറമുള്ള സമരസാധ്യതകളിലേക്ക് വിരൽചൂണ്ടുന്ന സംഘടനാരൂപമാണ് ഫാക്ടറി കൗൺസിലുകളെന്ന് അദ്ദേഹം കരുതി. 1917 ലെ ഒക്ടോബർ

സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ അനുഭവം ഗ്രാംഷിയുടെ നിലപാടുകൾക്ക് ഉറപ്പുനൽകി. വിപ്ലവാനന്തരം ഗ്രാംഷി ഇങ്ങനെ എഴുതി:

സോവിയറ്റുകളുമായി താരതമ്യപ്പെടുത്താവുന്നതും അവയുടെ സ്വഭാവങ്ങൾ ഉൾക്കൊള്ളുന്നതുമായ എന്തെങ്കിലും തൊഴിലാളിവർഗോപകരണം ഇറ്റലിയിൽ നിലവിലുണ്ടോ? സോവിയറ്റ് എന്നത് വെറുമൊരു റഷ്യൻ സംഘടനാരൂപമോ റഷ്യൻ സ്ഥാപനമോ മാത്രമല്ലെന്ന് നിർണയിക്കാൻ ഉതകുന്ന എന്തെങ്കിലും തൊഴിലാളിവർഗോപകരണം? വ്യാവസായിക സ്വാതന്ത്ര്യത്തിനുവേണ്ടി തൊഴിലാളിവർഗം എവിടെ എവിടെ പോരാടുന്നുവോ, സ്വയം മോചിതരാകാനുള്ള ഇച്ഛാശക്തി തൊഴിലാളിവർഗം എവിടെ എവിടെ പ്രകടിപ്പിക്കുന്നുവോ—അവിടെയെല്ലാം സോവിയറ്റുകളാണ് തൊഴിലാളിവർഗത്തിന്റെ സ്വയം ഭരണോപാധി എന്നു പറയാൻ എന്നാണ് നമ്മെ പ്രാപ്തരാക്കുക? ഇറ്റലിയിൽ ഒരു സോവിയറ്റ് സർക്കാർ സ്ഥാപിക്കുന്നതിന് അവ്യക്തവും, മടിച്ചുമടിച്ചെങ്കിലും, ബീജരൂപത്തിലെങ്കിലുമുള്ള എന്തെങ്കിലും നിലവിലുണ്ടോ?

അത്തരം വിപ്ലവസാധ്യതകൾ ബീജരൂപത്തിലുള്ള സമരസംഘടനയാണ് ഫാക്ടറി കൗൺസിലുകൾ എന്ന് ഗ്രാംഷി സമർഥിച്ചു. ഈ ഫാക്ടറി കൗൺസിലുകളുടെ പ്രവർത്തനവും സമരവുമാണ് അന്തോണിയോ ഗ്രാംഷിയെയും അദ്ദേഹത്തിന്റെ തലമുറയിലെ കേഡർമാരെയും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രായപൂർത്തിയിൽ എത്തിച്ചത്. *ഓർഡിൻ നോവോ* 1919 മേയിൽ ആരംഭിച്ച് അഞ്ചുമാസം തികയുംമുമ്പ് സെപ്റ്റംബറിൽ ഫാക്ടറി കൗൺസിലുകൾ തൊഴിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളുടെ പരിധിക്കപ്പുറം കടന്ന് വ്യവസായങ്ങളുടെ ആസൂത്രണങ്ങളും നടത്തിപ്പും കൈയേൽക്കാനാരംഭിച്ചു. ഫാക്ടറി കൗൺസിലുകളുടെ അധികാരം അംഗീകരിക്കാൻ വ്യവസായ ഉടമകളും നിർബന്ധിതരായി. 1920 വസന്തത്തോടെ അധികാരിവർഗത്തിന്റെ തിരിച്ചടി ആരംഭിക്കുകയായി. ഫാക്ടറി കൗൺസിൽ പ്രസ്ഥാനത്തിന്റെ ആശാവഹമായ സാധ്യതകൾ ജനലക്ഷങ്ങളെ ആവേശംകൊള്ളിച്ചതുപോലെ അവയുടെ ആപൽക്കരമായ സാധ്യതകൾ അധികാരിവർഗത്തെ കിടിലംകൊള്ളിച്ചു. കൗൺസിലുകളെ തകർക്കാനും അവർ നേടിയ വിജയങ്ങൾ വ്യർഥമാക്കാനും ഭരണാധികാരിവർഗം രാജാവിന്റെ നേതൃത്വത്തിലും മുതലുടമകളുടെ കൈകാര്യകർത്തൃത്വത്തിലും നിയമത്തിന്റെ ദണ്ഡനീതികൾ പ്രയോഗിക്കാൻ തുടങ്ങി. അതിനിടയിലാണ് സോഷ്യലിസ്റ്റ് പാർട്ടി അംഗമായിരുന്ന ബെനിറ്റോ മുസോളിനി (1883–1945) തൊഴിലാളിവർഗത്തിനെതിരേ ഫാഷിസ്റ്റ് സംഘടനയുടെ ആദിമരൂപങ്ങളുമായി രംഗപ്രവേശം ചെയ്യുന്നത്. 'കരിങ്കുപ്പായ'ക്കാർ എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട കരിങ്കാലികളും ഗുണ്ടകളും മുതലാളികളുടെ ചൊല്ലും ചെലവും പറ്റി തെരുവിലും ഫാക്ടറികളിലും കൊല്ലും കൊലയും തുടങ്ങി. പോലീസും അതിൽ പങ്കുചേർന്നു.

ഫാക്ടറി കൗൺസിലുകളെ രക്ഷിക്കാനും നേടിയ നേട്ടങ്ങൾ നിലനിർത്താനും ഗുണ്ടാ–പോലീസ് അതിക്രമങ്ങളെ പ്രതിഷേധിക്കാനുമായി ഒരു പൊതുപണിമുടക്ക് പ്രഖ്യാപിക്കപ്പെട്ടു. അതിൽ ഉത്തര ഇറ്റലിയിലെ തൊഴിലാളിവർഗത്തോടൊപ്പം ദക്ഷിണ ഇറ്റലിയിലെ കർഷകരും കർഷകത്തൊഴിലാളികളും പങ്കെടുത്തു. ഇറ്റലിയിലും 'ചുവപ്പ് വിപ്ലവം' എന്ന് ലോകസാമ്രാജ്യത്വ മാധ്യമങ്ങൾ അലമുറയിട്ടു. ഏപ്രിൽ 13 മുതൽ 24 വരെ പതിനൊന്ന് ദിവസത്തെ ധീരോദാത്തമായ പോരാട്ടം ഭീകരമായി അടിച്ചമർത്തപ്പെട്ടതോടെ ഒന്നാം ലോകമഹായുദ്ധാനന്തരം ഇറ്റലിയുടെ ദുരന്തയുഗം ആരംഭിക്കുകയായി. തൊഴിലാളിവർഗ മുന്നേറ്റത്തെ മാത്രമല്ല, ഇറ്റാലിയൻ ബൂർഷ്വാ ജനാധിപത്യത്തിന്റെതന്നെ കഴുത്തിൽ കത്തിവെക്കാനായി മുസോളിനിയുടെ 20,000 കരിങ്കുപ്പായക്കാർ 1922 ഒക്ടോബർ അവസാനം നടത്തിയ 'മാർച്ച് ഓഫ് റോം' ഫാഷിസത്തിന്റെ അടിത്തറ പാകി. മുസോളിനിയെ സർക്കാർ രൂപീകരിക്കാനായി വിക്ടർ ഇമ്മാനുവൽ ക്ഷണിക്കുകയും ഒക്ടോബർ 30 ന് മുസോളിനി സിംഹാസനസ്ഥനാവുകയും ചെയ്തു. 1945 ഏപ്രിൽ 18 ന് വിജയശ്രീലാളിതനായി, ഫാഷിസ്റ്റ്വിരുദ്ധ ഗറില്ലാ പടയാളികൾ പിടികൂടി കൊന്ന് മിലാൻ നഗരത്തിൽ തെരുവിൽ കെട്ടിത്തൂക്കുംവരെ, മുസോളിനി തന്റെ ഭീകരവാഴ്ച തുടർന്നു.

ഈ വിപൽസാധ്യത കാണാതെയല്ല ഗ്രാംഷിയും കമ്യൂണിസ്റ്റുകാരും ഫാക്ടറി കൗൺസിൽ സമരങ്ങൾക്ക് നേതൃത്വം നൽകിയത്. 1921 ലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് വഴിതെളിച്ച ഒരു സുപ്രധാന രേഖ 1920 മേയിൽ ഗ്രാംഷി *ഓർഡിൻ നോവോ*യിൽ പ്രസിദ്ധീകരിച്ചിരുന്നു. സോഷ്യലിസ്റ്റ് പാർട്ടിയുടെ തൂറിൻ വിഭാഗത്തിന്റെ 'പരിപാടി' എന്ന നിലയിലാണ് അത് പ്രസിദ്ധീകരിക്കപ്പെട്ടത്. കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ സിദ്ധാന്തങ്ങളോടും കാഴ്ചപ്പാടിനോടും വളരെ ഒത്തുപോകുന്ന ഒന്നാണ് അത് എന്ന് വി ഐ ലെനിൻ തന്നെ പ്രശംസിക്കുകയുണ്ടായി. അതിൽ ഗ്രാംഷി അപൂർവമായ ദീർഘദൃഷ്ടിയോടെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

> ഇപ്പോഴത്തെ ഇറ്റലിയിലെ വർഗസമരത്തിന്റെ ഘട്ടം മറ്റൊരു ഘട്ടത്തിനാണ് അരങ്ങൊരുക്കുക. ആ ഘട്ടത്തിൽ രണ്ട് സംഭവഗതികളിൽ എന്തെങ്കിലും ഒന്ന് യാഥാർഥ്യമാകും; ഒന്നുകിൽ വിപ്ലവ തൊഴിലാളിവർഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുകയും ഒരു പുതിയ ഉൽപ്പാദന, വിതരണ സംവിധാനത്തിന് വഴിയൊരുക്കുകയും അത് ഉൽപ്പാദന വ്യവസ്ഥയ്ക്ക് പുതുജീവൻ നൽകുകയും ചെയ്യും. അല്ലെങ്കിൽ അധികാരിവർഗത്തിൽനിന്നും മുതലുടമകളിൽനിന്നും കനത്ത തിരിച്ചടി സംഭവിക്കും. അങ്ങനെ വന്നാൽ വ്യാവസായികത്തൊഴിലാളികളെയും കാർഷികത്തൊഴിലാളികളെയും അടിച്ചമർത്തി അടിമവേല ചെയ്യിക്കാൻ സകലമാന ഹിംസയും പ്രയോഗിക്കപ്പെടും. അവർ തൊഴിലാളികളുടെ

രാഷ്ട്രീയ സമരസംഘടനയെ (സോഷ്യലിസ്റ്റ് പാർട്ടി) തകർക്കാൻ സകല നടപടിക്രമങ്ങളും കൈക്കൊള്ളും. സാമ്പത്തിക പ്രതിരോധത്തിനുള്ള തൊഴിലാളികളുടെ സംഘടനകളെ (ട്രേഡ് യൂണിയൻ, സഹകരണ സംഘങ്ങൾ മുതലായവ) ബൂർഷ്വാ ഭരണകൂടയന്ത്രത്തിലേക്ക് സ്വാംശീകരിക്കും.

ഇറ്റലിയുടെയും യൂറോപ്പിന്റെയാകെയും നിർഭാഗ്യത്തിന് സംഭവിച്ചത് രണ്ടാമത്തെ സാധ്യതയാണ്. അവസരത്തോടൊപ്പം ഈ ആപത്തും ഉണ്ട് എന്ന് കാണാതിരുന്നതാണ് സോഷ്യലിസ്റ്റ് പാർട്ടിയിലെ രണ്ടാം ഇന്റർനാഷണലുകാർക്കും സോഷ്യൽ ഡെമോക്രാറ്റുകൾക്കും വന്ന തെറ്റ്. സോഷ്യലിസം അനിവാര്യമായി സംഭവിക്കുമെന്ന അലസമായ ചിന്ത അടിയന്തരമായ കർമസരണിയിൽനിന്ന് അവരെ വ്യതിചലിപ്പിച്ചു വെങ്കിൽ ഫാഷിസത്തിന്റെ കരാളരൂപം അവരുടെ കണ്ണിൽപ്പെട്ടതുമില്ല. മറ്റെല്ലാ ബൂർഷ്വാ സർക്കാരുകളെയുംപോലെ മറ്റൊരു ബൂർഷ്വാ വാഴ്ച മാത്രമാണ് ഫാഷിസം എന്ന അലംഭാവം അവരെ പുതിയ രാഷ്ട്രീയ തന്ത്രങ്ങളും അടവുകളും കൈക്കൊള്ളുന്നതിൽനിന്ന് പിന്തിരിപ്പിച്ചു. ഫാഷിസത്തിനെതിരായുള്ള പോരാട്ടത്തിൽ വേണ്ടിവന്നാൽ ബൂർഷ്വാ ജനാധിപത്യ ശക്തികളുമായിപ്പോലും യോജിച്ചുകൊണ്ട് വിപുലമായ ഐക്യമുന്നണി രൂപീകരിക്കണമെന്ന ആശയം അക്കാലത്തുതന്നെ ഗ്രാംഷി ആവിഷ്ക്കരിച്ചു. ഫാഷിസത്തിനെതിരായുള്ള ഐക്യമുന്നണി എന്ന തന്ത്രവും അടവും പിൽക്കാലത്ത് കമ്യൂണിസ്റ്റ് ഇന്റർനാഷണലും അതിന്റെ സെക്രട്ടറി ജനറലുമായിരുന്ന ഗോർഗി ദിമിത്രോവും പാൽമിറോ തോഗ്ലിയാത്തിയും മറ്റും ആവിഷ്ക്കരിച്ചതിന്റെ പ്രാരംഭകൻ അന്തോണിയോ ഗ്രാംഷിയായിരുന്നു എന്ന ചരിത്രസത്യം കൂടുതൽ വിശദമായി വരുന്ന ചില അധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

ഈ രാഷ്ട്രീയ പശ്ചാത്തലത്തിലാണ് സോഷ്യൽ ഡെമോക്രസിയിൽനിന്നും മറ്റെല്ലാ മിതവാദ വ്യതിയാനങ്ങളിൽനിന്നും വിമുക്തമായ ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഗ്രാംഷിക്കും മറ്റ് സഖാക്കൾക്കും ബോധ്യമായത്. അങ്ങനെ 1921 ൽ ലിവോർണോയിൽ ചേർന്ന കോൺഗ്രസ്സിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ പരിപാടിയായി അംഗീകരിക്കപ്പെട്ടത് തലേവർഷം *ഓർഡിൻ നോവോ*യിൽ ഗ്രാംഷി പ്രസിദ്ധീകരിച്ചതും ലെനിൻ അംഗീകരിച്ചതുമായ പരിപാടിതന്നെ—നേരിയ ഭേദഗതികളോടെ. പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത് അമാദിയോ ബോർഡിഗ (1889–1970) യാണ്.

പീഡനകാലം പുഷ്കലകാലം

ഏതൊരു സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടി താൻ ഇക്കാലമത്രയും പോരാടിയോ ആ സ്വപ്നമായ കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം നടന്നിട്ടും അന്തോണിയോ ഗ്രാംഷിക്ക് അൽപ്പമെങ്കിലും വിശ്രമം ലഭിച്ചില്ല. പ്രസ്ഥാനത്തിന് പുറത്ത് എതിരാളി ഫാഷിസത്തിന്റെ കരാളരൂപം അനാവരണം ചെയ്യുമ്പോൾ അതിനകത്ത് ശത്രുവിനെ നേരിടാനുള്ള സംഘടനാ-സമരരൂപങ്ങളെക്കുറിച്ച് കലഹം. സമരപാരമ്പര്യത്തിന്റെ വെയിലിൽ പതം വന്നവനെങ്കിലും പുതിയ വെല്ലുവിളികളെ നേരിടാനാവശ്യമായ പുതിയ തന്ത്രങ്ങൾ പാർട്ടി സെക്രട്ടറി ബോർഡിഗയ്ക്കും മറ്റു പല പഴയ പോരാളികൾക്കും അരോചകമായി. ഫാഷിസം പഴയ മുതലാളിത്തത്തിന്റെ പുതിയ രൂപംതന്നെയെങ്കിലും അതിന്റെ കൊടുംക്രൂരമായ ഭാവങ്ങളെ നേരിടാൻ പഴയ അടവുകൾ മതിയാകില്ലെന്ന ഗ്രാംഷിയുടെ അഭിപ്രായം കമ്യൂണിസ്റ്റ് ഇന്റർനാഷണലിനുപോലും ബോധ്യപ്പെട്ടെങ്കിലും ബോർഡിഗയ്ക്കും കൂട്ടർക്കും അതെല്ലാം മിതവാദവും കീഴടക്കവുമായാണ് തോന്നിയത്. ഗ്രാംഷിക്കും ബോർഡിഗയ്ക്കും പുറമെ പാർട്ടി നേതൃത്വത്തിലെ പ്രധാനികൾ ആഞ്ചലോ ടസ്ക (1892-1960), ഗ്രാംഷിയുടെ സർവകലാശാല സഹപാഠി പാൽമിറോ തോഗ്ലിയാത്തി (1893-1964), ഉംബർടോ ടെറാസിനി (1895-1983) തുടങ്ങിയവരായിരുന്നു. 1922 ഒക്റ്റോബറിലെ കരിങ്കുപ്പായക്കാരുടെ റോം മാർച്ചും മുസോളിനിയുടെ അധികാരാരോഹണവും രാഷ്ട്രീയാന്തരീക്ഷമാകെ കാളിമ കലർത്തി.

പണ്ടേ ദുർബലനും രോഗിയുമായിരുന്ന ഗ്രാംഷിയുടെ ആരോഗ്യം യുദ്ധാനന്തര കാലത്തെ കഠിനാധ്വാനം വീണ്ടും വഷളാക്കി. ഇതിനകം ഇറ്റലിയുടെ പ്രതിനിധിയായി കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ആസ്ഥാനത്ത്

പ്രവർത്തിക്കാനും അദ്ദേഹം നിയോഗിക്കപ്പെട്ടു. മെച്ചപ്പെട്ട ചികിത്സ ലഭിക്കാനും ഈ മോസ്കോനിയോഗം പ്രയോജനപ്പെട്ടു.

1924 ൽ തിരിച്ചുവന്ന് ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിസ്ഥാനം ഏറ്റെടുക്കുംവരെ ഗ്രാംഷിയുടെ പ്രവർത്തനം യൂറോപ്പിലാകെ വ്യാപിച്ചുവെങ്കിലും ഇറ്റാലിയൻ പാർട്ടിക്കകത്തെ പ്രശ്നങ്ങളിൽ അദ്ദേഹം ഇടവിടാതെ ഇടപെട്ടുകൊണ്ടിരുന്നു. അങ്ങനെയുള്ള ഇടപെടലുകളിലൂടെ ഗ്രാംഷിയുടെ നിലപാടിന് പാർട്ടിയിൽ ലഭിച്ച അംഗീകാരത്തിന്റെ സൂചനകൂടിയായിരുന്നു പാർട്ടി സെക്രട്ടറി സ്ഥാനത്തേക്കുള്ള നിയമനം.

ഇതിനിടെ പല മാസങ്ങൾ ചികിത്സയ്ക്കായി റഷ്യയിലെ ഒരു സാനിട്ടോറിയത്തിൽ കഴിയവെയാണ് തന്റെ ഭാവിഭാര്യയായ ജൂലിയ ഷുക്തുമായി ഗ്രാംഷി പരിചയപ്പെട്ടത്. ഇറ്റലിയിൽ ഫാഷിസം തലയുയർത്തുന്നതുമൂലം ഉണ്ടായ മാനസികമായ വേദനയും രോഗപീഡയുംകൊണ്ട് വലഞ്ഞ നാളുകളിൽ സ്നേഹോഷ്മളമായ ശുശ്രൂഷയുമായെത്തിയ ജൂലിയ ആ വീരചരിതന്റെ ഹൃദയംകവർന്നു. അവർക്ക് രണ്ട് കുഞ്ഞുങ്ങൾ പിറന്നു. 1924 ൽ ഗ്രാംഷി മോസ്കോ ദൗത്യം പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങുമ്പോൾ ജൂലിയ രണ്ടാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു. അന്നത്തെ ഇറ്റലിയിലെ ആപൽക്കരമായ അവസ്ഥ ഗർഭിണിയായ ജൂലിയയെയുംകൂടി കൂട്ടിക്കൊണ്ടുപോകാൻ പറ്റിയതായിരുന്നില്ല. 1923 ൽ ഏതാനും മാസം വിയന്നയിൽ കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾക്കായി താമസിച്ച ഗ്രാംഷി പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലാണ് 1924 ൽ ഇറ്റലിയിലെത്തുന്നത്.

മുസോളിനി കൊടികുത്തിവാഴുംകാലം. പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഗ്രാംഷി പാർലമെന്റിലേക്ക് (സെനറ്റ്) പ്രതിപക്ഷ സ്ഥാനാർഥിയായി മത്സരിച്ച് ജയിച്ചു. ജനാധിപത്യത്തിലോ തിരഞ്ഞെടുപ്പിലോ ഒന്നും വിശ്വാസമില്ലായിരുന്ന മുസോളിനി തന്റെ നിയമവിരുദ്ധമായ സർവാധിപത്യത്തിന് നിയമസാധുതയുടെ ആവരണം നൽകാനാണ് തിരഞ്ഞെടുപ്പു പ്രഹസനം നടത്തിയത്. ഭരണയന്ത്രവും കരിങ്കുപ്പായക്കാരും പലവിധ ഇടപെടലുകളും അതിക്രമങ്ങളും തിരഞ്ഞെടുപ്പിൽ നടത്തിയെങ്കിലും ഗണ്യമായ പിന്തുണയുള്ള ഒരു പ്രതിപക്ഷമായി ഉയരാൻ കമ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റുകാർക്കും സാധിച്ചു. പാർലമെന്റിൽ മുസോളിനിയുടെ തേർവാഴ്ചയെ ധീരമായി വെല്ലുവിളിച്ച സോഷ്യലിസ്റ്റ് നേതാവ് ഗിയാക്കോമൊ മത്തിയോത്തി അധികൃതരുടെ മൗനാനുവാദത്തോടെ കരിങ്കുപ്പായക്കാരാൽ തെരുവിൽ വധിക്കപ്പെട്ടു. രാഷ്ട്രീയ കൊലപാതങ്ങളും തെരുവ് കൈയേറ്റങ്ങളും പ്രതിപക്ഷത്തിന്റെ നിരന്തരാനുവേ പരമ്പരകളായി മാറുകയായിരുന്നു. പ്രതിപക്ഷം ഒന്നടങ്കം പാർലമെന്റ് ബഹിഷ്ക്കരിച്ചു. മുസോളിനി അനിശ്ചിതകാലത്തേക്ക് പാർലമെന്റ് യോഗം നിർത്തിവെച്ചു—വേണ്ടിവന്നാൽ പിരിച്ചുവിടും എന്ന ഭീഷണിയോടെ.

ഈ സാഹചര്യത്തിൽ കയറി അടിക്കുകയല്ലാതെ ഗത്യന്തരമില്ലെന്ന് ഗ്രാംഷിയും പാർട്ടിയും വാദിച്ചുനോക്കി. അതിന്റെ തുടക്കമെന്ന നിലയിൽ ഒരു പൊതുപണിമുടക്കിനുള്ള നിർദേശം ഗ്രാംഷി വെച്ചെങ്കിലും സോഷ്യലിസ്റ്റുകാരുൾപ്പെടെ മറ്റ് പ്രതിപക്ഷകക്ഷികൾ അനുകൂലിച്ചില്ല. പ്രകോപനങ്ങൾ സൃഷ്ടിക്കാതെ പ്രതിഷേധം രേഖപ്പെടുത്തി കാത്തിരുന്നാൽ രാജാവ് ഇടപെട്ട് മുസോളിനിയെ പിരിച്ചുവിടുകയോ ചുരുങ്ങിയ പക്ഷം നിലയ്ക്കുനിർത്തുകയോയെങ്കിലും ചെയ്യുമെന്ന മൂഢവിശ്വാസത്തിലായിരുന്നു അവരെല്ലാം. പക്ഷേ എല്ലാ നിവേദനങ്ങളും രാജാവ് അവഗണിച്ചു, അഥവാ അവഗണിക്കാനല്ലാതെ നിസ്സഹായനായ രാജാവിന് അന്ന് മറ്റൊന്നും കഴിയില്ലായിരുന്നു.

ഇങ്ങനെ പ്രതിപക്ഷത്തിന്റെ നിഷ്ക്രിയത്വംമൂലം ആത്മവിശ്വാസം വീണ്ടുകിട്ടിയ മുസോളിനി സർവവും ശാന്തം, സുഗമം എന്നു വരുത്താനായി പാർലമെന്റ് വീണ്ടും വിളിച്ചുകൂട്ടി. പ്രതിപക്ഷം അപ്പോഴും ബഹിഷ്ക്കരണം തുടർന്നു. പൊതുപണിമുടക്കോ മറ്റേതെങ്കിലും വിധത്തിലുള്ള പ്രതിപക്ഷ പ്രക്ഷോഭങ്ങളോ നടത്താൻ സാധ്യതയില്ലാതെയിരിക്കുന്ന സ്ഥിതിയിൽ ആകെ പ്രവർത്തിക്കാനുള്ള രംഗമാണെന്നുകണ്ട ഗ്രാംഷി കമ്യൂണിസ്റ്റ് അംഗങ്ങളോട് പാർലമെന്റിലേക്ക് പോകാൻ നിർദേശിച്ചു. ഗ്രാംഷിയുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പ്രതിപക്ഷം മുസോളിനിയുടെ തേർവാഴ്ചയ്ക്കും തെരുവിലും പണിശാലകളിലും കരിങ്കുപ്പായക്കാർ അഴിച്ചുവിട്ട അതിക്രമങ്ങൾക്കും എതിരേ നടത്തിയ വാഗ്സമരങ്ങൾ പുറത്ത് ജനങ്ങൾക്ക് ആവേശം നൽകി. അങ്ങനെ ഫാഷിസത്തിന്റെ കീഴിൽ പാർലമെന്ററി സ്ഥാപനങ്ങളുടെ വ്യർഥത മറ്റാരെയുംകാൾ ബോധ്യമായിരുന്ന ഗ്രാംഷി തന്നെ നിഷ്ക്രിയനയത്തിന്റെ ശ്മശാനശാന്തത തകർക്കാനായി പാർലമെന്റിനെത്തന്നെ ഉപയോഗപ്പെടുത്തി. ബൂർഷ്വാ പാർലമെന്റിനെയും അതിനെ സന്ദർഭാനുസരണം ബഹിഷ്ക്കരിക്കുകയോ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നതിനെയുംകുറിച്ചുള്ള ലെനിനിസ്റ്റ് കാഴ്ചപ്പാടും അടവുകളും എത്രമേൽ ഗ്രാംഷി സ്വാംശീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ രണ്ടുവർഷത്തെ പാർലമെന്ററി പ്രവർത്തനങ്ങൾ.

ഈ ചെറുത്തുനിൽപ്പിന്റെയും തിരക്കേറിയ പ്രവർത്തനങ്ങളുടെയും മധ്യത്തിൽ ഇറ്റാലിയൻ വിപ്ലവത്തിന്റെ ആത്യന്തിക തന്ത്രത്തെയും അടവുകളെയുംകുറിച്ചുള്ള ഗാഢമായ പഠനത്തിലും ഗ്രാംഷി ഏർപ്പെട്ടു. വ്യവസായവൽക്കൃതമായ ഉത്തര ഇറ്റലിയിലെ തൊഴിലാളിവർഗവും കാർഷികവൃത്തി മുഖ്യമായ തെക്കൻ മേഖലയിലെ കർഷകരും തമ്മിൽ കെട്ടിപ്പടുക്കേണ്ട സമരസഖ്യമായിരുന്നു ഗ്രാംഷിയുടെ മുഖ്യ ചിന്താവിഷയം. 1926 ൽ തടവിലാകുന്നതിനുമുമ്പ് ഗ്രാംഷി എഴുതിയ ഒടുവിലത്തെ ഒരു സുപ്രധാന ലേഖനം പൂർത്തിയാക്കുന്നവിധം കണ്ടുകിട്ടിയത് പിൽക്കാലത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ തലവാചകം *തെക്കൻ പ്രശ്നം*. 19–ാം നൂറ്റാണ്ടിലെ 'റിസോർഗിമെന്റോ' എന്ന പേരിൽ

അറിയപ്പെടുന്ന ഇറ്റലിയുടെ ഏകീകരണത്തിന്റെയും മോചനത്തിന്റെയും പോരാട്ടകാലം മുതലേ ഇറ്റലിയിലെ രാഷ്ട്രതന്ത്രജ്ഞർക്കും പാർട്ടികൾക്കും ഗവൺമെന്റുകൾക്കും തലവേദനയായിരുന്ന 'തെക്കൻ പ്രശ്ന'ത്തിന് മൗലികമായ പരിഹാരനിർദേശങ്ങൾ അത് ഉൾക്കൊള്ളുന്നു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തെ ഇറ്റലിയുടെ മൂർത്ത സാഹചര്യങ്ങളുമായി ഇണക്കി അവതരിപ്പിക്കുന്ന ഈ പ്രബന്ധം ഗ്രാംഷിയൻ ചിന്തയുടെ സർഗാത്മകമായ മൗലികതയ്ക്ക് സാക്ഷ്യംവഹിക്കുന്നു.

പക്ഷേ അപ്പോഴേക്കും മുസോളിനിയുടെ നികുംഭിലയിലും ലോക സാമ്രാജ്യത്വ ശക്തികളുടെ ഗർഭഗൃഹങ്ങളിലും ഗർഹണീയമായ ഗൂഢാലോചനകൾ ഇറ്റാലിയൻ ജനതയ്ക്കെതിരേ പകമാവുകയായിരുന്നു.

1926 ജാനുവരിയിൽ ലിയോൺസിൽ ചേർന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ മൂന്നാം കോൺഗ്രസ്സിൽ ഗ്രാംഷിയും തോഗ്ലിയാത്തിയും പ്രതിനിധീകരിച്ച നയത്തിനും നടപടികൾക്കും വമ്പിച്ച പിന്തുണ ലഭിച്ചു. പ്രതിനിധികളിൽ 90.8 ശതമാനം വോട്ട് ഗ്രാംഷിക്കും സഖാക്കൾക്കും ലഭിച്ചപ്പോൾ മുൻ സെക്രട്ടറി ബോർഡിഗയ്ക്ക് 9.2 ശതമാനമേ ലഭിച്ചുള്ളൂ. കോൺഗ്രസ്സിന്റെ മുഖ്യരേഖ ഗ്രാംഷിയും തോഗ്ലിയാത്തിയും ചേർന്ന് തയ്യാറാക്കി: 'ലിയോൺസ് തീസിസ്' എന്ന പേരിൽ അത് ചരിത്രപ്രസിദ്ധം. അങ്ങനെ കമ്യൂണിസ്റ്റ് പാർട്ടി നയത്തിലും കാഴ്ചപ്പാടിലും നടപടിക്രമങ്ങളിലും ഏകീകരിക്കപ്പെടുകയും എല്ലാ പ്രതിപക്ഷകക്ഷികളുടെയും അനൗപചാരിക നേതൃത്വത്തിലേക്ക് ഉയരുകയും ചെയ്തപ്പോൾ മുസോളിനിയുടെ ചില വ്യാമോഹങ്ങൾ അസ്തമിച്ചു. പ്രതിപക്ഷനിരകളിൽ മാത്രമല്ല കമ്യൂണിസ്റ്റ് പാർട്ടിക്കകത്തും ഭിന്നതകൾ വളർത്തി അവയെ ദുർബലപ്പെടുത്താമെന്നായിരുന്നു മുസോളിനിയുടെ വ്യാമോഹം. ലോകശ്രദ്ധയും ഇറ്റലിയിലെ സ്ഥിതിഗതികളിലേക്ക് തിരിയുകയായിരുന്നു.

ഇനി കാത്തിരുന്നാൽ ആപത്ത് എന്ന് കണ്ട ഫാഷിസ്റ്റ് നേതൃത്വം ആഞ്ഞടിക്കാൻ തന്നെ ഉറച്ചു. അതിനിടെ 1926 ഒക്റ്റോബർ 31 ന് മുസോളിനിക്കെതിരേ ഒരു വധശ്രമം നടന്നതായി പ്രക്ഷോഭകരമായ വാർത്ത വന്നു. അത് അസത്യമായിരുന്നോ അതിശയോക്തിയായിരുന്നോ എന്നൊക്കെയുള്ള തർക്കം ചരിത്രകാരന്മാർക്കിടയിൽ ഇനിയും അവസാനിച്ചിട്ടില്ല. ഏതായാലും "മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങാ വീണു" എന്നു പറഞ്ഞതുപോലെ ഫാഷിസ്റ്റുകൾക്ക് കാത്തിരുന്ന സന്ദർഭം വീണുകിട്ടി.

നവംബർ 5 ന് മന്ത്രിസഭ കുറെ അടിയന്തരാധികാരനിയമങ്ങൾ തയ്യാറാക്കുകയും നവംബർ 9 ന് അവ പാർലമെന്റിൽ പാസ്സാക്കുകയും ചെയ്തു. ഇറ്റലിയിൽ അതേവരെ നിലനിന്ന ബൂർഷ്വാ ജനാധിപത്യത്തിനും അന്ത്യം കുറിക്കുകയായിരുന്നു ഈ നിയമങ്ങളുടെ ലക്ഷ്യം.

ഇതിനെത്തുടർന്ന് ഗ്രാംഷിയെ ഇറ്റലിയിൽനിന്ന് സ്വിറ്റ്സർലൻഡിലേക്ക് മാറ്റാനുള്ള എല്ലാ ഏർപ്പാടുകളും പാർട്ടി ചെയ്തു. പക്ഷേ അതനുസരിച്ച് ഇറ്റലി വിടാൻ അദ്ദേഹം തയ്യാറായില്ല. നേരേമറിച്ച്, കമ്യൂണിസ്റ്റ്

എം പി എന്ന നിലയ്ക്ക് അടിയന്തരാധികാര നിയമങ്ങൾ സംബന്ധിച്ച ചർച്ചയിൽ പങ്കെടുക്കാൻ അദ്ദേഹം നിശ്ചയിച്ചു.

ഇറ്റലിയിലെ ഭരണവർഗങ്ങൾക്കിടയിലുള്ള വൈരുധ്യങ്ങൾ നിമിത്തം ജനാധിപത്യസംവിധാനത്തിനുള്ള ആപത്ത് തടയാൻ കഴിയുമെന്ന് അദ്ദേഹം കരുതിയിരുന്നു. പക്ഷേ അതിനെക്കാൾ പ്രധാനമായ ഒരു കാരണമുണ്ടായിരുന്നത് മറ്റൊരു ഇറ്റാലിയൻ സഖാവ് തോഗ്ലിയാത്തിക്ക് റിപ്പോർട്ട് ചെയ്തു.

> ഈ മാർഗം ആവശ്യമാണെന്ന് തൊഴിലാളികൾക്ക് സ്വയം ബോധ്യപ്പെടുന്നതുവരെ ഈ നടപടി സ്വീകരിക്കുന്നത് ശരിയല്ല, ഇറ്റലിയിലിരിക്കുന്നത് തികച്ചും അസാധ്യമായിത്തീരുന്ന സന്ദർഭം വരുമ്പോൾ മാത്രമേ രാജ്യം വിടാവൂ, എന്നാണ് അന്തോണിയോ പറഞ്ഞത്.

പിന്നീട് ജയിലിൽവെച്ച് എഴുതിയ ഒരു കുറിപ്പിൽ ഗ്രാംഷിതന്നെ ഇങ്ങനെ പറഞ്ഞു.

> ഒരു കപ്പൽ മുങ്ങുന്ന അവസരത്തിൽ അതിൽനിന്ന് രക്ഷപ്പെടുന്ന അവസാനത്തെ ആളായിരിക്കണം ക്യാപ്റ്റൻ; കപ്പലിലുള്ള മറ്റെല്ലാവരും രക്ഷപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാലേ ക്യാപ്റ്റൻ രക്ഷപ്പെടാവൂ. ചിലരുടെ അഭിപ്രായത്തിൽ കപ്പൽ മുങ്ങുന്നതോടൊപ്പം ക്യാപ്റ്റനും മുങ്ങണം. ഈ അഭിപ്രായപ്രകടനങ്ങൾ പ്രത്യക്ഷത്തിൽ തോന്നുന്നതുപോലെ യുക്തിരഹിതമല്ല.

ഗ്രാംഷിയുടെ ഈ നിലപാടിനോട് താരതമ്യപ്പെടുത്താവുന്നതാണ്, ഹിറ്റ്ലറിന്റെ കാലത്ത് ജർമനിയിലെ കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന ഏണസ്റ്റ് ഥേൽമാൻ എടുത്ത നിലപാട്. അദ്ദേഹത്തെയും ജർമനിയിൽനിന്ന് രക്ഷപ്പെടുത്താൻ സഖാക്കൾ ഏർപ്പാട് ചെയ്തിരുന്നു. എന്നാൽ ഗ്രാംഷിയെപ്പോലെ ഥേൽമാനും അത് സ്വീകരിച്ചില്ല.

ഗ്രാംഷി ജയിൽജീവിതം നിമിത്തം രോഗിയായിത്തീർന്ന് മരിക്കുകയാണ് ചെയ്തതെങ്കിൽ, ഥേൽമാൻ ജയിലിനകത്ത് വധിക്കപ്പെടുകയാണുണ്ടായത് ചെയ്തത്. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉജ്വല നേതാക്കളായിരുന്ന രണ്ടുപേരുടെ ജീവിതവും മരണവും അങ്ങനെ ഇതിഹാസ കഥകളായിത്തീർന്നു.

ഗ്രാംഷിയുടെ ജയിൽജീവിതകാലത്ത് റഷ്യക്കാരിയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ ജൂലിയ മാനസികമായി തകർന്നിരുന്നു. അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഗ്രാംഷിയുമായി കത്തിടപാടുകൾ നടത്താൻപോലും അവർക്കു കഴിഞ്ഞില്ല. അവരുടെ ജ്യേഷ്ഠത്തി താത്യാനയാണ് ഇറ്റലിയിൽവന്ന് താമസിച്ച് ജയിലിന് വെളിയിൽനിന്ന് നൽകാവുന്ന എല്ലാ സഹായവും ചെയ്തത്. താത്യാന റോമിലെ സോവിയറ്റ് സ്ഥാനപതി കാര്യാലയത്തിൽ ഒരു ജോലിയും കരസ്ഥമാക്കിയിരുന്നു. അവർ വഴിയാണ്, ഗ്രാംഷിയുടെ ജയിൽക്കുറിപ്പുകൾ പുറത്തെത്തിച്ച

തിനു പുറമെ ഗ്രാംഷി തന്റെ ഭാര്യക്കും രണ്ട് മക്കൾക്കും—അവരിൽ ഇളയവൻ ജനിച്ചതുതന്നെ ഗ്രാംഷി ജയിലിലായതിനുശേഷമാണ്, അവനെ അദ്ദേഹം ഒരിക്കൽപ്പോലും കണ്ടിട്ടില്ല—തന്റെ അമ്മയ്ക്കും സഹോദരിക്കും മറ്റും കത്തുകളെഴുതിയതും.

വികാരനിർഭരമായ ആ കത്തുകളിൽ ഗ്രാംഷിയുടെ ജീവിതം നിമിത്തം ഉണ്ടായിരുന്ന നിരാശയെക്കാൾ കൂടുതൽ തന്റെ വിപ്ലവജീവിതം സംബന്ധിച്ച ദൃഢനിശ്ചയമാണ് പ്രകടമായത്. വിപ്ലവകാരിയുടേതായ മാനുഷികത നിറഞ്ഞ ഈ കത്തുകളും പരിചയസമ്പന്നനായ കമ്യൂണിസ്റ്റിന്റെ ചിന്തകൾക്ക് രൂപംനൽകുന്ന ജയിൽക്കുറിപ്പുകളും ചേർന്ന് ഗ്രാംഷിയെന്ന വലിയ മനുഷ്യന്റെ വ്യക്തിത്വം നമുക്ക് കാണിച്ചുതരുന്നു.

അന്ത്യരംഗങ്ങൾ

ആയിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് നവംബർ ഒൻപതിനാണ് 'എക്സപ്ഷണൽ ലോസ് ഫോർ സ്റ്റേറ്റ് സെക്യൂരിറ്റി' എന്ന ഫാഷിസ്റ്റ് നിയമം പാസ്സാക്കി പ്രഖ്യാപിച്ചതെങ്കിലും അതിന്റെ തലേദിവസം എട്ടിനു തന്നെ ഗ്രാംഷി അറസ്റ്റിലായി. മുൻ പാർട്ടി സെക്രട്ടറി ബോർഡിഗ ഉൾപ്പെടെ കമ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും ജനാധിപത്യവാദികളും ഉൾപ്പെടെ അനവധിപേർ അറസ്റ്റിലായി. തോഗ്ലിയാത്തി മോസ്കോവിൽ കമ്യൂണിസ്റ്റ് ഇന്റർനാഷണൽ ആസ്ഥാനത്തെ പ്രവർത്തനങ്ങളിലായിരുന്നതിനാൽ മുസോളിനിയുടെ വലയിൽ കുടുങ്ങിയില്ല.

ഗ്രാംഷി ഒളിവിൽ പോകുമെന്ന് കരുതിയായിരിക്കണം അദ്ദേഹത്തെ മുൻകൂറായി പിടികൂടിയത്. പക്ഷേ ഒളിവിൽ പോകുന്നതിനോടോ ഒളിപ്രവർത്തനം നടത്തുന്നതിനോടോ താത്വികമായി ഒരെതിർപ്പുമില്ലെങ്കിലും അപ്പോഴത്തെ ഇറ്റലിയിലെ മൂർത്ത സാഹചര്യത്തിൽ അപകടകരമായ പരസ്യപ്രവർത്തനം തന്നെയാണ് അദ്ദേഹം തിരഞ്ഞെടുത്തത്. അതിനുള്ള അദ്ദേഹത്തിന്റെ ന്യായീകരണങ്ങൾ കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചിരുന്നത് ഓർക്കുമല്ലോ.

തടവിലാക്കപ്പെട്ടവരിൽ എല്ലാവരെക്കാളും ആപൽക്കാരി ഗ്രാംഷിയാണ് എന്ന് കരുതിയാവാം അദ്ദേഹത്തെ വിദൂര ദക്ഷിണഭാഗത്ത് സിസിലിയുടെ വടക്ക് സ്ഥിതിചെയ്യുന്ന ഉസ്നിക്ക എന്ന ദ്വീപിലെ ഏകാന്ത തടവിലേക്ക് നാടുകടത്തിയത്. ഏതാനും ആഴ്ചകൾക്കുശേഷം വിചാരണയ്ക്കായി ഉത്തര ഇറ്റലിയിലെ മിലാൻ നഗരത്തിലേക്ക് ഒരു അടച്ചുകെട്ടിയ ലോറിയിൽ ദുർഘടപാതകളിലൂടെ ഗ്രാംഷി കൊണ്ടുപോകപ്പെട്ടു.

1927 ജാനുവരി ആദ്യം ഈ ദുർഘടയാത്ര അവസാനിപ്പിച്ച് മിലാനിൽ

എത്തിയെങ്കിലും ഒരു വർഷത്തിലേറെ അവിടത്തെ ഒരു കുരുട്ടുതടവറയിൽ കഴിയേണ്ടിവന്നു. 1928 മേയിൽ വിചാരണയാരംഭിച്ചത് റോമിലാണ്. മറ്റ് പ്രമുഖ രാഷ്ട്രീയത്തടവുകാരെയും റോമിലെ തടവറയിൽനിന്ന് കോടതിയിൽ വിചാരണയ്ക്ക് കൊണ്ടുവന്നിരുന്നു. സകലമാന നിയമമര്യാദകളെയും ലംഘിച്ചുകൊണ്ടുള്ള വിചാരണയെപ്പറ്റി പറയാതിരിക്കുകയാണ് ഭേദം. ഈ പുസ്തകത്തിന്റെ തുടക്കത്തിൽ പറഞ്ഞതുപോലെ "20 വർഷത്തേക്ക് ഗ്രാംഷിയുടെ തലച്ചോറ് മരവിപ്പിക്കാ"നായി 20 വർഷത്തെ തടവിന് അദ്ദേഹത്തെ ശിക്ഷിച്ചു. ഈ തടവുകാലത്ത് അദ്ദേഹത്തിന്റെ പീഡകർ അഭിലഷിച്ചതുപോലെ ആ തലച്ചോറ് പ്രവർത്തനരഹിതമായിപ്പോയെങ്കിൽ ഈ പുസ്തകമെന്നല്ല ഇതുപോലെയും ഇതിലും മെച്ചപ്പെട്ടവയുമായി വിവിധ ലോകഭാഷകളിൽ എഴുതപ്പെട്ട നൂറുകണക്കിന് പുസ്തകങ്ങൾ ഉണ്ടാവുകയില്ലായിരുന്നു.

ഗ്രാംഷിയെ ശിക്ഷയനുഭവിക്കാൻ രണ്ടാഴ്ചയിലേറെ നീണ്ട ഒരു യാത്രയ്ക്കുശേഷം തുരി ദി ബാരി എന്ന ഒരു ഉൾനാടൻ തടവറയിലേക്കാണ് കൊണ്ടുപോയത്. ആ യാത്രയുടെ വിവരണം കേട്ടാൽ ഏത് കല്ലിച്ച ഹൃദയവും ഉരുകും. അദ്ദേഹത്തിന്റെ ഒരു ലേഖന സമാഹാരത്തിന്റെ എഡിറ്ററായ ലൂയി മാർക്സ് എഴുതുന്നു:

> സാധാരണയിലേറെ രൂക്ഷമായിരുന്ന ആ വർഷത്തെ പൊള്ളുന്ന ഇറ്റാലിയൻ വേനലിൽ റോമിൽനിന്നും തുരി ദി ബാരിയിലേക്കുള്ള യാത്ര ഒരു പേക്കിനാവുപോലെ ഭീകരമായിരുന്നു. കന്നുകാലി ലോറിയായിരുന്നു വാഹനം. അതിന്റെ അഴികളിൽ ഇരുമ്പുചങ്ങല കൊണ്ട് ബന്ധിച്ചിരുന്നതിനാൽ നിവർന്നുനിൽക്കാനോ കിടക്കാനോപോലും ഗ്രാംഷിക്ക് കഴിയുമായിരുന്നില്ല. റെയിൽവേ കടത്തുകളിൽ ചിലപ്പോൾ മണിക്കൂറുകളും ചിലപ്പോൾ ദിവസങ്ങളും കാത്തുകെട്ടിക്കിടക്കും. രണ്ടാഴ്ചയിലേറെ നീണ്ട ആ യാത്ര പണ്ടേ ദുർബലനും വികലാംഗനുമായ ഗ്രാംഷിയുടെ ആരോഗ്യത്തെ പാടേ തകർത്തുകളഞ്ഞു. റോം വിടുന്നതിനു മുമ്പുതന്നെ രോഗം കൂടിയിരുന്നത് അറിയിച്ചെങ്കിലും ഒരുവിധ വൈദ്യസഹായവും നൽകിയില്ല. യാത്രാമധ്യേ ശരീരത്തിന്റെ ഒരു ഭാഗം നീരുകെട്ടി പൊട്ടിയൊലിക്കാൻ തുടങ്ങി. തുരി ദി ബാരിയിലെത്തിയപ്പോഴേക്കും ശാരീരികമായി ഗ്രാംഷി തളർന്നും തകർന്നും വീഴ്ചയിലായി.

തടവറയിലെത്തിയിട്ടും പേക്കിനാവ് തുടർന്നു. മനഃപൂർവം അകാല മരണത്തിലേക്ക് ഗ്രാംഷിയെ തള്ളിനീക്കുംവിധമായിരുന്നു അധികൃതരുടെ പെരുമാറ്റം. തടവറയിലെ അസഹ്യമായ ഭക്ഷണ സമ്പ്രദായവും നേരിയ ചികിത്സാസൗകര്യംപോലും നൽകാതിരുന്നതും അദ്ദേഹത്തെ വല്ലാതെ ക്ലേശിപ്പിച്ചു. ശരീരം ഇങ്ങനെ അഴുകുകയും തകരുകയും ചെയ്യുമ്പോഴും തന്റെ മനസ്സിനെ തളരാതെ ഉന്മിഷത്താക്കി നിറുത്താൻ അദമ്യമായ ഇച്ഛാശക്തിയും ലക്ഷ്യബോധവും അദ്ദേഹത്തിന് സഹായകമായി. തടവറയിൽനിന്ന് അദ്ദേഹം എഴുതിയ കത്തുകൾ അതിന് സാക്ഷ്യം വഹിക്കുന്നു.

രണ്ടുമൂന്ന് സ്പൂൺ ചോറിൽ കൂടുതൽ അദ്ദേഹത്തിന് കഴിക്കാൻ കഴിയാതെയായി. ആദ്യത്തെ രണ്ടുമൂന്ന് വർഷങ്ങൾക്കകംതന്നെ ഈ ദുരിത ജീവിതഫലമായി പല്ലുകളൊക്കെ കൊഴിഞ്ഞുപോയി. അത് മുമ്പുതന്നെ മോശമായ ദഹനശക്തിയെ കൂടുതൽ വഷളാക്കി. ഉണർന്നിരിക്കുമ്പോൾ കടുത്ത വയറുവേദന—ഉറങ്ങിക്കിടക്കുമ്പോൾ നിരന്തരമായ അധികൃത ശല്യം. പൊതുവെ ഉറക്കം കുറവ്. അതിനു പുറമെയാണ് വല്ലപ്പോഴും ഒന്ന് കണ്ണടയ്ക്കുമ്പോൾ സുരക്ഷിതത്വ പരിശോധനയെന്നു പറഞ്ഞ് തട്ടിയുണർത്താൻ ആളെത്തും. ആദ്യ വർഷങ്ങളിൽ രാത്രി മൂന്നുതവണയെങ്കിലും പരിശോധകർ ഗ്രാംഷിയെ തട്ടിയുണർത്താൻ എത്തുമായിരുന്നുവത്രേ.

ഈ ദുരന്താനുഭവത്തെ അപ്പോഴും കൈവിട്ടിട്ടില്ലാത്ത നർമബോധത്തോടെ ഒരു കത്തിൽ (1930 നവംബർ 3) അദ്ദേഹം വിവരിക്കുന്നു:

> ഇത് സംബന്ധിച്ച് ഒക്ടോബർ മാസത്തിലെ സ്ഥിതിവിവരക്കണക്ക് ഞാൻ കൂട്ടിവെച്ചിട്ടുണ്ട്. രണ്ട് രാത്രികളിൽ മാത്രമേ അഞ്ചു മണിക്കൂർ വീതം ഞാൻ ഉറങ്ങിയുള്ളൂ. ഒമ്പത് രാത്രികളിൽ ഞാൻ ഉറങ്ങിയതേയില്ല. മറ്റ് രാത്രികളിൽ ഉറക്കം അഞ്ച് മണിക്കൂറിൽ താഴെ. ഇത്രയൊക്കെയായിട്ടും പിടിച്ചുനിൽക്കാൻ ഇത്രയും കരുത്ത് അവശേഷിച്ചിട്ടുണ്ടല്ലോ എന്നത് എന്നെത്തന്നെ വിസ്മയിപ്പിക്കുന്നു. എന്തുകൊണ്ട് ആകെ വീണുപോയില്ല?

പക്ഷേ ഇതിനെക്കാളേറെ അദ്ദേഹത്തെ മാനസികമായി പീഡിപ്പിച്ചത് സഖാക്കളെയും സുഹൃത്തുക്കളെയും കാണാനൊക്കാത്തതാണ്. എപ്പോഴും സഖാക്കളും സുഹൃത്തുക്കളും ജനങ്ങളുമായി ഇടപഴകിയും ചർച്ചചെയ്തും തർക്കിച്ചുമാണ് ഗ്രാംഷി തന്റെ ശാരീരിക വേദനകളെ മറന്നിരുന്നത്. ഭാര്യ ജൂലിയയെയോ രണ്ട് മക്കളെയോ അറസ്റ്റിനുശേഷം ഒരിക്കൽപ്പോലും കാണാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞുവല്ലോ.

മാനസികവും ശാരീരികവുമായ ഈ പീഡനങ്ങളൊന്നുംകൊണ്ട് ആത്മാനുതാപത്തിനോ നിരാശയ്ക്കോ അദ്ദേഹം വശഗതനായില്ല. മഹർഷിമാർക്കും മറ്റും ഉണ്ടെന്ന് പറയപ്പെടുന്നതുപോലുള്ള ഒരു നിസംഗതയോടെ എല്ലാം സഹിക്കാനും അതോടൊപ്പം തന്റെ ജീവിത ദൗത്യമായ വിപ്ലവ പ്രസ്ഥാനത്തിനുവേണ്ടി ചിന്തിക്കാനും എഴുതാനും അദ്ദേഹത്തിന് കഴിഞ്ഞു. തടവിനെയും പീഡാനുഭവങ്ങളെയുംകുറിച്ച് തന്റെ സഹോദരിക്ക് എഴുതിയ ഒരു കത്തിൽ നിസംഗതയോടെ ഉദാത്തമായ ആദർശലക്ഷ്യത്തെ അദ്ദേഹം ഉയർത്തിപ്പിടിക്കുന്നത് കാണുക.

> ഇറ്റലിയിലും ലോകമാകെയും നടന്നുവരുന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ രാഷ്ട്രീയ പോരാട്ടത്തിലെ ഒരു സംഭവം മാത്രമാണ് എന്റെ തടവറ ജീവിതം. ഈ പോരാട്ടം എത്രനാൾ തുടരേണ്ടിവരുമെന്ന് ആർക്കും ഇനിയും തിട്ടപ്പെടുത്താനാവില്ല. യുദ്ധത്തിൽ പ്രതിയോഗികളെ തടവിൽ പിടിക്കുന്നതുപോലെ എന്നെയും പിടികൂടി എന്നേയുള്ളൂ. ഇതും ഇതിലേറെയും സംഭ

> വിക്കാം എന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഞാനായാലും മറ്റുള്ളവരായാലും ഇത്തരം പോരാട്ടത്തിൽ പങ്കുചേരുന്നത്.

ഗഹനമായ ചിന്തയുടെ അചുംബിത മണ്ഡലങ്ങളിൽ വ്യാപരിക്കുമ്പോഴും ഗ്രാംഷിയുടെ പ്രായോഗികബുദ്ധി അദ്ദേഹത്തെ കൈവെടിഞ്ഞില്ല. പക്ഷേ ആ പ്രായോഗികബുദ്ധി അനവസരത്തെ ഒത്തുതീർപ്പോ അപകടങ്ങളിൽനിന്ന് ഓടിയൊളിക്കുന്ന അവസരവാദമോ ആയിരുന്നില്ല. തന്റെ പ്രായോഗികബുദ്ധിയെക്കുറിച്ച് അദ്ദേഹംതന്നെ തന്റെ ഭാര്യാസഹോദരി താത്യാനയ്ക്ക് എഴുതി.

> എന്റെ പ്രായോഗികബുദ്ധിയുടെ സാരാംശം ഈ അറിവാണ്: നിങ്ങളുടെ തല ഒരു ചുവരിൽ ആഞ്ഞടിച്ചാൽ തകരുക ചുവരല്ല തലയാണ് എന്ന അറിവ്. അതാണ് എന്റെ കരുത്ത്, ആകെയുള്ള കരുത്ത്.

ജയിൽവാസ കാലമാകെ രോഗങ്ങൾ അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നെങ്കിലും രണ്ടുതവണ അത് ഏറെ രൂക്ഷമായി—1931 മേയിലും 1933 മാർച്ചിലും. രണ്ടാമത്തെ തവണ അദ്ദേഹം മിക്കവാറും മരണത്തെ അഭിമുഖമായി കണ്ടു. ഈ വാർത്ത പല മാർഗങ്ങളിലൂടെയും മുസോളനിയുടെ ഉരുക്ക് ഭിത്തികളെ ഭേദിച്ച് പുറംലോകത്തെത്തി. ഫ്രാൻസിലെ റോമാങ് റൊളാങ്ങും ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ച് ബിഷപ്പും ഉൾപ്പെടെ സ്വതന്ത്ര യൂറോപ്പിലെ വിവിധ രാഷ്ട്രങ്ങളിൽനിന്ന് ഗ്രാംഷിക്കുവേണ്ടി ശബ്ദമുയർത്താൻ പ്രമുഖരുണ്ടായി. ഗ്രാംഷിയുടെ ശിക്ഷ ഇളവുചെയ്യുക, ചികിത്സാസൗകര്യം നൽകുക, മോചിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ പത്രപംക്തികളിലൂടെയും കമ്പിസന്ദേശങ്ങളിലൂടെയും ഉയർന്നു. ഒടുവിൽ 1936 ൽ തൂരി ദി ബാരി തടവറയിൽനിന്നും ഫോർമിയയിലെ ഒരു ക്ലിനിക്കിലേക്കും പിന്നെയും രോഗം മൂർച്ഛിച്ചതിനെത്തുടർന്ന് റോമിലെ കിസിസാന ക്ലിനിക്കിലേക്കും തടവുകാരനെന്ന നിലയിൽത്തന്നെ ചികിത്സക്കായി കൊണ്ടുപോയി. പക്ഷേ ആ അമൂല്യ ജീവനാളം അണയുകയായിരുന്നു; ആ ദുർബല ശരീരം വേദനയിൽ പിടയുകയും. ഇനി ആ തലച്ചോറ് പ്രവർത്തിക്കുകയില്ലെന്ന് ബോധ്യമായതിനായതിനാലായിരിക്കാം 20 വർഷത്തെ തടവ് 10 വർഷമായി കുറയ്ക്കാൻ മുസോളിനി 'മഹാമനസ്കത' കാട്ടി. അപ്പോഴേക്കും 11 വർഷം തടവ് പിന്നിട്ട ഗ്രാംഷിയുടെ ശിക്ഷയുടെ ഇളവ് പ്രഖ്യാപിച്ച് ഒരാഴ്ച കഴിയുമ്പോഴേക്കും കഥാവശേഷനായി—1937 ഏപ്രിൽ 27 ന്.

അന്തോണിയോ ഗ്രാംഷിയുടെ അന്ത്യയാത്രയെയും ചിന്താബന്ധുരവും സംഭവബഹുലവുമായ ആ മഹനീയ ജീവിത ചരിത്രത്തെയും സാഹിത്യകാരനും ചലച്ചിത്ര സംവിധായകനുമായ രവീന്ദ്രൻ ഇങ്ങനെ നാടകീയമായി സംഗ്രഹിക്കുന്നു:

> നാൽപ്പത്തിയാറാമത്തെ വയസ്സിൽ 1937 ഏപ്രിൽ അവസാനം റോമിൽ ഒരു ചികിത്സാലയത്തിൽ അന്തോണിയോ ഗ്രാംഷി മരിച്ചു.

പത്തുവർഷമായി മുസോളിനിയുടെ തടവിൽ മാനസികമായും ശാരീരികമായും ആ ജന്മം ക്ഷയിച്ചുനീങ്ങുകയായിരുന്നു. ശ്മശാനത്തിലേക്കുള്ള യാത്രയിൽ പെട്ടെന്ന് കോരിച്ചൊരിഞ്ഞ മഴയിൽ നിർജനമായ റോമൻ വീഥികളിലൂടെ അദ്ദേഹത്തിന്റെ ജഡത്തെ അനുഗമിക്കാൻ ഭാര്യാസഹോദരി താത്യാനയും സഹോദരൻ കാർലോ ഗ്രാംഷിയും മാത്രമാണുണ്ടായിരുന്നത്. സൈനിക മേൽനോട്ടത്തിൽ ഏതാണ്ട് രഹസ്യമായിട്ടാണ് ശവസംസ്കാരം നടന്നത്. അവസാന നാളുകളിൽ രോഗശയ്യയ്ക്കരികെ അന്തോണിയോടൊപ്പം ഉണ്ടായിരുന്ന താത്യാന ശവസംസ്കാരങ്ങൾക്കുള്ള ഒരുക്കങ്ങൾക്കിടയ്ക്ക് മുപ്പതിലധികം നോട്ടുപുസ്തകങ്ങൾ അദ്ദേഹത്തിന്റെ മുറിയിൽനിന്ന് രഹസ്യമായി എടുത്തുമാറ്റി. ഗ്രാംഷി തന്നെ തന്റെ ആന്തരിക ജീവിതത്തിലേക്കുള്ള ഉൾക്കാഴ്ചയായിക്കണ്ട, തെളിഞ്ഞ കൈപ്പടയിൽ 2848 പേജുകൾ വരുന്ന ഈ നോട്ടുപുസ്തകങ്ങൾ പിന്നീട് താത്യാന അന്ന് മോസ്കോവിലായിരുന്ന ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി, പാൽമിറോ തോഗ്ലിയാത്തിക്ക് എത്തിച്ചുകൊടുത്തു. ഇനിയൊരു ഇരുപത് കൊല്ലമെങ്കിലും ഈ മസ്തിഷ്കം പ്രവർത്തിക്കാൻ അനുവദിക്കരുതെന്ന് 1928 ൽ ഗ്രാംഷിയെ വിചാരണചെയ്ത സ്പെഷൽ ട്രൈബ്യൂണലിന് മുന്നിൽ ഫാഷിസ്റ്റ് പ്രോസിക്യൂട്ടർ അപേക്ഷിച്ചിരുന്നതാണ്. ന്യായാധിപൻ ഗ്രാംഷിക്ക് 20 വർഷം ജയിൽശിക്ഷ വിധിക്കുകയും ചെയ്തു. പിന്നീട് 20 വർഷത്തോളം തന്റെ ജീവൻ നിലനിർത്താൻ ഗ്രാംഷിക്ക് കഴിഞ്ഞില്ല. പക്ഷേ ഒരു നിമിഷംപോലും അദ്ദേഹത്തിന്റെ മസ്തിഷ്കത്തെ മരവിപ്പിക്കാൻ ഫാഷിസ്റ്റ് ട്രൈബ്യൂണലിന് കഴിഞ്ഞില്ല. നാനാതരം രോഗങ്ങളുടെയും മാനസിക വ്യഥകളുടെയും ദുസ്സഹമായ സാഹചര്യങ്ങളിൽപ്പോലും അന്തോണിയോ ഗ്രാംഷിയുടെ മനസ്സും ബുദ്ധിയും പ്രവർത്തനനിരതമായിരുന്നു എന്ന് ജയിലിൽനിന്ന് അദ്ദേഹം എഴുതിയ കത്തുകളും പ്രസിദ്ധമായ ജയിൽ നോട്ടുപുസ്തകങ്ങളും വെളിപ്പെടുത്തുന്നു.

ഭാഗം രണ്ട്

ആസ്ഥാന ശിലകൾ

പഴയ പദങ്ങൾ പുതിയ പരികൽപ്പനകൾ 29

ഗ്രാംഷിയുടെ പ്രത്യയശാസ്ത്രം 36

പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം 40

ഒക്റ്റോബർ വിപ്ലവവും ഫാഷിസ്റ്റ്വിരുദ്ധ തന്ത്രവും 48

പഴയ പദങ്ങൾ
പുതിയ പരികൽപ്പനകൾ

ഏതെങ്കിലും ഒരു കാലയളവിലെ ഭാഷയുടെ പദസമ്പത്ത് ആ കാലയളവിൽവരെ ആ ഭാഷയിൽ നടന്നുവന്ന ചിന്താവ്യവഹാരങ്ങൾക്ക് മാത്രമേ മതിയാവുകയുള്ളൂ. പുതിയ ചിന്തകളും ആശയങ്ങളും പ്രകടിപ്പിക്കാൻ പുതിയ പദങ്ങൾ വേണ്ടിവരും—അല്ലെങ്കിൽ നിലവിലുള്ള പദങ്ങൾക്ക് പുതിയ അർഥങ്ങൾ കൽപ്പിക്കേണ്ടിവരും. സർഗാത്മക സാഹിത്യം പോലും ഈ നിയമത്തിന് അപവാദമല്ലെന്നാണ് ഭാഷയുടെ അപര്യാപ്തതയെപ്പറ്റി ഒരിക്കൽ കുമാരനാശാൻ പരിതപിച്ചതിൽനിന്ന് അനുമാനിക്കേണ്ടത്. അങ്ങനെയാണ് അരിസ്റ്റോട്ടിൽ *മെറ്റാഫിസിക്സും* കാൾ മാർക്സ് *ക്യാപ്പിറ്റലിസവും* ടി എച്ച് ഹക്സലി *അഗ്നോസ്റ്റിസിസവും* ആവിഷ്കരിച്ചത്. അങ്ങനെ തന്നെയാണ് 19–ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ 'സ്ട്രൈക്ക്' എന്നതിന് പണിമുടക്ക് എന്നും 'ട്രെയിൻ' എന്നതിന് തുടലുപോലെ കൊരുത്ത വണ്ടികളുള്ള തീവണ്ടി എന്നും 'ജേർണലിസം' എന്നതിന് പത്രപ്രവർത്തനം എന്നും മറ്റും പുതിയ അർഥകൽപ്പനകൾ വാർന്നുവീണത്.

അതുകൊണ്ട് അചുംബിതമായ വിചാരമേഖലകളെ എത്തിപ്പിടിക്കുന്നതിലും അപൂർവമായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിലും പൂർവസൂരികളെ മറികടന്ന അന്തോണിയോ ഗ്രാംഷിക്കും പല പുതിയ പദങ്ങൾ വാർത്തെടുക്കേണ്ടിവന്നു, ചില പഴയ പദങ്ങൾക്ക് പുതിയ അർഥങ്ങൾ കൽപ്പിക്കേണ്ടിവന്നു. മുൻ അധ്യായങ്ങളിൽ വിവരിച്ച പ്രകാരം സെൻസർമാരെ കബളിപ്പിക്കേണ്ട ആവശ്യവും കൂടിയായപ്പോൾ ഈ പുതിയ പദപ്രയോഗങ്ങൾ കൂടുതൽ ബുദ്ധിമുട്ടിക്കുന്നവയായി. അങ്ങനെയുള്ള ചില പദപ്രയോഗങ്ങൾ മാത്രം ഇവിടെ ചുരുക്കമായി വിവരിക്കാനാണ് ശ്രമിക്കുന്നത്. ഈ പദപ്രയോഗങ്ങളെക്കുറിച്ച് ഏകദേശ ധാരണയെങ്കിലുമില്ലാതെ ഗ്രാംഷിയുടെ കൃതികളും വാദങ്ങളും ഗ്രഹിക്കുക എളുപ്പമല്ല.

സിവിൽ സൊസൈറ്റി

ഗ്രാംഷിയുടെ കൃതികളിൽ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന ഒരു പ്രയോഗ മാണ് 'സിവിൽ സൊസൈറ്റി.' 'പൗരസമൂഹം' എന്നാണ് ഇതിൽ ചേർത്തി ട്ടുള്ള വിവർത്തനം. മറ്റൊന്നാണ് 'പൊളിറ്റിക്കൽ സൊസൈറ്റി' അഥവാ 'രാഷ്ട്രീയ സമൂഹം.' 'രാഷ്ട്രീയ സമൂഹം'തന്നെയാണ് 'സ്റ്റേറ്റ്' അഥവാ 'ഭരണകൂടം'.

മാർക്സിന്റെ പൂർവികരായ ജോൺ ലോക്ക്, റൂസോ, ഹെഗൽ തുടങ്ങിയ വരുടെ കൃതികളിലും മാർക്സിന്റെയും എംഗൽസിന്റെയും ആദ്യകാല കൃതികളിലും ഈ പ്രയോഗം കണ്ടെത്താം. എന്നാൽ മാർക്സിന്റെയും എംഗൽസിന്റെയും പിൽക്കാല കൃതികളിൽ അത് കാണുന്നതേയില്ല. പ്രകൃതിയുമായി ഇണങ്ങി പ്രാകൃതാവസ്ഥയിൽ കഴിഞ്ഞ മനുഷ്യരുടെ സമൂഹത്തിൽനിന്ന് വ്യത്യസ്തമായി ആധുനിക ഭരണ സംവിധാനവും സാമൂഹ്യ ചട്ടവട്ടങ്ങളും മറ്റും ആവിർഭവിച്ച അവസ്ഥയെ വിവരിക്കാനാണ് ലോക്കും റൂസോയും ഒരതിർത്തിവരെ ഹെഗലും ഈ പദപ്രയോഗത്തെ ആശ്രയിച്ചത്.

എന്നാൽ മാർക്സ് ആകട്ടെ കുറെക്കൂടി വ്യക്തതയോടെ ഫ്യൂഡലി സത്തെ തള്ളിനീക്കി പടിപടിയായി വ്യാപിച്ചുവന്ന ബൂർഷ്വാ സമൂഹ ത്തെയാണ് ഈ വാദംകൊണ്ട് വ്യവഹരിച്ചത്. പക്ഷേ ആ 'സിവിൽ സൊസൈറ്റി' 'പൊളിറ്റിക്കൽ സൊസൈറ്റി'യിൽനിന്ന് അതായത് 'ഭരണ കൂട' സംവിധാനത്തിൽനിന്ന് വ്യത്യസ്തമായിരുന്നു. നഗരങ്ങളിലും വ്യാവസായിക മേഖലകളിലും നാടുവാഴിത്തം നാടുനീങ്ങുമ്പോഴും ഭരണകൂടത്തിൽ നാടുവാഴി നിലനിൽക്കുന്നുണ്ടാവാം. നഗരങ്ങളിൽ നിന്നും വ്യവസായ മേഖലകളിൽനിന്നും വേറിട്ട ചില മേഖലകളിലും നാടുവാഴിത്തം തുടർന്നിരിക്കാം. അങ്ങനെ ഭരണകൂടത്തിൽനിന്ന് വേർ പെട്ടതും അനുക്ഷണവികസ്വരവുമായ ബൂർഷ്വാ സമൂഹത്തെയാണ് മാർക്സ് 'പൗരസമൂഹ'മായി കണ്ടത്.

പൗരാവലിയുടെ ഔപചാരികവും നിയമപരവുമായ തുല്യതയെ അടിസ്ഥാ നമാക്കി രൂപംകൊണ്ട ബൂർഷ്വാ പൗരസമൂഹത്തിൽ അംഗങ്ങളാകുന്ന തിനുമുമ്പ് മനുഷ്യർ മറ്റു പല സമൂഹങ്ങളിൽ അംഗങ്ങളായിരുന്നു. കൈവേലക്കാർ അവരുടെ 'ഗിൽഡു'കളിൽ (തൊഴിലധിഷ്ഠിത സംഘം); അടിയാളരും നാടുവാഴികളും താന്താങ്ങളുടെ 'എസ്റ്റേറ്റ്' എന്ന് വിളിക്ക പ്പെടുന്ന ഉച്ചനീചത്വാധിഷ്ഠിത പടവുകളിൽ—ഇന്ത്യയിൽ വർണാശ്രമ വ്യവസ്ഥപ്രകാരം ഓരോ വർണങ്ങളിൽ അംഗങ്ങളാകുന്നതുപോലെ. ഈ വൈവിധ്യമാർന്ന 'സമൂഹങ്ങളാ'ണ്—ഉരുകിയൊലിച്ച് പുതിയ സിവിൽ സമൂഹമായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നത്.

ചരിത്രപരമായി 'പൗരസമൂഹം' മുന്നോട്ടുള്ള ഒരു കാൽവെപ്പിനെയാണ് പ്രതിനിധീഭവിച്ചത് എന്ന കാര്യത്തിൽ മാർക്സിന് സംശയമുണ്ടായിരു ന്നില്ല. എന്നാൽ ഈ 'ബൂർഷ്വാസമൂഹ'ത്തിന്റെ ധാർമിക മൂല്യങ്ങളെയോ

വിമോചക നാട്യങ്ങളെയോ മാർക്സ് തെല്ലും മാനിച്ചിരുന്നില്ല. പഴയ കുടുംബബന്ധങ്ങളുടെയും ഫ്യൂഡൽ സേവ്യ-സേവക കെട്ടുപാടുകളുടെയും സ്ഥാനത്ത് സർവതന്ത്രസ്വതന്ത്രമായ വൈയക്തിക ലാഭേച്ഛയും സുഖഭോഗ വാഞ്ഛയും കടന്നുകയറി സകലതിന്റെയും അളവുകോൽ പണമാണെന്നു വരുന്നത് മാർക്സിന്റെ ധർമബോധത്തെ വ്രണപ്പെടുത്തി. മാർക്സിന്റെ ഭാഷയിൽ എല്ലാം 'ക്യാഷ് നെക്സസ്' (പണക്കെട്ടുപാട്) മാത്രമാകുന്ന ദുരവസ്ഥ.

മാർക്സിന്റെ ഈ അടിസ്ഥാന സങ്കൽപ്പനം—പൗരസമൂഹവും രാഷ്ട്രീയ സമൂഹവുമായുള്ള വകതിരിയൽ—തന്നെയാണ് ഗ്രാംഷിയുടെയും ആധാരശില. എന്നാൽ ഗ്രാംഷി പൗരസമൂഹ സങ്കൽപ്പനത്തിന് കുറെക്കൂടി വ്യാപ്തിനൽകുന്നു.

ഗ്രാംഷി രണ്ട് തലങ്ങളായി ആധുനിക സമൂഹങ്ങളെയെല്ലാം വകതിരിക്കുന്നു. ഒരു തലം സാമാന്യ സമ്മതത്തിന്റെയും പരസ്പര പ്രേരണയുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും നിലനിൽക്കുകയും ചെയ്യുന്ന പൗരസമൂഹം. മറ്റേതാകട്ടെ ആത്യന്തികമായി അധികാരത്തിന്റെയും ബലപ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയ സമൂഹം അഥവാ ഭരണകൂടം. രാഷ്ട്രീയ സമൂഹത്തെ നിലനിർത്തുന്ന മുഖ്യശക്തി ബലപ്രയോഗമാണ്. എങ്കിൽ (കോടതി, ജയിൽ, പോലീസ്, പട്ടാളം, ശിക്ഷാനിയമം) പൗരസമൂഹത്തിന്റെ നിലനിൽപ്പിനാധാരം ബലപ്രയോഗമില്ലാതുള്ള നേതൃത്വശക്തിയാണ്, പ്രേരണാശക്തിയും പൊതു സമ്മതവുമാണ്. പൗരസമൂഹത്തിന്റെ നിലനിൽപ്പിനാധാരമായ ഈ വിധിനിഷേധങ്ങളെയും പൊതു സമ്മതത്തെയും പ്രേരണാശക്തിയെയും എല്ലാം 'ഹെജിമനി' (Hegemony) എന്ന പദംകൊണ്ടാണ് ഗ്രാംഷി വ്യവഹരിക്കുന്നത്. ഇനിയങ്ങോട്ട് പോകണമെങ്കിൽ 'ഹെജിമനി' എന്ന പദത്തിന് ഗ്രാംഷി കൽപ്പിക്കുന്ന സവിശേഷാർഥങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

ഹെജിമനി

'പൗരസമൂഹം' എന്ന പദംപോലെ 'ഹെജിമനി' (Hegemony) എന്ന പദവും പലരെന്നല്ല മാർക്സിസ്റ്റുകാർപോലും പല അർഥങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. സോവിയറ്റ് യൂണിയന് ഉണ്ടായിരുന്നുവെന്ന് മൗ സെ ദോങ്ങും മറ്റും കരുതിയിരുന്ന ആധിപത്യ മോഹത്തെ 'ഹെജിമനിക്ക്' ലക്ഷ്യങ്ങളായിട്ടാണ് അദ്ദേഹം വിവരിച്ചത്. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്റെമേൽ ചെലുത്തുന്ന ആധിപത്യത്തെയാണ്—കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിയമപ്രകാരം—സാധാരണ ഇംഗ്ലീഷ് നിഘണ്ടുകളിൽ 'ഹെജിമനി' വിശേഷിപ്പിച്ചുകാണുന്നത്. അതുതന്നെയായിരിക്കണം മൗ സെ ദോങ് അർഥമാക്കിയത്. എന്നാൽ ദേശീയ വിമോചന പ്രസ്ഥാനത്തിൽ തൊഴിലാളിവർഗത്തിന്റെ 'ഹെജിമനി' വേണമെന്ന് വാദിക്കുമ്പോൾ നാം ഉദ്ദേശിക്കുന്നത് ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്റെ മേൽ

അടിച്ചേൽപ്പിക്കുന്ന ആധിപത്യംപോലെ ഒന്നല്ല. 'ലീഡർഷിപ്പ്' എന്ന 'നേതൃത്വ'വും അവിടെ ഹെജിമനിക്ക് പകരംവെക്കാനാവില്ല. നേതൃത്വത്തിന്റെ ഘടകങ്ങൾ അതിലുണ്ട്—എങ്കിലും പ്രകടമായ നേതൃത്വത്തെക്കാൾ ആശയപരമായ സ്വാധീനവും പ്രേരണയുമടങ്ങുന്ന ആന്തരികമായ ഒരു മുൻകൈ എന്നാണ് അതുകൊണ്ട് അർഥമാക്കുന്നത്. മൗ സെ ദോങ് സോവിയറ്റ് നയങ്ങളെ വിമർശിക്കാൻ ഉപയോഗിച്ച സന്ദർഭത്തിലെ 'ഹെജിമനി'യിൽനിന്ന് ഇത് വ്യത്യസ്തമാണ്. എന്നാൽ സോഷ്യലിസ്റ്റ് വിപ്ലവഘട്ടത്തിലാകട്ടെ വിപ്ലവമുന്നണിയിൽ തൊഴിലാളിവർഗത്തിന്റെ 'ഹെജിമനി' മാത്രം പോരാ പ്രത്യക്ഷമായ നേതൃത്വം തന്നെ കൂടിയേ കഴിയൂ.

ടി രാമലിംഗംപിള്ളയുടെ ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിൽ ഹെജിമനിക്ക് ഈ രണ്ടു തലത്തിലുള്ള അർഥങ്ങളും കൊടുത്തിരിക്കുന്നത് കാണുക:

> Hegemony (ഹെജിമനി) n. leadership, predominance, control of one state over others (നായകത്വം, പ്രാമാണികത്വം) പ്രാധാന്യം, പ്രധാനത, പ്രാബല്യം, പ്രബലത, ആധിപത്യം, മണ്ഡലേശ്വരത്വം.

ഇവയിൽ 'പ്രധാനത', 'പ്രാബല്യം' മുതലായവ ഗ്രാംഷിയുടെ പ്രയോഗത്തോടടുത്ത് നിൽക്കുമ്പോൾ 'ആധിപത്യം' മുതലായവ മൗ സെ ദോങ്ങിന്റെ പ്രയോഗത്തോടടുത്തുനിൽക്കുന്നു. ചലച്ചിത്രകാരനായ രവീന്ദ്രൻ ഗ്രാംഷിയുടെ 'ഹെജിമനി'യെ വിവർത്തനം ചെയ്യുന്നത് 'മേൽക്കോയ്മ' എന്നാണ്. ചുഴിഞ്ഞാലോചിച്ചാൽ 'മേൽക്കോയ്മ' എന്നത് രാഷ്ട്രീയാധിപത്യത്തിന്റെ പച്ചമലയാളം മാത്രമാണെങ്കിലും വേണമെങ്കിൽ അതിന് രൂഢിയായി 'ഹെജിമനി' എന്ന് അർഥം കൽപ്പിക്കുന്നത് അത്ര അസംബന്ധമൊന്നുമല്ല. 'അടവും' 'തന്ത്രവും' തമ്മിലുള്ള വ്യത്യാസം മലയാളവും സംസ്കൃതവും എന്നത് മാത്രമാണെങ്കിലും ഇംഗ്ലീഷിലെ 'ടാക്ടിക്സി'നും 'സ്ട്രാറ്റജി'ക്കും വിവർത്തനമായി നാം അവ ഉപയോഗിക്കാറില്ലേ?

പൗരസമൂഹത്തിന്റെ നിലനിൽപ്പും കെട്ടുറപ്പും പ്രത്യയശാസ്ത്രപരമായ 'ഹെജിമനി'യെ ആശ്രയിച്ചിരിക്കുമ്പോൾ 'രാഷ്ട്രീയ സമൂഹ'ത്തിന്റെ നിലനിൽപ്പിനും കെട്ടുറപ്പിനും ആധാരം ഹിംസ അല്ലെങ്കിൽ ബലപ്രയോഗമാണ്. ഒരു വർഗമോ ഒരു വർഗസഖ്യമോ മറ്റൊരു വർഗത്തിന്റെയോ വർഗസഖ്യത്തിന്റെയോ മേൽ ഹിംസ മുഖേന സ്ഥാപിക്കുന്ന ആധിപത്യത്തിന്റെ ഘടനയാണല്ലോ മാർക്സിസപ്രകാരം ഭരണകൂടം. അങ്ങനെ ഹിംസയാണ് അടിത്തറയെങ്കിലും സിവിൽ സൊസൈറ്റിയിൽ ഭരണവർഗത്തിന് ചെലുത്താൻ കഴിയുന്ന പ്രത്യയശാസ്ത്രപരമായ ഹെജിമനി കൂടിയുണ്ടെങ്കിലേ അതിന് ഭദ്രത കൈവരൂ എന്ന് ഗ്രാംഷി ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ട് ഭരണകൂടം മൗലികമായി ഹിംസയിൽ അധിഷ്ഠിതമാണെങ്കിലും പൗരസമൂഹത്തിൽ പ്രത്യയശാസ്ത്രപരമായ ഹെജിമനി പുലർത്താൻ കഴിയാത്തപക്ഷം അത് തകരും. അതുകൊണ്ട് ഭരണകൂ

ടത്തെ തകർത്ത് മറ്റൊരു വർഗത്തിന് (ആധുനിക യുഗത്തിൽ തൊഴിലാളിവർഗത്തിന്) അധികാരം പിടിച്ചെടുക്കണമെങ്കിൽ ആദ്യം പൗരസമൂഹത്തിൽ ഹെജിമനി അഥവാ മേൽക്കോയ്മ നേടണം.

വി ഐ ലെനിൻ *എന്തുചെയ്യണം?* (1902) എന്ന കൃതിയിലൂടെയും മറ്റും സാമ്പത്തിക താൽപ്പര്യസംരക്ഷണം എന്ന ട്രേഡ് യൂണിയൻ അവബോധത്തെ മറികടന്ന് രാഷ്ട്രീയാധികാര പോരാട്ടത്തെക്കുറിച്ചുള്ള ബോധം വന്നാലേ സോഷ്യലിസ്റ്റ് അവബോധമാകൂ, കമ്യൂണിസ്റ്റ് വിപ്ലവകാരികളാകൂ, എന്ന് പഠിപ്പിച്ചതിന്റെ കുറെക്കൂടി വിശദമായ പ്രയോഗമാണ് ഗ്രാംഷി ഇവിടെ നടത്തുന്നത്. വിപ്ലവ പ്രവർത്തനത്തിലും വർഗസമരത്തിലും സിദ്ധാന്തത്തിനും പ്രത്യയശാസ്ത്രത്തിനും സോഷ്യലിസ്റ്റ് വിദ്യാഭ്യാസത്തിനും സാംസ്കാരിക പരിവർത്തനത്തിനും ഉള്ള നിർണായക പ്രാധാന്യത്തിന്റെ വിശാലമായ പ്രയോഗതലങ്ങളിലേക്കാണ് ഇവിടെ ഗ്രാംഷിയൻ ചിന്ത പ്രവേശിക്കുന്നത്. ഇങ്ങനെ പൗരസമൂഹത്തിൽ തൊഴിലാളിവർഗ ഹെജിമനി സ്ഥാപിക്കാനുള്ള ഉപാധിയാണ് പ്രത്യയശാസ്ത്രം.

ഭരണകൂടത്തിന്റെ അഥവാ രാഷ്ട്രീയ സമൂഹത്തിന്റെ നിലനിൽപ്പിന് ഹിംസയോടൊപ്പം പൗരസമൂഹത്തിലെ ഹെജിമനി അനിവാര്യമാണെങ്കിൽ, ഭരണകൂടത്തിന്റെ ധ്വംസനതത്തിനും ഹിംസയോടൊപ്പം പൗരസമൂഹത്തിൽ വിപ്ലവവർഗം ചെലുത്തുന്ന പ്രത്യയശാസ്ത്രപരമായ ഹെജിമനിയും അനിവാര്യംതന്നെ. വിപ്ലവസമരത്തിലെ ഹിംസയുടെ പ്രസക്തിയും വിജയസാധ്യതയും പൗരസമൂഹത്തിൽ ഹെജിമനി സ്ഥാപിക്കാനുള്ള വിപ്ലവവർഗത്തിന്റെ വിജയത്തിന്റെ അനുപാതമനുസരിച്ചിരിക്കും.

ഭരണവർഗത്തിന് പൗരസമൂഹത്തിൽ ഗണ്യമായ ഹെജിമനിയുള്ളിടത്തോളംകാലം അവർ ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ അനുവദിക്കാനും ജനാധിപത്യമുറകൾ തുടരാനും മടിക്കില്ല. എന്നാൽ ആ ഹെജിമനി അവസാനിക്കുകയോ ഗണ്യമായി ക്ഷയിക്കുകയോ ചെയ്യുമ്പോഴാണ് ഭരണകൂടത്തിലെ ഹിംസയുടെയും മർദനത്തിന്റെയും ഘടകങ്ങളെ ശക്തിപ്പെടുത്തി സമഗ്രാധിപത്യത്തിലേക്ക് നീങ്ങുന്നത്. അതുകൊണ്ടാണ് ഫാഷിസം എന്നതും അതിന്റെ വിവിധ രൂപങ്ങളും ബാഹ്യമായി വർധിത ശക്തി പ്രകടിപ്പിക്കുമ്പോഴും അവർ ആന്തരികമായി അത്യന്തം ദുർബലരാണ് എന്ന് പറയുന്നത്. പഴയ രീതിയിൽ ജനാധിപത്യ മര്യാദകൾ പുലർത്തിക്കൊണ്ട് ഭരണം തുടരാനാകാത്തവിധം ഭരണവർഗം ദുർബലമാകുകയും അന്ത്യം ആസന്നമാകുകയും ചെയ്യുമ്പോഴാണ് വർധിത വീര്യം നടിച്ച് ഫാഷിസത്തിലേക്ക് നീങ്ങുന്നത് എന്നർഥം. മുതലാളിത്ത ക്രമം അപരിഹാര്യമായ പ്രതിസന്ധിയിലെത്തുമ്പോഴോ അങ്ങനെ എത്തുകയാണെന്ന മരണഭീതി അവരെ കീഴ്പ്പെടുത്തുമ്പോഴോ ആണ് ഫാഷിസത്തിലേക്കും അടിയന്തരാവസ്ഥയുടെ പേരിലുള്ള സമഗ്രാധിപത്യത്തിലേക്കും അവർ നീങ്ങുന്നത്.

ഈ രംഗത്തെ ഗ്രാംഷിയുടെ കണ്ടെത്തലുകൾ മാർക്സിസം–ലെനിനിസത്തിന്റെ അടിത്തറയിൽ നിലയുറപ്പിച്ചുകൊണ്ട് അതിനെ കൂടുതൽ വിശദവും സമ്പുഷ്ടവുമാക്കുന്നു.

ഐഡിയോളജി

ഹെജിമനിയെക്കുറിച്ചുള്ള നമ്മുടെ ചർച്ചകൾക്കിടയിൽ പലതവണ കടന്നുവന്ന വാക്കാണ് 'പ്രത്യയശാസ്ത്രം'. ഇംഗ്ലീഷിലും മറ്റുപല യൂറോപ്യൻ ഭാഷകളിലും പ്രചാരമുള്ള 'ഐഡിയോളജി' (Ideology) എന്ന വാക്കിന്റെ വിവർത്തനമായിട്ടാണ് പ്രത്യയശാസ്ത്രം എന്ന പദം ഉപയോഗിച്ചത്. അതീവ സങ്കീർണവും സന്ദർഭം അനുസരിച്ച് വിവിധങ്ങളും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളുമായ അർഥകൽപ്പനകൾ ഉള്ളതുമായ വാക്കാണ് ഐഡിയോളജി. അതിന്റെ അർഥവ്യാപ്തിയെയും അർഥതലങ്ങളെയും ധ്വനിപ്പിക്കാൻ 'പ്രത്യയശാസ്ത്രം' എന്ന പദത്തിന് കഴിയുമോ എന്നും സംശയമുണ്ട്. ഇംഗ്ലീഷ് പദം തന്നെ ഉപയോഗിച്ചാൽ പോരേ എന്ന് തോന്നുന്നു. അതുകൊണ്ട് മലയാളത്തിൽ ചിരപരിചിതമായിക്കഴിഞ്ഞ 'പ്രത്യയശാസ്ത്ര'ത്തോടൊപ്പം 'ഐഡിയോളജി' എന്ന ഇംഗ്ലീഷ് പദവും ഇടകലർത്തി ഉപയോഗിക്കുകയാണ് യുക്തി എന്ന് തോന്നുന്നു. മലയാള വ്യവഹാരത്തിൽ ഈ വാക്ക് പ്രവേശിച്ചത് സമീപകാലത്തായതുകൊണ്ടാകാം മലയാളത്തിലെ അംഗീകൃത നിഘണ്ടുക്കളിലോ വിജ്ഞാനകോശത്തിലോ അത് ഇനിയും സ്ഥാനം ലഭിക്കാതിരിക്കുന്നത്.

പ്രത്യയശാസ്ത്ര സങ്കൽപ്പം ഗ്രാംഷിയൻ ചിന്തയിൽ വളരെ പ്രധാനമാണെങ്കിലും അതിന് പുതിയ അർഥങ്ങളൊന്നും കണ്ടുപിടിക്കേണ്ട കാര്യം അദ്ദേഹത്തിനില്ല. അത്രമാത്രം വൈവിധ്യമാർന്നതാണ് അതിന് നിലവിലുള്ള അർഥവ്യാപ്തി. അവയിൽ തന്റെ വാദമുഖങ്ങൾക്ക് ആവശ്യമായത് തിരഞ്ഞെടുക്കുകയേ വേണ്ടൂ. പുതിയ തലമുറയിലെ പ്രശസ്ത ഇംഗ്ലീഷ് മാർക്സിസ്റ്റ് ദാർശനികനും സൗന്ദര്യശാസ്ത്രജ്ഞനുമായ ടെറി ഈഗിൾടൻ പ്രത്യയശാസ്ത്രമെന്ന പദത്തിന് ഇപ്പോൾ പ്രചാരത്തിലുള്ള 16 അർഥങ്ങൾ നൽകുന്നുണ്ട്. അവയിൽ ചിലവ പരസ്പരം പൊരുത്തപ്പെടാത്തതാണെന്ന് മാത്രമല്ല ചിലപ്പോൾ കടകവിരുദ്ധവുമാണ്.

ഐഡിയോളജി എന്നു പറഞ്ഞാലും പ്രത്യയശാസ്ത്രമായാലും അവയുടെ വാച്യാർഥം ആശയവിജ്ഞാനീയം എന്നാണ്. പക്ഷേ ഈ വാച്യാർഥം ആ സവിശേഷ പദത്തിന്റെ ഒരരുകിന്റെ അർഥംപോലും വ്യഞ്ജിപ്പിക്കുന്നില്ല. സോവിയറ്റ് യൂണിയനിൽ പ്രസിദ്ധീകരിച്ച ദർശന നിഘണ്ടുവിൽ പ്രത്യയശാസ്ത്രത്തിന് നൽകിയിരിക്കുന്ന നിർവചനം നോക്കൂ:

> രാഷ്ട്രീയവും നിയമപരവും ധാർമികവും സൗന്ദര്യശാസ്ത്രപരവും മതപരവും ദാർശനികവും ആയ വീക്ഷണങ്ങളുടെയും ആശയങ്ങളുടെയും വ്യവസ്ഥ, ഉപരിഘടനയുടെ ഭാഗമായ പ്രത്യയശാസ്ത്രം ആത്യന്തികമായി സമൂഹത്തിലെ സാമ്പത്തിക ബന്ധങ്ങളെ പ്രതിഫലിപ്പിക്കുന്നു. വിരുദ്ധ താൽപ്പര്യങ്ങളുള്ള വർഗ

ങ്ങളോടുകൂടിയ സമൂഹത്തിൽ പ്രത്യയശാസ്ത്രസമരം വർഗ സമരത്തിന്റെ പ്രതിഫലനമായിരിക്കും. പ്രത്യയശാസ്ത്രം ശരിയോ തെറ്റോ ആയ വിധത്തിൽ, ശാസ്ത്രീയമോ അശാസ്ത്രീയമോ ആയ വിധത്തിൽ യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുന്നതാകാം.

എന്നാൽ മാർക്സിന്റെയും എംഗൽസിന്റെയും ആദ്യകാല സംയുക്ത കൃതികളിൽ ഒന്നായ *ജർമൻ പ്രത്യയശാസ്ത്രത്തിൽ* (1846) യാഥാർഥ്യത്തെ തലകീഴായി പ്രതിഫലിപ്പിക്കുന്ന 'കപടാവബോധ'ത്തെ (false consciousness) മാത്രമേ പ്രത്യയശാസ്ത്രമായി വിവക്ഷിക്കുന്നുള്ളു. 'മാർക്സിസം–ലെനിനിസം ശരിയായ പ്രത്യയശാസ്ത്രത്തിന് ഉദാഹരണമാണ് എന്ന് പ്രസ്തുത നിഘണ്ടു പറയുമ്പോൾ പ്രത്യയശാസ്ത്രത്തെ ഒരു സിദ്ധാന്തസംഹിതയായും കർമപദ്ധതിയായുമാണ് വിവക്ഷിക്കുന്നത്. അപ്പോൾ അത് യുക്തിവിചാരത്തിനും ശാസ്ത്രപരിശോധനയ്ക്കും വിധേയമായ തത്വശാസ്ത്രത്തിന്റെ പദവിയിലെത്തുന്നു. എന്നാൽ പ്രത്യയശാസ്ത്രത്തിൽ യുക്തിവിചാരത്തിനും ശാസ്ത്രപരിശോധനയ്ക്കും വഴങ്ങാത്ത ഇഷ്ടാനിഷ്ടങ്ങളുടെയും ശീലശൈലികളുടെയും ആചാരാനാചാരങ്ങളുടെയും വിശ്വാസാവിശ്വാസങ്ങളുടെയും ഘടകങ്ങളും അന്തർധാരയായി വർത്തിക്കുന്നു. എങ്കിലല്ലേ സത്യാവബോധത്തോടൊപ്പം കപടാവബോധത്തെയും പ്രതിഫലിപ്പിക്കുന്ന പ്രത്യയശാസ്ത്രം ഉണ്ടാകാൻ വഴിയുള്ളൂ? ബോധപൂർവം സ്വീകരിക്കുന്ന തത്വശാസ്ത്രങ്ങൾക്കപ്പുറം അബോധതലത്തിൽ പ്രവർത്തിക്കുന്ന പ്രേരണകളും വാസനകളും പ്രത്യയശാസ്ത്ര പരിധിയിൽപ്പെടുന്നു എന്നർഥം.

1977 ൽ അടിയന്തരാവസ്ഥയെത്തുടർന്ന് ജനതാപ്പാർട്ടി ഡെൽഹിയിൽ അധികാരമേറ്റപ്പോൾ കോൺഗ്രസ്സ് നേതാവ് വൈ ബി ചവാനായിരുന്നു പ്രതിപക്ഷനേതാവ്. ജനതാ സർക്കാരിനെതിരേ ചവാൻ ചെയ്ത പ്രഥമ പ്രസംഗത്തിൽ അദ്ദേഹം ഉന്നയിച്ച ആരോപണം ജനതാപ്പാർട്ടിക്കോ അതിന്റെ മന്ത്രിസഭയ്ക്കോ മാർഗനിർദേശകമായ ഒരു പ്രത്യയശാസ്ത്രം ഇല്ലെന്നതായിരുന്നു. തത്വദീക്ഷയോ നയവ്യക്തതയോ ഇല്ലാതെ അപ്പപ്പോൾ തോന്നുംപടി പ്രവർത്തിക്കുന്ന അവസരവാദികൾ എന്നർഥം. പ്രത്യയശാസ്ത്രം അനുപേക്ഷണീയമായ ഒരു ഗുണവിശേഷമെന്നാണ് ചവാന്റെ വിവക്ഷ. പ്രത്യയശാസ്ത്രപരമായ മുൻപരിധികളോ കടുംപിടിയോ കൂടാതെ ട്രാൻസ്പോർട്ട് ഉൾപ്പെടെ നഷ്ടത്തിലോടുന്ന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിട്ട് സംസ്ഥാനത്തിന്റെ ഖജനാവിനെയും ജനങ്ങളുടെ സൗകര്യത്തെയും കാത്തുസൂക്ഷിക്കണമെന്ന് ഈയിടെ *മലയാള മനോരമ* മുഖപ്രസംഗത്തിലൂടെ ഉപദേശിച്ചു. അപ്പോൾ ചവാൻ ഉദ്ദേശിച്ചതിന് കടകവിരുദ്ധമായ ഒരർഥത്തിൽ, പ്രത്യയശാസ്ത്രം സൽപ്രവൃത്തികൾക്ക് പ്രതിബന്ധമാകും എന്നാണ് ആ പത്രം അർഥമാക്കുന്നത്.

ഇങ്ങനെ വൈരുധ്യങ്ങളും സങ്കീർണതകളും നിറഞ്ഞ പദത്തെ ഏതർഥത്തിൽ ഗ്രാംഷി പ്രയോഗിച്ചുവെന്നത് അടുത്ത അധ്യായത്തിൽ നമുക്ക് പരിശോധിക്കാം.

ഗ്രാംഷിയുടെ പ്രത്യയശാസ്ത്രം

ആയിരത്തി തൊള്ളായിരത്തി നാൽപ്പതുകളിലെ മാർക്സിന്റെയും എംഗൽസിന്റെയും കൃതികളിലാണ് 'കപടാവബോധം' അല്ലെങ്കിൽ 'തല തിരിഞ്ഞ ബോധം' എന്ന അർഥത്തിൽ പ്രത്യയശാസ്ത്രം പ്രയോഗിച്ചു കാണുന്നത്. അന്ന് മേൽക്കോയ്മ വഹിച്ച ഹെഗലിന്റെയും ഫൊയർ ബാഹിന്റെയും ചിന്തകൾക്കും ബോവർ സഹോദരന്മാരുടെയും മറ്റും മതവിജ്ഞാനീയത്തിനും എതിരേ വാഗ്സമരം നടത്താൻ നിലവിലുള്ള വാക്കുകളെത്തന്നെ ആശ്രയിക്കുകയായിരുന്നു ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകർ. നിലവിലിരുന്ന പ്രഷ്യൻ രാജകീയ സ്വേച്ഛാഭരണകൂടത്തെ 'കേവലാശയ'ത്തിന്റെ (ആദർശത്തിന്റെയും) ആത്യന്തിക സാക്ഷാൽക്കാരമായി ഹെഗൽ വിലയിരുത്തിയപ്പോൾ ആ ഭരണകൂടത്തിന്റെ യഥാർഥ വർഗചരിത്രത്തെയും വർഗസ്വഭാവത്തെയും മറച്ചുവെക്കുന്ന 'പ്രത്യയശാസ്ത്ര'പരം ആണ് ആ വാദം എന്ന് മാർക്സ് കണ്ടു. ഹെഗലിന്റെ 'വൈരുധ്യവാദം' ഈ നിഗമനത്തിലേക്ക് നയിച്ചപ്പോഴാണ് ഹെഗലിനെ താൻ കീഴ്മേൽമറിച്ച് 'തലകുത്തിനിറുത്തുകയാണെ''ന്ന പ്രസിദ്ധമായ വാചകം മാർക്സ് കുറിച്ചത്. പ്രത്യയശാസ്ത്രത്തിന് ഈ വാദപ്രതിവാദങ്ങളിൽ മാർക്സും എംഗൽസും (*ജർമൻ പ്രത്യയശാസ്ത്രം, വിശുദ്ധ കുടുംബം*) കൽപ്പിച്ച നിഷേധാത്മകാർഥം അങ്ങനെ വന്നുചേർന്നതാണ്. എന്നാൽ 1848 ലെ *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യിൽ എത്തിയപ്പോഴും പഴയ അർഥകൽപ്പന തികച്ചും തിരസ്കരിച്ചിരുന്നില്ലെങ്കിലും ഊന്നലിൽ മാറ്റം കാണാനുണ്ട്. പ്രത്യയശാസ്ത്രമെന്ന പദപ്രയോഗം സംബന്ധിച്ചു മാത്രമല്ല, പ്രത്യയശാസ്ത്രത്തിന് സമൂഹവികാസത്തിലും ഘടനയിലും ഉള്ള പങ്കിനെക്കുറിച്ചും വെളിച്ചംവീശുന്ന *മാനിഫെസ്റ്റോ*യിലെ പരാമർശം വായിക്കുക:

> മതപരവും ദാർശനികവും പൊതുവിൽ പ്രത്യയശാസ്ത്രപരവുമായ നിലപാടിൽനിന്ന് കമ്യൂണിസത്തിനെതിരായി കൊണ്ടുവന്നിട്ടുള്ള ആക്ഷേപങ്ങൾ കാര്യമായ പരിശോധന അർഹിക്കുന്നില്ല.

ഇവിടെ പ്രത്യയശാസ്ത്രത്തെ വിപ്ലവപരമെന്നും പ്രതിവിപ്ലവപരമെന്നും തരംതിരിക്കാതെ പ്രതിവിപ്ലവപരമായി മാത്രം കാണുകയല്ലേ എന്ന് സംശയിക്കാം. വിപ്ലവപരമായ ആശയത്തെ പ്രത്യയശാസ്ത്രം എന്ന് പരാമർശിക്കാതെ വെറും 'ആശയ'മെന്നുതന്നെ വ്യവച്ഛേദിച്ചിരിക്കുന്നു. *മാനിഫെസ്റ്റോ* തുടരുന്നു:

> മനുഷ്യന്റെ ഭൗതികജീവിതത്തിൽ, അവന്റെ സമൂഹബന്ധങ്ങളിലും സാമൂഹ്യജീവിതത്തിലും ഉണ്ടാവുന്ന ഓരോ മാറ്റത്തോടുംകൂടി അവന്റെ ആശയങ്ങൾ—അഭിപ്രായങ്ങളും ധാരണകളും—ഒറ്റവാക്കിൽ പറഞ്ഞാൽ അവന്റെ ബോധം മാറുന്നുണ്ടെന്ന് മനസ്സിലാക്കാൻ അഗാധമായ അന്തർജ്ഞാനം ആവശ്യമാണോ?
>
> ഭൗതികോൽപ്പാദനം മാറുന്നതനുസരിച്ച് ബുദ്ധിപരമായ ഉൽപ്പാദനത്തിന്റെ സ്വഭാവവും മാറുന്നുണ്ട് എന്നല്ലേ ആശയങ്ങളുടെ ചരിത്രം തെളിയിക്കുന്നത്. ഓരോ കാലഘട്ടത്തിലെയും ഭരിക്കുന്ന ആശയങ്ങൾ എല്ലായ്പ്പോഴും അന്നത്തെ ഭരണാധികാരിവർഗത്തിന്റെ ആശയങ്ങളായിരുന്നു.
>
> സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുന്ന ആശയങ്ങളെപ്പറ്റി ആളുകൾ പറയുമ്പോൾ, പഴയ സമൂഹത്തിനകത്ത് പുതിയ ഒന്നിന്റെ ബീജങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും പഴയ ജീവിതസാഹചര്യങ്ങളുടെ ശിഥിലീകരണത്തിന് ചുവടൊപ്പിച്ചുകൊണ്ട് പഴയ ആശയങ്ങളും തകരുന്നുവെന്നുമുള്ള പരമാർഥത്തെ വെളിപ്പെടുത്തുക മാത്രമാണ് അവർ ചെയ്യുന്നത്. *(തൊഴിലാളികളും കമ്യൂണിസ്റ്റുകാരും,* അധ്യായം 2).

ഇവിടെ ആശയങ്ങൾക്ക് സമൂഹവികസനത്തിലുള്ള പങ്ക് എന്തെന്ന് വിവരിക്കുന്നതോടൊപ്പം നിലവിലുള്ള ആശയങ്ങളുടെ വേരെവിടെ; പുതിയ ആശയങ്ങളുടെ ഉറവിടമെവിടെ; എന്നുകൂടി ആചാര്യന്മാർ വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെ ആശയങ്ങളുടെ ഉത്ഭവ വികാസങ്ങളെയും അപഗ്രഥനത്തെയും സംബന്ധിച്ച അന്വേഷണത്തിന്റെ പേരായിരുന്നു ആദ്യം 'ഐഡിയോളജി' അഥവാ പ്രത്യയശാസ്ത്രം. പിന്നീടാണ് സവിശേഷമായ ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും കർമപദ്ധതികളുടെയും സമുച്ചയത്തിനും ആ പേര് ബാധകമായത്. അങ്ങനെ ഒരേസമയം വിഷയവും വിഷയജ്ഞാനവുമാണ് പ്രത്യയശാസ്ത്രം. 'പ്രത്യയ'മെന്നാൽ 'ആശയം'. 'വിഷയജ്ഞാന'മെന്നാൽ വിഷയത്തെക്കുറിച്ചുള്ള ജ്ഞാനം, പഠനം, വിശകലനം എന്നിവ. പ്രത്യയശാസ്ത്രത്തിന്റെ ഈ അർഥപരിണാമത്തെക്കുറിച്ച് ഗ്രാംഷി പറയുന്നു:

> പ്രത്യയശാസ്ത്രം എന്ന സങ്കൽപ്പനം 'ആശയങ്ങളുടെ ശാസ്ത്രം' എന്നും ആശയങ്ങളുടെ ഉത്ഭവത്തെക്കുറിച്ചുള്ള വിശകലനം എന്നും ഉള്ള അർഥത്തിൽനിന്ന് 'ആശയസംഹിത' എന്ന അർഥത്തിലേക്ക് എങ്ങനെ സംക്രമിച്ചു എന്നത് ചരിത്രദൃഷ്ട്യാ പരിശോധിക്കേണ്ടതുണ്ട്. (പുറം 376).

ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ ആശയങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ദൂരവ്യാപക ഫലങ്ങൾ ഉളവാക്കിയ കണ്ടെത്തൽ നടന്നത് 18–ാം നൂറ്റാണ്ടിലെ ഫ്രാൻസിലാണെന്നു പറയാം. ഫ്രാൻസ് കേന്ദ്രമായി പാശ്ചാത്യ ലോകത്തിലാകെ വ്യാപിച്ച 'എൻലൈറ്റ്മെന്റ്' അഥവാ പ്രബുദ്ധകാലത്തിന്റെ കണ്ടെത്തലായിരുന്നു അത്. അറിവും ആശയവുമെല്ലാം പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭൂതികളിൽനിന്നേ ഉണ്ടാകൂ എന്നും അല്ലാത്തവയൊന്നും സാധ്യമായ ആശയങ്ങളല്ല എന്നുമായിരുന്നു ആ കണ്ടെത്തൽ. അറിവും ആശയവുമെല്ലാം ദൈവത്തിൽനിന്നാണ്, ആത്മാവിൽനിന്നാണ്, പ്രതിഭാശാലിയായ മനുഷ്യന്റെ ബുദ്ധിയിൽനിന്ന് സ്വയംഭൂതമാവുകയാണ് എന്നെല്ലാമുള്ള മുൻകാല ധാരണകളിൽനിന്നൊരു കുതിച്ചുകയറ്റമായിരുന്നു പ്രബുദ്ധകാല ധാരണയെങ്കിലും മനുഷ്യന്റെ പ്രവൃത്തിയിൽനിന്നാണ്, പ്രാക്സിസിൽനിന്നാണ്, ആശയങ്ങൾ ഉറവെടുക്കുന്നത് എന്നും ഈ ആശയങ്ങൾ മറ്റാശയങ്ങളും മറ്റ് അനുഭവങ്ങളുമായി താരതമ്യപ്പെടുത്തി മനനം ചെയ്യുമ്പോഴാണ് അറിവ് രൂപംകൊള്ളുന്നതെന്നും മറ്റുമുള്ള പിൽക്കാല മാർക്സിസ്റ്റ് കണ്ടെത്തലുകളോളം അതെത്തിയിരുന്നില്ല. [മൗ സേ ദോങ്ങിന്റെ *ഓൺ പ്രാക്ടീസ് (പ്രയോഗത്തെപ്പറ്റി)* എന്ന പ്രബന്ധം നോക്കുക].

ഈ ആശയപുരോഗതി മനസ്സിലാക്കാതെ സിഗ്മണ്ട് ഫ്രോയ്ഡ്, ബെനെഡിറ്റോ ക്രോച്ചെ മുതലായവർക്ക് മാത്രമല്ല, നിക്കോളയ് ബുഖാരിനെപ്പോലുള്ള മാർക്സിസ്റ്റുകാർക്കുപോലും വഴിതെറ്റിപ്പോയി എന്ന് ഗ്രാംഷി ചൂണ്ടിക്കാട്ടുന്നു. 1920 കളിൽ പ്രസിദ്ധമായിരുന്ന ബുഖാരിന്റെ *പോപ്പുലർ മാനുവൽ* (സാധാരണക്കാർക്കായി മാർക്സിസത്തെക്കുറിച്ച് എഴുതിയ പാഠപുസ്തകം) ആണ് ഗ്രാംഷിയുടെ വിമർശനത്തിന് വിധേയമായത്. ഗ്രാംഷി എഴുതുന്നു:

> *പോപ്പുലർ മാനുവലി*ന്റെ കർത്താവ് പ്രത്യയശാസ്ത്രത്തിൽ [തെറ്റായ സങ്കൽപ്പനപ്രകാരം–*വിവർത്തകൻ*] കുടുങ്ങിപ്പോയത് എങ്ങനെയെന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രയോഗത്തിന്റെ തത്വശാസ്ത്രം ചരിത്രപരമായ പ്രത്യയശാസ്ത്രത്തിന് വിരുദ്ധവും അതിൽനിന്നുള്ള വ്യക്തമായ പുരോഗതിയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. 'പ്രത്യയശാസ്ത്ര'മെന്ന പദപ്രയോഗം മാർക്സിസ്റ്റ് ദർശനത്തിൽ നിഷേധാത്മകമായ മൂല്യനിർണയം സ്വഭാവേനതന്നെ ഉൾക്കൊള്ളുന്നുണ്ട്. ആശയങ്ങളുടെ ഉറവിടം തേടേണ്ടത് ഇന്ദ്രിയാനുഭൂതിയിലാണ് എന്ന വാദത്തെ മാർക്സിസത്തിന്റെ സ്ഥാപകൻ നിരസിക്കുന്നു; അതായത് ആശയങ്ങളുടെ

ഉറവിടം ആത്യന്തികമായി ശരീരശാസ്ത്രപരമാണെന്ന വാദത്തെ പ്രയോഗത്തിന്റെ തത്വശാസ്ത്ര വ്യവസ്ഥകൾ പ്രകാരം ഉപരിഘടനയെന്ന നിലയിൽ 'പ്രത്യയശാസ്ത്ര'ത്തെത്തന്നെ ചരിത്രദൃഷ്ട്യാ അപഗ്രഥിക്കേണ്ടതുണ്ട്. (ടി പുറം).

അങ്ങനെ ഗ്രാംഷി തന്റെ പ്രത്യയശാസ്ത്ര സങ്കൽപ്പത്തെ ക്ലാസിക്കൽ മാർക്സിസത്തിന്റെ ചട്ടക്കൂടിൽ കൊണ്ടുവരുന്നു. അടിത്തറയും മേൽക്കൂരയുമെന്ന വാസ്തുശിൽപ്പരൂപകമാണ് സമൂഹത്തിന്റെ അടിത്തറയായ ഉൽപ്പാദനഘടനയും അതിന്റെ മേൽപ്പുരയായ ആശയലോകവും തമ്മിലുള്ള ബന്ധത്തെ വിവരിക്കാൻ മാർക്സ് ഉപയോഗിച്ചത്. ആദ്യത്തേത് അടിത്തറയാണെന്നും അതിൽനിന്ന് ഉരുത്തിരിയുന്നതും അതിനനുസരണമായിട്ടുള്ളതുമാണ് മേൽപ്പുരയെന്നും പറയുമ്പോഴും മേൽപ്പുരയുടെ സ്വന്തമായ വികാസ നിയമങ്ങളെയോ ഒരതിർത്തിവരെയുള്ള അതിന്റെ സ്വയംഭരണ പ്രാപ്തിയെയോ മാർക്സ് നിഷേധിക്കുന്നില്ല. മേൽപ്പുര അടിത്തറയെ ആശ്രയിച്ച് നിൽക്കുമ്പോഴും ചില ഘട്ടങ്ങളിൽ ചില അളവിൽ മേൽപ്പുര അടിത്തറയെ സ്വാധീനിക്കുമെന്നും അതിന്റെ വികാസത്തെ ത്വരിതപ്പെടുത്തുകയോ മന്ദീഭവിപ്പിക്കുകയോ ചെയ്യുമെന്നും മാർക്സ് കാണുന്നുണ്ട്. ഈ മേൽപ്പുര സുനിർവചിതമായ ആശയങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. മാർക്സ് ചൂണ്ടിക്കാട്ടുന്നതുപോലെ വികാര വിചാരങ്ങളും ശീലശൈലികളും വിശ്വാസാവിശ്വാസങ്ങളും മോഹവ്യാമോഹങ്ങളുമെല്ലാം ഈ മേൽപ്പുര അല്ലെങ്കിൽ ഉപരിഘടനയ്ക്ക് നിറംകലർത്തുന്നു. പ്രത്യയശാസ്ത്രം ഈ ഉപരിഘടനയാണ് അല്ലെങ്കിൽ ഉപരിഘടനയുടെ മുഖ്യഘടകമാണ് എന്നാണ് ഗ്രാംഷി മേൽചേർത്ത ഉദ്ധരണിയിൽ പറഞ്ഞുവെച്ചത്.

ഇവിടെയാണ് വേറൊരു വേർതിരിവിലേക്ക് ഗ്രാംഷി നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരം നിയതമായ അടിത്തറയിൽ അതിനനുരൂപമായി ഉയരുന്ന മേൽപ്പുരയാണ് പ്രത്യയശാസ്ത്രമെങ്കിൽ അതേച്ചൊല്ലി നാമെന്തിന് കലഹിക്കണം? കലഹിക്കേണ്ടിവരും. കാരണം 'പ്രത്യയശാസ്ത്രത്തിന്റെ തെറ്റും ശരിയും നിർണയിക്കുന്ന കാര്യത്തിൽ പ്രമാദ സാധ്യതയുണ്ട്' എന്ന് ഗ്രാംഷി പറയുന്നു.

പ്രത്യയശാസ്ത്രമെന്ന പേരിൽ പ്രചരിക്കുന്ന രണ്ടുതരം സംഗതികളുണ്ട്. ഒരു സാമൂഹ്യഘടനയുടെയോ അതിലെ ഒരു ഘടകത്തിന്റെയോ പ്രതിഫലനവും ആവിഷ്കാരവുമായ പ്രത്യയശാസ്ത്രമാണ് ഒന്ന്. അങ്ങനെ സാമൂഹ്യഘടനയെയോ ഘടകത്തെയോ പ്രതിനിധീകരിക്കാത്തതും ഏതെങ്കിലും വ്യക്തിയുടെയോ വ്യക്തികളുടെയോ തോന്നലുകളും കൃത്രിമാവിഷ്കാരങ്ങളുമായ പ്രത്യയശാസ്ത്രമാണ് മറ്റേത്. രണ്ടാമത്തേത് യുക്തികൃതവും ഐച്ഛികവുമാണ്, ആധികാരികമോ സ്വാഭാവികമോ അല്ല. ഒന്നാമത്തേത് സാധു, രണ്ടാമത്തേത് അസാധു. ഈ അസാധുവായ പ്രത്യയശാസ്ത്രം പരിവർത്തനത്തിന് വിലങ്ങടിച്ചു നിൽക്കുമ്പോൾ സാധുവായത് സ്വാഭാവിക പരിണാമപ്രക്രിയയ്ക്ക് അനുരോ

ധമായി നീങ്ങുന്നു. ഗ്രാംഷി മറ്റൊരു വിശേഷണപ്രയോഗംകൂടി ഇത്തരുണത്തിൽ നടത്തുന്നു; ചരിത്രപരമായി ജൈവമായ പ്രത്യയശാസ്ത്രം—ഹിസ്റ്റോറിക്കലി ഓർഗാനിക് ഐഡിയോളജി. സവിശേഷ സാമൂഹ്യ ഘടനയ്ക്ക് അഥവാ ഘടകത്തിന്, അതിന്റെ സുഗമവും സ്വാഭാവികവുമായ ചലനശക്തിക്ക്, ആവശ്യമാണ് ജൈവ പ്രത്യയശാസ്ത്രം. ഈ ജൈവ പ്രത്യയശാസ്ത്രത്തിന് ആവിഷ്കർത്താക്കളെയും പ്രയോക്താക്കളെയും ഗ്രാംഷി ജൈവ ധൈഷണികർ എന്ന് നാമകരണം ചെയ്യുന്നു. നേരേ മറിച്ചുള്ള ധർമം നിറവേറ്റുന്നവർ പരമ്പരാഗത ധൈഷണികർ. ഇതേക്കുറിച്ച് കൂടുതൽ ചർച്ചചെയ്യാൻ അടുത്ത അധ്യായത്തിൽ നമുക്ക് അവസരം ലഭിക്കും.

'ജനകീയ വിശ്വാസങ്ങളുടെ ഘനമാന'ത്തെ(സോളിഡിറ്റി)പ്പറ്റി മാർക്സ് പറയുന്നത് ഗ്രാംഷി അനുസ്മരിക്കുന്നുണ്ട്. ആശയങ്ങൾ ബഹുജനങ്ങൾ സ്വാംശീകരിക്കുമ്പോൾ അവ ഭൗതികശക്തിയായി മാറുന്നു എന്ന മാർക്സിന്റെ നിഗമനത്തെയാണ് ഇവിടെ ഗ്രാംഷി സൂചിപ്പിക്കുന്നത്. ഈ നിഗമനത്തെ ആശ്രയിച്ച് ഗ്രാംഷി പറയുന്നു:

> പ്രത്യയശാസ്ത്രം പ്രതിനിധീഭവിക്കുന്ന സാമൂഹ്യഖണ്ഡം (ബ്ലോക്ക്) എന്ന സങ്കൽപ്പനത്തെ ഈ വിശകലനം സമർഥിക്കുന്നു. സാമൂഹ്യഖണ്ഡത്തിലെ ഭൗതികശക്തികളാണ് ഉള്ളടക്കം. പ്രത്യയശാസ്ത്രങ്ങൾ രൂപം, രൂപവും ഭാവവും തമ്മിലുള്ള ഈ തിരിവ് പഠനസൗകര്യത്തെ മാത്രം ലക്ഷ്യമാക്കി ചെയ്തതാണ്. എന്തുകൊണ്ടെന്നാൽ ചരിത്രപരമായി ഭൗതികശക്തികളെ രൂപത്തിൽനിന്ന് വേർപെടുത്തി കാണാനേ കഴിയില്ല. ഭൗതികശക്തിയുമായി ഘടിപ്പിക്കാത്ത പ്രത്യയശാസ്ത്രങ്ങൾ വെറും വൈയക്തിക ഭാവനകൾ മാത്രമായിരിക്കും. (പുറം 377).

ക്രിയാത്മകമായ അർഥത്തിൽ പ്രത്യയശാസ്ത്രത്തെ വിലയിരുത്തുമ്പോൾ അതിന്റെ ധർമത്തെ ഗ്രാംഷി ഇങ്ങനെ നിർവചിക്കുന്നു:

> ചരിത്രപരമായി ആവശ്യമായ പ്രത്യയശാസ്ത്രങ്ങൾക്ക് 'മനഃശാസ്ത്രപരം' എന്ന് വിശേഷിപ്പിക്കാവുന്ന സാധുതയുണ്ട്. ബഹുജനങ്ങളെ 'ഒത്തൊരുമിപ്പിക്കുക'യും മനുഷ്യർക്ക് മുന്നേറ്റവും സ്വന്തം അവസ്ഥയും സമരവും മറ്റും മനസ്സിലാക്കാനും ഉതകുന്ന അവബോധം നേടാൻ ആവശ്യമായ അരങ്ങ് സൃഷ്ടിക്കുന്നതും പ്രത്യയശാസ്ത്രമാണ്.

സാധുവായ പ്രത്യയശാസ്ത്രത്തോടൊപ്പം അസാധുവായ പ്രത്യയശാസ്ത്രവും അതിന്റെ പ്രയോജനകരമായ ധർമം നിറവേറ്റുന്നുവെന്ന് ഗ്രാംഷി പറയുന്നു. ശരിയോട് തട്ടിച്ചുനോക്കി ശരി ബോധ്യപ്പെടാൻ തെറ്റ് ഉപകരിക്കുന്നതുപോലെ.

പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം

നീർവവിജ്ഞാനകോശസദൃശമായ വ്യാപ്തിയും വൈവിധ്യവും ഗ്രാംഷിയൻ ചിന്തയുടെ മൗലിക സ്വഭാവമായിരുന്നുവെന്ന് നാം കണ്ടുവല്ലോ. എന്നാൽ ഈ വ്യാപ്തിയുടെയും വൈവിധ്യത്തിന്റെയും അന്തർധാരയായി വർത്തിച്ച ഒരു സമഗ്ര ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. അതിന് അദ്ദേഹം നൽകിയ പേര് 'ഫിലോസഫി ഓഫ് പ്രാക്സീസ്' എന്നാണ്. യൂറോപ്യൻ ഭാഷകളിലെല്ലാം ഇങ്ങനെയോ അൽപ്പം വ്യത്യാസത്തോടെയോ ഈ പദപ്രയോഗം നിലവിലിരിക്കുന്നു. ഇതിനെ 'പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം' എന്ന് എല്ലാവിധ പരിഭാഷകൾക്കും സഹജമായ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇവിടെ ഭാഷാന്തരീകരണം ചെയ്യുകയാണ്. ഇത് മാർക്സിസ്റ്റ് ദർശനത്തിന് വിപരീതമോ അതിൽനിന്ന് വ്യത്യസ്തമോ ഒന്നുമല്ല. എങ്കിലും ഗ്രാംഷി ആദർശത്തിന്റെ ചില വശങ്ങൾക്ക് കൂടുതൽ തിളക്കം നൽകുകയും അക്കാലത്തെ യൂറോപ്യൻ ചിന്തയുടെയും പ്രത്യേകിച്ച് ഇറ്റാലിയൻ ചിന്തയുടെയും സാഹചര്യത്തിൽ കുറെക്കൂടി പുഷ്ടിനൽകുകയും ചെയ്തുന്നുണ്ട്.

അത് തികച്ചും ഉചിതവും പ്രസക്തവുമായ കർത്തവ്യമാണ്. മാർക്സിസത്തിന്റെ രാഷ്ട്രമീമാംസയെന്ന പോലെ ദർശനവും നിരന്തരമായി വളർന്നുകൊണ്ടിരിക്കുകയാണല്ലോ. ജീവനുള്ള എന്തും വളർന്നുകൊണ്ടിരിക്കണം. വളർച്ച നിലച്ചാൽ ജീവനം നിലയ്ക്കുന്നു. ലെനിനും (*ഫിലോസഫിക്കൽ നോട്ട് ബുക്ക്സ്, ഭൗതികവാദവും പ്രത്യക്ഷാനുഭവ നിരൂപണവും*) മൗ സെ ദോങ്ങും (*വൈരുധ്യങ്ങളെപ്പറ്റി*) മറ്റും ചെയ്തതുപോലെ.

ഗ്രാംഷിയുടെ ദാർശനിക സംഭാവനയുടെ സാരം ഗ്രഹിക്കുന്നതിന് ഇറ്റലി

യുടെ ദാർശനിക, സാംസ്കാരിക പൈതൃകത്തെയും അദ്ദേഹം ജനിച്ചു വളർന്ന കാലത്തെ ദാർശനികാന്തരീക്ഷത്തെയും സാമാന്യമായി ഒന്ന് മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ ഏതെല്ലാം ചിന്താധാരകളോട് മല്ലിട്ടുകൊണ്ടും ഏതെല്ലാം പൈതൃകധാരകൾ സ്വാംശീകരിച്ചുകൊണ്ടുമാണ് ഗ്രാംഷി തന്റെ 'പ്രാക്സിസ്' ചിന്തയ്ക്ക് രൂപംനൽകിയത് എന്ന് കണ്ടെത്താൻ കഴിയൂ.

ലോകചരിത്രത്തിൽ പൊതുവെയും യൂറോപ്യൻ പരിണാമത്തിൽ പ്രത്യേകിച്ചും റോമാസംസ്കാരത്തിനും ഇറ്റാലിയൻ നവോത്ഥാനത്തിനുമുള്ള സ്ഥാനം മറ്റാർക്കും അവകാശപ്പെടാനാവാത്തവിധം മഹത്തരമാണ്. ക്രിസ്തുവർഷത്തിന് തൊട്ടുമുമ്പും പിമ്പുമായി പൂത്തുലഞ്ഞ റോമൻ നാഗരികതയും സംസ്കാരവും ചരിത്രദൃഷ്ട്യാ ഗ്രീക്ക് സംസ്കാരത്തിന്റെ മാറ്റൊലിയും തുടർച്ചയുമായിരുന്നു എന്നത് സത്യംതന്നെ. എന്നാൽ ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടോടുകൂടി ലോകത്തിനാകെ തങ്ങളുടെ മഹനീയ പൈതൃകം കൈമാറി അസ്തമിച്ചുപോയ ഗ്രീക്ക് നാഗരികത ആ പഴയ പ്രതാപത്തിലേക്ക് പിന്നീടൊരിക്കലും ഉയരുകയുണ്ടായില്ല. എന്നാൽ റോമാസംസ്കാരമാകട്ടെ, നാലാം നൂറ്റാണ്ടിലെ ക്രൈസ്തവവൽക്കരണത്തിനും കരിങ്കടൽത്തീരത്തെ ബൈഡാന്റിയത്തിലേക്കുള്ള പറിച്ചുനടലിനുംശേഷം സുമാർ ആയിരം വർഷത്തോളം മധ്യകാല നിഴലിൽ മങ്ങിപ്പോയെങ്കിലും 13-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വീണ്ടും പൂത്തുലയാൻ തുടങ്ങി. ദാന്തെ, മൈക്കൽ ആഞ്ചലോ, പെട്രർക്ക്, ഡാവിഞ്ചി തുടങ്ങിയ യുഗപ്രഭാവരുടെ പേരുകളുമായി ബന്ധപ്പെട്ട ഇറ്റാലിയൻ നവോത്ഥാനം യൂറോപ്പിനെ മാത്രമല്ല ലോകത്തെയാകെ ഒരു പുതുയുഗത്തിലേക്ക് ആനയിച്ചിരിക്കുകയാണ്.

ഇന്നത്തെ ലോകം യൂറോപ്യൻ നവോത്ഥാനത്തിന്റെ സന്തതിയെങ്കിൽ യൂറോപ്യൻ നവോത്ഥാനത്തിന്റെ തുടക്കം കുറിച്ചത് ഇറ്റലിയാണ്. ഇന്നത്തെപ്പോലെ അന്നും ലോക യാഥാസ്ഥിതികത്വത്തിന്റെ നെടുംതൂണായ കത്തോലിക്കാസഭയുടെ ആസ്ഥാനവും റോം (വത്തിക്കാൻ) ആകയാൽ ആഗോള രാഷ്ട്രീയത്തിന്റെയും ചിന്താധാരകളുടെയും സംഗരഭൂമിയും ഇറ്റലിയായി. ഈ സംഗമത്തിന്റെ വൈജ്ഞാനിക വീര ചരിതരായിരുന്നു വത്തിക്കാൻ ശത്രുതയ്ക്ക് ഇരയായ 16-ാം നൂറ്റാണ്ടിലെ ഗുർഡിയാനോ ബ്രൂണോയും 17-ാം നൂറ്റാണ്ടിലെ ഗലീലിയോ ഗലീലിയും. രാഷ്ട്രീയവും ദാർശനികവും സാംസ്കാരികവുമായ ഈ സംഘർഷാധിഷ്ഠിത വികാസപാരമ്പര്യം ഗ്രാംഷി ജനിച്ച 19-ാം നൂറ്റാണ്ടിലും ഇളകിമറിച്ചുകൊണ്ടിരുന്നു. അന്നത്തെ ആസ്ട്രോ-ഹംഗേറിയൻ സാമ്രാജ്യത്തിന്റെ കീഴാളരായും ശകലീകൃതമായും കിടന്ന ഇറ്റലിയെ ഏകീകരിച്ച് സ്വതന്ത്രമാക്കാൻ താത്വികമായും സായുധമായും പോരാടിയ മസീനി, ഗാരിബാൾഡി, കവൂർ തുടങ്ങിയ ഇതിഹാസ നായകരാണ് 19-ാം നൂറ്റാണ്ടിലെ ഇറ്റലിയുടെ അകത്തളം നിറഞ്ഞുനിന്ന അതികായർ. സ്വാഭാവികമായും ഈ രാഷ്ട്രീയ, സാമൂഹ്യ വിപ്ലവത്തിന്റെ മുന്നോടിയും പരിണ

തഫലവുമായി ഇറ്റാലിയൻ കലയിലും സാഹിത്യത്തിലും ദർശനത്തിലും പുതിയ മുന്നേറ്റങ്ങൾ ദൃശ്യമായി. മാറ്റത്തിന്റെ ബദ്ധശത്രുവായ കത്തോലിക്കാസഭയിൽപ്പോലും മാറ്റത്തിന്റെ മാറ്റൊലികൾ കേൾക്കാൻ തുടങ്ങി. ഈ ചിന്താധാരകളെല്ലാം ഇറ്റലിയെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. എങ്കിലും പിന്നോക്ക പ്രവിശ്യയായി ഒറ്റപ്പെട്ടുകിടന്ന സർദീനിയ ദ്വീപിലെ ഗ്രാമീണ ബാലന് അവയൊന്നും അഭിഗമ്യമായിരുന്നില്ല. സാർദീനിയർ അനുഭവിച്ചുവന്ന ചൂഷണവും ദാരിദ്ര്യവും അതിനെതിരേ അവർ നടത്തിവന്ന ചെറുത്തുനിൽപ്പുമെല്ലാം ഗ്രാംഷിയെ ഒരു കലാപപ്രേമിയും ജ്യേഷ്ഠൻ ഗൊണ്ണാറൊയുടെ സഹവാസം ഒരു സോഷ്യലിസ്റ്റ് ആശയഗതിക്കാരനും ആക്കിയിരുന്നു. അതെല്ലാം ഒരു പ്രാഥമിക നിലവാരാസംതൃപ്തിക്കപ്പുറം പോയില്ല. എന്നാൽ 1910-ാമാണ്ടിടയ്ക്ക് സർക്കാർ സ്കോളർഷിപ്പോടുകൂടി തൂരിൻ സർവകലാശാലയിലെത്തിയപ്പോൾ ജ്ഞാനകർമാദികളുടെ വിശ്വചക്രവാളം ആ ഗ്രാമീണ ബാലന്റെ മുമ്പിൽ മലർക്കെ തുറക്കുകയായിരുന്നു.

നേരത്തേ വിവരിച്ചപോലെ (അധ്യായം 2) സർവകലാശാലയ്ക്കത്ത് മത്തിയോ ബർത്തോളി, ഡി സാങ്ക്ടീസ്, ബെനെഡിറ്റോ ക്രോച്ചെ തുടങ്ങിയ പ്രതിഭാശാലികളായ അധ്യാപകർ തൊടുത്തുവിട്ട ചിന്താതരംഗങ്ങൾ. സർവകലാശാലയ്ക്ക് പുറത്ത് ശബ്ദമുഖരിതമായ വ്യവസായനഗരവും ഉണർന്നെഴുന്നേൽക്കുന്ന തൊഴിലാളിവർഗവും. അയൽരാജ്യമായ ഫ്രാൻസിൽ അലകളിളക്കിയ ഓഗസ്റ്റ് കോങ്ങിനെ(1798–1857)യുടെ 'പോസിറ്റിവിസ്റ്റ്' ദർശനവും റൊമാങ് റൊളാങ് (1866–1944) തുടങ്ങിയ ദാർശനിക സാഹിത്യകാരന്മാർ അവതരിപ്പിച്ച മാനവികതാവാദ ചിന്തയും ആൽപ്സ് പർവതനിരകളെ തഴുകി ഒഴുകിയെത്തിയ അവസ്ഥ. ഈ വിവിധ ചിന്താധാരകളുടെ കലങ്ങിമറിഞ്ഞ കൂലംകുത്തിയൊഴുക്കിൽ അപൂർവ ചൈതന്യത്തോടെ ഒരു തെളിനീരൊഴുക്ക്: മാർക്സിസം. എംഗൽസിന്റെ ജീവിതകാലത്തുതന്നെ 1891 ൽ രൂപീകരിക്കപ്പെട്ട സോഷ്യലിസ്റ്റ് പാർട്ടി (സോഷ്യലിസ്റ്റ് എന്ന വിശേഷണം അംഗീകരിച്ചത് 1893 ൽ) മാർക്സിസത്തിന്റെ നീരൊഴുക്കിന് വഴിയൊരുക്കി. റോം സർവകലാശാലയിലെ പ്രൊ അന്തോണിയോ ലാബ്രിയോള (1870–1919) ഇറ്റാലിയൻ മാർക്സിസത്തിന്റെ പ്രഥമ വക്താവും വ്യാഖ്യാതാവുമായി പ്രകീർത്തിക്കപ്പെടുന്നു.

ഇറ്റലിയെ മാർക്സിസ്റ്റ് ചിന്തയിലേക്ക് നയിച്ച നവീന ചിന്താധാരകളുടെ പ്രണേതാക്കൾ നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന നേപ്പിൾസ്കാരൻ ഗിയാം ബാത്തിസ്റ്റ് വിക്കോ(1668–1744)യും അദ്ദേഹത്തിനു മുമ്പ് നവോത്ഥാനത്തിന്റെ ഔന്നത്യത്തിൽ ജീവിച്ചിരുന്ന ഫ്ളോറൻസ് രാഷ്ട്രതന്ത്രജ്ഞൻ നിക്കോളൊ മക്കിയവെല്ലിയും (1469–1527) ആണെന്ന് ധൈഷണിക ചരിത്രം ഓർമിപ്പിക്കുന്നു. ഗ്രാംഷിയുടെ ലേഖനങ്ങളിലും കുറിപ്പുകളിലും കോങ്ങിനെയും ക്രോച്ചെയും വിക്കോയും മക്കിയവെല്ലിയും മറ്റും കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്നത് ആകസ്മികമല്ല. ഈ ചരിത്രപുരു

ഷന്മാരുടെ പേജുകളുമായി ബന്ധപ്പെട്ടും അല്ലാതെയും 'മാക്സിമിലിസം', 'സിൻഡിക്കലിസം', 'പോസിറ്റിവിസം', 'ജേക്കോബിനിസം' വിവിധ പേരുകളിൽ സോഷ്യലിസ്റ്റ് ചിന്തയുമായി ഇടകലർന്നും, പലപ്പോഴും അതിന് വിരുദ്ധമായും ചിലപ്പോൾ സോഷ്യലിസംതന്നെ എന്ന നാട്യത്തിലും ഡസൻകണക്കിന് സിദ്ധാന്തങ്ങളും സിദ്ധാന്താഭാസങ്ങളും സോഷ്യലിസ്റ്റുകാരെ ഉൾപ്പെടെ സ്വാധീനിച്ചിരുന്ന കാലത്താണ് ഗ്രാംഷിയുടെ ധൈഷണികവും രാഷ്ട്രീയവുമായ വളർച്ച.

ഗ്രാംഷിയുടെ ധൈഷണിക വികാസപാതയിൽ ഈ വിവിധ സിദ്ധാന്തങ്ങളിൽ പലതും അദ്ദേഹത്തെ സ്വാധിനിച്ചിരുന്നു. അതുകൊണ്ട് അനുഭവവും പഠനവും അദ്ദേഹത്തെ മാർക്സിസത്തിലേക്ക് നയിച്ചപ്പോൾ ഈ പഴയ ധൈഷണിക ബന്ധങ്ങൾ അറുത്തുകളയുക മാത്രമല്ല, അവയുമായി ഏറ്റുമുട്ടി കണക്കുപറഞ്ഞ് പിരിയുകയും വേണ്ടിവന്നു. അതുകൊണ്ട് ഗ്രാംഷിയൻ മാർക്സിസം ഇറ്റാലിയൻ ചിന്താ പൈതൃകത്തിന്റെ വിമർശനാത്മകവും ത്യാജ്യഗ്രാഹ്യവിവേചനത്തോടു കൂടിയതുമായ ഒരു വിലയിരുത്തലും കൂടിയാണ്. അങ്ങനെ അത് മാർക്സിസം-ലെനിനിസത്തിന്റെ വിശ്വവ്യാപക സത്യവും ഇറ്റലിയിലെ മൂന്ന് സാഹചര്യങ്ങളുമായുള്ള ക്രിയാത്മക സമന്വയവുമായിത്തീരുന്നു.

ഹെഗൽ, മാർക്സ്, ലാബ്രിയോള

ഇറ്റലിയിലെ പരമ്പരാഗത ചിന്തയുടെ നവോത്ഥാനാനന്തര പുരോഗതി ഇറ്റലിയിലെന്നപോലെ ജർമനിയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലുമെല്ലാം ഏറിയും കുറഞ്ഞും നടന്നുകൊണ്ടിരുന്നു. ഈ ക്ലാസിക്കൽ ദാർശനിക പാരമ്പര്യത്തിന്റെ മൂർധന്യം ജർമൻകാരായ ജോർജ് വിൽഹെം ഫ്രെഡറിക് ഹെഗലിലും (1770-1831) ലുദ്വിഗ് ഫൊയർബാഹിലും (1804-1872) എത്തിയതായിട്ടാണ് മാർക്സിസ്റ്റ് ചരിത്രകാരന്മാർ തിട്ടപ്പെടുത്തിയിട്ടുള്ളത്. മാർക്സിസത്തിലെ വൈരുധ്യവാദത്തിന്റെ വേരുകൾ ഹെഗലിയൻ ചിന്തയിലും ഭൗതികവാദ ചിന്തകളുടെ വേരുകൾ ഫൊയർബാഹിലും കണ്ടെത്താം.

19-ാം നൂറ്റാണ്ടിൽ യൂറോപ്യൻ ബുദ്ധിജീവികളിൽ അതിയായ സ്വാധീനം ചെലുത്തിയ ദാർശനികനായിരുന്നു ഹെഗൽ.

മുമ്പ് മാർക്സും എംഗൽസും എന്നപോലെ ഇപ്പോൾ ലാബ്രിയോളയും ഹെഗലിന്റെ ദാർശനിക സ്വാധീനത്തിൽ വിധേയനായിരുന്നു. ചിലപ്പോൾ വികൃതമായ രൂപത്തിലായിരുന്നുവെങ്കിലും, മാർക്സ്-എംഗൽസ് കാഴ്ചപ്പാടോടെ ഹെഗലിനെ പിൻപറ്റുകയും അതേയവസരത്തിൽ തിരുത്തുകയും ചെയ്യാൻ ലാബ്രിയോള മടിച്ചില്ല.

ദാർശനിക കാഴ്ചപ്പാടുകളുടെ വളർച്ചയിൽ പ്രായോഗിക പ്രവർത്തനത്തിനുള്ള പങ്ക് ചൂണ്ടിക്കാണിക്കുന്നതിൽ ലാബ്രിയോള തന്റേതായ സംഭാവന നൽകി. ആ രീതി ഗ്രാംഷിയും പിന്തുടർന്നു. അങ്ങനെയാണ് 'പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം' എന്ന ആശയ രൂപപ്പെട്ടത്.

ലാബ്രിയോളയിൽനിന്ന് ഗ്രാംഷി അത് കടമെടുത്തു. അതിന്റെ പ്രതിഫലനം ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* കാണാം. അതിൽ മാർക്സ്-എംഗൽസ് ദർശനം എന്ന് പറയേണ്ടിടത്തെല്ലാം ഗ്രാംഷി പറയുന്നത് 'പ്രായോഗിക പ്രവർത്തനത്തിന്റെ ദർശന'മെന്നാണ്.

കൃത്യമായി പറഞ്ഞാൽ നേരത്തേ ചൂണ്ടിക്കാട്ടിയപോലെ ഗ്രാംഷിയുടെ പദപ്രയോഗം 'ഫിലോസഫി ഓഫ് പ്രാക്സിസ്' (Praxis) എന്നാണ്. മലയാളത്തിലെ 'പ്രയോഗ'ത്തിന്റെ ഇംഗ്ലീഷ് സമാനപദമായ 'പ്രാക്ടീസി'ന്റെ (Practice) ഗ്രീക്ക് മൂലമാണ് 'പ്രാക്സിസ്'. പല യൂറോപ്യൻ ഭാഷകളിലും ഈയിടെയായി—പ്രത്യേകിച്ചും ഗ്രാംഷിയുടെ കൃതികൾ പ്രചരിച്ചശേഷം—ഇംഗ്ലീഷിലും കുറെയൊക്കെ മലയാളത്തിലും 'പ്രാക്സിസ്' എന്ന ഗ്രീക്ക്രൂപം സാധാരണമായിരിക്കുന്നു. അതിന് കാരണം ഇംഗ്ലീഷിലെ 'പ്രാക്ടീസി'നെക്കാൾ ആഴമുള്ള ഒരർഥം ദാർശനിക ചർച്ചകളിൽ 'പ്രാക്സിസി'ന് രൂഢിയായി വന്നുചേർന്നതാണ്. സാമൂഹ്യ പ്രതികരണമുളവാക്കുന്ന അഥവാ സാമൂഹ്യലക്ഷ്യമുൾക്കൊള്ളുന്ന 'പ്രാക്ടീസ്'—പ്രായോഗിക പ്രവർത്തനം—എന്ന ദിശയിലേക്കാണ് ഈ അർഥവ്യാപനം. ഈ അർഥത്തിലുള്ള 'ഫിലോസഫി ഓഫ് പ്രാക്സിസി'നെയാണ് ലളിതമാക്കി 'പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം' എന്ന് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്.

ഗ്രാംഷി തന്റെ *ജയിൽക്കുറിപ്പുകളിൽ* ഈ പദം ഇങ്ങനെ പ്രയോഗിക്കാൻ മറ്റൊരു കാരണവും പറഞ്ഞുകേൾക്കുന്നുണ്ട്. ഗ്രാംഷിതന്നെ അക്കാരണം ചിലയിടത്ത് സൂചിപ്പിച്ചിട്ടുമുണ്ട്. മാർക്സിസം-ലെനിനിസമെന്ന് വെട്ടിത്തുറന്നെഴുതിയാൽ അത് വായിക്കുന്ന സർക്കാർ അധികൃതർ അത് തടയും. അവരുടെ കണ്ണ് വെട്ടിക്കുന്നതിനുകൂടിയാണ് ഈ പദപ്രയോഗം ഗ്രാംഷി നടത്തിയത്.

പക്ഷേ അതിനെക്കാൾ മൗലികമായ മറ്റൊരു കാരണംകൂടി ഗ്രാംഷിയുടെ പദപ്രയോഗത്തിലുണ്ട്. മാർക്സ്-എംഗൽസ് ദർശനത്തിന്റെ ജീവൻ തൊഴിലാളിവർഗ നേതൃത്വത്തിലുള്ള ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചയാണല്ലോ. അതിൽ ആശയ പ്രപഞ്ചത്തിന് എത്ര പ്രധാനമായ സ്ഥാനമുണ്ടെങ്കിലും, തുല്യ പ്രാധാന്യമുള്ളതാണ് പ്രായോഗിക പ്രവർത്തനം.

ഫൊയർബാഹിനെക്കുറിച്ചുള്ള മാർക്സിന്റെ പ്രശസ്തമായ തീസിസുകളിൽ പറയുന്നതുപോലെ, ഇതേവരെ ദാർശനികർ ചെയ്തത് പ്രപഞ്ചത്തെ പല തരത്തിൽ വ്യാഖ്യാനിക്കുകയാണ്; നമുക്ക് വേണ്ടതാകട്ടെ പ്രപഞ്ചത്തെ മാറ്റിമറിക്കലാണ്.

മാർക്സിന്റെതന്നെ മറ്റൊരു പ്രബന്ധത്തിൽ ഇങ്ങനെയും പറയുന്നു: "ദർശനത്തിന്റെ ഭൗതികമായ ആയുധമാണ് തൊഴിലാളിവർഗം—തൊഴിലാളിവർഗത്തിന്റെ ആത്മീയമായ ആയുധം ദർശനം."

ഈ മാർക്സിസ്റ്റ് ആശയങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗിക പ്രവർത്തനങ്ങളിൽനിന്ന് ഉയർന്നുനിൽക്കുന്ന ദാർശനികമായ നിലപാടി

നെയും ദാർശനിക വീക്ഷണത്തിൽനിന്ന് അകന്നുനിൽക്കുന്ന പ്രായോഗിക പ്രവർത്തനത്തെയും ഒരുപോലെ തിരസ്കരിക്കുന്നത് തൊഴിലാളിവർഗ വിപ്ലവകാരികളുടെ കടമയാണെന്ന് യുവാവായ ഗ്രാംഷി കണ്ടു. ആശയം ബഹുജനങ്ങളെ ആകർഷിക്കുകയും അത് അവർ സ്വാംശീകരിക്കുകയും ചെയ്യുമ്പോൾ അതൊരു ഭൗതികശക്തിയായി തീരും എന്ന മാർക്സിന്റെ സങ്കൽപ്പനം ഗ്രാംഷിയെ വളരെ സ്വാധീനിച്ചിരുന്നു.

ഈ കാഴ്ചപ്പാടിന്റെ അല *ജയിൽക്കുറിപ്പുകളിൽ*പ്പെട്ട ഓരോ പ്രകരണത്തിലും കാണാം. ആ കുറിപ്പുകൾ എഴുതാൻ ഗ്രാംഷിയെ പ്രേരിപ്പിച്ചതുതന്നെ സ്വന്തം രാജ്യമായ ഇറ്റലിയിലും മുതലാളിത്ത ലോകത്താകെയും വളർന്നുവരാൻ തുടങ്ങിയ ബൂർഷ്വാ പിന്തിരിപ്പൻ പ്രവണതകളും അവയുടെ മൂർത്തരൂപമായ മുസോളിനിയുടെ ഇറ്റാലിയൻ ഫാഷിസവുമാണ്. അതിന്റെ വളർച്ചയുടെ പശ്ചാത്തലത്തിൽ ഇറ്റലിയുടെയും ലോകത്തിന്റെയാകെയും മുമ്പിലുള്ള സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പരിശോധിക്കുകയായിരുന്നു ഗ്രാംഷി. അതിൽ അദ്ദേഹത്തിന് പ്രധാനമായും ഊന്നിപ്പറയേണ്ടത് മാർക്സിസം–ലെനിനിസം പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനമാണെന്നതാണ്. ഈ താത്വിക നിലപാട് വ്യക്തമാക്കുന്നതിന് അദ്ദേഹം നടത്തിയ പദപ്രയോഗം അധികൃതരുടെ കണ്ണ് വെട്ടിക്കാനുള്ള ഉപായം കൂടിയായിത്തീർന്നുവെന്നേയുള്ളൂ.

ഇറ്റാലിയൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായ ഗ്രാംഷി ഡൈഷണികതലത്തിൽ ലാബ്രിയോളയെ വിമർശനാത്മകമായി പിൻപറ്റിക്കൊണ്ടുള്ള നിലപാടാണ് എടുത്തത്. അന്ന് അദ്ദേഹം ഇറ്റലിയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരാധകൻ മാത്രമായിരുന്നു. പക്ഷേ ഇറ്റാലിയൻ സോഷ്യലിസത്തിൽനിന്ന് ആഗോള കമ്യൂണിസത്തിലേക്കുള്ള ഗ്രാംഷിയുടെ വളർച്ചയിൽ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു ഈ പദപ്രയോഗം.

സങ്കീർണ പ്രശ്നങ്ങളെ വകതിരിച്ചുകാണാനും വിശകലനംചെയ്ത് പരിഹാരം നിർദേശിക്കാനും മാത്രമല്ല ഗ്രാംഷിക്ക് ദർശനം. പ്രായോഗിക പ്രവർത്തനം എന്നത് അദ്ദേഹത്തിന്റെ ചിന്തയുടെയും ജീവിതത്തിന്റെയും അവിഭാജ്യഭാഗമായി അലിഞ്ഞുചേർന്നിരുന്നു. പ്രതിബന്ധങ്ങളും പരാജയങ്ങളും നേരിടുമ്പോഴും 'പ്രാക്സിസ്' അഥവാ ലക്ഷ്യബോധത്തോടെയുള്ള സാമൂഹ്യകർമം എങ്ങനെ ദുർഘടസന്ധികളെ തരണംചെയ്യാൻ ഉതകുന്നു എന്നദ്ദേഹം വിവരിക്കുന്നു. 1919–20 ലെ ഫാക്ടറി കൗൺസിൽ പ്രസ്ഥാനത്തിന്റെ തകർച്ചയെത്തുടർന്ന് *ഓർഡിൻ നോവോ*യിൽ (18 ഡിസംബർ 1920) അദ്ദേഹം ഇങ്ങനെ എഴുതി:

> തിരുത്താൻ കഴിയാത്തവിധം സംഭവിച്ചുകഴിഞ്ഞതിനെക്കുറിച്ച് പശ്ചാത്തപിച്ച് കാലംപോക്കുന്നത് വ്യർഥം. കമ്യൂണിസ്റ്റുകാർ വികാരങ്ങൾക്കടിപ്പെടാതെ ശാന്തമായി യുക്തിചിന്തയെ മുറുകെപ്പിടിച്ച് പ്രവർത്തിക്കണം. എല്ലാം സമ്പൂർണ തകർച്ചയിലാണെ

ങ്കിൽ എല്ലാം പുനർനിർമിക്കണം. പാർട്ടിയെ പുനർനിർമിക്കണം. ശിഷ്യരെ ആകർഷിക്കാനുതകുംവിധം ഇന്നുമുതൽ കമ്യൂണിസ്റ്റ് പാർട്ടിയെ വളർത്തണം, സ്നേഹിക്കണം, അവരെ സംഘടിപ്പിക്കണം, പഠിപ്പിക്കണം. ഒരു പുതിയ സംഘടനയുടെ ബീജവുമായി അവരെ ഘടകങ്ങളിൽ അണിനിരത്തണം—തൊഴിലാളിവർഗത്തിന്റെയാക മനസ്സും ഇച്ഛാശക്തിയുമായിത്തീരുംവരെ.

വിളക്കുകളെല്ലാം അണയുകയും ഇരുളാകെ മൂടുകയും മരണത്തെ മുഖാമുഖം കാണുകയും ചെയ്ത പീഡനകാലത്തുപോലും ഗ്രാംഷിയുടെ മങ്ങാത്ത വിജയവിശ്വാസം അദ്ദേഹത്തിന്റെ ദർശനത്തിന്റെ കരുത്തായിരുന്നു.

ഒക്റ്റോബർ വിപ്ലവവും ഫാഷിസ്റ്റ്വിരുദ്ധ തന്ത്രവും

ഒന്നാം ലോകമഹായുദ്ധം (1914–18) ലോകചരിത്രവികാസഗതിയിൽ ഒരു പുത്തൻ യുഗത്തിന്—മുതലാളിത്തവ്യവസ്ഥയിൽനിന്ന് സോഷ്യലിസ്റ്റ് യുഗത്തിലേക്കുള്ള പരിവർത്തനപ്രക്രിയയ്ക്ക്—തുടക്കം കുറിച്ചു എന്ന് വിലയിരുത്താനുള്ള കാരണം 1917 ലെ ഒക്റ്റോബർ സോഷ്യലിസ്റ്റ് വിപ്ലവമാണ്. 1917 ഒക്റ്റോബർ (പുതിയ പഞ്ചാംഗപ്രകാരം നവംബർ 7) മാസത്തിൽ നടന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിന് അരങ്ങൊരുങ്ങിയത് അതേവർഷം ഫെബ്രുവരിയിൽ (പുതിയ പഞ്ചാംഗപ്രകാരം മാർച്ചിൽ) നടന്നതും സാർ ചക്രവർത്തിയുടെ സ്വേച്ഛാധിപത്യന് അറുവരുത്തിയതുമായ ബൂർഷ്വാ ജനാധിപത്യ വിപ്ലവമാണ്.

ഒന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകത്തെ നയിച്ച സംഭവങ്ങൾ, യുദ്ധകാലത്ത് ഓരോ രാഷ്ട്രത്തിലെയും തൊഴിലാളിവർഗ പാർട്ടികൾ കൈക്കൊള്ളേണ്ട നിലപാടുകൾ, ഫെബ്രുവരി വിപ്ലവത്തെയും ഒക്റ്റോബർ വിപ്ലവത്തെയും സംബന്ധിച്ച വിലയിരുത്തലുകൾ എന്നീ നിർണായക പ്രശ്നങ്ങളിലെല്ലാം അന്നത്തെ വിവിധ സോഷ്യലിസ്റ്റ്-തൊഴിലാളി പാർട്ടികളിൽ ഭിന്നിപ്പ് പ്രത്യക്ഷപ്പെട്ടു. അങ്ങനെയാണ് മിതവാദികളുടെയും തിരുത്തൽവാദികളുടെയും പിടിയിലമർന്ന രണ്ടാം ഇന്റർനാഷണൽ ശിഥിലമായതും തൽസ്ഥാനത്ത് വി ഐ ലെനിന്റെ നേതൃത്വത്തിൽ മൂന്നാം (കമ്യൂണിസ്റ്റ്) ഇന്റർനാഷണൽ 1919 ൽ സ്ഥാപിക്കപ്പെട്ടതും. ഈ വിവിധ വിവാദ പ്രശ്നങ്ങളിൽ സ്വയമേവയും ലെനിനിസ്റ്റ് സമീപനങ്ങൾ വായിച്ചും കേട്ടറിഞ്ഞും ഗ്രാംഷി എത്തിച്ചേർന്ന നിലപാടുകളാണ് അദ്ദേഹത്തെ ഇന്ന് നാമറിഞ്ഞ് ആദരിക്കുന്ന അന്തോണിയോ ഗ്രാംഷിയാക്കിയത്. ഗ്യോർഗി പ്ലഹാനോവ്, കാൾ കൗട്സ്കി തുടങ്ങി എംഗൽ

സിന്റെ കാൽക്കീഴിലിരുന്ന് നേരിട്ട് മാർക്സിസം പഠിച്ചവരെന്ന് വീമ്പടിച്ചവർക്കുപോലും കാലിടറിയ കാലമായിരുന്നു അത്.

റഷ്യൻ വിപ്ലവ സ്വാധീനം

1917 ഫെബ്രുവരിയിലാണല്ലോ ബൂർഷ്വാ വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. അതിനെക്കുറിച്ച് 1917 ഏപ്രിൽ 29 ന് ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:

> ബൂർഷ്വാപത്രങ്ങൾ റഷ്യയിലെ സ്വേച്ഛാധിപത്യഭരണം സ്ഥാനഭ്രഷ്ടമായതിനെക്കുറിച്ച് പറയുന്നുണ്ട്; മറ്റൊരു ഭരണകേന്ദ്രം ഉയർന്നുവരുന്നതായി അവർ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. അതും ഒരു ബൂർഷ്വാ ഭരണസ്ഥാപനമായിരിക്കുമെന്ന് അവർ ആശിക്കുന്നു. ഇപ്പോഴത്തെ റഷ്യൻ വിപ്ലവവും മുമ്പത്തെ ഫ്രഞ്ച് വിപ്ലവവും തമ്മിലുള്ള താരതമ്യത്തിലേക്ക് അവർ വിരൽ ചൂണ്ടുന്നു.
>
> എന്നാൽ ഞങ്ങൾക്കുറപ്പുണ്ട് റഷ്യൻ വിപ്ലവം വെറും ഒരു ചരിത്ര സംഭവമല്ല, തൊഴിലാളിവർഗത്തിന്റെ ഇടപെടലാണ്, എന്നും അതുകൊണ്ട് അതൊരു സോഷ്യലിസ്റ്റ് ഭരണക്രമമായി വളരുമെന്നും.

ലെനിന്റെ പ്രസിദ്ധമായ *ഏപ്രിൽ തീസിസുകളിൽ* പ്രകടിപ്പിച്ച ആശയങ്ങൾ തന്നെയാണ് ഇവിടെ ഗ്രാംഷിയും പ്രകടിപ്പിക്കുന്നതെന്ന് കാണാം. നേരത്തേ നടന്ന ഫ്രഞ്ച് വിപ്ലവംപോലെ ഇപ്പോഴത്തെ (ഫെബ്രുവരി) റഷ്യൻ വിപ്ലവവും വർഗസ്വഭാവത്തിൽ ബൂർഷ്വാസിയുടേതാണ്. പക്ഷേ അത് അനിവാര്യമായും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് നീങ്ങും എന്നാണ് റഷ്യയിൽ ലെനിനും ഇറ്റലിയിൽ ഗ്രാംഷിയും പറഞ്ഞതെന്നർഥം. ഗ്രാംഷിയുടെ വളർച്ചയിൽ ഇതൊരു വഴിത്തിരിവായിരുന്നു.

ഇതിന്റെ സ്വാധീനം ഇറ്റലിയിലെ സോഷ്യലിസ്റ്റ് പാർട്ടിയിലാകെ വ്യാപിച്ചു. 1917 നവംബറിൽ റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം നടക്കുകയും തുടർന്ന് 1919 ൽ മൂന്നാം (കമ്യൂണിസ്റ്റ്) ഇന്റർനാഷണൽ രൂപപ്പെടുകയും ചെയ്തപ്പോൾ ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയാകെ—വലതെന്നോ ഇടതെന്നോ മധ്യവർഗക്കാരെന്നോ വ്യത്യാസമില്ലാതെ—ഇന്റർനാഷണലിൽ അംഗത്വമുള്ള പാർട്ടിയായി മാറി.

ഈ മാറ്റം ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയാകെ ഉൾക്കൊണ്ടുവെങ്കിലും അതിന്റെ സാരാംശം സ്വായത്തമാക്കാൻ ഗ്രാംഷിക്ക് വിശേഷിച്ചും കഴിഞ്ഞു. എന്തുകൊണ്ടെന്നാൽ, ഇതിനുമുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ,

> 1. വലത് സോഷ്യലിസ്റ്റുകാരിൽനിന്ന് വ്യത്യസ്തമായി, മാർക്സ്-എംഗൽസ് സിദ്ധാന്തങ്ങളെ 'പ്രായോഗിക പ്രവർത്തനത്തിന്റെ

ദർശന'മായാണ് ഗ്രാംഷി കണക്കാക്കിയത്.

2. തൊഴിലാളിവർഗത്തിന് മുൻകൈയുള്ള വടക്കൻ ഇറ്റലിയും കർഷക പ്രധാനമായ തെക്കൻ ഇറ്റലിയും തമ്മിലുള്ള സഹകരണത്തെ തൊഴിലാളി-കർഷക സമര സഖ്യമായി ഉയർത്താൻ ഗ്രാംഷിക്ക് കഴിഞ്ഞു.

3. റഷ്യയിലെ ഫെബ്രുവരി വിപ്ലവം നടന്നപ്പോൾത്തന്നെ അതിന്റെ ബൂർഷ്വാ സ്വഭാവത്തെ മറികടന്നുകൊണ്ട് സോഷ്യലിസ്റ്റ് വിപ്ലവം റഷ്യയിൽ നടക്കുമെന്ന് ഗ്രാംഷി ദീർഘദർശനംചെയ്തു. മാർക്സിസത്തെ വാക്കിൽ അംഗീകരിക്കുകയും പ്രയോഗത്തിൽ വഞ്ചിക്കുകയും ചെയ്യുന്ന വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റുകാരിൽനിന്ന് വ്യത്യസ്തനാണ് തന്നെപ്പോലെയുള്ള ഇടതുപക്ഷ ഇറ്റാലിയൻ സോഷ്യലിസ്റ്റുകാരെന്ന് ഗ്രാംഷി തെളിയിച്ചു.

ഉൾപ്പാർട്ടി സമരം

ഈ സാഹചര്യത്തിൽ മൂന്നാം (കമ്യൂണിസ്റ്റ്) ഇന്റർനാഷണലിന്റെ ഭാഗമായിത്തീർന്ന ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിക്കകത്ത് വ്യക്തമായ ഒരു കമ്യൂണിസ്റ്റ് ഗ്രൂപ്പ് രൂപപ്പെടാൻ തുടങ്ങി. പക്ഷേ ആ ഗ്രൂപ്പിൽപ്പെട്ട വർക്കിടയിലും 'ഒരു ബാലാരിഷ്ടത'യെന്ന് ലെനിൻ വിളിച്ച 'ഇടതുപക്ഷ കമ്യൂണിസ'ത്തിന്റെ സ്വാധീനം ധാരാളമുണ്ടായിരുന്നു. ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസ്സിൽ (1920) ലെനിന്റെ നിശിത വിമർശനത്തിനിരയായ ചിലർ ഇറ്റലിയിലെ കമ്യൂണിസ്റ്റുകാർക്കിടയിൽ ഉണ്ടായിരുന്നു.

ബൂർഷ്വാ പാർലമെന്ററി സ്ഥാപനങ്ങളെയും അവയിലേക്കുള്ള തിരഞ്ഞെടുപ്പുകളെയും ബഹിഷ്ക്കരിക്കുക എന്ന 'ഇടതുപക്ഷ' നയസമീപനത്തിനുവേണ്ടി വാദിക്കുന്ന ഇറ്റാലിയൻ സഖാക്കളുണ്ടായിരുന്നു. ആ നയസമീപനത്തിന്റെ അംശങ്ങൾ ഗ്രാംഷിയിൽത്തന്നെ പ്രതിഫലിച്ചിരുന്നു.

അതേയവസരത്തിൽ പാർലമെന്ററി സ്ഥാപനങ്ങളെയും അവയിലേക്കുള്ള തിരഞ്ഞെടുപ്പുകളെയും ഉപയോഗിക്കുക എന്ന പേരിൽ ബൂർഷ്വാ പാർലമെന്ററിസത്തിന്റെ സമീപനം അംഗീകരിക്കുന്നവരും ഇറ്റലിയിലെ കമ്യൂണിസ്റ്റുകാർക്കിടയിൽ ഉണ്ടായിരുന്നു. 'ഇടതുപക്ഷ കമ്യൂണിസ്റ്റു'കാരുടെ നേതാവായിരുന്ന ബോർഡിഗയ്ക്കാണ് ഇറ്റലിയിലെ കമ്യൂണിസ്റ്റുകാർക്കിടയിൽ കൂടുതൽ സ്വാധീനം ഉണ്ടായിരുന്നത്. മറ്റൊരു ഇറ്റാലിയൻ കമ്യൂണിസ്റ്റ് നേതാവായിരുന്ന ടാസ്ക വലതുപക്ഷ പാർലമെന്ററിസത്തിന്റെ നിലപാടിലേക്ക് നീങ്ങുകയും ചെയ്തു.

ഈ രണ്ടിനെയും എതിർത്തുതോൽപ്പിച്ച് ബൂർഷ്വാ പാർലമെന്ററി സ്ഥാപനങ്ങളെ വിപ്ലവകരമായി ഉപയോഗിച്ച് തൊഴിലാളിവർഗ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലെനിനിസ്റ്റ് സമീപനം അംഗീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ മാത്രമേ ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയെ

ഒരു യഥാർഥ ബോൾഷെവിക് പാർട്ടിയാക്കി മാറ്റാൻ കഴിയുകയുള്ളൂ.

ഇതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഒരുവശത്ത് ഇടതുപക്ഷ കമ്യൂണിസ്റ്റായ ബോർഡിഗയെയും മറുവശത്ത് വലതുപക്ഷ ചായ്വുള്ള ടാസ്കയെയും എതിർത്തുകൊണ്ട് കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ സമീപനം അംഗീകരിക്കാനുള്ള സമരത്തിൽ ഗ്രാംഷി അതിപ്രധാന പങ്ക് വഹിച്ചു. അങ്ങനെയാണ് ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ ജനറൽ സെക്രട്ടറിയായിരുന്ന ബോർഡിഗയെ മാറ്റി ഗ്രാംഷി ആ സ്ഥാനത്ത് വന്നത്. വിദ്യാഭ്യാസകാലത്ത് തന്റെ സതീർഥ്യനായിരുന്ന തോഗ്ലിയാത്തിയടക്കം പല സമുന്നത കമ്യൂണിസ്റ്റുകാരും ഗ്രാംഷിയുടെ കൂടെ ഉണ്ടായിരുന്നുതാനും.

ഫാഷിസ്റ്റ്വിരോധം എന്ത്, എങ്ങനെ?

ഗ്രാംഷി ജനറൽ സെക്രട്ടറിയാവുന്നതിനു മുമ്പുതന്നെ ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു പ്രധാന രാഷ്ട്രീയ പ്രശ്നം നേരിടാനുണ്ടായിരുന്നു. റഷ്യൻ വിപ്ലവത്തെത്തുടർന്ന് അലയടിച്ചുയർന്നുവന്ന വിപ്ലവവേലിയേറ്റം തടഞ്ഞുവെക്കപ്പെട്ടിരുന്നു; കമ്യൂണിസ്റ്റ് വിരോധം മുഖമുദ്രയാക്കിക്കൊണ്ടുള്ള വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾ യൂറോപ്പിലാകെ മുന്നേറുകയായിരുന്നു; അതിന്റെ ഭാഗമായി ഇറ്റലിയിലെ മുൻ സോഷ്യലിസ്റ്റ് നേതാവ് മുസോളിനി ഒരു ഫാഷിസ്റ്റ് പാർട്ടി രൂപീകരിച്ചിരുന്നു. ബൂർഷ്വാ ഗവൺമെന്റിന്റെ ഒത്താശകളോടെ ഇടതുപക്ഷക്കാർക്ക് പൊതുവിലും കമ്യൂണിസ്റ്റുകാർക്ക് വിശേഷിച്ചും എതിരായ ആക്രമണങ്ങൾ ഫാഷിസ്റ്റുകാർ സംഘടിപ്പിക്കുകയായിരുന്നു. അതിനെ എങ്ങനെ നേരിടണമെന്ന് തീരുമാനിക്കുന്നതിൽ വിവിധങ്ങളായ അഭിപ്രായങ്ങൾ പാർട്ടിക്കകത്ത് പൊന്തിവന്നു.

അന്ന് ജനറൽ സെക്രട്ടറിയായിരുന്ന ബോർഡിഗയുടെ നേതൃത്വത്തിൽ ഒരു വിഭാഗം 'ഇടതുപക്ഷ' കമ്യൂണിസ്റ്റുകാർ ബൂർഷ്വാ ഭരണത്തിന്റെ ഒരു രൂപഭേദം മാത്രമാണ് ഫാഷിസമെന്ന നിലപാടെടുത്തു. ഫാഷിസത്തെ പരാജയപ്പെടുത്തി രൂപംകൊള്ളേണ്ട പുതിയ രാഷ്ട്രീയ സംവിധാനം തൊഴിലാളിവർഗ സർവാധിപത്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഫാഷിസത്തിനും തൊഴിലാളിവർഗ സർവാധിപത്യത്തിനുമിടയിൽ ബൂർഷ്വാ ജനാധിപത്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് അവർക്ക് സ്വപ്നംകാണാനേ കഴിഞ്ഞില്ല.

ഈ നിലപാടിനെ ഇറ്റാലിയൻ പാർട്ടിയിൽ ഗ്രാംഷി എതിർത്തു. സോഷ്യലിസ്റ്റുകാർക്ക് പങ്കുള്ള ഒരു ബൂർഷ്വാ ജനാധിപത്യ സംവിധാനം പുനരുജ്ജീവിപ്പിക്കാൻ കഴിയും; അതിൽ കമ്യൂണിസ്റ്റുകാർ ക്രിയാത്മകമായ പങ്ക് വഹിക്കണം; അങ്ങനെ മാത്രമേ തൊഴിലാളിവർഗ സർവാധിപത്യത്തിന് കളമൊരുക്കാൻ കഴിയൂ എന്നാണ് ഗ്രാംഷി വാദിച്ചത്.

ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയിൽത്തന്നെ ടാസ്കയുടെ നേതൃത്വത്തിൽ ഒരു വലതുപക്ഷ വിഭാഗം ഉണ്ടായിരുന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. അവരും ഗ്രാംഷിയുടെ നേതൃത്വത്തിലുള്ളവരും തമ്മിൽ കൂടുതൽ അടുപ്പമുണ്ടായിരുന്നു. ഇരുവരും ടാസ്കയുടെ നേതൃത്വത്തിലുള്ള വലതുപക്ഷത്തിന് എതിരായിരുന്നു. പക്ഷേ ഈ വിഭാഗത്തിന്റേതിൽനിന്ന് വ്യത്യസ്തമായ സ്വന്തം നിലപാട് ഗ്രാംഷിക്കുണ്ടായിരുന്നു. സോഷ്യലിസ്റ്റുകാരുടെയും മറ്റ് ജനാധിപത്യവാദികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഫാഷിസ്റ്റ്വിരുദ്ധ കൂട്ടുകെട്ടിലെ പ്രധാന കണ്ണി തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളിൽ പൊരുതുന്ന ഫാക്ടറി കൗൺസിലുകൾ രൂപപ്പെടുത്തലാണെന്ന് ഗ്രാംഷി നിർദേശിച്ചു. ഈ ഫാക്ടറി കൗൺസിലുകളുടെയും മറ്റ് അധ്വാനിക്കുന്ന ബഹുജനങ്ങളുടെ പൊരുതുന്ന സംഘടനകളുടെയും രൂപത്തിലാണ് റഷ്യയിലെ 'സോവിയറ്റ് വ്യവസ്ഥ' ഇറ്റലിയിൽ പകർത്തേണ്ടതെന്ന് അദ്ദേഹം നിർദേശിച്ചു.

എന്നുവച്ചാൽ സ്വയം സംഘടിച്ചു പോരാടുന്ന ബഹുജനങ്ങളാണ് ഫാഷിസ്റ്റ്വിരുദ്ധ കൂട്ടുകെട്ടിന്റെ ജീവൻ. അതിനെ സഹായിക്കുന്ന ശക്തികളാണ് സോഷ്യലിസ്റ്റുകാരുടെയും മറ്റ് ജനാധിപത്യവാദികളുടെയും ഫാഷിസ്റ്റ്വിരുദ്ധ കൂട്ടുകെട്ട്.

ഇങ്ങനെ ഒരുവശത്ത് 'ഇടതുപക്ഷ സെക്ടേറിയനിസ'ത്തെയും മറുവശത്ത് വലതുപക്ഷ അവസരവാദത്തെയും എതിർക്കുന്ന ഒരു സമരതന്ത്രവും അടവും രൂപപ്പെടുത്തുന്ന നിലപാടിൽ ഗ്രാംഷി ചെന്നെത്തി. ഇതാണ് ഒരു പതിറ്റാണ്ടിനുശേഷം കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ 7-ാം കോൺഗ്രസ്സ് (1935) അംഗീകരിച്ച ഫാഷിസ്റ്റ്വിരുദ്ധ ഐക്യമെന്ന സമരതന്ത്രത്തിൽ ചെന്നെത്തിയത്.

ആ കോൺഗ്രസ്സിലേക്കുള്ള പ്രധാന റിപ്പോർട്ട് സമർപ്പിച്ചത് അന്ന് ജനറൽ സെക്രട്ടറിയായിരുന്ന ഗ്യോർഗി ദിമിത്രോവായിരുന്നു. ഇറ്റാലിയൻ പാർട്ടിക്കകത്ത് ഗ്രാംഷി ആവിഷ്ക്കരിച്ചുതുടങ്ങിയ സമരതന്ത്രത്തിന്റെ ഉയർന്നതും പരിഷ്കൃതവുമായ രൂപമായിരുന്നു ദിമിത്രോവിന്റെ റിപ്പോർട്ട്.

അതോടൊപ്പം ഇറ്റലിയിലെ തോഗ്ലിയാത്തിയും ഒരു അനുബന്ധ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഗ്രാംഷിയും സഖാക്കളും ഇറ്റലിയിൽ ആവിഷ്കരിച്ച ഫാഷിസ്റ്റ്വിരുദ്ധ തന്ത്രത്തിന്റെയും അനുഭവത്തിന്റെയും സ്വാധീനം തോഗ്ലിയാത്തിയുടെ റിപ്പോർട്ടിൽ പ്രകടമാണ്. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത, അത് ഒഴിവാക്കാനുള്ള മാർഗങ്ങൾ, അവ പരാജയപ്പെടുകയും യുദ്ധം യാഥാർഥ്യമാവുകയും ചെയ്താൽ ഫാഷിസ്റ്റ്കോയ്മകൾക്കെതിരായി നിൽക്കുന്ന ബൂർഷ്വാ രാജ്യങ്ങളിലെ ഭരണക്കാർക്കുകൂടി പങ്കുള്ള ലോക ഫാഷിസ്റ്റ്വിരുദ്ധ മുന്നണി രൂപപ്പെടുന്നതിന്റെ ആവശ്യം—ഇതെല്ലാം തോഗ്ലിയാത്തി ഊന്നിപ്പറഞ്ഞു.

വിവിധ സാമ്രാജ്യക്കോയ്മകൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ തുടങ്ങി അവസാനം ഒരു സോവിയറ്റ്‌വിരുദ്ധ യുദ്ധമായി മാറാനിടയുള്ളതിന്റെ സംഭാവ്യത തോഗ്ലിയാത്തിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. അദ്ദേഹം വിഭാവനംചെയ്തതുപോലെ, സാമ്രാജ്യക്കോയ്മകൾ തമ്മിലുള്ള യുദ്ധമായി തുടങ്ങി സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനെയും ദേശീയ സ്വാതന്ത്ര്യം നിലനിർത്താൻ ആഗ്രഹിക്കുന്ന എല്ലാ രാജ്യങ്ങളെയും രക്ഷിക്കാനുള്ള യുദ്ധമായി രണ്ടാം ലോകമഹായുദ്ധം മാറി.

ഇന്റർനാഷണലിന്റെ 7-ാം കോൺഗ്രസ്സ് നടക്കുമ്പോൾ ഗ്രാംഷി ജയിലിലായിരുന്നു. പക്ഷേ ഇറ്റാലിയൻ പാർട്ടിയിൽ ആദ്യം അദ്ദേഹം രൂപപ്പെടുത്തിയ വിപ്ലവ സമരതന്ത്രമാണ് 7-ാം കോൺഗ്രസ്സ് അംഗീകരിച്ചത്. ആ നിലയ്ക്ക് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്രകുത്തിയ ഒരു നേതാവായി ഗ്രാംഷി ഉയർന്നു.

ആശയസമരം

ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി സ്ഥാനത്തേക്ക് ഗ്രാംഷി ഉയർന്നുവന്ന കാലത്ത് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയിലും കമ്യൂണിസ്റ്റ് ഇന്റർനാഷണലിലും രൂക്ഷമായ വിവാദങ്ങൾ നടക്കുകയായിരുന്നു. ലെനിന്റെ ശരിയായ പിന്തുടർച്ചക്കാർ തങ്ങളാണെന്ന് വാദിക്കുന്ന ഒന്നിലധികം ഗ്രൂപ്പുകൾ സോവിയറ്റ് പാർട്ടി നേതൃത്വത്തിലും ഇന്റർനാഷണലിനകത്തും പ്രത്യക്ഷപ്പെട്ടു. ആ ഉൾപ്പാർട്ടി സമരത്തിന്റെ ഭാഗമെന്ന നിലയ്ക്ക് സ്റ്റാലിന്റെയും ബുഖാരിന്റെയും നേതൃത്വത്തിലുള്ള ഭൂരിപക്ഷത്തെ ഉറച്ചുനിന്നെതിർക്കുന്ന ഒരു ഗ്രൂപ്പുണ്ടായിരുന്നു. ആ ഗ്രൂപ്പുകാർക്കെതിരേ അച്ചടക്ക നടപടികളെടുക്കാൻ നേതൃത്വം തീരുമാനിച്ചു.

ആ തീരുമാനത്തിന് പിന്തുണ നൽകിക്കൊണ്ട് കാര്യങ്ങളുടെ പോക്കിൽ ഭയം തോന്നുന്നുവെന്ന അഭിപ്രായം ഗ്രാംഷി ഒരു കത്തിൽ പ്രകടിപ്പിച്ചു:

> പാർട്ടിയിലെ ഐക്യവും അച്ചടക്കവും യാന്ത്രികമോ ബലപ്രയോഗപരമോ ആയിക്കൂടാ, ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലുണ്ടാവുന്ന കൂറാണ് ഉണ്ടാവേണ്ടത്; വളയപ്പെട്ടുകിടക്കുന്ന ശത്രുവിനെപ്പോലെ എങ്ങനെ രക്ഷപ്പെടാമെന്നും എങ്ങനെ തിരിച്ചടിക്കാമെന്നും ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിലായിരിക്കരുത്.

ഇതിനെത്തുടർന്നെഴുതിയ മറ്റൊരു കത്തിൽ 'ലെനിനിസ്റ്റ് സമീപന'ത്തിന്റെ പ്രാധാന്യത്തിന് ഗ്രാംഷി ഊന്നൽ നൽകി:

> പാർട്ടിയുടെ ഐക്യത്തിനുവേണ്ടി പോരാടുക—വെറും തൊലിപ്പുറമേയുള്ള ഐക്യമല്ല, ആഴത്തിൽ ചെന്ന് പതിക്കുന്നതും പാർട്ടിക്കകത്ത് രണ്ട് നയസമീപനങ്ങൾ ഉണ്ടാവാൻ അനുവദിക്കാത്തതുമായ പാർട്ടി ഐക്യത്തിനുവേണ്ടി പോരാടുക—

ഇതാണ് താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയതിനുശേഷം ഇത്തര

ത്തിലുള്ള ഐക്യം നിലനിർത്തുന്നതിൽ ബോൾഷെവിക് പാർട്ടി എത്ര ത്തോളം വിജയിക്കുമെന്ന കാര്യത്തിൽ തനിക്കുള്ള ആശങ്ക ഗ്രാംഷി പ്രകടിപ്പിച്ചു.

ഈ അഭിപ്രായപ്രകടനം കഴിഞ്ഞ് അധികം ചെല്ലുന്നതിനുമുമ്പ് ഗ്രാംഷി അറസ്റ്റ്ചെയ്യപ്പെട്ടു. പിന്നീട് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയിലോ ഇന്റർ നാഷണലിലോ നടന്ന വിവാദങ്ങളെക്കുറിച്ച് ഒരഭിപ്രായവും പറയാൻ അദ്ദേഹത്തിന് സൗകര്യം കിട്ടിയില്ല. പക്ഷേ ഇവിടെ പരാമർശിച്ച അഭി പ്രായപ്രകടനങ്ങളിൽനിന്നുതന്നെ ഇന്റർനാഷണലിലെയും സോവിയറ്റ് പാർട്ടിയിലെയും സംഭവവികാസങ്ങളെക്കുറിച്ച് ഗ്രാംഷിക്ക് ഉൽക്കണ്ഠ യുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. നിർഭാഗ്യവശാൽ ഗ്രാംഷി ഭയപ്പെട്ട തുപോലുള്ള സംഭവവികാസങ്ങളാണ് പിന്നീട് സോവിയറ്റ് പാർട്ടിയിലും ഇന്റർനാഷണലിലും നടന്നത്.

ആ സംഭവങ്ങളിൽ ഒരു പ്രധാന ഘട്ടമായിരുന്നുവല്ലോ സോവിയറ്റ് പാർട്ടി യുടെ 20-ാം കോൺഗ്രസ്സിൽ സ്റ്റാലിനെതിരേ നടത്തിയ നിശിതമായ വിമർശനം. അതിലെ ഒരംശത്തെ ലോകത്തെങ്ങുമുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ ശരിവച്ചു. പക്ഷേ അത് സംബന്ധിച്ച് ഗ്രാംഷിയുടെ പിൻഗാമിയായ തോഗ്ലിയാത്തി പ്രകടിപ്പിച്ച അഭിപ്രായം ശ്രദ്ധേയമാണ്.

സ്റ്റാലിന്റെ നേതൃത്വകാലത്ത് ഉജ്വലമായ നേട്ടങ്ങളെന്നപോലെ അനുവദ നീയമല്ലാത്ത പല തെറ്റുകളും നടക്കുകയുണ്ടായല്ലോ. എന്നാൽ അതി നുള്ള കാരണം സത്യസന്ധമായും വസ്തുനിഷ്ഠമായും പരിശോധിക്കു ന്നതിൽ സോവിയറ്റ് നേതൃത്വം പരാജയപ്പെട്ടുവെന്നാണ് തോഗ്ലിയാത്തി ചൂണ്ടിക്കാണിച്ചത്. സോവിയറ്റ് യൂണിയനിലെ സോഷ്യലിസ്റ്റ് സമൂഹ നിർമാണം സംബന്ധിച്ച് തികച്ചും സ്വയംവിമർശനപരമായ ഒരു പുനർ വിലയിരുത്തലാണ് തോഗ്ലിയാത്തി ആവശ്യപ്പെട്ടത്. ആ ആവശ്യം ഇന്നും നിറവേറ്റപ്പെട്ടിട്ടില്ല.

സിപിഐ(എം)ന്റെ 14-ാം കോൺഗ്രസ്സ് ചൂണ്ടിക്കാണിച്ചതും 15-ാം കോൺ ഗ്രസ്സ് ആവർത്തിച്ചതുമായ ഒരു സത്യം ഇവിടെ പ്രസക്തമാണ്: ഏഴ് പതിറ്റാണ്ടുകാലത്തെ നിലനിൽപ്പിനുശേഷം സോവിയറ്റ് യൂണിയൻ എന്തുകൊണ്ട് ഒരു തിരിച്ചടിയെ നേരിട്ടു? അതിനുള്ള കാരണങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ ചെല്ലുന്ന ഒരു പരിശോധന ആവശ്യമാണ്.

പക്ഷേ അതിന് അടിസ്ഥാനമായി നിൽക്കുന്ന ഒരു സത്യം ഗ്രാംഷി ജീവിച്ച കാലത്ത് അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചു. പാർട്ടിയുടെ ഐക്യവും അച്ചടക്കവും യാന്ത്രികമാവാൻ അനുവദിക്കാതെ യഥാർഥവും ബോധപൂർവവുമായ ഐക്യവും അച്ചടക്കവും ഉണ്ടാക്കണം. ആ തരത്തിലുള്ള ഐക്യവും അച്ചടക്കവുമല്ല സ്റ്റാലിന്റെയും പിൻഗാമികളു ടെയും കാലത്ത് നടന്നതെന്ന് വ്യക്തമായിരിക്കുന്നു.

അതേയവസരത്തിൽ, സ്റ്റാലിന്റെ നേതൃത്വകാലത്ത് പ്രകടമായ തെറ്റുകളെ

തിരുത്താനെന്ന പേരിൽ സോഷ്യലിസ്റ്റ് സമൂഹനിർമാണത്തിന്റെ അടിസ്ഥാന തത്വങ്ങൾതന്നെ ബലികഴിക്കാനുള്ള ഒരു പ്രവണതയും പ്രത്യക്ഷപ്പെട്ടു. അതാണ് സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെയും പരാജയത്തിന് കാരണം. ഈ സത്യം ലോകമെങ്ങുമുള്ള മറ്റു പല മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളെപ്പോലെ സിപിഐ(എം) ഉം വെട്ടിത്തുറന്ന് പറഞ്ഞിട്ടുണ്ട്. വിനാശത്തിലേക്ക് നയിച്ച ഈ പാളിച്ചകളുടെ ആരംഭകാലത്തുതന്നെ അവ കണ്ടറിയാനുള്ള ഉൾക്കാഴ്ച കാര്യങ്ങളറിയാൻ പരിമിതികളുണ്ടായിരുന്ന ഫാഷിസ്റ്റ് തടവറയിലും അന്തോണിയോ ഗ്രാംഷിക്കുണ്ടായി എന്നതാണ് ശ്രദ്ധേയം.

ഭാഗം മൂന്ന്

പ്രമേയങ്ങൾ

ഡൈഷണികർ 57

വിദ്യാഭ്യാസ ദർശനം 68

ആഗോള വിപ്ലവപ്രസ്ഥാനം 72

"അഭിനവ രാജകുമാരൻ" 78

ആഗോള വിപ്ലവത്തിനെതിരെ ഫാഷിസം 85

അമേരിക്കൻ മുതലാളിത്തത്തിലെ പുത്തൻ പ്രവണതകൾ 91

ദാർശനിക പഠനം 96

യാന്ത്രിക മാർക്സിസത്തിനെതിരെ 100

ധൈഷണികർ

ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* പ്രസിദ്ധീകരിച്ച ആദ്യ പ്രകരണത്തിന്റെ തലക്കെട്ട് *ദി ഇന്റലക്ചൽസ്* എന്നാണ്. (ഇതിലെ പല തലക്കെട്ടുകളും വകുപ്പുതിരിക്കലുകളുമെല്ലാം പിൽക്കാലത്ത് എഡിറ്റർമാർ ചെയ്തതാണ്). ഈ ഇംഗ്ലീഷ് പദത്തിന് സാധാരണ കൊടുക്കാറുള്ള മലയാള തർജുമ 'ബുദ്ധിജീവി' എന്നാണല്ലോ. പക്ഷേ അതിന് വേണ്ടത്ര അർഥവ്യാപ്തിയുണ്ടാവുമോ എന്ന സംശയത്തിലാണ് ഇവിടെ 'ധൈഷണികർ' എന്ന പദം പ്രയോഗിച്ചത്. ഇംഗ്ലീഷ്–മലയാളം നിഘണ്ടുവിൽ 'ഇന്റലക്ട്' എന്ന പദത്തിന് 'ബുദ്ധി'യെന്നും 'ധിഷണ' എന്നും രണ്ട് അർഥം നൽകിയിട്ടുണ്ട്. അതുകൊണ്ട് 'ഇന്റലക്ചലി'നെ ബുദ്ധിശാലിയെന്നോ ധിഷണാശാലിയെന്നോ പറയാം. 'ബുദ്ധിശാലി'യെക്കാൾ അർഥവ്യാപ്തിയുള്ള പദമാണ് ധിഷണാശാലി. അതുകൊണ്ടാണ് *ജയിൽക്കുറിപ്പുകളിലെ* ആദ്യ പ്രകരണത്തിന്റെ സംഗ്രഹത്തിന് 'ധൈഷണികർ' എന്ന പേര് ഇവിടെ കൊടുത്തത്.

കായികാധ്വാനവും മാനസികാധ്വാനവും വേർതിരിക്കുന്നതിനുവേണ്ടി കായികാധ്വാനം നടത്തുന്നവരെ തൊഴിലാളികളെന്നും മാനസികാധ്വാനം നടത്തുന്നവരെ ബുദ്ധിജീവികളെന്നും വിളിക്കാറുണ്ട്. ആ അർഥത്തിലുള്ള ബുദ്ധിജീവിയെക്കാൾ വിപുലമാണ് ധൈഷണികൻ. എന്തുകൊണ്ടെന്നാൽ 'ധൈഷണിക'ന്റെ പ്രവർത്തന മേഖല ബുദ്ധിജീവിയുടേതിനെക്കാൾ എത്രയോ വിപുലമാണ്.

ഇത് മനസ്സിലാവണമെങ്കിൽ മുതലാളിത്തം അടക്കമുള്ള വർഗസമൂഹത്തിൽ ആശയങ്ങൾക്കുള്ള പ്രാധാന്യം മനസ്സിലാക്കണം. *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യിൽ മാർക്സും എംഗൽസും ചൂണ്ടിക്കാണിച്ചതുപോലെ,

'ഒരു സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന ആശയങ്ങൾ ആ സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന വർഗത്തിന്റെ ആശയങ്ങളാണ്'' (അധ്യായം 5 ലെ വിശദമായ ഉദ്ധരണി കാണുക). അടിമത്ത വ്യവസ്ഥയിലും ഫ്യൂഡൽ വ്യവസ്ഥയിലും രണ്ടിന്റെയും സ്ഥാനത്ത് ഇന്ത്യയിൽ നിലവിൽവന്ന ജാതി-ജന്മി-നാടുവാഴി മേധാവിത്തത്തിലും ആധിപത്യം വഹിക്കുന്ന ആശയങ്ങൾ യഥാക്രമം അടിമകളെക്കൊണ്ട് പണിയെടുപ്പിക്കുന്ന ഉടമകളുടെയും ഫ്യൂഡൽ പ്രഭുക്കളുടെയും ജാതി-ജന്മി-നാടുവാഴി പ്രഭുക്കളുടെയും ആശയങ്ങളാണ്.

എന്നാൽ മേധാവിത്തം വഹിക്കുന്ന വർഗങ്ങളുടെ ആശയങ്ങളാണ് വർഗസമൂഹത്തിന്റെ പൊതു ആശയങ്ങളെങ്കിലും പതുക്കെപ്പതുക്കെയായി കീഴാളരുടെ ആശയങ്ങളും രൂപപ്പെട്ടുവരുന്നു. മേധാവിവർഗത്തിന്റെ ആശയങ്ങളുമായി കീഴാളരുടെ ആശയങ്ങൾ ഏറ്റുമുട്ടുന്നു. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ രംഗങ്ങളിലെന്നപോലെ ആശയങ്ങളുടെ രംഗത്തും വിരുദ്ധ വർഗങ്ങൾ ഏറ്റുമുട്ടുന്നു. അതുകൊണ്ടാണ് എംഗൽസും ലെനിനും തൊഴിലാളിവർഗം ഒരു സ്വതന്ത്രവർഗമായി ഉയർന്നുവരണമെങ്കിൽ സാമ്പത്തികവും രാഷ്ട്രീയവുമെന്നപോലെ താത്വികമായ രംഗത്തും മേധാവിവർഗമായി ഏറ്റുമുട്ടണമെന്ന് നിർദേശിച്ചത്. തൊഴിലാളിവർഗത്തിന്റെ വിപ്ലവപ്പാർട്ടിയെ സംബന്ധിച്ച ലെനിനിസ്റ്റ് ആശയം രൂപപ്പെട്ടതിന്റെ അടിസ്ഥാനംതന്നെ സാമ്പത്തിക, രാഷ്ട്രീയ, താത്വികരംഗങ്ങളിൽ നടക്കുന്ന വർഗസമരങ്ങൾ കേന്ദ്രീകൃത നേതൃത്വത്തിൽ നടത്തുക എന്നതാണ്. ഈ ലെനിനിസ്റ്റ് അടിസ്ഥാനത്തെ ഇറ്റലിയിലെ വിപ്ലവ പ്രസ്ഥാനത്തിന്റെ അനുഭവംവച്ച് വികസിപ്പിച്ചെടുക്കുകയാണ് ഗ്രാംഷി ഇവിടെ ചെയ്യുന്നത്.

ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിക്കകത്തെ ആശയസമരത്തിനിടയ്ക്ക് ഉയർന്നുവന്ന ഒരു പ്രധാന പ്രശ്നമായിരുന്നു 'സോഷ്യലിസ്റ്റ് സംസ്കാര'ത്തിന്റേത്. ട്രേഡ്യൂണിയനുകൾതൊട്ടുള്ള സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിലെ സമരസംഘടനകളോടൊപ്പം തൊഴിലാളിവർഗത്തിന്റെ സംസ്കാരം രൂപപ്പെടുത്താനുള്ള സംഘടനകൾകൂടി കെട്ടിപ്പടുത്തില്ലെങ്കിൽ ഇറ്റലിയിലെ തൊഴിലാളിവർഗത്തിന് ഒരു വിപ്ലവശക്തിയായി ഉയരാൻ കഴിയുകയില്ലെന്ന അടിസ്ഥാനത്തിൽ സാംസ്കാരിക പ്രവർത്തനം സംഘടിപ്പിക്കാൻ ഗ്രാംഷി നേതൃത്വം നൽകി. ആ വഴിക്കുള്ള ഗ്രാംഷിയുടെ പരിശ്രമത്തെ ലെനിൻ ശ്ലാഘിക്കുകയും ചെയ്തു. അതേക്കുറിച്ചെല്ലാം ജയിലിലിരുന്ന് പുനർവിചിന്തനം നടത്തിയതിന്റെ ഫലമായി രൂപപ്പെട്ട ഗ്രാംഷിയൻ ചിന്തയാണ് 'ഡൈഷണികർ' എന്ന പ്രകരണത്തിന്റെ ഉള്ളടക്കം.

ഡൈഷണികർ—ഒരു വർഗത്തിന്റെ പ്രതിനിധികൾ

താഴെ കൊടുക്കുന്ന ചോദ്യത്തോടുകൂടിയാണ് 'ഡൈഷണിക'രെക്കുറിച്ചുള്ള ഗ്രാംഷിയുടെ പ്രകരണം തുടങ്ങുന്നത്. "തികച്ചും സ്വതന്ത്രമായ

ഒരു ജനവിഭാഗമാണോ ധൈഷണികർ അതോ ഓരോ സാമൂഹ്യ വിഭാഗത്തിനും അതതിന്റേതായ വൈദഗ്ധ്യത്തോടുകൂടിയ ധൈഷണികരുണ്ടോ?"

ഈ ചോദ്യത്തിൽ അടങ്ങിയ പ്രശ്നം കുഴഞ്ഞുമറിഞ്ഞതാണെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ധൈഷണികർ രൂപംകൊള്ളുന്നതിന്റെ ചരിത്ര പ്രക്രിയയ്ക്ക് വൈവിധ്യമുണ്ട്. ഈ വൈവിധ്യം പരിശോധിക്കുമ്പോൾ രണ്ടു കാര്യങ്ങൾ ഓർക്കണമെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു.

ഒന്നാമത്, ഓരോ സാമൂഹ്യഗ്രൂപ്പും അതിന്റെ വളർച്ചയോട് ബന്ധപ്പെട്ടുകൊണ്ട് ഒന്നോ അതിലധികമോ വിഭാഗങ്ങളിൽപ്പെട്ട ധൈഷണികരെ സൃഷ്ടിക്കുന്നു. ഈ ധൈഷണികരാണ് അതാത് സാമൂഹ്യഗ്രൂപ്പിന് തനതായ ഐക്യവും ആത്മാവബോധവും നൽകുന്നത്. സാമൂഹ്യവും രാഷ്ട്രീയവുമായ മേഖലകളിൽ തങ്ങൾക്കുള്ള പങ്ക് ഓരോ സാമൂഹ്യ വിഭാഗവും മനസ്സിലാക്കുന്നത് ഇതിലൂടെയാണ്.

ഉദാഹരണത്തിന്, മുതലാളിത്ത സമൂഹത്തിലെ വ്യാവസായിക സംരംഭകൻ തന്റെ ഉത്ഭവത്തോടും വളർച്ചയോടുംകൂടിത്തന്നെ വ്യാവസായിക സാങ്കേതിക വിദഗ്ധൻ, അർഥശാസ്ത്ര വിദഗ്ധൻ, പുതിയ സംസ്കാരത്തിന്റെയും നിയമവ്യവസ്ഥയുടെയും സംഘാടകൻ മുതലായവരെയും സൃഷ്ടിക്കുന്നു. വ്യാവസായിക സംരംഭകൻ സ്വയം സാമൂഹ്യ പ്രവർത്തനത്തിന്റെ ഉന്നത മേഖലകളെയെല്ലാം പ്രതിനിധീകരിക്കുന്നു; അതിനാവശ്യമായ കഴിവ് ധൈഷണികമായും നേതൃത്വപരമായും അയാൾ നേടിയെടുക്കുന്നു. സ്വന്തം പ്രവർത്തനമേഖലയിൽ മാത്രമല്ല മറ്റ് മേഖലകളിലും—സാമ്പത്തികോൽപ്പാദനവുമായി അടുപ്പമുള്ള മേഖലകളിൽ വിശേഷിച്ചും നേതൃത്വം നൽകാൻ വേണ്ട കഴിവ് അയാൾക്കുണ്ടാവണം. കൂടാതെ തന്റെ സംരംഭത്തിൽ മുതൽമുടക്കുന്ന നിക്ഷേപകരുടെയും താൻ ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾ വാങ്ങുന്നവരുടെയും വിശ്വാസവും അയാൾ നേടിയിരിക്കണം.

സമൂഹത്തിലെ സംഘാടകർ

ഈ ആശയം വിപുലപ്പെടുത്തി വ്യാവസായിക സംരംഭകരിൽ പ്രാമാണികരായവർക്കെങ്കിലും സമൂഹത്തെയാകെ സംഘടിപ്പിക്കാനുള്ള കഴിവുണ്ടായിരിക്കണമെന്ന് ഗ്രാംഷി തുടർന്നു പറയുന്നു. ഭരണകൂടംവരെ ചെന്നെത്തുന്നതും സങ്കീർണവുമായ സേവന സംവിധാനത്തിന്റെമേൽ തങ്ങളുടെ മേധാവിത്തം സ്ഥാപിക്കാൻ വ്യാവസായിക സംരംഭകരിൽ പ്രമാണിമാരായവർക്ക് കഴിവുണ്ടാകണം. അങ്ങനെ മാത്രമേ സ്വന്തം വർഗത്തിന്റെ വളർച്ചയ്ക്ക് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കാൻ വ്യവസായ സംരംഭകർക്ക് കഴിയുകയുള്ളൂ. ഓരോ വർഗവും സൃഷ്ടിക്കുന്ന ധൈഷണികരിൽ ഓരോ വിഭാഗത്തിനും അതതിന്റേതായ പ്രത്യേക വൈദഗ്ധ്യം ഉണ്ടായിരിക്കണം.

ഇതിനുള്ള ഒരു ഉദാഹരണമായാണ് ഫ്യൂഡൽ സമൂഹത്തിലെ സൈനിക നേതാക്കളെ ഗ്രാംഷി എടുത്തുകാണിക്കുന്നത്. സൈനിക സംഘടനയുടെമേൽ ഫ്യൂഡൽ പ്രഭുക്കൾക്ക് ഉണ്ടായിരുന്ന നിയന്ത്രണമാണ് അവരുടെ മേധാവിത്തത്തെ നിലനിർത്തിയത്. ആ മേധാവിത്തം ഇല്ലാതാവാൻ തുടങ്ങിയതോടെ ഫ്യൂഡൽ മേധാവിത്തവും അവസാനിക്കാൻ തുടങ്ങി. ഫ്യൂഡൽ മേധാവിത്തകാലത്ത് ഉൽപ്പാദന പ്രക്രിയയിൽ കർഷക ജനസാമാന്യം എത്ര പ്രധാനമായ പങ്കുവഹിച്ചിരുന്നുവെങ്കിലും അവരിൽ നിന്ന് സ്വന്തം ധൈഷണികരെ ഉയർത്തിക്കൊണ്ടുവരാനോ പാരമ്പര്യ മുറ അനുസരിച്ചുള്ള ധൈഷണികരെ കർഷകജനസാമാന്യത്തിന് ഉൾക്കൊള്ളാനോ കഴിഞ്ഞില്ലെന്നും ഗ്രാംഷി ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

ഫ്യൂഡൽ സമൂഹത്തിൽ സൈനികകാര്യ വിദഗ്ധന്മാർക്ക് ഉണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ച് ഗ്രാംഷി പറയുന്നത് അതേപടി ഇന്ത്യക്ക് ബാധകമല്ലെന്ന് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ ഇറ്റലിയിലോ മറ്റ് യൂറോപ്യൻ രാജ്യങ്ങളിലോ നിലവിൽവന്ന ഫ്യൂഡൽവ്യവസ്ഥ ഇവിടെ ഇല്ലായിരുന്നു. പക്ഷേ ചാതുർവർണ്യമനുസരിച്ച് ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യവർണങ്ങൾക്കുണ്ടായിരുന്ന നേതൃത്വപരമായ പങ്ക് ഇന്ത്യയിലും പ്രധാനമാണ്.

വടക്കേ ഇന്ത്യയിലേക്ക് പട്ടാളവുമായി ചെന്ന് അവിടെ ഇസ്ലാമിക സാമ്രാജ്യം സ്ഥാപിച്ചവരും കച്ചവടത്തിനായി ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്ക് കടന്നുവന്ന വിദേശീയരും ഇന്ത്യയുടെ പിന്നത്തെ ചരിത്രത്തിൽ വഹിച്ച പങ്കും ശ്രദ്ധേയമാണ്.

ചാതുർവർണ്യത്തിന്റെ ഉയർന്ന രൂപമായ ജാതികൾ, ഉപജാതികൾ, വടക്കേ ഇന്ത്യയിൽ സാമ്രാജ്യം സ്ഥാപിച്ച ഇസ്ലാമിക ഭരണാധികാരികളും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ സാമ്പത്തിക മേധാവിത്തം സ്ഥാപിച്ച വിദേശ വ്യാപാരികളും എന്നിവർ ചേർന്ന് ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ജാതി-ജന്മി-നാടുവാഴി മേധാവിത്തത്തിന് ഉറച്ച ഒരടിത്തറയുണ്ടാക്കി. അതിന്റേതായ ധൈഷണികർ സംസ്കൃത സാഹിത്യത്തിനും പാലി സാഹിത്യത്തിനും പാഴ്സി സാഹിത്യത്തിനും മറ്റും മഹത്തായ സംഭാവനകൾ നൽകി. രാഷ്ട്രീയവും നയപരവുമായ മേഖലകളിലാവട്ടെ വിശാലമായ സാമ്രാജ്യം, അതിന്റേതായ പട്ടാളമേധാവിത്തവും ഭരണവ്യവസ്ഥയും, എന്നിവ നിലവിൽവന്നു.

ഇതിന്റെ കടയ്ക്ക് കത്തിവച്ചത് ബ്രിട്ടീഷ് കച്ചവടക്കാരും അവരുടെ ഭരണക്കാരുമാണ്. അവരുടെ മേധാവിത്തം മൂലം "ഇന്ത്യക്കാർക്ക് അവരുടെ പഴയലോകം നഷ്ടപ്പെട്ടു, പുതിയതൊട്ടും കിട്ടിയതുമില്ല." (മാർക്സ്). പക്ഷേ ഇന്ത്യക്കാർക്ക് പുതിയ ലോകം കിട്ടിയില്ലെങ്കിലും അതിന്റെ സൃഷ്ടിക്ക് ആവശ്യമായ പുത്തൻ ധൈഷണികർ ബ്രിട്ടീഷ് ഭരണത്തിൽ നിന്നുതന്നെ ഉയർന്നുവന്നതായി മാർക്സ് ചൂണ്ടിക്കാണിച്ചു. ആ പ്രക്രിയയിലൂടെയാണ് നമ്മുടെ ദേശീയപ്രസ്ഥാനവും അതിൽ ഭാഗഭാക്കുകളായ ബൂർഷ്വാസി, തൊഴിലാളിവർഗം എന്ന രണ്ട് വർഗങ്ങളും രൂപപ്പെട്ടത്.

മതനേതാക്കളും ധൈഷണികതയും

രണ്ടാമത്, അതേവരെ നിലനിന്ന സാമൂഹ്യ സംവിധാനത്തിനകത്ത് രൂപപ്പെടുന്ന ഓരോ സാമൂഹ്യ വിഭാഗവും നിലവിലുള്ള ധൈഷണിക വിഭാഗത്തെ കണ്ടെത്തുകയും അതിന് സ്വന്തം താൽപ്പര്യങ്ങൾക്ക് അനുകൂലമായി വളർത്തിയെടുക്കുകയും ചെയ്യുന്നു. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമായി ഗ്രാംഷി എടുത്തുകാണിക്കുന്നത് ഇറ്റലിയിലെ (പൊതുവിൽ യൂറോപ്പിലെ) ക്രിസ്തീയ മതസംഘടനയെയാണ്. മതപരമായ ആശയസമുച്ചയം അല്ലെങ്കിൽ അന്നത്തെ ദർശനവും രാഷ്ട്രവും എന്നിവയോടൊപ്പം വിദ്യാഭ്യാസമേഖല, സാന്മാർഗിക മേഖല, നീതിന്യായം, ദരിദ്രസേവ, സൽസ്വഭാവം മുതലായവയുടെ കാര്യത്തിൽ ഈ മതനേതാക്കൾക്ക് നേതൃത്വപദവി തന്നെയുണ്ടായിരുന്നു. അതുകൊണ്ട് അവർ ഭൂപ്രഭുവർഗവുമായി പൊരുത്തപ്പെട്ടുപോകുന്ന ധൈഷണികരായി; സ്വകാര്യസ്വത്തുമായി ബന്ധപ്പെട്ട ഒട്ടേറെ രാഷ്ട്രീയ സൗജന്യങ്ങൾ അവർക്കുണ്ടായിരുന്നു. ഇതിന്റെ ആശയപരമായ അടിത്തറ ക്രിസ്തീയ മതവിശ്വാസമായിരുന്നതിനാൽ ആശയവാദ ദർശനത്തിന്റെ വക്താക്കളായി ഈ മതനേതാക്കന്മാർ ഉയർന്നുവന്നു. ഇതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ ഗ്രാംഷി എടുത്തുകാണിക്കുന്നു.

ധൈഷണികരുടെ ഒരു പുതിയ തലമുറയെ സൃഷ്ടിക്കണമെങ്കിൽ, ധൈഷണികതയുടെ ഒരംശവുമില്ലാത്ത മനുഷ്യരില്ലെന്നും പക്ഷേ എല്ലാ മനുഷ്യർക്കും ധൈഷണികരാവാൻ കഴിയുകയില്ലെന്നുമുള്ള സത്യം മനസ്സിലാക്കണമെന്ന് ഗ്രാംഷി തുടർന്ന് പറയുന്നു:

> ഓരോ മനുഷ്യരിലുമുള്ള ധൈഷണികതയുടെ അംശങ്ങൾ വളർത്തിയെടുക്കുകയും കായികാധ്വാനവും ധൈഷണിക പ്രവർത്തനവും തമ്മിലുള്ള ബന്ധത്തിൽ ഒരു പുതിയ സമനില ഏർപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

അടുത്തകാലംവരെ ധൈഷണികരുടെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത് സാഹിത്യകാരന്മാർ, ദാർശനികർ, കലാകാരന്മാർ, അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകർ എന്നിവരായിരുന്നു. ആധുനിക കാലത്താകട്ടെ വ്യാവസായികാധ്വാനവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യാഭ്യാസം പുതിയ ധൈഷണികരെ സൃഷ്ടിക്കുന്നതിന് അടിസ്ഥാനമാവുന്നു (ഈ കാഴ്ചപ്പാടോടെയാണ് *ജയിൽക്കുറിപ്പുകളി*ലെ രണ്ടാം പ്രബന്ധമായ വിദ്യാഭ്യാസത്തിന്റെ പ്രശ്നം ഗ്രാംഷി കൈകാര്യം ചെയ്യുന്നത്).

ജനസമ്മതിയും ബലപ്രയോഗവും

ധൈഷണികരെ സംബന്ധിച്ചുള്ള ഈ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കാഴ്ചപ്പാട് പൗരസമൂഹവും ഭരണകൂടവും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നത്തിലേക്ക് ഗ്രാംഷിയെ നയിക്കുന്നു. കഴിഞ്ഞ രണ്ട് അധ്യായങ്ങളിൽ

ഇക്കാര്യം കുറെ ചർച്ചചെയ്തിരുന്നത് ഓർക്കുമല്ലോ. ആധുനിക സമൂഹത്തിലെ ധൈഷണികരും മുതലാളിത്തത്തിന്റെ ഉൽപ്പാദനരീതിയും തമ്മിലുള്ള ബന്ധം പ്രത്യക്ഷമല്ല, സമൂഹത്തിന്റെ ഉപരിഘടനയുടെ വിവിധ രൂപങ്ങളിലൂടെയാണ് അവ പ്രകടമാവുന്നത്. മിക്കവാറും സ്വതന്ത്രമായി പ്രവർത്തിക്കുന്ന പൗരസമൂഹം, ഭരണീയരുടെമേൽ ബലംപ്രയോഗിക്കുന്ന ഭരണകൂടം എന്നിവ രണ്ടും തമ്മിലുള്ള അന്യോന്യബന്ധവും വ്യത്യാസവും മനസ്സിലാക്കിയാൽ മാത്രമേ മുതലാളിത്തത്തിന്റെ ഉൽപ്പാദനരീതിയും ധൈഷണികരും തമ്മിലുള്ള ബന്ധം മനസ്സിലാവുകയുള്ളൂ. മേധാവിത്തം വഹിക്കുന്ന വർഗത്തിന് ജനങ്ങളുടെ ഇടയിൽ പൊതുവിലുള്ള സമ്മതിയെ ആസ്പദമാക്കി സംഘടിപ്പിക്കുന്നതാണ് പൗരസമൂഹം. ഭരണകൂടമാവട്ടെ, ജനസമ്മതിയില്ലാത്ത കാര്യങ്ങളിൽപ്പോലും ബലപ്രയോഗം നടത്തുന്നു.

രണ്ടിലും മേധാവിവർഗമാണ് ജനങ്ങളെ നയിക്കുന്നത്. പക്ഷേ പൗരസമൂഹത്തിൽ ജനങ്ങളുടെ മുഴുവനില്ലെങ്കിൽ ഭൂരിപക്ഷത്തിന്റെയെങ്കിലും പിന്തുണ നേടുന്നു; ആ പിന്തുണ ഇല്ലാതായാലും ഭരണകൂടത്തിന്റെ അധികാരശക്തി ഉപയോഗിച്ച് ജനങ്ങളെ കീഴ്പ്പെടുത്തുന്നു. രണ്ടിലും നേതൃത്വം വഹിക്കുന്നത് മേധാവിവർഗമാണ്. ഈ രണ്ട് ധർമങ്ങളും നിറവേറ്റാൻ മേധാവിവർഗത്തിന്റെ മുന്നണിവിഭാഗമായ ധൈഷണികർക്ക് കഴിയുന്നു. അതിനെ നേരിടാൻ കീഴാളവർഗം സ്വന്തം ധൈഷണികരെ ഉയർത്തിക്കൊണ്ടുവരുന്നു. കീഴാളവർഗങ്ങൾക്ക് സ്വന്തം ധൈഷണികരില്ലാതെ ഭരണവർഗത്തിന്റെ നേതൃത്വത്തിലുള്ള പൗരസമൂഹത്തെയോ ഭരണകൂടത്തെയോ നേരിടാനാവുകയില്ല.

നഗരങ്ങളും നാട്ടിൻപുറങ്ങളും

പട്ടണപ്രദേശങ്ങളിലെ ധൈഷണികർ വ്യാവസായിക പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് വളരുന്നത്. പക്ഷേ അവർക്കാർക്കും സ്വതന്ത്രമായ നിലനിൽപ്പില്ല. വ്യാവസായിക പുരോഗതി ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും മുതലാളിപ്രമുഖരാണ്; അവരുടെ സഹായികളെന്ന സ്ഥാനമേ പട്ടണപ്രദേശങ്ങളിലെ ധൈഷണികർക്കുള്ളൂ. വ്യവസായ വളർച്ചയിൽ നേതൃത്വപരമായ പങ്കുവഹിക്കുന്ന മുതലാളിമാരുടെ ആജ്ഞാവാഹകർ മാത്രമായാണ് പട്ടണപ്രദേശങ്ങളിലെ ധൈഷണികർ പ്രവർത്തിക്കുന്നത് എന്നർഥം.

നാട്ടിൻപുറങ്ങളിലെ ധൈഷണികരാവട്ടെ, ഗ്രാമീണ ജനസാമാന്യവുമായി ബന്ധപ്പെട്ട് 'പരമ്പരാഗതമായ' ധൈഷണിക പ്രവർത്തനമാണ് നടത്തുന്നത്; അവർക്ക് പട്ടണപ്രദേശങ്ങളിലെ പെറ്റിബൂർഷ്വാ വിഭാഗങ്ങളുമായും ബന്ധമുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ധൈഷണികർക്ക് കർഷകജനസാമാന്യവുമായി അടുത്ത ബന്ധമുണ്ട്; അഭിഭാഷകർ മുതലായ ജോലികളിലേർപ്പെട്ട് ഗ്രാമീണജീവിതം നയിക്കുന്ന ഇവർക്ക് രാഷ്ട്രീയവും സാമൂഹ്യവുമായ പ്രാധാന്യമുണ്ട്; അവരുടെ തൊഴിലിനെ

രാഷ്ട്രീയ ജീവിതത്തിൽനിന്ന് വേർതിരിക്കാൻ വയ്യ.

പുരോഹിതൻ, അഭിഭാഷകൻ, അധ്യാപകൻ, വൈദ്യൻ മുതലായ ധൈഷണിക ജോലികളിലേർപ്പെട്ട ഗ്രാമീണ ജനവിഭാഗങ്ങൾക്ക് സാധാരണ നാട്ടിൻപുറത്തുകാരുടേതിനെക്കാൾ ഉയർന്ന ജീവിതനിലവാരമുണ്ട്. അതുകൊണ്ട് കർഷക ജനസാമാന്യം ഗ്രാമീണ ധൈഷണികരെ അനുകരിച്ച് സ്വന്തം പദവി ഉയർത്താൻ ശ്രമിക്കുന്നു. തന്റെ മക്കളിൽ ഒരാളെങ്കിലും ധൈഷണികൻ—വിശേഷിച്ച് പുരോഹിതൻ—ആവണമെന്ന് കൃഷിക്കാരൻ സദാ കരുതുന്നു; അതുമൂലം സ്വന്തം കുടുംബത്തിന്റെ സാമൂഹ്യനിലവാരവും സാമ്പത്തിക ജീവിതവും ഉയരുമെന്ന് കൃഷിക്കാരൻ കരുന്നു.

ഗ്രാമീണ ധൈഷണികരുടെ നേരേ കൃഷിക്കാരുടെ സമീപനത്തിന് ഒരു ഇരട്ട സ്വഭാവമുണ്ട്, അതിലൊരു വൈരുധ്യംപോലുമുണ്ട്. ധൈഷണികരുടെ സാമൂഹ്യനിലയെ പൊതുവിൽ കൃഷിക്കാരൻ ബഹുമാനിക്കുന്നു—ഗവൺമെന്റ് ജീവനക്കാരോട് വിശേഷിച്ചും; അതേസമയത്ത് അവരോട് അയാൾക്ക് പുച്ഛവുമുണ്ട്. എന്നുവച്ചാൽ, അവരോട് അയാൾക്കുള്ള ബഹുമാനത്തോടൊപ്പം അസൂയയും രോഷവുംകൂടി പ്രകടമാവുന്നു. ധൈഷണികരോട് കൃഷിക്കാർക്കുള്ള ഈ വിധേയത്വം കണക്കിലെടുക്കുകയും മൂർത്തമായി പരിശോധിക്കുകയും ചെയ്യാതെ കർഷക ജനസാമാന്യത്തിന്റെ കൂട്ടായ ജീവിതത്തെക്കുറിച്ച് ഒന്നും മനസ്സിലാക്കാൻ കഴിയുകയില്ല.

പട്ടണപ്രദേശങ്ങളിലെ ധൈഷണികരുടെ പദവി മറ്റൊന്നാണ്. ഫാക്ടറികളിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധർക്ക് ഫാക്ടറിത്തൊഴിലാളികളുടെയും ജീവനക്കാരുടെയുംമേൽ യാതൊരു രാഷ്ട്രീയസ്വാധീനവും ചെലുത്താൻ കഴിയുകയില്ല. നേരേമറിച്ച്, ഫാക്ടറിത്തൊഴിലാളികളിൽനിന്നും ജീവനക്കാരിൽനിന്നും ഉയർന്നുവന്ന ധൈഷണികർക്ക് വ്യാവസായിക, സാങ്കേതിക വിദഗ്ധരുടെമേൽ രാഷ്ട്രീയ സ്വാധീനം ചെലുത്താൻ കഴിയും.

രാഷ്ട്രീയപ്പാർട്ടികളുടെ പങ്ക്

പട്ടണപ്രദേശങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും ധൈഷണികർ തമ്മിലുള്ള ബന്ധവും വ്യത്യാസവും വിവരിച്ചതിനുശേഷം ആധുനിക രാഷ്ട്രീയപ്പാർട്ടികളുടെ പ്രശ്നം ഗ്രാംഷി ഉയർത്തുന്നു. അത് സംബന്ധിച്ച് രണ്ട് വസ്തുതകളിലേക്ക് ഗ്രാംഷി വിരൽചൂണ്ടുന്നു.

ഒന്നാമത്, ചില സാമൂഹ്യവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയപ്പാർട്ടി അവരുടെ സ്വന്തം ധൈഷണികരെ രൂപപ്പെടുത്താനുള്ള സവിശേഷ മാർഗമാണ്. രാഷ്ട്രീയവും ദാർശനികവുമായ മേഖലകളിൽ—കേവലം ഉൽപ്പാദന സങ്കേതത്തിൽ മാത്രമല്ലെന്നർഥം—തങ്ങളുടെ തനിമ പ്രകടിപ്പിക്കുന്നതിനുള്ള മാർഗം. ഈ സാമൂഹ്യ വിഭാഗങ്ങൾക്ക് രാഷ്ട്രീയ

പ്പാർട്ടിയാണ്. ഈ വിധത്തിൽ മാത്രമേ ഈ സാമൂഹ്യവിഭാഗങ്ങളുടെ ധൈഷണികരെ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ.

രണ്ടാമത്, എല്ലാ സാമൂഹ്യവിഭാഗങ്ങളെയും സംബന്ധിച്ച് സിവിലിയൻ പൗരസമൂഹത്തിൽ രാഷ്ട്രീയപ്പാർട്ടിക്കുള്ള സ്ഥാനം തന്നെയാണ് രാഷ്ട്രീയസമൂഹത്തിൽ ഭരണകൂടത്തിനുള്ളത്. മേധാവിത്തം വഹിക്കുന്ന ഓരോ സാമൂഹ്യ ഗ്രൂപ്പിനെയും അതിന്റെ ധൈഷണികരെയും പാരമ്പര്യ മുറ അനുസരിച്ചുള്ള ധൈഷണികരായി ബന്ധപ്പെടുത്തുന്നത് രാഷ്ട്രീയ പ്പാർട്ടിയാണ് എന്നർഥം.

യഥാർഥം പറയുകയാണെങ്കിൽ, ഭരണകൂടം അതിന്റെ വിശാലമായ മേഖലയിൽ ചെലുത്തുന്ന സ്വാധീനം തന്നെയാണ് രാഷ്ട്രീയപ്പാർട്ടി അതിന്റെ മേഖലയിൽ ചെയ്യുന്നത്. വ്യക്തമായ ഒരു സാമൂഹ്യ ഗ്രൂപ്പിന്റെ രാഷ്ട്രീയപ്പാർട്ടിയിൽ അംഗമാകുന്ന ധൈഷണികൻ ആ സാമൂഹ്യ ഗ്രൂപ്പിന്റെ ധൈഷണികരിൽ അലിഞ്ഞുചേരുന്നു. ഇതിനുള്ള മാർഗമാകട്ടെ, ഭരണകൂടത്തിന്റെ ജീവിതത്തിൽ ചുരുങ്ങിയ ഒരളവുവരെ സ്വയം പങ്കെടുക്കുന്നതാണുതാനും.

ജൈവരും പരമ്പരാഗതരും

ഇപ്രകാരം സമൂഹത്തിന്റെ പുരോഗതിക്ക് നേതൃത്വം നൽകുകയോ സഹായകമായ നിലപാടെടുക്കുകയോ ചെയ്യുന്ന വർഗത്തിന്റെയോ വിഭാഗത്തിന്റെയോ കൂട്ടുകെട്ടിന്റെയോ താൽപ്പര്യങ്ങളും വീക്ഷണവുമായി സാത്മ്യം പ്രാപിക്കുന്ന ധൈഷണികരെ ഗ്രാംഷി 'ഓർഗാനിക്' അഥവാ 'ജൈവം' എന്ന് വിശേഷിപ്പിക്കുന്നു. മറിച്ചുള്ളവരെ നേരത്തേ പരാമർശിച്ച പ്രകാരം ട്രഡിഷണൽ അഥവാ പരമ്പരാഗതമെന്നും. ഈ ജൈവ ധൈഷണികരും പരമ്പരാഗത ധൈഷണികരും തമ്മിലുള്ള മത്സരവും പോരാട്ടവും വിപ്ലവകരമായ പരിവർത്തനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ—വർഗസമരത്തിന്റെ—അവിഭാജ്യ ഘടകമാണ്. ഗ്രാംഷി ഇങ്ങനെ വിശദീകരിക്കുന്നു:

> സമൂഹത്തിലെ മേൽക്കോയ്മയെ ലക്ഷ്യമാക്കി വളരുന്ന ഏത് വിഭാഗത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട സ്വഭാവവിശേഷം ഈ പരമ്പരാഗത ധൈഷണികരെ 'പ്രത്യയശാസ്ത്രപരമായി' സാത്മീകരിക്കാനും പടവെട്ടി കീഴ്പ്പെടുത്താനുമുള്ള പോരാട്ടമാണ്. ഈ സാത്മീകരണവും കീഴ്പ്പെടുത്തലും കൂടുതൽ വേഗവും ഫലപ്രദവുമാകണമെങ്കിൽ സ്വന്തം ജൈവ ധൈഷണികരെ അതേസമയം വളർത്തിയെടുക്കുന്നതിൽ പ്രസ്തുത വിഭാഗം വിജയിക്കണം (പുറം 10).

ഈ പ്രക്രിയ പ്രാചീനകാലം മുതൽ എല്ലാ സമൂഹങ്ങളിലും പരിവർത്തന സന്ധികളിൽ നടന്നിരുന്നുവെങ്കിലും ആധുനിക യുഗത്തിൽ അതിന്റെ പ്രാധാന്യം പല മടങ്ങ് വർധിച്ചിരിക്കുന്നുവെന്ന് ഗ്രാംഷി ചൂണ്ടിക്കാട്ടുന്നു.

ഇരുണ്ട യുഗം എന്നുകൂടി പേരുള്ള യൂറോപ്യൻ മധ്യകാലത്തെ പിന്നിട്ട് പതിനഞ്ചാം നൂറ്റാണ്ടോടെ സംഭവിച്ച നവോത്ഥാനമെന്ന പ്രതിഭാസമാണല്ലോ അവിടെ ആധുനിക യുഗത്തിന് തുടക്കംകുറിച്ചത്. അതേത്തുടർന്ന് വിദ്യാഭ്യാസം, ശാസ്ത്രാന്വേഷണം, വ്യാപാര-വ്യവസായങ്ങൾ എന്നീ രംഗങ്ങളിൽ ഉണ്ടായ വമ്പിച്ച പുരോഗതി എല്ലാ വിഭാഗങ്ങളിലും പെട്ട ധൈഷണികരുടെ എണ്ണത്തിലും കർത്തവ്യത്തിലും ഗണ്യമായ പുരോഗതി കൈവരുത്തി. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സമാനമായ സാമൂഹ്യമാറ്റം 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെയാണ് ആരംഭിക്കുന്നത്. ഇന്ത്യയിലെ ആധുനിക ജൈവ ധൈഷണിക പരമ്പരയിലെ പ്രാമാണികനായ ആദ്യപഥികനായിരുന്നു ഭാരതീയ നവോത്ഥാനത്തിന്റെ പിതാവായി ചരിത്രകാരന്മാർ പ്രകീർത്തിക്കുന്ന രാജാറാം മോഹൻ റോയി.

സ്വാഭാവികമായും ഈ വിഭാഗങ്ങളിലേക്ക് ഗ്രാംഷി പ്രവേശിക്കുന്നില്ല. എന്നാൽ ഇന്ത്യയുടെയും ചൈനയുടെയും ചരിത്രത്തിൽ പരമ്പരാഗത ധൈഷണികരും ജനസാമാന്യവുമായുള്ള അകൽച്ച മറ്റേത് രാഷ്ട്രങ്ങളിലേതിനെക്കാൾ വലുതായിരുന്നുവെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നത് തികച്ചും ശരിയാണ്. ഇന്ത്യയിലെ മേൽജാതി-നാടുവാഴി മേധാവിത്തവും ചൈനയിലെ കൺഫ്യൂഷ്യൻ-മൻഡാറിൻ ആധിപത്യവും മൂലം സംഭവിച്ച ഈ അകൽച്ചയ്ക്ക് ആധുനിക ജൈവ ധൈഷണികരുടെ വരവോടെ നേരിട്ട അപചയവും മറ്റും സ്വാഭാവികമായി ഗ്രാംഷിയുടെ *കുറിപ്പുകളിൽ* വരുന്നില്ല. അതെല്ലാം ചെയ്യേണ്ടത് നമ്മുടെ കടമയാണല്ലോ. ആ വഴിക്ക് ചിന്തിക്കാനും അന്വേഷിക്കാനും ശ്രമിക്കുന്നവർക്ക് ഗ്രാംഷി വഴിയും മാതൃകയും കാട്ടുന്നു—മറ്റാരും അതിനുമുമ്പ് ചെയ്തിട്ടില്ലാത്ത അളവിൽ.

ചരിത്രാവലോകനം

ധൈഷണികരുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും വളർച്ചയെയും ഇന്നത്തെ അവരുടെ പ്രശ്നങ്ങളെയുംകുറിച്ച് വ്യക്തമായ ധാരണ വേണമെങ്കിൽ ഓരോ രാജ്യത്തെയും സവിശേഷ പരിതഃസ്ഥിതി മൂർത്തമായി പഠിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധനയുടെ തുടക്കം ഗ്രാംഷി നിർവഹിച്ചിരിക്കുന്നു. മേൽചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയുടെയും ചൈനയുടെയും ധൈഷണികാവസ്ഥയെക്കുറിച്ചുള്ള പരാമർശം ആനുഷംഗികവും അപര്യാപ്തവുമാണെങ്കിലും യൂറോപ്യൻ രാജ്യങ്ങളുടേത് കുറെക്കൂടി വിശദമായിത്തന്നെ ഗ്രാംഷി പരിഗണിക്കുന്നു. അവയും സമ്പൂർണമാണെന്നല്ല. എങ്കിലും വളരെയേറെ ഉൾക്കാഴ്ച നൽകുന്ന ആ നിരീക്ഷണങ്ങൾ വളരെ വിലപ്പെട്ടതാണ്. സ്വദേശമായ ഇറ്റലിക്കാണ് അവയിൽ പ്രാമുഖ്യം. കൂടാതെ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി, അമേരിക്കൻ ഐക്യനാട്, ദക്ഷിണ-മധ്യ അമേരിക്കൻ ഭൂഖണ്ഡം, ജപ്പാൻ തുടങ്ങിയ രാഷ്ട്രങ്ങളിൽ ധൈഷണിക വിഭാഗങ്ങൾ രൂപപ്പെടുന്നതും അവയുമായി രാഷ്ട്രീയ പ്രക്രിയയ്ക്കും പാർട്ടികൾക്കും ഉള്ള ബന്ധത്തെ സംബന്ധിച്ചു

മെല്ലാം ചുരുങ്ങിയ വാക്കുകളിൽ ഗ്രാംഷി വിശകലനം നടത്തുകയും വിവരിക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തെക്കുറിച്ച് ഈ വിധം ചുരുക്കത്തിലെങ്കിലുമുള്ള ഒരു മാർക്സിസ്റ്റ് പഠനം ഇതിനുമുമ്പ് ആരെങ്കിലും നടത്തിയതായി അറിവില്ല.

'ക്ലാസിക്കൽ യുഗം' എന്ന പേരിൽ അറിയപ്പെടുന്ന ഗ്രീക്ക്-റോമൻ നാഗരികതകളുടെ കാലത്ത് ധൈഷണിക വിഭാഗം രൂപംകൊണ്ട സാഹചര്യങ്ങൾ ഗ്രാംഷി പരിശോധിക്കുന്നു. അടിമത്ത സമൂഹങ്ങളായിരുന്നല്ലോ അന്നുണ്ടായിരുന്നത്. അതുമായി ധൈഷണികർ എങ്ങനെ ബന്ധപ്പെട്ടിരുന്നു? ഡോക്ടർമാർ തുടങ്ങി പരിശീലനവും വിശേഷവൽക്കരണവും ആവശ്യമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് റോമൻ പൗരത്വം നൽകാൻ റോമൻ ചക്രവർത്തി ജൂലിയസ് സീസർ തീരുമാനിച്ചത് അവിടെ ധൈഷണികർ ശ്രദ്ധേയരായ ഒരു വിഭാഗമായി വികസിക്കാൻ ഉപകരിച്ചത് ഗ്രാംഷി ചൂണ്ടിക്കാട്ടുന്നു. അങ്ങനെ രൂപംകൊണ്ട സാമ്രാജ്യത്വ (ഇമ്പീരിയൽ) ധൈഷണികർ സാമ്രാജ്യ തകർച്ചയ്ക്കുശേഷം നിലവിൽവന്ന മധ്യകാല നാടുവാഴിത്ത ഘട്ടത്തിലെ റോമൻ കത്തോലിക്കാ പുരോഹിത വർഗമായി മാറി.

1789 ലെ മഹത്തായ ഫ്രഞ്ച് ബൂർഷ്വാ ജനാധിപത്യ വിപ്ലവവും അതിലേക്ക് വഴിതെളിച്ച സംഭവങ്ങളും എങ്ങനെ ആധുനിക ധൈഷണിക വിഭാഗത്തെ രംഗത്തുകൊണ്ടുവന്നുവെന്ന് ഗ്രാംഷി വിവരിക്കുന്നു. കത്തോലിക്കാസഭയും രാഷ്ട്രീയ പ്രക്രിയയുമായി ഉണ്ടായിരുന്ന ബന്ധം അവിടെ വിച്ഛേദിക്കപ്പെട്ടതോടെയാണ് ഈ ആധുനികത കൈവന്നത്.

എന്നാൽ അങ്ങനെ അറുത്തുമുറിച്ചൊരു ബൂർഷ്വാ വിപ്ലവം നടക്കാതെ മറ്റൊരു സാഹചര്യത്തിൽ ബൂർഷ്വാവൽക്കരിക്കപ്പെട്ട ഇംഗ്ലണ്ടിലെ ധൈഷണികമേഖലയിൽ പിന്നെയും വളരെക്കാലം നാടുവാഴിത്ത സ്വാധീനം തുടർന്നത് ഗ്രാംഷി ശ്രദ്ധിക്കുന്നു. ജർമനിയിലാകട്ടെ പിൽക്കാലത്ത് വ്യവസായികളായി മാറിയത് ഭൂതാൽപ്പര്യങ്ങൾ പൂർണമായി കൈവിടാത്ത 'യുങ്കർ'(ഭൂപ്രഭുക്കൾ)മാരായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ജർമനി പരാജയപ്പെട്ട 1918 വരെ ഈ 'യുങ്കർ' മേൽക്കോയ്മ ജർമൻ ധൈഷണിക മേഖലയിൽ നിലവിലിരുന്നു; മറുഭാഗത്ത് തൊഴിലാളിവർഗ പ്രസ്ഥാനവും അവരുടെ ധൈഷണികതയും വളരുന്നതോടൊപ്പം.

ക്രിസ്തുവർഷാരംഭം തൊട്ട് ബൈസന്റൈൻ സാമ്രാജ്യം, നോർമൻ ആക്രമണം, ഗ്രീക്ക് ഓർത്തഡോക്സ് സഭാപ്രവേശം തുടങ്ങിയ ചരിത്ര സംഭവങ്ങൾ റഷ്യൻ ധൈഷണിക രംഗത്തെ എങ്ങനെ മാറ്റിമറിച്ചു എന്ന് ഗ്രാംഷി പരിശോധിക്കുന്നു. ഈ പഴമയുടെ ഭാരമൊന്നും വഹിക്കാതെ പുതിയ കുടിയേറ്റക്കാർ 16-ാം നൂറ്റാണ്ട് മുതൽ ചെന്ന് ക്രമേണ രൂപം നൽകിയ അമേരിക്കൻ ഐക്യനാടിന്റെ അനുഭവം ഇവയിൽനിന്നെല്ലാം വ്യത്യസ്തമാണ്. അവിടെ തുടക്കത്തിൽ പരമ്പരാഗത ബുദ്ധിജീവികൾ എന്നൊരു വർഗത്തിന് പ്രസക്തിയേ ഉണ്ടായിരുന്നില്ല. എന്നാൽ മറ്റ് രാഷ്ട്ര

ങ്ങളിൽ അനുഭവപ്പെടുന്ന മാതിരി ആഫ്രിക്കൻ വംശജരായ അടിമകളിൽനിന്ന് ഉയർന്നുവരുന്ന നീഗ്രോ ധൈഷണികർ അവിടെ മറ്റൊരു പ്രതിഭാസമാണ്. ഇവയെല്ലാം തീർച്ചയായും അപര്യാപ്തമാണ് എങ്കിലും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് അടിസ്ഥാനത്തിൽ വർഗങ്ങളുടെയും ധൈഷണികരുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും വളർച്ച പരിശോധിക്കാനുള്ള ഒരു തുടക്കം ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* കാണാം. അത് ഓരോ രാജ്യത്തിന്റെയും സ്ഥിതിഗതികൾക്കൊത്ത് മൂർത്തമായി പ്രയോഗിക്കുന്നത് ഓരോ രാജ്യത്തെയും മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാരുടെ കടമയാണ്. ഇറ്റലിയുടെ കാര്യത്തിൽ ഗ്രാംഷി അത് ചെയ്തിട്ടുണ്ടെന്ന് *ജയിൽക്കുറിപ്പുകളിൽ* ഉൾപ്പെട്ടതും അടുത്ത പേജുകളിൽ സംക്ഷേപിച്ച് പറയാൻ പോവുന്നതുമായ വിവരങ്ങളിൽനിന്ന് നമുക്ക് കിട്ടും.

ഇത് അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. സോവിയറ്റ് യൂണിയനിലെ വ്യവസായവൽക്കരണവും കാർഷിക നവീകരണവും നടപ്പിലാവാൻ തുടങ്ങിയതിന്റെ ഫലം മൂർത്തമായി വിലയിരുത്താൻ കഴിയുന്നതിനുമുമ്പാണ് *ജയിൽക്കുറിപ്പുകളിലെ* ധൈഷണികർ എന്ന ഭാഗം ഗ്രാംഷി എഴുതിയത്. വ്യവസായങ്ങളും കൃഷിയും തമ്മിൽ—പട്ടണപ്രദേശങ്ങളും നാട്ടിൻപുറങ്ങളും തമ്മിൽ—അതേവരെയുണ്ടായിരുന്ന അന്തരം കുറയ്ക്കാൻ സോവിയറ്റ് യൂണിയനിലെ ആസൂത്രണ പ്രക്രിയ സഹായിച്ചു.

കാർഷികരംഗത്തെ യന്ത്രവൽക്കരണം പട്ടണപ്രദേശങ്ങളിലെന്നപോലെ നാട്ടിൻപുറങ്ങളിലും ആധുനിക സാങ്കേതിക വിദ്യ പ്രചരിപ്പിക്കാൻ സഹായിച്ചു. പട്ടണപ്രദേശങ്ങളും നാട്ടിൻപുറങ്ങളും തമ്മിലുള്ള അകൽച്ച കുറയാൻ അത് ഇടയാക്കി. ഈ പുരോഗതി സ്വാഭാവികമായി ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* പ്രതിഫലിച്ചില്ല. അതുകൂടി കണക്കിലെടുത്ത് ഗ്രാംഷിയുടെ നിഗമനങ്ങൾ പുഷ്ടിപ്പെടുത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ ദർശനം

ധൈഷണികരെക്കുറിച്ചുള്ള പ്രബന്ധത്തിന്റെ ഒരു തരത്തിലുള്ള തുടർച്ചയാണ് 'വിദ്യാഭ്യാസത്തെക്കുറിച്ച്' എന്ന തലവാചകത്തിലുള്ള വിഭാഗം. എന്തുകൊണ്ടെന്നാൽ, ധൈഷണികരെ സൃഷ്ടിച്ചെടുക്കുന്നതിന്റെ പ്രധാന രൂപമാണ് വിദ്യാഭ്യാസം. "ഇന്നത്തെ വിദ്യാർഥികൾ നാളത്തെ പൗരന്മാർ" എന്ന പഴയ മുദ്രാവാക്യത്തിന്റെ പുത്തൻ രൂപമാണ് "ഇന്നത്തെ വിദ്യാർഥികൾ നാളത്തെ ധൈഷണികർ." നല്ലൊരു വിദ്യാഭ്യാസരീതി രൂപപ്പെടുത്താതെ രാജ്യത്തിന് പൊതുവിലോ തൊഴിലാളിവർഗത്തിന് വിശേഷിച്ചോ ധൈഷണികരെ സൃഷ്ടിക്കാനാവുകയില്ല.

ഗ്രാംഷി ജീവിച്ച കാലത്തെ ഇറ്റലിയിലെ വിദ്യാലയങ്ങൾ രണ്ട് തരത്തിലുള്ളവയായിരുന്നു: (1) യാതൊരു വ്യത്യസ്തതയും പുലർത്താത്ത പൊതുസംസ്കാരം വിദ്യാർഥികൾക്ക് നൽകുന്നതും സ്വയം ചിന്തിച്ച് തന്റെ ജീവിതമാർഗം കണ്ടുപിടിക്കാൻ അധ്യേതാക്കളെ സഹായിക്കുന്നതുമായ പരമ്പരാഗത വിദ്യാലയങ്ങൾ. അവയിലെ പഠനവിഷയങ്ങളെ മാനവിക വിജ്ഞാനമെന്ന് പൊതുപേരിൽ വിശേഷിപ്പിക്കാം. (2) ഇത്തരം വിദ്യാലയങ്ങൾക്ക് സമാന്തരമായി നിലനിൽക്കുന്നതും ഏതെങ്കിലും ജോലിയിൽ പരിശീലനം നൽകുന്നതുമായ (സാങ്കേതിക പരിശീലനം നൽകുന്ന) വിദ്യാലയങ്ങൾ.

ഈ രണ്ടുതരം വിദ്യാലയങ്ങളിൽ ആദ്യത്തേത് മേലാളവർഗങ്ങളിലെ കുട്ടികളെ പഠിപ്പിക്കാൻ ഉദ്ദേശിച്ചവയാണ്. അവർക്ക് പൊതുവിജ്ഞാനം നൽകി അവരുടെ സാംസ്കാരിക നിലവാരം ഉയർത്തുകയായിരുന്നു ഈ വിദ്യാലയങ്ങളുടെ ലക്ഷ്യം.

രണ്ടാമത്തവയാകട്ടെ, കീഴാളവർഗമെന്ന് പറയുന്നവർക്ക് ജീവിതോപാ

ധിയെന്ന നിലയ്ക്ക് ഏതെങ്കിലും തൊഴിൽ പരിശീലനം നൽകുന്നവയായിരുന്നു. പട്ടണപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും ഒരുപോലെ വ്യാവസായികമായ അടിത്തറ ഉയർന്നുവരാൻ തുടങ്ങിയപ്പോൾ അത് സംബന്ധിച്ച തൊഴിലുകളിൽ കീഴാള വർഗക്കാർക്ക് പരിശീലനം നൽകുന്നത് ആവശ്യമായിരുന്നു. അതിനുവേണ്ടിയാണ് സാങ്കേതിക പരിശീലനം നൽകുന്ന വിദ്യാലയങ്ങൾ ഉയർന്നുവന്നത്.

പരിഷ്കാര നിർദേശങ്ങൾ

എന്നാൽ, തൊഴിൽ പരിശീലനത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള സാങ്കേതിക വിദ്യാലയങ്ങൾ നല്ല നിലയിൽ നടക്കണമെങ്കിൽത്തന്നെ പൊതുവിദ്യാലയങ്ങളിൽ നൽകുന്ന ശാസ്ത്ര-കലാ-സാഹിത്യാദി മേഖലകളിൽ ഒരു അടിത്തറയുണ്ടാവണം. മാനവിക വിജ്ഞാനമെന്ന് വിളിക്കപ്പെടുന്ന ഈ ശാഖയിൽ അടിത്തറയുണ്ടായിട്ടുള്ളവർക്ക് മാത്രമേ സാങ്കേതിക പരിശീലനം പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ട് വിദ്യാഭ്യാസ രീതി പരിഷ്കരിക്കുന്നതിന് ഈ രണ്ടുതരം വിദ്യാലയങ്ങളെയും സമന്വയിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ രീതി ഗ്രാംഷി നിർദേശിച്ചു.

ഒന്നാമത്, 'മാനവിക വിഷയങ്ങളെ'ന്ന് പറയപ്പെടുന്ന കലാ-സാഹിത്യ-ശാസ്ത്രാദി വിഷയങ്ങളിൽ അറിവ് നൽകുന്നതോടൊപ്പംതന്നെ പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന അധ്യാപനം അധ്യേതാക്കളുടെ സാങ്കേതികവും തൊഴിൽപരവുമായ ദേഹാധ്വാനത്തിനുള്ള കഴിവ് വർധിപ്പിക്കുകയും അവരുടെ ധൈഷണിക പ്രവർത്തനത്തിനുള്ള കഴിവ് ഉയർത്തുകയും ചെയ്യണം.

രണ്ടാമത്, ഈ പൊതുവിദ്യാലയങ്ങളെത്തുടർന്ന് ഏതെങ്കിലും പ്രത്യേക മേഖലയിൽ ഉൽപ്പാദന പ്രവർത്തനത്തിനുള്ള കഴിവുണ്ടാക്കുന്ന പ്രത്യേക വിദ്യാലയങ്ങൾ വേണം.

ആദ്യത്തേതിനെ അവഗണിച്ചുകൊണ്ട് രണ്ടാമത്തവയെയോ രണ്ടാമത്തവ ഇല്ലാതെ ആദ്യത്തേവയെയോ മാത്രം ആശ്രയിച്ചുകൊണ്ടുള്ള അധ്യാപനരീതി അധ്യേതാക്കളുടെ ബഹുമുഖമായ കഴിവ് വികസിപ്പിക്കാൻ പര്യാപ്തമാവുകയില്ലെന്ന് ഗ്രാംഷി അഭിപ്രായപ്പെട്ടു.

ഈ രണ്ടുതരം വിദ്യാലയങ്ങളും തമ്മിലുള്ള ബന്ധവും വ്യത്യാസവും വിവരിച്ചതിനുശേഷം വിദ്യാലയങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ചുമതല ഭരണകൂടത്തിനായിരിക്കണമെന്ന് ഗ്രാംഷി ഉറപ്പിച്ചുപറയുന്നു. ഏത് തരത്തിൽപ്പെട്ട എത്ര ധൈഷണികർ സമൂഹത്തിനാവശ്യമുണ്ടെന്ന് നിശ്ചയിക്കുന്നതും അവരെ സൃഷ്ടിക്കുന്നതിനാവശ്യമായ വിദ്യാലയങ്ങൾക്കുവേണ്ട കെട്ടിടങ്ങളും മറ്റ് ഉപകരണങ്ങളും ശേഖരിക്കുന്നതിനും അധ്യേതാക്കളുടെ രക്ഷിതാക്കളടങ്ങുന്ന കുടുംബങ്ങളുടെ കൈയിൽനിന്ന് ഭരണയന്ത്രം ഏറ്റെടുക്കണം. എങ്കിൽ മാത്രമേ സമൂഹത്തിനാവശ്യമായ ധൈഷണികർ വളർത്തപ്പെടുകയുള്ളൂ.

അധ്യയനത്തിന്റെയും അധ്യാപനത്തിന്റെയും സംഘടനാസംവിധാനം വളരെ വലുതായിരിക്കണം. അത് സംഘടിപ്പിക്കാനുള്ള ചുമതല സമൂഹത്തിന്റെയാകെ പ്രതിനിധിയായി ഭരണയന്ത്രം ഏറ്റെടുക്കുകതന്നെ വേണം.

രണ്ട് ഘട്ടങ്ങൾ

പൊതുവിദ്യാഭ്യാസത്തിനുള്ള അധ്യാപനത്തെ രണ്ട് ഘട്ടമായി ഗ്രാംഷി വിഭജിക്കുന്നു. ആദ്യത്തെ ഘട്ടം കവിഞ്ഞാൽ മൂന്നോ നാലോ കൊല്ലം നീണ്ടുനിൽക്കാം. അതിൽ എഴുതാനും വായിക്കാനുമുള്ള കഴിവിനു പുറമെ കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം മുതലായവയ്ക്കു പുറമെ അന്ന് അവഗണിക്കപ്പെട്ടതായി ഗ്രാംഷി ചൂണ്ടിക്കാണിക്കുന്ന 'പൗരന്മാരുടെ അവകാശങ്ങളും കടമകളു'മെന്ന വിഷയംകൂടി പഠിപ്പിക്കണം. അങ്ങനെ പൗരസമൂഹത്തിലെ അംഗങ്ങളായി ജീവിക്കാനുള്ള കഴിവ് ഈ ഘട്ടത്തിൽ അധ്യേതാക്കൾക്കുണ്ടാകണം.

ഈ ഘട്ടത്തിലെ അധ്യാപനത്തിൽ സ്വാഭാവികമായി കാണാതെ പഠിക്കുന്ന അധ്യയനരീതിയുണ്ടായിരിക്കും. എന്നാൽ പൊതുവിദ്യാലയങ്ങളിലെ രണ്ടാം ഘട്ടമാവുമ്പോൾ—ആ ഘട്ടം ആറ് വർഷത്തിൽ അധികരിക്കരുത്—അധ്യേതാക്കളെ സ്വയം പഠനത്തിന് കഴിവുള്ളവരാക്കിയിരിക്കണം. അങ്ങനെ പതിനഞ്ചോ പതിനാറോ വയസ്സാവുമ്പോഴേക്ക് പൊതുവിദ്യാലയത്തിന്റെ രണ്ട് ഘട്ടങ്ങളും കടന്നുപോവുകയും അധ്യേതാക്കളുടെ വിജ്ഞാന ഭണ്ഡാരത്തോടൊപ്പം സ്വയം പഠനത്തിനുള്ള കഴിവ് വർധിക്കുകയും ചെയ്യും.

ഈ ഘട്ടം കഴിഞ്ഞ് സർവകലാശാലകളുടെ ഘട്ടമെത്തുമ്പോഴേക്ക് അധ്യേതാക്കളുടെ പ്രായത്തിനൊപ്പം അവരുടെ ധൈഷണികവും സാന്മാർഗികവുമായ നിലവാരം ഉയരും. കാണാപ്പാഠം പഠിക്കുകയെന്ന രീതിയിൽനിന്ന് സ്വതന്ത്രമായ ധൈഷണിക പ്രവർത്തനത്തിലേക്ക് അധ്യേതാക്കൾ ഉയർന്നുകഴിഞ്ഞിരിക്കും. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് അവരിൽ വളർന്നിരിക്കും. തങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന അച്ചടക്കത്തിനുപകരം തങ്ങൾ സ്വയം സൃഷ്ടിക്കുന്ന അച്ചടക്കത്തിന് വിധേയരായി വൈജ്ഞാനിക പഠനത്തിനോ തൊഴിൽ പരിശീലനത്തിനോ ഏർപ്പെടുന്ന യുവതീയുവാക്കളായി അധ്യേതാക്കൾ വളർന്നിരിക്കും.

ഇതോടുകൂടി ശാസ്ത്രീയ സ്വഭാവമുള്ള വൈജ്ഞാനിക പഠനങ്ങളിലും ഗവേഷണങ്ങളിലുമോ, വ്യവസായം, സർക്കാരുദ്യോഗം, വ്യാപാര സംഘാടനം മുതലായ സാങ്കേതിക ജോലികളിലോ ഏർപ്പെട്ട് ഉയർന്ന നിലവാരത്തിലുള്ള ധൈഷണികരായി അധ്യേതാക്കൾ വളർന്നിരിക്കും.

അധ്യാപനത്തിന്റെ തത്വം

വിദ്യാഭ്യാസ പരിഷ്കാരം സംബന്ധിച്ച തന്റെ നിർദേശങ്ങൾ വയ്ക്കുന്നതോടൊപ്പം ചില അധ്യാപന തത്വങ്ങളും ഗ്രാംഷി ആവിഷ്കരിക്കുന്നു.

ഒന്നാമത്, ഇറ്റലിയിലെ പരമ്പരാഗതമായ വിദ്യാലയങ്ങളിൽ പ്രധാനമായി പഠിപ്പിച്ചത് പ്രകൃതിശാസ്ത്രങ്ങളും സാമൂഹ്യരംഗത്തെ പൗര ബോധവുമാണ്. ഇത് രണ്ടും ശരിക്ക് നടക്കുകയാണെങ്കിൽ നിലവിലുള്ള അന്ധവിശ്വാസങ്ങൾ അകറ്റാൻ സഹായകരമായിരിക്കും. പക്ഷേ അതിന് പ്രകൃതിയും സമൂഹവും തമ്മിലുള്ള ബന്ധം, അതിന്റെ ഭാഗമായി അധ്യാപകരും വിദ്യാർഥികളും നടത്തുന്ന താത്വികവും പ്രായോഗികവുമായ പ്രവർത്തനം എന്നിവ ആവശ്യമാണ്. വെറും പുസ്ത പാരായണംകൊണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാധിക്കുകയില്ല.

രണ്ടാമത്, വിദ്യാർഥി ജനസാമാന്യവും താനും തമ്മിൽ അകൽച്ചയുണ്ടെന്ന് അധ്യാപകൻ മനസ്സിലാക്കണം. ആ അകൽച്ച മാറ്റാൻ അധ്യാപകൻ ബോധപൂർവം പ്രവർത്തിക്കണം. അതേയവസരത്തിൽ അധ്യേതാക്കളുടെ സാംസ്കാരിക നിലവാരം ഉയർത്താനുള്ള ബോധപൂർവമായ ശ്രമവും അധ്യാപകൻ നടത്തണം. എങ്കിൽ മാത്രമേ അധ്യേതാക്കൾക്ക് പുത്തൻ വിജ്ഞാനം നൽകുന്ന അധ്യാപകന് അധ്യേതാക്കളെ സ്വന്തം കാലിൽ നിൽക്കുന്ന 'ഒത്ത മനുഷ്യ'രായി വളർത്താൻ കഴിയുകയുള്ളൂ. അതായത്, അധ്യേതാക്കൾക്ക് ഇന്നില്ലാത്ത വിജ്ഞാനം പകർന്നുകൊടുക്കുന്ന അധ്യാപകൻ അവരെ സ്വന്തം കാലിൽ നിന്നുകൊണ്ട് സ്വയം ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരാക്കി വളർത്തിയെടുക്കണം.

മൂന്നാമത്, ഇറ്റലിയിലെ സ്കൂളുകളിൽ ഗ്രീക്ക്, ലാറ്റിൻ എന്നീ രണ്ട് ക്ലാസിക്കൽ ഭാഷകളും അവയുടെ വ്യാകരണം, സാഹിത്യം എന്നിവയും പഠിപ്പിച്ചിരുന്നു. അത് അധ്യേതാക്കളുടെ വളർച്ചയിൽ ഒരു പ്രധാന പങ്കുവഹിച്ചു. കാണാപ്പാഠം പഠിക്കുക, പഠിച്ചത് ആവർത്തിക്കുക എന്ന രീതി ഇതിലുണ്ടായിരുന്നു. അത് ആ ഘട്ടത്തിൽ ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ, ഈ പഠനത്തിന് ആവശ്യമായ പരിശീലനവും അച്ചടക്കവും ആ പ്രായത്തിൽ നേടുന്ന അധ്യേതാവ് അനന്തരകാല ജീവിതത്തിൽ സ്വയം പഠിച്ച് കൂടുതൽ വിജ്ഞാനം സമ്പാദിക്കാൻ കഴിവുള്ളവരായിത്തീരുന്നു.

ഈ വിധത്തിൽ ആദ്യകാലത്ത് സമ്പാദിക്കുന്ന വിജ്ഞാനവും അതിൽക്കൂടി രൂപപ്പെടുന്ന അച്ചടക്കവും ഭാവിജീവിതത്തിൽ പ്രയോജനപ്പെടും. അങ്ങനെ ചെറുപ്പകാലത്ത് ഗ്രീക്ക്, ലാറ്റിൻ ഭാഷകളുടെ വ്യാകരണത്തിന്റെയും സാഹിത്യത്തിന്റെയും പഠനത്തിലൂടെ ഉണ്ടാവുന്ന അച്ചടക്കം ഭാവിയിലെ സ്വയം പഠനത്തിനും ഗവേഷണത്തിനും സഹായകരമായിത്തീരുന്നു.

രാജ്യത്ത് പൊതുവിലെന്നപോലെ തൊഴിലാളിവർഗത്തിനിടയിലും ഡൈഷണികരെ വളർത്താൻ പ്രയോജനപ്പെടുന്ന മാധ്യമമെന്ന നിലയ്ക്കാണ് വിദ്യാഭ്യാസപ്രശ്നം ഗ്രാംഷി കൈകാര്യം ചെയ്തിട്ടുള്ളതെന്ന് ഇതിൽനിന്ന് വ്യക്തമാവും.

ആഗോള വിപ്ലവപ്രസ്ഥാനം

ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* പ്രസിദ്ധീകരിക്കപ്പെട്ട മൂന്നാമത്തെ വിഭാഗത്തിന്റെ തലക്കെട്ട് "ഇറ്റാലിയൻ ചരിത്രത്തെ സംബന്ധിച്ച കുറിപ്പുകൾ" എന്നാണ്.

എന്നാൽ ഇറ്റലിയുടെ മുഴുവൻ ചരിത്രവും ഇതിൽ ഇല്ല. 19–20 നൂറ്റാണ്ടുകളിലെ ചരിത്രം മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്.

കൂടാതെ ഈ കാലഘട്ടത്തിലെ ഇറ്റലിയുടെ ചരിത്രം മാത്രമല്ല യൂറോപ്പിന്റെയാകെ ചരിത്രം ഗ്രാംഷി വിശദീകരിക്കുന്നുണ്ട്. ഈ കാലഘട്ടത്തിലെ യൂറോപ്യൻ ചരിത്രമാകട്ടെ, മനുഷ്യസമൂഹത്തിന്റെ ചരിത്രത്തോട് ബന്ധപ്പെട്ടുമിരിക്കുന്നു. അതുകൊണ്ടാണ് "ആഗോള വിപ്ലവ പ്രസ്ഥാനം" എന്ന തലക്കെട്ട് ഈ ലേഖനത്തിന് കൊടുത്തിട്ടുള്ളത്.

ജയിൽക്കുറിപ്പുകളുടെ സമ്പാദകൻ ഈ 'ചരിത്രക്കുറിപ്പി'ന് ഒരു അവതാരിക എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നത് ഗ്രാംഷി തന്റെ ചരിത്രക്കുറിപ്പുകൾ എഴുതാൻ തുടങ്ങിയപ്പോൾ 'മത പരിഷ്കാരവും നവോത്ഥാനവും' എന്ന വിഷയത്തെക്കുറിച്ച് പഠനം നടത്താനാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതെന്നാണ്. അതിൽ അദ്ദേഹം അംഗീകരിച്ച താത്വിക സമീപനം ഗ്രാംഷിയുടെ തന്നെ വാക്കുകളിൽ ഇതായിരുന്നു:

> നവോത്ഥാനം ഒരു ബൃഹത്തായ പ്രസ്ഥാനമായിരുന്നു. അത് തുടങ്ങിയത് ക്രിസ്തബ്ദം ആയിരാമാണ്ടിലാണ്. അതിന്റെ പര്യവസാനമാണ് മാനവികതയും നവോത്ഥാനവും. അവയുടെ തുടക്കം ഇറ്റലിയിലായിരുന്നു. എന്നാൽ കൂടുതൽ വിശാലമായ അർഥത്തിൽ നവോത്ഥാനം ഇറ്റാലിയൻ മാത്രമായിരുന്നില്ല. അഖില

യൂറോപ്യനായ ഒരു ചരിത്രപ്രക്രിയയായിരുന്നു. പക്ഷേ ആ പുരോഗമന പ്രസ്ഥാനം തുടങ്ങിയത് ഇറ്റലിയിലായിരുന്നുവെങ്കിലും അവിടെത്തന്നെ അതിന് തിരിച്ചടിയുണ്ടാവുകയും ചെയ്തു. മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ നവോത്ഥാന പ്രസ്ഥാനം ചെന്നവസാനിച്ചത് ദേശീയ ഭരണകൂടങ്ങളുടെ സ്ഥാപനത്തിലാണ്. സ്പെയിൻ, ഫ്രാൻസ്, ഇംഗ്ലണ്ട്, പോർച്ചുഗൽ എന്നീ രാജ്യങ്ങളിൽ ദേശീയ ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെടുകയും പിന്നീട് ലോകത്തിലാകെ അവ പരക്കുകയും ചെയ്തു. ഇറ്റലിയിലാകട്ടെ, ദേശീയ ഭരണകൂടങ്ങൾക്കുപകരം മാർപ്പാപ്പയുടെ മേധാവിത്തമെന്ന ഒരു സ്വേച്ഛാധിപത്യ ഭരണകൂടം നിലവിൽവരികയാണ് ചെയ്തത്; അത് ഇറ്റലിയെത്തന്നെ ചെറുചെറു ഖണ്ഡങ്ങളായി വിഭജിച്ചു. നവോത്ഥാനത്തെ ഒരു ചരിത്രപ്രക്രിയയുടെ സാംസ്കാരിക രൂപമായി കണക്കാക്കാം. അത് അഖില യൂറോപ്യൻ മാനങ്ങളുടെ ഒരു ഇറ്റാലിയൻ ധൈഷണിക സമൂഹത്തെ വാർത്തെടുത്തു. ഈ ധൈഷണിക സമൂഹം രണ്ട് വിഭാഗമായി തിരിഞ്ഞു. ആദ്യത്തേത് മാർപ്പാപ്പയുടെ പദവിയുമായി ബന്ധപ്പെട്ടതും പ്രതിവിപ്ലവസ്വഭാവമുള്ളതുമായ ഒരു ആഗോളധർമം ഇറ്റലിയിൽ നിറവേറ്റി. രണ്ടാമത്തേത് രൂപപ്പെട്ടത് ഇറ്റലിക്ക് വെളിയിലായിരുന്നു. രാഷ്ട്രീയമോ മതപരമോ ആയ കാരണങ്ങളാൽ ഇറ്റലി വിട്ട കുറെപ്പേർ തങ്ങൾ ജീവിക്കുന്ന ഓരോ യൂറോപ്യൻ രാജ്യത്തും പുരോഗമനപരമായ ഒരു ആഗോളധർമം നിറവേറ്റി, അല്ലെങ്കിൽ സൈനികശക്തികൾ രാജ്യതന്ത്രം, എഞ്ചിനീയറിങ് മുതലായ മേഖലകളിൽ സാങ്കേതികമായ ചുമതലകൾ നിറവേറ്റുന്ന ആധുനിക ഭരണകൂടങ്ങളുടെ സംഘടനകളിൽ അവ പങ്കെടുത്തു.

അതായത്, ആധുനിക ബൂർഷ്വാസിയുടേതായ സാമൂഹ്യസംഘടന, രാഷ്ട്രീയ സംവിധാനം മുതലായവ രൂപപ്പെടുത്തി ദേശീയ ഭരണകൂടങ്ങൾ നിലവിൽ വരുന്നതിൽ അതിപ്രധാനമായ ഒരു പങ്ക് ഇറ്റലിയിൽ തുടങ്ങിയ നവോത്ഥാന പ്രസ്ഥാനം വഹിച്ചു. പക്ഷേ മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ രൂപംകൊണ്ട ദേശീയ ഭരണകൂടം ഇറ്റലിയിൽ നിലവിൽ വന്നില്ല. അതിന്റെ സ്ഥാനത്താണ് മാർപ്പാപ്പയുടെ ആഗോളാധിപത്യവും ആസ്ട്രിയ ആസ്ഥാനമാക്കിയ മധ്യകാല സാമ്രാജ്യാധിപത്യവും നിലവിൽ വന്നത്. അങ്ങനെ മറ്റ് യൂറോപ്യൻ രാജ്യങ്ങളും ഇറ്റലിയും തമ്മിൽ ഒരു വിടവ് പ്രത്യക്ഷപ്പെട്ടു.

ബൂർഷ്വാ ആധുനികതയുടെ പല അംശങ്ങളും സ്പെയിൻ, ഇംഗ്ലണ്ട്, പോർച്ചുഗൽ മുതലായ യൂറോപ്യൻ രാജ്യങ്ങളിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. ആ പ്രക്രിയ ഫ്രാൻസിൽ 1789 ലെ ചരിത്രപ്രധാന വിപ്ലവമായി രൂപംകൊണ്ടു. അതിന്റെ അല മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെല്ലാം അടിച്ചു. ഫ്രഞ്ച് വിപ്ലവത്തെ പ്രതിനിധാനംചെയ്ത നെപ്പോളിയന്റെ

പട്ടാളശക്തി മറ്റ് മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ആധിപത്യംനേടി. ഈ വിദേശീയ (ഫ്രഞ്ച്) പട്ടാളത്തിനെതിരേയുള്ള ദേശീയ ചെറുത്തുനിൽപ്പുബോധം ഈ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം വ്യാപിക്കുകയും അതിന്റെ ഫലമായി നെപ്പോളിയൻ പരാജയപ്പെടുകയും ചെയ്തു. ആ പ്രക്രിയയിലാണ്, നേരത്തേ പറഞ്ഞതുപോലെ സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽ ദേശീയ ഭരണകൂടങ്ങൾ നിലവിൽവന്നത്. ഒരു ദേശീയ ജനതയ്ക്ക് സ്വന്തം രാജ്യവും ഭരണകൂടവും എന്നുള്ള പുത്തൻ സ്ഥിതി ലോകത്തിലാദ്യമായി യൂറോപ്പിൽ വന്നു.

എന്നാൽ ഈ പ്രക്രിയയിൽനിന്ന് തികച്ചും വിട്ടുനിൽക്കുകയായിരുന്നു ഇറ്റലി. അതൊരു ദേശീയജനതയുടെ രാജ്യമല്ലായിരുന്നു. ആസ്ട്രിയ ആസ്ഥാനമാക്കി നിലനിന്ന (ജർമൻ ജനതയുടേതായ) സാമ്രാജ്യത്തിന്റെ അഭേദ്യഭാഗമായിരുന്നു ഇറ്റലി. പോരെങ്കിൽ അവിടെ ദാർശനികമായും മതപരമായും ആധിപത്യം ചെലുത്തിയത് മാർപ്പാപ്പയുടെ പിന്തിരിപ്പൻ സാംസ്കാരിക വ്യവസ്ഥയായിരുന്നുതാനും.

ഇതിൽനിന്ന് മോചനം നേടാനാണ് ഇറ്റലിയിലെ പുരോഗമനവാദികൾ ദേശീയൈക്യത്തിനുവേണ്ടി പോരാടൻ തുടങ്ങിയത്. ആസ്ട്രിയൻ സാമ്രാജ്യത്വത്തിന്റെ കീഴാളത്തമെന്ന പദവി കളഞ്ഞ് ഇറ്റലിയെ സ്വതന്ത്രമാക്കുക, ചിന്നിച്ചിതറിക്കിടക്കുന്ന ഇറ്റാലിയൻ പ്രദേശങ്ങളെയാകെ ഏകോപിപ്പിച്ച് ഒരു ദേശീയ (ഇറ്റാലിയൻ) രാഷ്ട്രം രൂപപ്പെടുത്തുക, ഇറ്റാലിയൻ ജനതയെ മാർപ്പാപ്പയുടെ പിന്തിരിപ്പൻ ആശയ മേധാവിത്വത്തിൽനിന്ന് രക്ഷപ്പെടുത്തുക—ഈ ലക്ഷ്യങ്ങൾ വച്ചാണ് 'ഇറ്റലിയെ ഏകീകരിക്കുന്നതിനുള്ള പ്രസ്ഥാനം' രൂപപ്പെട്ടത്.

ഈ പ്രസ്ഥാനത്തിനകത്ത് രാഷ്ട്രീയ മിതവാദികൾക്കായിരുന്നു ആശയ പരവും രാഷ്ട്രീയവുമായ മേധാവിത്തം. അതിന് സമാന്തരമായി പുരോഗമനക്കാരുടേത് എന്നറിയപ്പെടുന്ന മറ്റൊരു വിഭാഗം കൂടി ഉണ്ടായിരുന്നുവെങ്കിലും അവയും മിതവാദി വിഭാഗത്തിന്റെ ആശയപരമായ നേതൃത്വത്തിന് കീഴടങ്ങിയിരുന്നു. ഫ്രഞ്ച് വിപ്ലവത്തിന്റെ ഭാഗമായി ഉയർന്നതുപോലെ സർവതലസ്പർശിയായ ഒരു ഇടതുപക്ഷപ്രസ്ഥാനം ഇറ്റലിയിൽ രൂപപ്പെട്ടില്ല.

1830 കളിലും 40 കളിലും 50 കളിലുമായി വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ വിപ്ലവങ്ങൾ നടക്കുകയുണ്ടായല്ലോ. അവയിൽ പലതിലും ഇടതുപക്ഷ വിഭാഗക്കാർ ശക്തമായി മുന്നേറിയിരുന്നു. അതിന്റെ ഭാഗമായാണ് മാർക്സിന്റെയും എംഗൽസിന്റെയും നേതൃത്വത്തിൽ ഒരു കമ്യൂണിസ്റ്റ് പ്രസ്ഥാനം വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ രൂപപ്പെട്ടത്. ഇറ്റലിയിലാകട്ടെ, ഇടതുപക്ഷ പ്രവണതകൾ പ്രകടിപ്പിച്ച വിപ്ലവ പ്രസ്ഥാനങ്ങൾപോലും ബൂർഷ്വാ മിതവാദി വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു. ഇങ്ങനെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ ഇറ്റലി മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ പിറകിൽപ്പെട്ടു.

ഇതിന്റെ കഥ പറയാൻ ഗ്രാംഷിയെ പ്രേരിപ്പിച്ചത് ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്ന് ഇറ്റലിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും അടിച്ചുവീശിയ പ്രതിലോമ പ്രസ്ഥാനക്കൊടുങ്കാറ്റാണ്. ഇറ്റലിയിൽ മുസോളിനിയുടെ ഫാഷിസം, ജർമനിയിൽ ഹിറ്റ്ലറുടെ നാസിസം മുതലായ പ്രസ്ഥാനങ്ങൾ ഉയർന്നുവരികയും വിപ്ലവ തൊഴിലാളിവർഗ പ്രസ്ഥാനത്തെ അടിച്ചമർത്തുകയും ചെയ്തപ്പോൾ ആ പ്രതിഭാസത്തെക്കുറിച്ച് വസ്തുനിഷ്ഠമായ പഠനം നടത്തണമെന്ന് ഗ്രാംഷിക്ക് തോന്നി. അതിന്റെ ഫലമായാണ് പ്രധാനമായി ഇറ്റലിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണെങ്കിലും യൂറോപ്യൻ ഭൂഖണ്ഡത്തിലും ലോകത്തിനാകെയും ബാധകമായ ഒരു ചരിത്രാവലോകനം നടത്താൻ ഗ്രാംഷിയും മറ്റ് ഇറ്റാലിയൻ കമ്യൂണിസ്റ്റ് നേതാക്കളും തീർച്ചയാക്കിയത്.

ഇതു സംബന്ധിച്ച് ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയിലും കമ്യൂണിസ്റ്റ് ഇന്റർനാഷണലിലും നടന്ന ചർച്ചകൾ ഇതിനുമുമ്പ് പരാമർശിച്ചിട്ടുണ്ട്. തൊഴിലാളിവർഗ പ്രസ്ഥാനത്തിനും മറ്റെല്ലാ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും ഭീഷണിയായിത്തീർന്ന ഈ പുത്തൻ ദുഷ്ടശക്തിയെ തുറന്നുകാട്ടുകയും അതിനെ എതിർക്കാൻവേണ്ട തന്ത്രങ്ങൾ മെനഞ്ഞെടുക്കുകയും ചെയ്യുന്നതിൽ ഗ്രാംഷി അതിപ്രധാനമായ പങ്ക് വഹിച്ചു. പക്ഷേ ഈ ദുഷ്ടശക്തി വളർന്നുവരാനുണ്ടായ ചരിത്ര സാഹചര്യം സംബന്ധിച്ച താത്വിക പഠനം നടത്താൻ ജയിലിൽ എത്തിയതിനുശേഷമേ ഗ്രാംഷിക്ക് കഴിഞ്ഞുള്ളൂ. അതാണ് *ജയിൽക്കുറിപ്പുകളു*ടെ ഭാഗമായ *ഇറ്റാലിയൻ ചരിത്രക്കുറിപ്പുകൾ*.

ഇറ്റാലിയൻ ചരിത്രക്കുറിപ്പുകൾ എന്നാണ് തലവാചകമെങ്കിലും 1789 ലെ ഫ്രഞ്ച് വിപ്ലവത്തെത്തുടർന്ന് ആഗോള വിപ്ലവപ്രസ്ഥാനത്തിനുണ്ടായ തിരിച്ചടിയെ മൊത്തത്തിൽ ഗ്രാംഷി വിലയിരുത്തുന്നു. യൂറോപ്യൻ രാജ്യങ്ങളിലോരോന്നിലും ഓരോ തരത്തിലാണ് പ്രത്യക്ഷപ്പെട്ടതെങ്കിലും നെപ്പോളിയൻ സംഘടിപ്പിച്ച യൂറോപ്യൻ യുദ്ധങ്ങളും അതിൽ ഫ്രഞ്ച് വിപ്ലവശക്തികൾക്കേറ്റ തിരിച്ചടിയും മൊത്തത്തിൽ പരിശോധിക്കുകയാണ് ഗ്രാംഷി.

നെപ്പോളിയന്റെ പരാജയത്തെത്തുടർന്ന് യൂറോപ്പിലാകെ അലയടിച്ച പ്രതിവിപ്ലവക്കൊടുങ്കാറ്റ്, അതിനെ നേരിട്ടുകൊണ്ട് 1830 കളിലും 40 കളിലും വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നടന്ന വിപ്ലവങ്ങൾ, അവയെത്തുടർന്ന് 1871 ൽ പാരീസിൽ നടന്ന തൊഴിലാളിവർഗ വിപ്ലവം, അതിന്റെ കൂടുതൽ ഉയർന്ന രൂപമായ 1917 ലെ റഷ്യൻ വിപ്ലവം, അതിനെത്തുടർന്ന് വിവിധ രാജ്യങ്ങളിൽ അടിച്ചുകയറിയ വിപ്ലവക്കൊടുങ്കാറ്റും നാലഞ്ച് വർഷങ്ങൾക്കുള്ളിൽ അതിനേറ്റ തിരിച്ചടിയും—ഇതെല്ലാമാണ് ഗ്രാംഷി പരിശോധിക്കുന്നത്. ഇതോരോന്നും ആഗോള വിപ്ലവപ്രക്രിയയുടെ അഭേദ്യഭാഗങ്ങളാണെന്ന് ഗ്രാംഷി വിലയിരുത്തുന്നു. വിപ്ലവം, പ്രതിവിപ്ലവം, വീണ്ടുമൊരു വിപ്ലവമുന്നേറ്റമെന്ന ഗതിക്രമത്തിലാണ് ചരിത്രം മുന്നേറുന്നതെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു.

ഗ്രാംഷി തന്റെ *ജയിൽക്കുറിപ്പുകളെ*ഴുതി ആറ് പതിറ്റാണ്ടിനുശേഷമാണ് ആഗോളതലത്തിൽ വിപ്ലവ പ്രക്രിയയ്ക്ക് മറ്റൊരു ഭയങ്കര തിരിച്ചടിയുണ്ടായത്. സോവിയറ്റ് യൂണിയനടക്കമുള്ള മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ മുതലാളിത്തത്തിലേക്കുള്ള തിരിച്ചടി തുടങ്ങിയ സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അത് നടന്ന ഉടൻ ആഗോള സോഷ്യലിസത്തിന്റെ അന്ത്യമായെന്നും ആഗോള മുതലാളിത്തത്തിന് സുരക്ഷിതത്വം കിട്ടിയെന്നും സോഷ്യലിസത്തിന്റെ ശത്രുക്കൾ വിളിച്ചുകൂവി. അവർക്കുള്ള ചുട്ടമറുപടിയാണ് വിപ്ലവം, പ്രതിവിപ്ലവം, വീണ്ടും വിപ്ലവമുന്നേറ്റം എന്ന ഗതിക്രമത്തിലുള്ള ലോകചരിത്ര പുരോഗതിയെന്ന ഗ്രാംഷിയുടെ കണ്ടെത്തൽ.

അതിലേക്ക് നേരത്തേതന്നെ മാർക്സും എംഗൽസും ലെനിനും വിരൽ ചൂണ്ടിയിരുന്നു എന്നത് നേരാണ്. പക്ഷേ 1917 ലെ റഷ്യൻ വിപ്ലവത്തെത്തുടർന്നുണ്ടായ പ്രതിവിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ ഈ മാർക്സ്-എംഗൽസ്-ലെനിൻ സിദ്ധാന്തം പുഷ്ടിപ്പെടുത്തുന്നത് ആവശ്യമായിരുന്നു. ആ പുത്തൻ പ്രതിവിപ്ലവ പ്രക്രിയയുടെ പ്രധാന ഇരകളിലൊന്നായ ഇറ്റലിയിലെ തൊഴിലാളിവർഗ ധൈഷണികൻതന്നെ ആ ജോലി ചെയ്യേണ്ടിയിരുന്നു. ഇതാണ് ജയിൽക്കുറിപ്പുകളുടെ ഭാഗമായ *ഇറ്റാലിയൻ ചരിത്രക്കുറിപ്പുകളുടെ* പ്രാധാന്യം.

ഇതു സംബന്ധിച്ച ഗ്രാംഷിയുടെ കണ്ടെത്തലിന് ചരിത്രപരമായി മാത്രമല്ല വിപ്ലവതന്ത്രത്തിന്റെ കാര്യത്തിലും അതിയായ പ്രാധാന്യമുണ്ട്. എന്തുകൊണ്ടെന്നാൽ, രണ്ട് വിപ്ലവ മുന്നേറ്റങ്ങൾക്കിടയിൽ അടിച്ചുവീശുന്ന പ്രതിവിപ്ലവക്കൊടുങ്കാറ്റിന്റെ സാഹചര്യത്തിൽ തൊഴിലാളിവർഗ വിപ്ലവകാരികൾ എങ്ങനെ പെരുമാറണമെന്ന മാർഗദർശനംകൂടി *ഇറ്റാലിയൻ ചരിത്രക്കുറിപ്പുകളിൽ* ഗ്രാംഷി നമുക്ക് പറഞ്ഞുതരുന്നു.

പ്രതിവിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ രണ്ട് തെറ്റായ പ്രവണതകൾ തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനത്തിൽ പ്രത്യക്ഷപ്പെട്ടേക്കാം. രണ്ടിനുമെതിരേ ഗ്രാംഷി വിരൽ ചൂണ്ടുന്നു.

പ്രതിവിപ്ലവപ്രസ്ഥാനം വിജയിച്ചുകഴിഞ്ഞ സാഹചര്യത്തിലും ആ സത്യം മനസ്സിലാക്കാതെ വിപ്ലവ വേലിയേറ്റത്തിന്റെ കാലത്തുണ്ടായ അതേ (കയറിയടിക്കുന്ന) സമീപനമാണ് ഒരുവശത്ത്. മറ്റൊരുവശത്താകട്ടെ, പ്രതിവിപ്ലവത്തിനകത്തുതന്നെയുള്ള വൈരുധ്യങ്ങൾ കാണാതെ വീണ്ടും വിപ്ലവ മുന്നേറ്റം ഉണ്ടാവാൻ പോവുന്നുവെന്ന് മനസ്സിലാക്കാതെ പ്രതിവിപ്ലവത്തിന് കീഴടങ്ങുന്നു. രണ്ടും തെറ്റാണെന്ന് ചൂണ്ടിക്കാണിച്ച് വീണ്ടും പ്രത്യക്ഷപ്പെടാനിരിക്കുന്ന വിപ്ലവ മുന്നേറ്റത്തിന് പ്രതിവിപ്ലവം കൊടികുത്തിവാഴുന്ന ഘട്ടത്തിൽപ്പോലും തയ്യാറെടുക്കുക എന്ന സമീപനമാണ് ഗ്രാംഷി നിർദേശിച്ചത്.

ഇതിനുവേണ്ടി യുദ്ധം നടത്തുന്നതിന്റെ തന്ത്രം സംബന്ധിച്ച ഒരാശയം കടമെടുക്കുന്നു. ശത്രുവിന്റെ യഥാർഥ ശക്തി മനസ്സിലാക്കി തൽക്കാലം

കയറിയടിക്കാൻ പുറപ്പെടാതെ ക്ഷമയോടെ കാത്തിരിക്കുകയും അനുകൂല സ്ഥിതിഗതി വരുമ്പോൾ കയറിയടിക്കാൻ തയ്യാറാവുകയും ചെയ്യുക എന്ന യുദ്ധതന്ത്രമാണ് ഗ്രാംഷി നിർദേശിക്കുന്നത്. വിപ്ലവ പ്രക്രിയയുടെ ഒരു ഘട്ടത്തിൽ കയറിയടിക്കലാണ് പ്രാധാന്യമെങ്കിൽ മറ്റൊരു ഘട്ടത്തിൽ കാത്തിരിപ്പും ഭാവിയിലേക്കുള്ള തയ്യാറെടുപ്പും അനിവാര്യമാണ്.

ആഗോള വിപ്ലവ പ്രക്രിയയുടെ കാര്യത്തിൽ പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ ഇംഗ്ലണ്ട്, ഹോളണ്ട് മുതലായ ചില രാജ്യങ്ങളിൽ നടന്ന വിപ്ലവങ്ങളുടെ കാലത്ത് കയറിയടിക്കലിനായിരുന്നു പ്രാധാന്യം. 1789 ലെ ഫ്രഞ്ച് വിപ്ലവത്തിലും 1848 ലെയും 1871 ലെയും യൂറോപ്യൻ വിപ്ലവങ്ങളിലും കയറിയടിക്കലിനുതന്നെയായിരുന്നു പ്രാധാന്യം. ഈ വിപ്ലവങ്ങളോരോന്നും കഴിഞ്ഞ് പ്രതിവിപ്ലവം നടന്നപ്പോൾ കാത്തിരിക്കൽ-തയ്യാറെടുക്കൽ തന്ത്രത്തിന് പ്രാധാന്യം കിട്ടി. 1917 ലെ റഷ്യൻ വിപ്ലവത്തിൽ വീണ്ടും കയറിയടിക്കൽ തന്ത്രമായിരുന്നു പ്രധാനം. പക്ഷേ പിന്നീട് ഇറ്റലിയടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിൽ ഫാഷിസം വളർന്നുവരാൻ തുടങ്ങിയപ്പോൾ കാത്തിരുപ്പ്തന്ത്രം ആവശ്യമായിവന്നു. ഈ ഘട്ടത്തിലാണ് ഗ്രാംഷി തന്റെ *കുറിപ്പുകളെഴുതിയത്.*

പക്ഷേ ഇതുകഴിഞ്ഞ് അധികം ചെല്ലുന്നതിനുമുമ്പ് ഇന്റർനാഷണലിന്റെ 7-ാം കോൺഗ്രസ്സ് അംഗീകരിച്ച നയസമീപനത്തിലൂടെ കയറിയടിക്കൽ തന്ത്രം പ്രാവർത്തികമാക്കി; അത് ഫാഷിസ്റ്റ്വിരുദ്ധ വിജയത്തിൽച്ചെന്ന് കലാശിച്ചു. അതിനെത്തുടർന്ന് ശത്രുവിന്റെ 'ശീതസമര'തന്ത്രത്തെ നേരിടാൻ കാത്തിരിക്കൽ-തയ്യാറെടുക്കൽ തന്ത്രം അംഗീകരിക്കേണ്ടിവന്നു. ഇപ്പോൾ (സോവിയറ്റ് യൂണിയൻ അടക്കമുള്ള കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ തിരിച്ചടിയുണ്ടായതിനെത്തുടർന്ന്) ഒരിക്കൽക്കൂടി കാത്തിരിക്കൽ-തയ്യാറെടുക്കൽ തന്ത്രം അംഗീകരിക്കേണ്ടിവന്നിരിക്കുന്നു.

താത്വികമായെന്നപോലെ പ്രായോഗികതലത്തിലും അതിപ്രധാനമായ ഒരു നിലപാടാണ് ഗ്രാംഷി ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. തുടർന്നുള്ള പ്രകരണങ്ങളിലും അത് അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

അതൊന്നും ഗ്രാംഷിയുടെ പുത്തൻ കണ്ടുപിടിത്തമല്ല, മാർക്സും എംഗൽസും ലെനിനും ആവിഷ്കരിച്ചതിന്റെ വിശദീകരണമാണ് എന്നു വേണമെങ്കിൽ പറയാം. പക്ഷേ ആഗോള സോഷ്യലിസത്തിന് ഭയങ്കരമായ ഒരു തിരിച്ചടിയുണ്ടായ കാലത്ത് അതിനെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും മാർക്സ്-എംഗൽസ്-ലെനിൻ സിദ്ധാന്തങ്ങൾ പുതിയ പരിതഃസ്ഥിതിയിൽ വികസിപ്പിച്ചെടുക്കുകയും ചെയ്തുവെന്നമെച്ചം ഗ്രാംഷിയുടെ ഈ കൃതിക്കുണ്ട്.

"അഭിനവ രാജകുമാരൻ"

ഇതേവരെ സംഗ്രഹിച്ചുചേർത്ത മൂന്ന് പ്രബന്ധങ്ങൾക്ക് ഒരു പൊതു തലക്കെട്ടുണ്ടായിരുന്നു: "ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പ്രശ്നങ്ങൾ." ഇനി സംക്ഷേപിക്കാൻ പോകുന്ന മൂന്ന് ഭാഗങ്ങളുടെ പൊതു തലക്കെട്ട് 'രാഷ്ട്രീയക്കുറിപ്പുകൾ' എന്നാണ്. അവയിൽ ആദ്യ ത്തേതിന്റെ തലക്കെട്ടാണ് 'അഭിനവ രാജകുമാരൻ'

മക്കിയവെല്ലിയിൽനിന്ന് മാർക്സിലേക്ക്

സ്പെയിൻ, ഫ്രാൻസ്, ഇംഗ്ലണ്ട് മുതലായ ചില യൂറോപ്യൻ രാജ്യങ്ങ ളിൽ ആധുനിക രാജഭരണത്തിന്റെ സ്വേച്ഛാധിപത്യ വാഴ്ച രൂപപ്പെട്ട പ്പോൾ ആ പ്രക്രിയ ഇറ്റലിയിൽ നടന്നില്ലെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അത് ഇറ്റലിയിലും നടക്കുന്നതിന്റെ ആവശ്യം ഊന്നിപ്പറയുന്ന ഒരു രാഷ്ട്രമീമാംസാ ഗ്രന്ഥമാണ് മക്കിയവെല്ലി എഴുതിയ *രാജകുമാരൻ*.

രാജവാഴ്ചയുടെ സ്വേച്ഛാധിപത്യത്തിന്റെ ശാസ്ത്രഗ്രന്ഥമാണത്. അതിലെ 'രാജകുമാര'നെ ആധുനിക മുതലാളിത്തത്തിന്റെ കാലഘട്ടവുമായി ബന്ധപ്പെടുത്തുകയാണ് ഗ്രാംഷി ഇവിടെ ചെയ്യുന്നത്. രാജവാഴ്ചയു ടേതായ സ്വേച്ഛാധിപത്യത്തിൽനിന്ന് തൊഴിലാളിവർഗത്തിന്റെ കൂട്ടു നേതൃത്വം ഉയർന്നുവരാൻ തുടങ്ങിയെന്ന സവിശേഷതയാണ് ഗ്രാംഷി ഊന്നിപ്പറയുന്നത്.

ഈ മാറ്റത്തിന്റെ സൈദ്ധാന്തികനായാണ് ഗ്രാംഷി മാർക്സിനെ എടുത്തു പറയുന്നത്. 'അഭിനവ രാജകുമാരൻ' എന്ന പ്രകരണത്തിന്റെ ഒരു ഖണ്ഡി കയുടെ തലക്കെട്ടുതന്നെ "മാർക്സും മക്കിയവെല്ലിയും" എന്നാണ്. വിപ്ലവ രാഷ്ട്രീയത്തിന്റെ രണ്ട് സൈദ്ധാന്തികരാണ് മക്കിയവെല്ലിയും മാർക്സും

എന്ന് ഗ്രാംഷി എടുത്തു പറയുന്നു—മക്കിയവെല്ലി ബൂർഷ്വാ വിപ്ലവ രാഷ്ട്രീയത്തിന്റെയും മാർക്സ് തൊഴിലാളിവർഗ രാഷ്ട്രീയത്തിന്റെയും.

ആ അടിസ്ഥാനത്തിൽ മക്കിയവെല്ലിയുടെ രാജകുമാരനെപ്പോലുള്ള ഒരു വിപ്ലവ നേതൃമാതൃക മാർക്സിസവും കാട്ടിത്തരുന്നു. പക്ഷേ മക്കിയവെല്ലിയുടെ 'രാജകുമാര'നെപ്പോലെ 'വീരനായക'നായ ഒരു വ്യക്തിയല്ല മാർക്സിന്റെ തൊഴിലാളിവർഗ രാഷ്ട്രീയത്തിന്റെ നേതാവ്, പിന്നെയോ ആധുനിക തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ മർദിതരും പീഡിതരുമായ ജനകോടികൾ സൃഷ്ടിക്കുന്ന കൂട്ടായ്മയാണ്. അതാണ് തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയപ്പാർട്ടി.

ജയിൽക്കുറിപ്പുകളിൽ പ്രസിദ്ധീകരിച്ച മറ്റ് ലേഖനങ്ങളിലെന്നപോലെ ഇതിലും തന്റെ അഭിപ്രായങ്ങൾ ഗ്രാംഷി വെട്ടിത്തുറന്ന് പറയുന്നില്ല. ഇതെഴുതുമ്പോൾ അദ്ദേഹം ജയിലിലായിരുന്നുവെന്ന പരിമിതിക്കു പുറമെ സൈദ്ധാന്തിക വിശകലമാണ് അദ്ദേഹത്തിന്റെ രചനാരീതിയെന്നു കൂടി മനസ്സിലാക്കണം. ജയിലിലാകുന്നതുവരെ ഗ്രാംഷിക്കുണ്ടായിരുന്ന പ്രായോഗിക പ്രവർത്തകനെന്ന സ്വഭാവമല്ല ഇതിലും *ജയിൽക്കുറിപ്പുകളിൽ*പ്പെട്ട മറ്റ് ലേഖനങ്ങളിലും നാം കാണുന്നത്; നേരേമറിച്ച് ഗ്രാംഷിയിലെ ദാർശനികനാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

പക്ഷേ മാർക്സിസ്റ്റുകാരായ ദാർശനികർ 'പ്രപഞ്ചത്തെ വ്യാഖ്യാനിക്കുന്നതോടൊപ്പം അതിനെ മാറ്റിമറിക്കുകകൂടി ചെയ്യു'ന്നവരാണല്ലോ. അങ്ങനെ രാഷ്ട്രമീമാംസാപരമായ ഗ്രാംഷിയുടെ ദാർശനിക വിശകലന രീതി സമകാലീന രാഷ്ട്രീയവുമായി യഥാർഥത്തിൽ ബന്ധപ്പെട്ടുകിടക്കുന്നു. ഈ പ്രകരണത്തിനുള്ള ആവശ്യമാണ് ഇവിടെ സംക്ഷേപിച്ച് ചേർക്കുന്നത്. ദാർശനിക തലത്തിലുള്ള വിശകലനത്തിന്റെ അടിയിലുള്ള രാജ്യമീമാംസാസിദ്ധാന്തമാണ് ഇവിടെ സംഗ്രഹിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നത് എന്നർഥം.

ഭരണത്തിന്റെ ഇരട്ട സ്വഭാവം

ഭരണകർത്താക്കളും ഭരണീയരും തമ്മിൽ രാഷ്ട്രീയ നേതാക്കളും നയിക്കപ്പെടുന്നവരും തമ്മിൽ മൗലികമായുള്ള വ്യത്യാസവും അവർ തമ്മിലുള്ള ബന്ധവും മുതൽക്കാണ് ഗ്രാംഷിയുടെ രാജ്യമീമാംസാ തത്വ വിചാരം തുടങ്ങുന്നത്.

ഭരണകർത്താക്കൾ ഭരണീയരുടെയും രാഷ്ട്രീയ നേതാക്കൾ നയിക്കപ്പെടുന്നവരുടെയും മേൽ ചെലുത്തുന്ന സ്വാധീനം രണ്ടുതരത്തിലുണ്ടെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു. ആദ്യത്തേത് ബലപ്രയോഗമാണ്.

ഭരണതലത്തിൽ ആധിപത്യംവഹിക്കുന്ന വർഗത്തിന്റെ ശത്രുക്കളുടെ മേൽ ഇതാണ് സ്വാധീനം ചെലുത്തുന്നത്. ഉദാഹരണത്തിന് ബൂർഷ്വാ സമൂഹത്തിലെ ഭരണയന്ത്രം ഒരുവശത്ത് ഫ്യൂഡൽ പ്രഭുക്കന്മാർക്കും

മറുവശത്ത് ദരിദ്ര ജനകോടികൾക്കും എതിരേ ബലപ്രയോഗം നടത്തുന്നു. അതുകൊണ്ടാണ് 'ബൂർഷ്വാ സമൂഹത്തിലെ ജനാധിപത്യം അവസാന വിശകലനത്തിൽ സർവാധിപത്യ'മാണെന്ന് മാർക്സും എംഗൽസും ലെനിനും ചൂണ്ടിക്കാണിച്ചത്.

ദരിദ്ര ജനകോടികളും അവർക്ക് നേതൃത്വം കൊടുക്കുന്ന തൊഴിലാളി വർഗവുമാകട്ടെ വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്ന കാലത്ത് ശത്രുവർഗമായ ബൂർഷ്വാസിക്കെതിരേ ബലപ്രയോഗമടക്കമുള്ള എല്ലാ സമരമാർഗങ്ങളും പ്രയോഗിക്കുന്നു. റഷ്യയിലെ ടോൾസ്റ്റോയി, ഇന്ത്യയിലെ ഗാന്ധി മുതലായവർ ഉയർത്തിപ്പിടിച്ച അഹിംസാസിദ്ധാന്തം ഒരു രാജ്യത്തെയും തൊഴിലാളിവർഗം ബൂർഷ്വാസിക്കെതിരായ രാഷ്ട്രീയ സമരത്തിൽ പിന്തുടരുന്നില്ല. ബൂർഷ്വാസിക്കെതിരായ വിപ്ലവസമരം വിജയിച്ച് പുതിയ തൊഴിലാളിവർഗ ഭരണകൂടം നിലവിൽ വരുമ്പോഴാകട്ടെ സ്ഥാനഭ്രഷ്ടരായ ഭരണവർഗങ്ങളെ ബലംപ്രയോഗിച്ച് അടിച്ചമർത്താൻ തൊഴിലാളിവർഗം മടിക്കുന്നില്ല. അതുകൊണ്ടാണ് തൊഴിലാളിവർഗ വിപ്ലവത്തിനുശേഷമുള്ള ഭരണകൂടത്തെ 'തൊഴിലാളിവർഗ സർവാധിപത്യ'മെന്ന് മാർക്സും എംഗൽസും ലെനിനും വിശേഷിപ്പിച്ചത്.

പക്ഷേ ബൂർഷ്വാ മേധാവിത്തത്തിലായാലും തൊഴിലാളിവർഗ സർവാധിപത്യത്തിലായാലും അതായത് ഘട്ടത്തിലെ ഭരണവർഗത്തിന്റെ സഖ്യശക്തികളുടെമേൽ ബലപ്രയോഗം നടത്താൻ ഒരു വർഗവും തയ്യാറാവുകയില്ല. ആശയപരമായ പ്രചാരണം, ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ മുതലായവ വഴി ബന്ധുവർഗങ്ങളെ കൂടെ നിർത്തിക്കൊണ്ടാണ് ശത്രുവർഗങ്ങൾക്കെതിരേ ആഞ്ഞടിക്കുന്നത്. അതുകൊണ്ടാണ് തൊഴിലാളിവർഗ സർവാധിപത്യത്തിന്റെ അഭേദ്യഭാഗമായി 'തൊഴിലാളി കർഷകസമരസഖ്യം' കെട്ടിപ്പടുക്കുന്നത്.

ഇതിന്റെ ഭാഗമായി വേണം 'പാർട്ടി സംഘടനയ്ക്കത്ത് ജനാധിപത്യ കേന്ദ്രീകരണ'മെന്ന തത്വത്തെ കാണാൻ. വിശാലമായ ഉൾപ്പാർട്ടി ജനാധിപത്യം, കർശനമായ കേന്ദ്രീകൃത നേതൃത്വം എന്നിവയുടെ സമഞ്ജസമായ 'ജനാധിപത്യ കേന്ദ്രീകരണം.' അതിലേതെങ്കിലും ഒന്നിനെ ദുർബലപ്പെടുത്തിയാൽ സംഘടനയാകെ തകരും.

കമ്യൂണിസ്റ്റ് ഇന്റർനാഷണലിനകത്ത് ഉൾപ്പാർട്ടി ജനാധിപത്യത്തിന് ആപത്ത് വന്നുകൊണ്ടിരിക്കുന്നില്ലേ എന്ന ആശങ്ക ഗ്രാംഷിക്ക് ഉണ്ടായിരുന്നതായി ഇതിനുമുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ആ ആശങ്ക അസ്ഥാനത്തായിരുന്നില്ലെന്ന് അനന്തരകാല ചരിത്രം തെളിയിക്കുകയും ചെയ്തു. അതിന്റെ ഫലമായി ലോക കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന് വന്ന ദൗർബല്യംകൂടി കണക്കിലെടുത്ത് 'തൊഴിലാളിവർഗ സർവാധിപത്യ'ത്തിന്റെയും 'ജനാധിപത്യ കേന്ദ്രീകരണ'ത്തിന്റെയും രണ്ട് വശങ്ങൾക്ക് ഒന്നുപോലെ ഊന്നൽ നൽകുന്നത് ഇന്നത്തെ ആവശ്യമായിത്തീർന്നിരിക്കുന്നു.

പ്രാദേശികത, ദേശീയത, സാർവദേശീയത

പ്രാദേശിക ചിന്താഗതികളെ നിയന്ത്രിച്ചുനിർത്തുകയും ദേശീയതയ്ക്ക് മുൻതൂക്കം നൽകുകയുമാണ് മക്കിയവെല്ലിയുടെ *രാജകുമാരൻ* ചെയ്തത്. ഗ്രാംഷിയുടെ 'അഭിനവരാജകുമാര'നാവട്ടെ പ്രാദേശികത, ദേശീയത, സാർവദേശീയത എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് തൊഴിലാളിവർഗത്തിന്റേതായ ദേശീയതയും സാർവദേശീയതയും ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുന്നത്.

ഇതിന്റെ ഉജ്വലമായ ദൃഷ്ടാന്തമാണ് മിക്കവാറും യൂറോപ്പിൽ ഒതുങ്ങിനിന്ന ഒന്നും രണ്ടും ഇന്റർനാഷണലുകൾക്കു പകരം (മൂന്നാം കമ്യൂണിസ്റ്റ്) ഇന്റർനാഷണൽ വന്നപ്പോൾ യൂറോപ്പിലെന്നപോലെ ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും വേരുള്ള ഒരു കമ്യൂണിസ്റ്റ് പ്രസ്ഥാനം രൂപപ്പെട്ടത്. അത് താരതമ്യേന പ്രാരംഭദശയിലായിരുന്ന കാലത്താണ് ഗ്രാംഷി ജീവിച്ചത്. ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം ഗണനീയമായ ഒരു ആഗോള ശക്തിയായി ഉയർന്നുവരാൻ ഇടയാക്കിയ 7-ാം കോൺഗ്രസ്സ് നടക്കുമ്പോൾ ഗ്രാംഷിയുടെ ജയിൽജീവിതം ഒൻപത് വർഷം പിന്നിട്ടുകഴിഞ്ഞിരുന്നു. തുടർന്ന് രണ്ടുവർഷത്തിനുള്ളിൽ അദ്ദേഹം അന്തരിക്കുകയും ചെയ്തു.

ഇന്നാകട്ടെ സാർവദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രതീകങ്ങളായിരുന്ന കമ്യൂണിസ്റ്റ് ഇന്റർനാഷണലും സോവിയറ്റ് യൂണിയനും ഇല്ലാതായിരിക്കുന്നു. ആ കാരണം പറഞ്ഞ് ആഗോള കമ്യൂണിസം തകർന്നുവെന്ന് എതിരാളികൾ വിളിച്ചുകൂവുന്നുണ്ട്. പോരെങ്കിൽ മുൻ സോവിയറ്റ് യൂണിയനിലെ റിപ്പബ്ലിക്കുകൾ, കിഴക്കൻ യൂറോപ്പിലെ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾ, പശ്ചിമേഷ്യയിലും മറ്റ് പലയിടങ്ങളിലും (ഇന്ത്യയിൽത്തന്നെയും) പ്രാദേശികതയുടേതടക്കം പല സങ്കുചിത ചിന്താഗതികളും ശക്തിപ്പെട്ടുവരികയാണുതാനും.

പക്ഷേ ഈ ശിഥിലീകരണ ശക്തികളെയെല്ലാം അതിജീവിച്ചുകൊണ്ട് പ്രാദേശികത, ദേശീയത, സാർവദേശീയത, ജാതിമതാദി വിഘടന ശക്തികൾ എന്നിവയെയെല്ലാം മറികടന്നുകൊണ്ടുള്ള ആഗോള പുരോഗമനശക്തികൾ പുനരുജ്ജീവിക്കപ്പെട്ടുവരികയാണ്. മാർക്സും എംഗൽസും ആദ്യം രൂപപ്പെടുത്തി പിന്നീട് ലെനിൻ വികസിപ്പിച്ചെടുത്ത 'ആഗോള തൊഴിലാളിവർഗത്തിന്റെയും മർദിത ജനകോടികളുടെയും ഐക്യമെന്ന ആശയം അധികമധികം ശക്തിപ്പെട്ടുവരികയാണ്. അതാണ് ഗ്രാംഷി വിഭാവനം ചെയ്ത 'അഭിനവരാജകുമാരൻ'.

അതിന്റെ പുരോഗതിയിൽ തടസ്സങ്ങളുണ്ടാവാം. എന്നാൽ അവയെ മുറിച്ചുകടന്ന് തൊഴിലാളിവർഗത്തിന്റെ സാർവദേശീയത അതിന്റെ ഭാഗമായിത്തന്നെ ദേശീയ സ്വാതന്ത്ര്യവും ഐക്യവും, ദേശീയൈക്യത്തിനകത്ത് പ്രാദേശികതയുടെ വ്യക്തിത്വം എന്നിവയെല്ലാമുള്ള ഒരു ഭൂഗോള മാനവികത രൂപംകൊള്ളുമെന്ന ശുഭപ്രതീക്ഷയോടെ 'അഭിനവരാജകുമാരൻ' (തൊഴിലാളിവർഗത്തിന്റെ വിപ്ലവ രാഷ്ട്രീയ നേതൃത്വം) മുന്നേറുകയാണ്.

ദരിദ്രജനസാമാന്യം, തൊഴിലാളിവർഗം, പാർട്ടി

'അഭിനവ രാജകുമാര'നെക്കുറിച്ചുള്ള ഈ സംക്ഷിപ്ത വിശദീകരണം അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു പ്രശ്നം കൈകാര്യം ചെയ്യേണ്ടതുണ്ട്. പാർട്ടിക്ക് തൊഴിലാളിവർഗത്തോടും തൊഴിലാളിവർഗത്തിന് ദരിദ്ര ജനസാമാന്യത്തോടുമുള്ള ബന്ധം സംബന്ധിച്ച പ്രശ്നമാണ് ഇവിടെ വിവക്ഷിക്കുന്നത്.

മാർക്സും എംഗൽസും ലെനിനും തൊട്ട് ലോക വിപ്ലവപ്രസ്ഥാനത്തിന്റെ നേതാക്കന്മാരെല്ലാം ഊന്നിപ്പറഞ്ഞ ഒരു തത്വം ഇതാണ്: വിപ്ലവം നടത്തുന്നത് സമർഥനായ ഒരു നേതാവോ സമർഥനായ ഏതാനും നേതാക്കളുടെ കൂട്ടുകെട്ടോ അല്ല, ജനങ്ങൾ തന്നെയാണ്. അവരുടെ ഇച്ഛാശക്തിയും കർമശേഷിയും വളർന്ന് ശക്തിപ്പെടുമ്പോൾ മാത്രമേ വിപ്ലവം വിജയിക്കുകയുള്ളൂ. ബഹുഭൂരിപക്ഷം ജനങ്ങളെ പങ്കുകൊള്ളിച്ചുകൊണ്ടല്ലാതെ ഒരു വിപ്ലവവും വിജയിക്കുകയില്ല.

തൊഴിലാളികളുടെയും കൃഷിക്കാരുടെയും പടയാളികളുടെയും വിപ്ലവ വീര്യത്തെയും കർമശേഷിയെയും ആസ്പദമാക്കിയാണ് 1917 ലെ റഷ്യൻ വിപ്ലവം നടന്നത്.

1949 ലെ ചൈനീസ് വിപ്ലവമാകട്ടെ, നാട്ടിൻ പുറങ്ങളിലെ പട്ടിണിപ്പാവങ്ങൾ പട്ടണപ്രദേശങ്ങളിലെ തൊഴിലാളികളുടെയും ബുദ്ധിജീവികളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചതിനാലാണ് വിജയകരമായത്.

ഇറ്റലിയിൽത്തന്നെ ഫാക്ടറി കൗൺസിലുകളെ ആസ്പദമാക്കിയ തൊഴിലാളിവർഗ നേതൃത്വവും നാട്ടിൻപുറങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങളും ഒരു വിപ്ലവ സഖ്യത്തിലേർപ്പെട്ടാൽ മാത്രമേ വിജയം കൈവരിക്കാനാവൂ എന്ന് ഗ്രാംഷി ചൂണ്ടിക്കാണിച്ചിരുന്നു.

ഈ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വം പ്രാവർത്തികമാക്കണമെങ്കിൽ ദരിദ്ര ജനസാമാന്യത്തിന്റെ വിപ്ലവക്കരുത്ത് കെട്ടഴിച്ചുവിടണം. പട്ടണപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള അധ്വാനിക്കുന്ന ബഹുജനങ്ങളുടെ സമരസംഘടനകൾ സ്വതന്ത്രമായി പ്രവർത്തിക്കണം. അവയ്ക്ക് ആശയപരവും രാഷ്ട്രീയവുമായ നേതൃത്വം നൽകുന്നതിൽ തൊഴിലാളിവർഗ വിപ്ലവപ്പാർട്ടി മുൻനിൽക്കുമ്പോൾത്തന്നെ അതിന്റെ ഭാഗമായി ദരിദ്ര ജനസാമാന്യത്തിന്റെ പൊരുതുന്ന സംഘടനകൾ സ്വതന്ത്രമായി പ്രവർത്തിക്കണം.

വിപ്ലവപ്രസ്ഥാനം ഏതുവഴിക്ക് എങ്ങനെ നീങ്ങുമെന്ന് കാണാനുള്ള കഴിവാണ് പാർട്ടിക്കു വേണ്ടത്; അത് ജനങ്ങളെയാകെ പഠിപ്പിക്കുകയും വേണം. പക്ഷേ ആശയപരമായും രാഷ്ട്രീയമായും പാർട്ടി നൽകുന്ന ഈ നേതൃത്വം ദരിദ്ര ജനകോടികളുടെ വിപ്ലവശക്തിയെ കെട്ടഴിച്ചുവിടുന്നതിന് തടസ്സമായിക്കൂടാ. വിപ്ലവസംഘടനകൾക്ക് മൂന്ന് ഘടകങ്ങളുണ്ടെന്ന് ഗ്രാംഷി പറയുന്നു:

ഒന്നാമത്, അച്ചടക്കവും വർഗക്കൂറുമുള്ള സാധാരണക്കാരുടേതായ ബഹുജനപ്രവർത്തകരുടെ ഒരു സംഘടന. ഇതില്ലാതെ പാർട്ടിക്ക് നിലനിൽപ്പില്ല.

രണ്ടാമത്, ഈ വിപ്ലവകാരികളെ ഏകോപിപ്പിച്ചും സംഘടനാപരമായും നിർത്താനുള്ള ഒരു കേന്ദ്രീകൃത നേതൃത്വം. ഇതില്ലാതെ ആദ്യത്തെ ഘടകത്തിന് പ്രയോജനകരമായി ഒന്നും ചെയ്യാനാവില്ല. ഇതില്ലെങ്കിൽ പടനായകന്മാരില്ലാത്ത പട്ടാളമായിത്തീരും പ്രസ്ഥാനം.

മൂന്നാമത്, ഇവർക്ക് രണ്ടിനുമിടയിൽ നിന്നുകൊണ്ട് രണ്ടിനെയും ബന്ധപ്പെടുത്തുന്ന ഒരു നിർണായക ഘടകം. ഇതുകൂടിയില്ലാതെ പാർട്ടിക്ക് പ്രവർത്തിക്കാനാവുകയില്ലെന്ന് ഗ്രാംഷി തീർത്തുപറയുന്നു.

വസ്തുനിഷ്ഠ സാഹചര്യങ്ങളും ആത്മനിഷ്ഠ ശക്തികളും

ഈ മൂന്ന് ഘടകങ്ങളുമുണ്ടായാലും വിപ്ലവ പ്രവർത്തനം യാഥാർഥ്യമാവണമെങ്കിൽ ജനകോടികളെ ഇളക്കിമറിക്കുന്ന ഒരു വിപ്ലവ പരിതഃസ്ഥിതിയുണ്ടാവണം. ആ പരിതഃസ്ഥിതി പാർട്ടി നേതാക്കളുടെയോ പാർട്ടിയുടെയാകെത്തന്നെയോ ഇച്ഛാശക്തികൊണ്ടുമാത്രം നടക്കുകയില്ല. വിപ്ലവം നടക്കുന്നതിന് അനുകൂലമായ ഒരു വസ്തുനിഷ്ഠ സാഹചര്യം കൂടി രൂപപ്പെടുത്തണം. അത് രൂപപ്പെടുന്നതുകണ്ട് പഠിക്കാനും അതിന്റെ സവിശേഷതകൾ മനസ്സിലാക്കാനുമുള്ള കഴിവാണ് തൊഴിലാളിവർഗത്തിന്റെ വിപ്ലവ രാഷ്ട്രീയപ്പാർട്ടിയെ മറ്റ് രാഷ്ട്രീയ ശക്തികളിൽനിന്ന് വേർതിരിക്കുന്നത്.

ഈ വസ്തുനിഷ്ഠാസാഹചര്യം രൂപപ്പെട്ടുവരുമ്പോൾത്തന്നെ അതിനെ ഉപയോഗിച്ച് സ്ഥിതിഗതികളെ എവിടേക്ക് കൊണ്ടുപോകാമെന്ന വ്യക്തമായ ധാരണ തൊഴിലാളിവർഗ നേതൃത്വത്തിനുണ്ടാവണം. അത് ഉണ്ടായതിനാലാണ് 1917 ലെ റഷ്യൻ വിപ്ലവവും 1949 ലെ ചൈനീസ് വിപ്ലവവും വിയറ്റ്നാം, കൊറിയ, ക്യൂബ മുതലായ രാജ്യങ്ങളിലെ വിപ്ലവങ്ങളും നടന്നത്.

വസ്തുനിഷ്ഠ സാഹചര്യം വിലയിരുത്തി വിപ്ലവത്തെ ഏതു വഴിക്ക് കൊണ്ടുപോകണമെന്ന് കാണാനുള്ള കഴിവ് ഇല്ലാതായതിനാലാണ് സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസത്തിന് തിരിച്ചടികൾ നേരിട്ടത്. ആ കഴിവ് അവിടങ്ങളിലേതിനെക്കാൾ കൂടുതൽ ഉണ്ടായിരുന്നതിനാലാണ് ചൈനയും വിയറ്റ്നാമും കൊറിയയും ക്യൂബയും ആ ദുർഗതിയിൽനിന്ന് രക്ഷപ്പെട്ടത്.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാവും. തൊഴിലാളിവർഗത്തിന്റെ വിപ്ലവ രാഷ്ട്രീയ നേതൃത്വമെന്നാൽ മാർക്സ്-എംഗൽസ്-ലെനിൻ കൃതികൾ ഉരുവിട്ടുപഠിക്കൽ മാത്രമല്ല അവയുടെ ഉള്ളടക്കം സ്വായത്തമാക്കി സ്വന്തം രാജ്യത്തെ മൂർത്ത പരിതഃസ്ഥിതിക്കൊത്ത് പ്രയോഗിക്കാനുള്ള കഴിവുകൂടി മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർക്കുണ്ടാവണം. ലെനിന്റെ

ഭാഷയിൽ 'മൂർത്ത പരിതഃസ്ഥിതികളെ മൂർത്തമായ രീതിയിൽ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിക്കലാണ് മാർക്സിസം'.

ആ ശ്രമം സ്വന്തം രാജ്യത്തിന്റെ കാര്യത്തിൽ വിജയകരമായി നടത്തിയെന്നതാണ് വിപ്ലവം പരാജയപ്പെട്ടതിനുശേഷം ഇറ്റലിയിലെ തൊഴിലാളിവർഗ ധൈഷണികനും വിപ്ലവ നേതാവുമായ ഗ്രാംഷി ആഗോള വിപ്ലവ പ്രസ്ഥാനത്തിന് നൽകിയ അമൂല്യ സംഭാവന. *ജയിൽക്കുറിപ്പുകളിൽ* പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ പ്രകരണത്തിലും അത് പ്രകടമായിക്കാണാം.

ആഗോള വിപ്ലവത്തിനെതിരെ ഫാഷിസം

ഗ്രാംഷിയുടെ 'രാഷ്ട്രീയക്കുറിപ്പുകളി'ൽ രണ്ടാമത്തേതും അതിപ്രധാനവുമായ വകുപ്പിന്റെ തലക്കെട്ട് ഇതായിരുന്നു: 'പൗരസമൂഹവും ഭരണകൂടവും".

സാമൂഹ്യ സംഘടനകൾ, മതത്തിന്റേതടക്കമുള്ള സാംസ്കാരിക സംഘടനകൾ, തൊഴിലാളി-കർഷകാദി ബഹുജനങ്ങളുടെ വർഗസംഘടനകൾ, രാഷ്ട്രീയ പ്പാർട്ടികൾ മുതലായവയിലൂടെ ജനങ്ങൾക്കിടയിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാനാണ് 'പൗരസമൂഹം' ശ്രമിക്കുന്നത്. അത് പരാജയപ്പെടുകയും പോലീസ്, പട്ടാളം, ജയിൽ മുതലായ മർദനോപകരണങ്ങൾ പ്രയോഗിക്കേണ്ടിവരികയും ചെയ്യുമ്പോഴാണ് 'ഭരണകൂടം' നിലവിൽവരുന്നത്.

വർഗസ്വഭാവം

'പൗരസമൂഹ'ത്തിനും 'ഭരണകൂട'ത്തിനും ഒരേ വർഗസ്വഭാവമാണുള്ളത്. രണ്ടിന്റെയും തലപ്പത്തിരിക്കുന്നത് ചൂഷകവർഗങ്ങളാണ്. ബഹുഭൂരിപക്ഷം വരുന്ന ജനകോടികൾക്കെതിരേയാണ് രണ്ടും നീങ്ങുന്നത്.

പക്ഷേ രണ്ടും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ബഹുഭൂരിപക്ഷം വരുന്ന ജനകോടികളുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിന് ചൂഷകവർഗങ്ങൾ ഉപയോഗിക്കുന്ന 'മാർഗം' 'പൗരസമൂഹ'ത്തിൽ സമാധാനപരമാണ്— 'ഭരണകൂട'ത്തിൽ ബലപ്രയോഗപരവും.

സ്ഥലകാലഭേദമനുസരിച്ച് സമാധാനപരമോ ബലപ്രയോഗത്തിന്റേതോ ആയ മാർഗങ്ങളുപയോഗിച്ച് ജനകോടികളെ കീഴ്പ്പെടുത്താൻ ചൂഷകവർഗങ്ങൾ ഉപയോഗിക്കുന്ന രണ്ടായുധങ്ങളാണ് 'പൗരസമൂഹ'വും 'ഭരണകൂട'വുമെന്നർഥം.

രണ്ടിന്റെയും പ്രവർത്തനത്തെ നിയന്ത്രിക്കുന്നത് വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിന്റെ നിയമങ്ങളാണ്. വർഗസമൂഹത്തിലെ വിരുദ്ധ വർഗങ്ങൾ തമ്മിലോ ചൂഷകവർഗങ്ങൾക്കകത്തുതന്നെയുള്ള വിവിധ വിഭാഗങ്ങൾ തമ്മിലോ വൈരുധ്യം മൂർച്ഛിച്ച് വർഗസമൂഹത്തിന് പഴയപടി തുടരാൻ ആവാതിരിക്കുമ്പോഴാണ് സമാധാനത്തിന്റെ മാർഗം ഉപേക്ഷിച്ച് ബലപ്രയോഗത്തിന്റെ മാർഗം ചൂഷകവർഗങ്ങൾ അംഗീകരിക്കുന്നത്.

എന്നാൽ ഇതുകൊണ്ടും ഫലമുണ്ടാകുന്നില്ല. ചൂഷകവർഗങ്ങളുടെ ബലപ്രയോഗത്തിനെതിരേ ചൂഷിത വർഗങ്ങൾ സമാധാനപരമോ ബലപ്രയോഗത്തിന്റേതോ ആയ മാർഗങ്ങൾ ഉപയോഗിച്ച് ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്നു. അത് ഒരു വിപ്ലവത്തിൽ ചെന്നെത്തുന്നു.

ഇതിന് ഉദാഹരണങ്ങൾ പറയുന്ന കൂട്ടത്തിൽ ഇന്ത്യയിലെ ഗാന്ധിയൻ സമരമാർഗങ്ങളെയും ഗ്രാംഷി പരാമർശിക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണത്തിനെതിരേ ഗാന്ധി അംഗീകരിച്ച സമരമുറകളിൽ മൂന്ന് പ്രധാന രൂപങ്ങളുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഒന്ന്, ആത്മരക്ഷയുടേത്. ഇതിന് ഉദാഹരണമാണ് വിദേശവസ്തു ബഹിഷ്കരണം. രണ്ട്, നേരിട്ടുള്ള സമരം. ഇതിന്റെ ഉദാഹരണമാണ് പണിമുടക്കുകൾ. മൂന്ന് രഹസ്യമായ ആയുധ ശേഖരണം (ഇത് ഗാന്ധിയൻ സമരമുറകളുടെ ഭാഗമല്ലെങ്കിലും ആ സമരമുറകൾക്ക് സമാന്തരമായി ദേശീയ വിപ്ലവകാരികൾ സംഘടിപ്പിക്കുന്നതാകയാൽ അതിനെ ഗാന്ധിയൻ സമരമുറകളുടെ ഭാഗമായി ഗ്രാംഷി കണക്കാക്കുന്നു).

ഇന്ത്യയിലെ ഗാന്ധിയൻ സമരമുറകളെന്നപോലെ ജർമനിയിലും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളിലുമുള്ള വിപ്ലവ സമരമുറകളും ഗ്രാംഷി പരാമർശിക്കുന്നുണ്ട്. വർഗസമരം മൂർച്ഛിക്കുമ്പോഴുണ്ടാവുന്ന വിവിധ സമരമാർഗങ്ങളാണ് ഗ്രാംഷി ഇവിടെ പരാമർശിക്കുന്നത്.

സീസറിസം, ബോണോപ്പാർട്ടിസം, ഫാഷിസം

ഇങ്ങനെ വർഗസമരം മൂർച്ഛിക്കുന്നതിന്റെ ഭാഗമായി 'ഭരണകൂട'ത്തിലെയും ബലപ്രയോഗത്തിന്റെയും മാർഗത്തിന് മുൻതൂക്കം കിട്ടുന്ന മൂന്ന് സാഹചര്യങ്ങൾ ഗ്രാംഷി പരിശോധിക്കുന്നു. (1) പ്രാചീന ചരിത്രകാലത്ത് ജൂലിയസ് സീസറുടെ നേതൃത്വത്തിൽ രൂപപ്പെട്ട ഏകാധിപത്യവാഴ്ച അല്ലെങ്കിൽ 'സീസറിസം'. (2) 1789 ലെ വിപ്ലവത്തെത്തുടർന്ന് ഫ്രാൻസിൽ രൂപപ്പെട്ട നെപ്പോളിയൻ ബോണോപ്പാർട്ടിന്റെ ഒന്നാം 'ബോണോപ്പാർട്ടിസ'വും അതിന്റെ മൂന്നും നാലും പതിപ്പുകളും. (3) 1917 ലെ റഷ്യൻ വിപ്ലവത്തെത്തുടർന്ന് അടിച്ചുവീശിയ വിപ്ലവ വേലിയേറ്റത്തെ അടിച്ചമർത്തുന്നതിന് ബൂർഷ്വാസി കരുപ്പിടിപ്പിച്ച യൂറോപ്യൻ ഫാഷിസം.

ഇതോരോന്നിനെയും വിലയിരുത്തുമ്പോൾ അതാത് പ്രസ്ഥാനം രൂപപ്പെടാൻ ഇടയാക്കിയ രാഷ്ട്രീയ സാഹചര്യം ഗ്രാംഷി വിലയിരുത്തുന്നു.

സാമൂഹ്യ വൈരുധ്യങ്ങൾ പൊതുവിലും വർഗവൈരുധ്യം വിശേഷിച്ചും മൂർച്ഛിക്കുന്നതിന്റെ ഫലമായി നിലവിലുള്ള സാമൂഹ്യ വ്യവസ്ഥ തകരുന്നു; പക്ഷേ അതിന്റെ തലപ്പത്തിരിക്കുന്നവരെ അധികാരഭ്രഷ്ടരാക്കി സ്വയം ഭരണാധികാരം കൈയടക്കാൻ കെൽപ്പുള്ള ഒരു രാഷ്ട്രീയ ശക്തിയും നിലവിലില്ല. ആ സാഹചര്യത്തിൽ തനിക്കുപിന്നിൽ ജനങ്ങളെ അണി നിരത്താൻ കഴിവുള്ള ഒരു വ്യക്തി ഉയർന്നുവരുന്നു.

ഭരണവർഗങ്ങൾക്കിടയിലെ വിവിധ വിഭാഗങ്ങൾക്കും സമൂഹത്തിലെ വിരുദ്ധ വർഗങ്ങൾക്കും ഇടയിൽനിന്നും ഈ വ്യക്തി സ്വാധീനം ചെലുത്തുന്നു. അങ്ങനെയാണ് പൗരാണിക ചരിത്രത്തിൽ സീസറും ആധുനിക ബൂർഷ്വാചരിത്രത്തിൽ ബോണോപ്പാർട്ടുമാരും റഷ്യൻവിപ്ലവത്തിനു ശേഷം ഫാഷിസവും രൂപപ്പെട്ടത്. അത് ഓരോന്നിന്റെയും 'സ്വേച്ഛാധിപത്യവാഴ്ച'യെന്നുമാത്രം വിശേഷിപ്പിച്ച് ലളിതവൽക്കരിക്കരുത്. മൂർച്ഛിച്ചുവരുന്ന സാമൂഹ്യ വൈരുധ്യങ്ങളുടെ പ്രകടനമായി വേണം അതിനെ കാണാൻ.

'സീസറിസ'വും 'ബോണോപ്പാർട്ടിസ'വും രണ്ട് ചരിത്ര കാലഘട്ടങ്ങളിൽ രണ്ട് വിരുദ്ധ പങ്കുകൾ നിറവേറ്റുന്നുണ്ടെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു. സീസറുടെയും ഒന്നാം ബോണോപ്പാർട്ടിന്റെയും ചരിത്രപരമായ പങ്ക് സമൂഹത്തിലെ പുരോഗമന ശക്തികളെ ബലപ്പെടുത്തുന്നതായിരുന്നു. നേരേമറിച്ച് പിന്നീടുവന്ന ബോണോപ്പാർട്ടിസവും റഷ്യൻ വിപ്ലവത്തിനുശേഷം രൂപപ്പെട്ട യൂറോപ്യൻ ഫാഷിസവും പുരോഗമനശക്തികളെ തകർക്കുന്നതിൽ പിന്തിരിപ്പൻ ശക്തികൾക്ക് സഹായംനൽകി.

പുതിയ ഘട്ടം

ആധുനിക തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനത്തിന്റെ രംഗപ്രവേശത്തോടുകൂടി സമൂഹത്തിലെ പുരോഗമനശക്തികളും പിന്തിരിപ്പൻ ശക്തികളും തമ്മിലുള്ള സമരം ഒരു പുതിയ ഘട്ടത്തിലെത്തി. ജനലക്ഷങ്ങൾക്ക് പങ്കാളിത്തമുള്ള വർഗബഹുജന സംഘടനകൾ, അവർക്ക് നേതൃത്വം നൽകുന്ന രാഷ്ട്രീയപ്പാർട്ടികൾ, ആശയ പ്രചാരണത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന പത്രമാസികാദി മാധ്യമങ്ങൾ, ഇവയെല്ലാം സമർഥമായി ഉപയോഗിക്കുന്ന പാർലമെന്ററി സമരരീതി എന്നിവയടങ്ങുന്ന തൊഴിലാളിവർഗ സമരമുറ രൂപപ്പെട്ടു.

ഈ സാഹചര്യത്തിൽ സീസറിനെയും ബോണോപ്പാർട്ടിനെയും മറ്റും പോലുള്ള 'വീരനായകന്മാർ'ക്കുപകരം 'അഭിനവ രാജകുമാരൻ' എന്ന് ഗ്രാംഷി വിളിക്കുന്ന തൊഴിലാളിവർഗപ്പാർട്ടി രംഗത്തെത്തും. പുരോഗമനപരമായ പങ്കുവഹിക്കുന്ന 'ബോണോപ്പാർട്ടിസ'ത്തിനുപകരം തൊഴിലാളിവർഗത്തിന്റെ വിപ്ലവനേതൃത്വം രൂപപ്പെട്ടുവരും. വിപ്ലവകാരികളായ വർഗങ്ങളുടെയും ജനവിഭാഗങ്ങളുടെയും നേതൃത്വത്തിലുള്ള 'സംയുക്ത ബോണോപ്പാർട്ടിസം' രൂപപ്പെടും. മാർക്സും എംഗൽസും *മാനിഫെസ്റ്റോ*യിൽ ചൂണ്ടിക്കാണിച്ചതുപോലെ, "ചരിത്രത്തിലാദ്യമായി ബഹുഭൂരിപക്ഷം

ജനങ്ങൾ ന്യൂനപക്ഷം വരുന്ന ഭരണവർഗങ്ങളുടെമേൽ ആധിപത്യം നേടുക എന്ന സ്ഥിതി" സംജാതമാവും.

ആഗോള തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനം

ഈ കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിനാണ് മാർക്സും എംഗൽസും ചേർന്ന് ഒന്നാം ഇന്റർനാഷണൽ, എംഗൽസിന്റെ സജീവ നേതൃത്വത്തിൽ രണ്ടാം ഇന്റർനാഷണൽ, ലെനിന്റെ നേതൃത്വത്തിൽ മൂന്നാം ഇന്റർനാഷണൽ എന്നിവ രൂപപ്പെട്ടത്. അവയുടെ പ്രവർത്തന ഫലമായി ലോക തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനം ഒരു സംഘടിത ശക്തിയായി രൂപംകൊണ്ടു. റഷ്യയെന്ന ഒരു രാജ്യത്തെങ്കിലും, സോഷ്യലിസ്റ്റ് സമൂഹനിർമാണം തുടങ്ങി. അതിന്റെ നേട്ടങ്ങളാൽ ആകൃഷ്ടരായ ലോക തൊഴിലാളിവർഗവും സാമ്രാജ്യമേധാവിത്വത്തിനിരയായ അധീനരാജ്യങ്ങളിലെ ജനകോടികളും സാമൂഹ്യവിപ്ലവം എന്ന ലക്ഷ്യംവച്ച് പോരാടാൻ തുടങ്ങി.

ആ പോരാട്ടത്തിന്റെ ഒരു പ്രധാന ഘട്ടമാണ് ഇറ്റലിയിൽ തുടങ്ങിവച്ചതും ജർമനിയിൽ ഭീമാകാരം പൂണ്ടതുമായ ഫാഷിസം. അതിനെതിരേ ജനകോടികളെ അണിനിരത്താനുള്ള നേതൃത്വം കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ 7-ാം കോൺഗ്രസ്സ് നൽകി.

ആ സംഭവം നടക്കുമ്പോൾ ഗ്രാംഷി ജയിലിലായിരുന്നു. പക്ഷേ ഇതിനു മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ ആ തീരുമാനത്തിൽ ഇന്റർനാഷണൽ എത്തുന്നതിനുമുമ്പുതന്നെ ഇറ്റാലിയൻ പാർട്ടിയിലും ഇന്റർനാഷണലിലും അതേ നിലപാട് ഗ്രാംഷി എടുത്തിരുന്നു.

ഈ സാഹചര്യത്തിൽ മൂന്നാം (കമ്യൂണിസ്റ്റ്) ഇന്റർനാഷണലിനകത്ത് വിവാദമുയർത്തിയ ചില പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് ഗ്രാംഷി തന്റെ അഭിപ്രായം *രാഷ്ട്രീയക്കുറിപ്പുകളിൽ* രേഖപ്പെടുത്തുകയുണ്ടായി. അവയെന്താണെന്ന് ഇവിടെ ചുരുക്കിപ്പറയാം.

(1) ജനകോടികൾ സജീവമായി സമരരംഗത്തിറങ്ങുന്ന വിപ്ലവ പരിതഃസ്ഥിതിയും അതിൽ ഇടപെടുന്നതിന് പാർട്ടിനേതൃത്വം നടത്തുന്ന പ്രവർത്തനവും തമ്മിലുള്ള ബന്ധം സംബന്ധിച്ച് റോസ് ലക്സംബർഗും ലെനിനും തമ്മിൽ ഒരു തീക്ഷ്ണവിവാദം നടക്കുകയുണ്ടായി. വിപ്ലവ പരിതഃസ്ഥിതിക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് പാർട്ടിയുടെ ബോധപൂർവമായ ഇടപെടലിന്റെ സ്ഥാനം കുറച്ചുകാണുന്ന ഒന്നായിരുന്നു റോസയുടെ സമീപനം. അതിൽ താൻ നിൽക്കുന്നത് റോസയുടെ കൂടെയല്ല ലെനിന്റെ കൂടെയാണ്, എന്ന് ഗ്രാംഷി വ്യക്തമാക്കി.

(2) സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയിലും കമ്യൂണിസ്റ്റ് ഇന്റർനാഷണലിലും രൂക്ഷമായ വിവാദമുയർത്തിയ പ്രശ്നമാണ് ദേശീയതയും സാർവദേശീയതയും തമ്മിലുള്ള ബന്ധം. ഇതിൽ ദേശീയതയിൽ ഊന്നിക്കൊണ്ടുള്ളതായിരുന്നു സ്റ്റാലിന്റെ സമീപനം; ട്രോത്സ്കിയാകട്ടെ സാർവദേശീയതയ്ക്ക് ഊന്നൽനൽകി. ഗ്രാംഷിയുടെ അഭിപ്രായത്തിൽ വിപ്ലവ

ത്തിന്റെ ഭാവി കാഴ്ചപ്പാട് സാർവദേശീയമാണ്; പക്ഷേ താൽക്കാലിക നയസമീപനത്തിൽ ദേശീയതയ്ക്ക് ട്രോത്സ്കി നൽകാത്ത പ്രാധാന്യമുണ്ട്. കൂടാതെ, 'ഉടൻ ലോകവിപ്ലവ'മെന്ന ട്രോത്സ്കിയുടെ സമീപനം യാഥാർഥ്യബോധത്തിന് നിരക്കുന്നതല്ലതാനും.

(3) ട്രോത്സ്കിയുടെ കാഴ്ചപ്പാടിൽത്തന്നെ 'ശാശ്വത വിപ്ലവം' എന്ന ഒരാശയം കൂടിയുണ്ടായിരുന്നു. തുടക്കം മുതൽ അവസാനം വരെ നില നിൽക്കുന്ന ഒന്നാണ് 'ശാശ്വത വിപ്ലവം'. അത് മാർക്സിസം–ലെനിനിസത്തിന്റെ കാഴ്ചപ്പാടിന് കടകവിരുദ്ധമാണ്. വേലിയേറ്റങ്ങളിലൂടെയും വേലിയിറക്കങ്ങളിലൂടെയും മുന്നേറുന്ന ഒരു പ്രക്രിയ എന്ന നിലയിലാണ് മാർക്സിസം വിപ്ലവത്തെ കാണുന്നത്. അതുകൊണ്ടാണ് വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും സാഹചര്യങ്ങളിൽ വ്യത്യസ്തമായ അടവുകൾ തൊഴിലാളിവർഗ വിപ്ലവപ്പാർട്ടി അംഗീകരിക്കുന്നത്. ഗ്രാംഷി മുമ്പുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ വിപ്ലവ പ്രക്രിയയ്ക്ക് തിരിച്ചടികളുണ്ടാവുന്ന സമയത്ത് ഭാവിയിൽ വരാനിരിക്കുന്ന മുന്നേറ്റത്തിന് തയ്യാറെടുക്കുക എന്ന സമീപനം മുന്നേറ്റത്തിന്റെ കാലത്ത് അതിൽനിന്ന് പരമാവധി മുതലെടുക്കുന്നതുപോലെതന്നെ പ്രധാനമായ അടവാണ്. ട്രോത്സ്കിയുടെ നിർദേശം ഇടതുപക്ഷ സെക്റ്റേറിയനിസത്തിലേ ചെന്നെത്തുകയുള്ളൂ.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാവും: 1920 കളുടെ രണ്ടാം പകുതിയിൽ തുടങ്ങിയ സോവിയറ്റ് പാർട്ടിയിലെ അഭിപ്രായവ്യത്യാസങ്ങളുടെ കാര്യത്തിൽ ട്രോത്സ്കിയുടേതിനെതിരും സ്റ്റാലിന്റേതിന് അനുകൂലവുമായിരുന്നു ഗ്രാംഷിയുടെ നിലപാട്. പക്ഷേ ഇതിനുമുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ, ഉൾപ്പാർട്ടി ജനാധിപത്യത്തിന്റെ കാര്യത്തിൽ സ്റ്റാലിന്റെ നേതൃത്വം ശരിയായ വഴിക്കാണോ പോകുന്നതെന്ന ആശങ്ക ഗ്രാംഷിക്കുണ്ടായിരുന്നു. ആ പാളിച്ച വിശ്വരൂപത്തിൽ എത്തുന്നതിനുമുമ്പുതന്നെ ഗ്രാംഷി അന്തരിച്ചിരുന്നു.

ഉറച്ച മാർക്സിസ്റ്റിന്റെ ശുഭപ്രതീക്ഷ

രാഷ്ട്രീയക്കുറിപ്പുകളടക്കമുള്ള ജയിൽക്കുറിപ്പുകൾ എഴുതിയിട്ട് ആറു പതിറ്റാണ്ടിലേറെയായിരുന്നു. അന്ന് ഗ്രാംഷിയുടെ വ്യക്തിജീവിതം, ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെയും കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെയും ചരിത്രം എന്നിവ അത്യഗാധമായ ഒരു പ്രതിസന്ധിയിൽ എത്തിനിൽക്കുകയായിരുന്നു. കോടതി തനിക്കു നൽകിയ ശിക്ഷയുടെ കാലാവധികഴിഞ്ഞ് ആരോഗ്യവാനായി പുറത്തുവരാൻ കഴിയുമെന്ന പ്രതീക്ഷ വച്ചുപുലർത്താൻ ഗ്രാംഷിക്ക് കഴിയുമായിരുന്നില്ല. ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയാകട്ടെ, ചരിത്രത്തിൽ അതേവരെ ഉണ്ടായിട്ടില്ലാത്തത്ര ഭീകരമായ മർദനഭരണത്തിന് ഇരയായിരുന്നുതാനും. സോവിയറ്റ് പാർട്ടിയുടെ നേതൃത്വം, ഇന്റർനാഷണലിന്റെ സംഘടന എന്നിവയും ഗൗരവാവഹമായ പ്രശ്നങ്ങൾ നേരിടുകയായിരുന്നു.

പക്ഷേ അതൊന്നും ഗ്രാംഷിയെ നിരാശനാക്കിയില്ല. *രാഷ്ട്രീയക്കുറിപ്പി*ന്റെ ഭാഗമായ ഈ പ്രകരണം ഗ്രാംഷി അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

> ചരിത്രപരമായ ഭൗതികവാദത്തിന് അഭൂതപൂർവമായ വികാസമുണ്ടാവാൻ അനുകൂല സാഹചര്യങ്ങൾ വളർന്നുവരികയാണ്. ജനങ്ങളുടെ ഇടയിലുള്ള ദാരിദ്ര്യമാണല്ലോ ചരിത്രപരമായ ഭൗതികവാദത്തിന് ജനങ്ങളുടെ ഇടയിൽ വ്യാപകമായ പ്രചാരം നൽകിയത്. അത് ഇനിയും ആ സിദ്ധാന്തത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കും. പഴയ ആശയഗതികളുടെ അന്ത്യം മറ്റെല്ലാ സിദ്ധാന്തങ്ങളെയും സംബന്ധിച്ച് ജനങ്ങളിൽ അവിശ്വാസം ഉളവാക്കും..... ഈ സാഹചര്യത്തിൽ ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തുന്നത് ആവശ്യമാണ്.

അധ്വാനിക്കുന്ന ബഹുജനങ്ങളാണ്, അവരുടെ സമരങ്ങളാണ്, ചരിത്രത്തിന്റെ ഗതി നിർണയിക്കുന്നതെന്നതാണല്ലോ ചരിത്രപരമായ ഭൗതികവാദത്തിന്റെ അടിസ്ഥാന തത്വം. ഇറ്റലിയെയും മറ്റ് യൂറോപ്യൻ മുതലാളിത്ത രാജ്യങ്ങളെയും ബാധിച്ച ഫാഷിസത്തെ പരാജയപ്പെടുത്താനും ജനങ്ങൾക്ക് കഴിയും; അവർക്കേ കഴിയൂ, എന്ന ശുഭാപ്തിവിശ്വാസമാണ് മറ്റ് സമുന്നത മാർക്സിസ്റ്റ് നേതാക്കളെപ്പോലെ ഗ്രാംഷിയെയും നയിച്ചത്.

അദ്ദേഹം അന്തരിച്ച് ഒരു പതിറ്റാണ്ട് തികയുന്നതിനുമുമ്പ് ഇറ്റലിയിലെ ഫാഷിസവും ജർമനിയിലെ നാസി മേധാവിത്തവും തകർന്ന് മണ്ണടിഞ്ഞു. ആ രണ്ട് രാജ്യങ്ങളിൽ മാത്രമല്ല, പടിഞ്ഞാറൻ യൂറോപ്പിലാകെ ഫാഷിസ്റ്റ്വിരുദ്ധ ഗവൺമെന്റുകൾ നിലവിൽവന്നു. തുടർന്നുള്ള വർഷങ്ങളിൽ യൂറോപ്യൻ സാമ്രാജ്യക്കോയ്മകൾക്കു മുഴുവൻ അവർ അടക്കിഭരിച്ചിരുന്ന കോളനികളിൽനിന്ന് പിൻവാങ്ങേണ്ടിവന്നു. മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള സമരം പുത്തൻ രൂപങ്ങൾ കൈക്കൊണ്ടു.

ഒരു നാല് പതിറ്റാണ്ടിനുശേഷം ആഗോള വിപ്ലവപ്രസ്ഥാനം വീണ്ടുമൊരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുമ്പോഴാണ് ഈ വരികൾ എഴുതുന്നത്. പക്ഷേ അത് മുറിച്ചുകടക്കാനുള്ള കരുത്ത് തങ്ങൾക്കുണ്ടെന്ന് ലോകത്തെങ്ങുമുള്ള തൊഴിലാളികളും മറ്റ് അധ്വാനിക്കുന്ന ബഹുജനങ്ങളും അവരുടെ ബന്ധുക്കളും തെളിയിക്കാൻ തുടങ്ങിയിരിക്കുന്നു. ഫാഷിസം കൊടികുത്തിവാണകാലത്ത് ഗ്രാംഷി പ്രകടിപ്പിച്ച ശുഭാപ്തിവിശ്വാസം തികച്ചും പ്രസക്തമായ സാഹചര്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.

അമേരിക്കൻ മുതലാളിത്തത്തിലെ പുത്തൻ പ്രവണതകൾ

ഗ്രാംഷിയുടെ *രാഷ്ട്രീയക്കുറിപ്പിൽ* അവസാനത്തേത് കൈകാര്യം ചെയ്യുന്നത് അമേരിക്കൻ മുതലാളിത്തത്തിൽ പ്രകടമാവാൻ തുടങ്ങിയിട്ടുള്ള ചില പുത്തൻ പ്രവണതകളെയാണ്. അതിന്റെ ചില രൂപങ്ങൾ ഇറ്റലിയടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നുവെന്നത് നേരാണ്. പക്ഷേ യൂറോപ്പും അമേരിക്കയും തമ്മിൽ ഒരു പ്രധാന വ്യത്യാസം ഉണ്ടെന്നും ഗ്രാംഷി ചൂണ്ടിക്കാണിച്ചു.

ഫ്രാൻസ് ഒഴിച്ചുള്ള യൂറോപ്യൻ രാജ്യങ്ങളിൽ ഫ്യൂഡലിസത്തിന്റെ കടപുഴക്കിയെറിയുന്നതിനുള്ള വിപ്ലവം ഫ്രാൻസിലൊഴിച്ച് വിജയകരമായി നടന്നിരുന്നില്ല. അതുകൊണ്ട് ഫ്യൂഡലിസത്തിന്റെ സവിശേഷതയായ ഇത്തിക്കണ്ണിവർഗങ്ങൾ ആ രാജ്യങ്ങളിൽ സർവസാധാരണമായിരുന്നു. നേരേമറിച്ച് അമേരിക്കയിൽ ഫ്യൂഡലിസത്തിന്റെ ലാഞ്ഛനപോലുമില്ലായിരുന്നു; മുതലാളിത്തം പൂർണരൂപത്തിൽ വളരുകയായിരുന്നു. ഫ്യൂഡൽ സമൂഹത്തിനില്ലായിരുന്ന കാര്യക്ഷമത അമേരിക്കയിലെ മുതലാളിത്ത സമൂഹത്തിനുണ്ടായിരുന്നു.

1921 ൽ ലോകമുതലാളിത്തം അത്യഗാധമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോവുകയായിരുന്നുവല്ലോ. അതിൽനിന്ന് കരകയറുന്നതിന് ഓരോ രാജ്യത്തെയും ബൂർഷ്വാമേധാവികൾ അതതിടത്തെ മൂർത്ത പരിതഃസ്ഥിതിക്കൊത്ത് പല മാർഗങ്ങളും ആരാഞ്ഞു. അതിന്റെ ഒരു രൂപമായ ഫാഷിസമാണ് യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടതെങ്കിൽ, അമേരിക്കയിൽ 'അമേരിക്കനിസ'മെന്നും 'ഫോർസിസം' എന്നും ഗ്രാംഷി വിളിക്കുന്ന ഒരു സംവിധാനമാണ് രൂപപ്പെട്ടത്.

യൂറോപ്പിലെ ഫാഷിസത്തിനും അമേരിക്കയിലെ പുത്തൻ മുതലാളിത്ത

രൂപങ്ങൾക്കും ഒരു പൊതു സ്വഭാവമുണ്ടായിരുന്നു. ബൂർഷ്വാസർക്കാർ സാമ്പത്തിക കാര്യങ്ങളിൽ നേരിട്ട് ഇടപെടുകയെന്ന രീതി യൂറോപ്യൻ ഫാഷിസ്റ്റ് രാജ്യങ്ങളിലെന്നപോലെ അമേരിക്കയിലും പ്രാബല്യത്തിൽ വന്നു.

അമേരിക്കയിൽ ഭരണകൂടത്തിന്റെ നേരിട്ടുള്ള ഇടപെടലുകളുള്ള സാമ്പത്തിക ക്രമത്തിന് രൂപംനൽകിയ പ്രസിഡന്റ് റൂസ്വെൽറ്റ് തന്റെ സാമ്പത്തിക നയത്തെ 'പുത്തൻ സാമൂഹ്യരീതി' (ന്യൂ-ഡീൽ) എന്നാണ് വിളിച്ചത്. അമേരിക്കയിലെ ജനാധിപത്യ ഭരണസമ്പ്രദായത്തിന് യാതൊരു കോട്ടവും തട്ടാതെ അതിനെ നിലനിർത്തിക്കൊണ്ട് ജനാധിപത്യ ഭരണകൂടം സാമ്പത്തിക കാര്യങ്ങളിൽ ഇടപെടുകയായിരുന്നു.

നേരേമറിച്ച്, ഇറ്റലി, ജർമനി തൊട്ട് യൂറോപ്യൻ രാജ്യങ്ങളിൽ ജനാധിപത്യ ധ്വംസനത്തിന്റേതായ ഭരണക്രമവും സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിടപെടലും ചേർന്ന ഒരു സംവിധാനമാണ് വന്നത്. അതുകൊണ്ട് ഇറ്റലിയിലും ജർമനിയിലുമെന്നപോലെ ജനാധിപത്യവാദികളുടെ എതിർപ്പ് അമേരിക്കയിലെ റൂസ്വെൽറ്റ് ഭരണത്തിന് നേരിടേണ്ടിയിരുന്നില്ല.

പക്ഷേ ഇറ്റലി, ജർമനി എന്നീ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ഒരുപോലെ സാമ്പത്തിക കാര്യങ്ങളിൽ നേരിട്ടിടപെടുന്ന ഭരണം കുത്തക ബൂർഷ്വാസിയുടേതായിരുന്നു. സാധാരണക്കാർക്ക് മാത്രമല്ല ചെറുകിടയിലും ഇടത്തരത്തിലുംപെട്ട ബൂർഷ്വാ വിഭാഗങ്ങൾക്കുപോലും സ്വീകാര്യമല്ലാത്ത രീതിയിലാണ് ജനാധിപത്യ ഭരണമുള്ള അമേരിക്കയിൽപ്പോലും സർക്കാർ സാമ്പത്തിക കാര്യങ്ങളിൽ ഇടപെട്ടത്. നഗ്നമായ ഫാഷിസത്തെ ആസ്പദമാക്കിയായാലും കൊള്ളാം, രാഷ്ട്രീയ ജനാധിപത്യാവകാശങ്ങൾ നിലനിർത്തിക്കൊണ്ടായാലും കൊള്ളാം, കുത്തക മുതലാളിമാർക്ക് ജനങ്ങളുടെമേൽ പൊതുവിലും ഇടത്തരം-ചെറുകിട ജനവിഭാഗങ്ങളുടെമേൽ വിശേഷിച്ചും കനത്ത ഭാരം കയറ്റിവയ്ക്കുകയാണ് ഇറ്റലിയിലെയും ജർമനിയിലെയും ഫാഷിസ്റ്റ് സർക്കാരുകളെന്നപോലെ അമേരിക്കയിലെ ജനാധിപത്യ സർക്കാരും ചെയ്തത്.

അന്യോന്യ മത്സരത്തിന്റേതായ 19-ാം നൂറ്റാണ്ടിലെ ലോക മുതലാളിത്തം കുത്തക മുതലാളിത്തമായി മാറുന്ന പ്രക്രിയയാണല്ലോ ലെനിൻ അപഗ്രഥിച്ചത്. 1929 അവസാനത്തിലും 30 കളുടെ ആദ്യത്തിലുമായി കുത്തക മുതലാളിത്തമെന്ന ഈ സവിശേഷത വീണ്ടും വളർന്നു. 1929 ൽ പ്രത്യക്ഷപ്പെട്ട ആഗോള സാമ്പത്തിക കുഴപ്പത്തിൽനിന്ന് രക്ഷപ്പെടുന്നതിന് കുത്തക മുതലാളിത്ത നേതൃത്വത്തിലുള്ള ബൂർഷ്വാ ഭരണകൂടം സാമ്പത്തിക കാര്യങ്ങളിൽ നേരിട്ടിടപെടുകയാണ് യൂറോപ്യൻ ഫാഷിസത്തിന്റെയും 'അമേരിക്കനിസ'ത്തിന്റെയും പൊതുസ്വഭാവമെന്ന് ഗ്രാംഷിയടക്കമുള്ള ആഗോള മാർക്സിസ്റ്റ് നേതാക്കൾ ചൂണ്ടിക്കാണിച്ചു.

പ്രസിഡന്റ് റൂസ്വെൽറ്റിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ രൂപംകൊണ്ട പുതിയ സാമൂഹ്യരീതി മുതലാളിത്ത വളർച്ചയിൽ ഒരു പുത്തൻ

ഘട്ടം കുറിക്കുന്നു. മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് പൊതുവിലും അത് നേരിടുന്ന പ്രതിസന്ധിക്കുള്ള പരിഹാരത്തിന് വിശേഷിച്ചും ബൂർഷ്വാ സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു വന്നു. അങ്ങനെ ലെനിൻ വിശേഷിപ്പിച്ച കുത്തക മുതലാളിത്തം ബൂർഷ്വാ സർക്കാരുമായി ബന്ധപ്പെട്ട് 'സ്റ്റേറ്റ് കുത്തക മുതലാളിത്തം' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു പുത്തൻ പ്രതിഭാസം രൂപപ്പെട്ടു. ഈ സ്റ്റേറ്റ് കുത്തക മുതലാളിത്തത്തിന് ബൂർഷ്വാ ജനാധിപത്യത്തിന്റേതും ഫാഷിസത്തിന്റേതുമായ രണ്ട് രൂപങ്ങൾ പ്രത്യക്ഷപ്പെട്ടു. ആദ്യത്തേതിന്റെ പ്രതിനിധിയാണ് അമേരിക്കയിലെ പ്രസിഡന്റ് റൂസ്വെൽറ്റെങ്കിൽ, രണ്ടാമത്തേതിന്റെ പ്രതിനിധികളാണ് ഇറ്റലിയിലെ മുസോളിനിയും ജർമനിയിലെ ഹിറ്റ്ലറും.

ഈ പുത്തൻ അമേരിക്കൻ സംവിധാനത്തിന് അതിന്റേതായ സാമ്പത്തിക രൂപവുമുണ്ട്. അതിനെയാണ് ഗ്രാംഷി 'ഫോർസിസം' എന്ന് വിളിക്കുന്നത്. തൊഴിലാളികളുടെ ആവശ്യങ്ങൾ തികച്ചും നിരസിക്കുന്നതിനു പകരം അവയിൽ ചിലത് അംഗീകരിച്ചുകൊണ്ട് തൊഴിലാളികളെ തൃപ്തിപ്പെടുത്തുകയും അവരെക്കൊണ്ട് കൂടുതൽ കഠിനമായി പണിയെടുപ്പിക്കുകയും അവരുടെ തൊഴിലിന്മേൽ പലവിധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ഇതിന്റെ ഫലമായ കൂടുതൽ ഉയർന്ന വേതനം കൊടുക്കുന്നതിനുപകരം മുതലാളി കൈപ്പറ്റുന്ന മിച്ചമൂല്യം (ലാഭം) വർധിച്ചു. വികസിതമായ വ്യവസായ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ വരുമാനവും മുതലാളിയുടെ ലാഭവും ഒരേസമയത്ത് വർധിക്കുന്ന ഒരു രീതിയാണ് ഇത്.

ഇത് വിശദീരിക്കുന്നതിനിടയിൽ വ്യവസായരംഗത്ത് ഏർപ്പെടുത്തിയ രണ്ട് പരിഷ്കാരങ്ങൾ ഗ്രാംഷി എടുത്തു പറയുന്നുണ്ട്. മദ്യനിരോധനമാണ് ഒന്ന്. ലൈംഗിക ജീവിതത്തിലുള്ള അച്ചടക്കമാണ് രണ്ടാമത്തേത്. രണ്ടിന്റെയും ഫലം തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർധിക്കുകയാണ്.

യന്ത്രോപകരണങ്ങളുടെ ഉൽപ്പാദനക്കഴിവ് വർധിപ്പിക്കുന്നതുപോലെ തൊഴിലാളികളുടെ ഉൽപ്പാദനശക്തിക്ക് കൂടുതൽ കാര്യക്ഷമത ഉണ്ടാക്കി മിച്ചമൂല്യം വർധിപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. അതോടൊപ്പം, ജോലി സമയത്തെ തൊഴിലാളികളുടെ അധ്വാനം അളന്ന് തിട്ടപ്പെടുത്താനും അതിന്റെ അടിസ്ഥാനത്തിൽ വേതനനിരക്ക് നിജപ്പെടുത്താനുള്ള ഒരു ഉൽപ്പാദനരീതിയും ബലത്തിൽ വന്നു.

ഇതിന്റെയെല്ലാം ഫലമായി മുതലാളിത്ത സ്ഥാപനങ്ങളിലെ ഉൽപ്പാദനക്ഷമതയും മുതലാളിയുടെ ലാഭവും വർധിപ്പിക്കുന്നതിനുള്ള സാമൂഹ്യ പശ്ചാത്തലമായിട്ടാണ് തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ നന്നാക്കിത്തീർത്തത്.

ഈ ഉൽപ്പാദന രീതി യൂറോപ്പിലേതിനെക്കാൾ കൂടുതൽ കാര്യക്ഷമമായ ഒരു വ്യവസായരംഗം അമേരിക്കയ്ക്ക് ഉണ്ടാക്കിക്കൊടുത്തു. അമേരിക്കയുടെ കാര്യക്ഷമത യൂറോപ്പിലും അംഗീകരിക്കപ്പെട്ടു. ("റഷ്യയുടെ വിപ്ലവ

ക്കരുത്തും അമേരിക്കയുടെ കാര്യക്ഷമതയും ചേർത്തിണക്കിയതായിരിക്കണം കമ്യൂണിസ്റ്റുകാരുടെ പ്രവർത്തനശൈലി" എന്ന സ്റ്റാലിന്റെ സുപ്രസിദ്ധ നിരീക്ഷണം ശ്രദ്ധേയമാണ്). 1929 ൽ പൊട്ടിപ്പുറപ്പെട്ട മുതലാളിത്ത ലോകസാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം അമേരിക്കയാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തുടങ്ങിയതെന്നർഥം.

എന്നാൽ അമേരിക്കയിൽ മാത്രമല്ല ജർമനിതൊട്ടുള്ള ഫാഷിസ്റ്റ് രാജ്യങ്ങളിലും മുതലാളിത്ത സമ്പദ്വ്യവസ്ഥയെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള മാർഗങ്ങൾ അവലംബിച്ചുകൊണ്ടിരുന്നു. അതിൽ ഒന്നാണ് ഇറ്റലിയിൽ മുസോളിനിയുടെ നേതൃത്വത്തിൽ പ്രത്യക്ഷപ്പെട്ട 'കോർപ്പറേറ്റ്' സമ്പദ്വ്യവസ്ഥ, അതും ജർമനിയിലെ നാസി സാമ്പത്തിക വ്യവസ്ഥയും യുദ്ധത്തിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായാണ് മുതലാളിത്ത തൊഴിൽ വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തിയത്.

അമേരിക്കയിൽ റൂസ്വെൽറ്റിന്റെ രാഷ്ട്രീയ നേതൃത്വത്തിലും ഫോർഡിനെപ്പോലുള്ള വ്യവസായ പ്രമുഖരുടെ സാമ്പത്തിക നേതൃത്വത്തിലും നടന്ന മുതലാളിത്ത പരിഷ്കാരമാകട്ടെ യുദ്ധത്തിനുവേണ്ടിയുള്ളതല്ലായിരുന്നു. എങ്കിലും ഫാഷിസ്റ്റ്രാജ്യങ്ങളിൽ എന്നപോലെ അമേരിക്കയിലും കുത്തക മുതലാളിമാർക്ക് സമ്പദ്വ്യവസ്ഥയിൽ എന്നപോലെ ഭരണ സംവിധാനത്തിലും ആധിപത്യം സ്ഥാപിക്കാൻ പറ്റുന്ന പരിഷ്കാരങ്ങളാണ് നടപ്പിലായത്. ബൂർഷ്വാ ഭരണകൂടത്തിന്റെ മുൻകൈയോടെ വളർന്ന കുത്തക മുതലാളിത്തം അല്ലെങ്കിൽ 'സ്റ്റേറ്റ് കുത്തക മുതലാളിത്തം' രൂപപ്പെടുകയായിരുന്നു. യുദ്ധത്തിന് തയ്യാറെടുക്കുന്ന ഫാഷിസ്റ്റ് രാജ്യങ്ങളിലെന്നപോലെ സമാധാനപരമായി സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന അമേരിക്കയിലും നടന്നുകൊണ്ടിരുന്നത് എന്നർഥം.

ഗ്രാംഷി ഈ 'കുറിപ്പുകൾ' എഴുതിയ കാലത്ത് 'സ്റ്റേറ്റ് കുത്തക മുതലാളിത്ത'വും അതിൻകീഴിൽ തൊഴിലാളിവർഗത്തിൽ ഒരു ചെറു ന്യൂനപക്ഷത്തിന് സൗജന്യങ്ങൾ നൽകുന്ന രീതിയും ശൈശവ ദശയിലായിരുന്നു. പിന്നീട്—യുദ്ധകാലത്തും യുദ്ധാവസാനത്തിലും—അത് വളരെയേറെ വികസിച്ചു. അത് വികസിപ്പിച്ചെടുക്കുന്നതിൽ വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും അവയുടെ നേതൃത്വത്തിൽ യുദ്ധാവസാനം രൂപംകൊണ്ട സോഷ്യലിസ്റ്റ് ഗവൺമെന്റുകളും പ്രധാനമായ പങ്ക് വഹിച്ചു.

അതിനെത്തുടർന്ന് 'മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള അന്തരം ഇല്ലാതാവുക'യാണെന്ന ധാരണ പരന്നു. ബൂർഷ്വാ ഭരണനേതൃത്വവും വലതുപക്ഷ സോഷ്യൽ ഡെമോക്രസിയും ചേർന്ന് മാർക്സിസം–ലെനിനിസത്തിനും കമ്യൂണിസത്തിലേക്കുള്ള മുന്നേറ്റത്തിനും എതിരേ രൂക്ഷമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. മുതലാളിത്ത, സോഷ്യലിസ്റ്റ് ലോകങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന് സാമ്പത്തികവും രാഷ്ട്രീയവും എന്നപോലെ ആശയപരവുമായ അടിത്തറയുണ്ടായി.

ഈ സമരം രൂക്ഷമാകാൻ തുടങ്ങിയപ്പോഴേക്ക് ഗ്രാംഷി അന്തരിച്ചുകഴിഞ്ഞിരുന്നു. പക്ഷേ 'അമേരിക്കനിസ'ത്തിന്റെ ഉത്ഭവവും സ്വഭാവവും സംബന്ധിച്ച് ഗ്രാംഷി വിരൽ ചൂണ്ടിയ പ്രധാന സവിശേഷതകൾ അദ്ദേഹത്തിനുശേഷം ആഗോളമായി നടന്ന ആശയസമരത്തിലേക്ക് ചെറിയ ഒരു വെളിച്ചംവീശുന്നു.

മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള ആഗോള മത്സരത്തിൽ ഏത് വിജയിക്കുമെന്നുള്ള പ്രശ്നത്തിന്റെ ഉത്തരം കിടക്കുന്നത് ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഏത് മറ്റേതിനെ കവച്ചുവെക്കുന്നുവെന്ന ചോദ്യത്തിലാണെന്ന ലെനിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാംഷി 'അമേരിക്കനിസ'ത്തെയും 'ഫോർസിസ'ത്തെയും പരിശോധിക്കുന്നത്.

1928 തൊട്ട് സോവിയറ്റ് യൂണിയൻ ഒരു പുതു സാമ്പത്തിക പരീക്ഷണം നടത്തുകയായിരുന്നുവല്ലോ. ഉൽപ്പാദനത്തിലും ഉൽപ്പാദനക്കഴിവിലും മുതലാളിത്ത ലോകത്തെ അപേക്ഷിച്ച് സോവിയറ്റ് യൂണിയനുള്ള മേന്മ തെളിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ അതിന് സമാന്തരമായി മുതലാളിത്ത ലോകത്തിന്റെ മേന്മ തെളിയിക്കുന്ന ഒരു പരീക്ഷണം തുടങ്ങി എന്നതാണ് 'അമേരിക്കനിസ'ത്തിന്റെ പ്രാധാന്യമായി ഗ്രാംഷി ചൂണ്ടിക്കാണിച്ചത്.

ഈ യാഥാർഥ്യം അംഗീകരിച്ച് അതിൽനിന്ന് ഉളവാകുന്ന പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ സോഷ്യലിസ്റ്റ് ലോകം പിറകോട്ട് പോകുമെന്ന സൂചന ഗ്രാംഷിയുടെ കണ്ടെത്തലുകളിൽ കാണാം. പിന്നീട് നടന്ന 'ശാസ്ത്ര സാങ്കേതിക വിപ്ലവ'വും അതുവഴി മുതലാളിത്തലോകത്തിന് നേടാൻ കഴിഞ്ഞ മേൽക്കൈയും ഈ സത്യം കുറെക്കൂടി വെളിപ്പെടുത്തി. ഈ സത്യം അവഗണിച്ചതാണ് 1980 കളിൽ ഉണ്ടായ ലോക സോഷ്യലിസത്തിന്റെ തിരിച്ചടിക്ക് പ്രധാന കാരണമെന്ന് ഇന്ന് നാം കാണുന്നു.

ദാർശനിക പഠനം

ഗ്രാംഷിയുടെ *സാംസ്കാരികക്കുറിപ്പുകൾ, രാഷ്ട്രീയക്കുറിപ്പുകൾ* എന്നിവയിൽനിന്ന് മുമ്മൂന്നുവീതം സംക്ഷിപ്ത വിവരണങ്ങളാണല്ലോ ഇതേവരെ നൽകിയത്. ഇനി നൽകാനുള്ളത് താത്വികക്കുറിപ്പുകളാണ്—മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ദർശനം സംബന്ധിച്ച കുറിപ്പുകൾ.

ഇവയിൽ ആദ്യത്തേതിൽ ദർശനം എന്താണ്, അത് എങ്ങനെ വളരുന്നു, എങ്ങനെ പഠിക്കണം, എന്നത് സംബന്ധിച്ച പരിശോധനയാണ് ഗ്രാംഷി നടത്തുന്നത്. അതാണ് ഇവിടെ ചേർക്കുന്നത്. തുടർന്ന് 'മാർക്സിസം സംബന്ധിച്ച പ്രശ്നങ്ങൾ' എന്ന മറ്റൊന്നുകൂടി ഈ ഗ്രന്ഥത്തിൽത്തന്നെ ചേർക്കുന്നുണ്ട്. രണ്ടും ചേർന്നാൽ വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം സംബന്ധിച്ച ഗ്രാംഷിയുടെ നിലപാട് വ്യക്തമാവും.

ദർശനം മനസ്സിലാക്കാൻ കഴിയാത്ത ഒരു വിഷയമാണെന്ന തെറ്റിദ്ധാരണ തിരുത്തേണ്ടിയിരിക്കുന്നു എന്നു പറഞ്ഞാണ് ഗ്രാംഷിയുടെ ദർശനം സംബന്ധിച്ച കുറിപ്പുകൾ തുടങ്ങുന്നത്. എല്ലാ മനുഷ്യരും ഒരർഥത്തിൽ 'ദാർശനിക'രാണെന്നും ഗ്രാംഷി അഭിപ്രായപ്പെടുന്നു. ആശയങ്ങൾക്കും സങ്കൽപ്പങ്ങൾക്കും പ്രകടരൂപം നൽകുന്ന ഭാഷ, സമൂഹത്തിന്റെ സാമാന്യ ബോധം ജനകോടികൾ വിശ്വസിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന മതം—ചുരുക്കത്തിൽ ജനങ്ങളുടെ വിശ്വാസങ്ങളും 'അന്ധവിശ്വാസങ്ങളും' അഭിപ്രായങ്ങൾ, ചുറ്റുമുള്ള പ്രതിഭാസങ്ങളെ കാണുകയും അവയോട് പ്രതികരിക്കുകയും ചെയ്യുന്ന രീതി എന്നിവയെല്ലാം ചേർന്നതാണ് സാധാരണക്കാരുടെ ദാർശനിക വീക്ഷണം. അവരെ സംബന്ധിച്ചിടത്തോളം അതാണ് ദർശനം. ഈ അർഥത്തിലാണ് എല്ലാ മനുഷ്യരും ദാർശനികരാണെന്ന് ഗ്രാംഷി അഭിപ്രായപ്പെട്ടത്.

എന്നാൽ സാധാരണ മനുഷ്യരെക്കാൾ ഉയർന്ന നിലവാരത്തിൽ ദാർശനിക പ്രശ്നങ്ങൾ പഠിച്ച് കൈകാര്യം ചെയ്യുന്ന ഒരു സമുന്നത ധൈഷണിക വിഭാഗവുമുണ്ട്. അവരെ ഗ്രാംഷി വിളിക്കുന്നത് 'ദാർശനികരുടെ ദാർശനികർ' എന്നാണ്. രണ്ടും തമ്മിലുള്ള വ്യത്യാസവും ബന്ധവും ഒരുപോലെ മനസ്സിലാക്കണം. സാധാരണക്കാരുടെ ദാർശനിക നിലപാടില്ലാതെ 'ദാർശനിക ദർശനം' ഉണ്ടാവുകയില്ല. പരുക്കൻ രീതിയിൽ പ്രത്യക്ഷപ്പെടുന്ന സാധാരണക്കാരുടെ ദർശനത്തെ സംസ്കരിച്ച് സമുന്നത സ്ഥാനത്തേക്കുയർത്തിയാൽ മാത്രമേ ദർശനമെന്ന വൈജ്ഞാനിക മേഖല പ്രത്യക്ഷപ്പെടുകയുള്ളൂ.

ഇതേപോലെ പ്രധാനമായ മറ്റൊരു കാര്യംകൂടി ഗ്രാംഷി എടുത്തു പറയുന്നു: സാധാരണക്കാരുടേതായാലും ധൈഷണിക ദാർശനികരുടേതായാലും ദർശനം പ്രായോഗിക ജീവിതവും പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് രൂപപ്പെടുകയും വളരുകയും ചെയ്യുന്നത്. പ്രപഞ്ച പ്രതിഭാസങ്ങളെ പരുക്കൻ രീതിയിൽ കാണുന്ന സാധാരണക്കാർതന്നെ തങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് പ്രകൃതിപ്രതിഭാസങ്ങളോട് പ്രതികരിക്കുന്നു. 'ദാർശനികരുടെ ദാർശനിക'രും തങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് പ്രകൃതിപ്രതിഭാസങ്ങളോട് പ്രതികരിക്കുന്നു. ഈ പ്രതികരണങ്ങളുടെ ഫലമാവട്ടെ പ്രകൃതിപ്രതിഭാസങ്ങളിൽ മാറ്റം വരുത്തുന്നു. പ്രകൃതിപ്രതിഭാസങ്ങളിൽ മാറ്റം വരുത്തുന്ന മനുഷ്യൻ—സാധാരണക്കാരും ധൈഷണികരും ഒരുപോലെ—സ്വയം മാറുകയും ചെയ്യുന്നു.

അങ്ങനെ പ്രകൃതിപ്രതിഭാസങ്ങളെ തന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി ഉപയോഗിക്കുന്ന മനുഷ്യൻ—സാധാരണക്കാരും 'ദാർശനികരുടെ ദാർശനിക'രും—പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ച് കൂടുതൽ കൂടുതൽ വിവരമുള്ളവരും അവയിൽ മാറ്റം വരുത്താൻ കൂടുതൽ കൂടുതൽ കഴിവുള്ളവരുമായിത്തീർന്നു.

ഇവിടെ ശ്രദ്ധേയമായ മറ്റൊരു വസ്തുതയിലേക്കുകൂടി ഗ്രാംഷി വിരൽചൂണ്ടുന്നുണ്ട്: പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള അറിവും അവയിൽ മാറ്റം വരുത്താനുള്ള കഴിവും മനുഷ്യസമൂഹത്തിലെ അംഗങ്ങളായ വ്യക്തികൾക്കല്ല ഉള്ളത്. ആ വ്യക്തികളടങ്ങുന്ന ഗ്രൂപ്പുകൾ, ജാതികൾ, നരവംശ വിഭാഗങ്ങൾ, രാജ്യങ്ങളും സർക്കാരുകളും മുതലായവയിൽ ഓരോന്നിനും അതതിന്റേതായ ദർശനങ്ങളുണ്ട്. പ്രകൃതിപ്രതിഭാസങ്ങൾ മനസ്സിലാക്കുകയും അവയോട് പ്രതികരിക്കുകയും ചെയ്ത് അവയിൽ മാറ്റം വരുത്തുന്നതിനോടൊപ്പം സ്വയം മാറുന്നത് മനുഷ്യവ്യക്തികൾ മാത്രമല്ല അവരുടെ കൂട്ടായ്മകളായ നരവംശവിഭാഗങ്ങൾ, ജാതികൾ, മതവിഭാഗങ്ങൾ, വർഗങ്ങൾ, രാജ്യങ്ങൾ മുതലായവയാണ്.

എന്നുവച്ചാൽ പൊതുവിൽ ദർശനമെന്നൊന്നില്ല. സമൂഹത്തിൽ ഓരോ വിഭാഗത്തിനും അതതിന്റേതായ ദർശനമാണുള്ളത്. അവയെ സമന്വയിപ്പിച്ച് ഒരു ആഗോള ദർശനം രൂപപ്പെടാൻ തുടങ്ങിയത് അടുത്തകാലത്ത് മാത്രമാണ്—മുതലാളിത്ത സമൂഹത്തിന്റെ ഉത്ഭവത്തോടും വളർച്ചയോടുംകൂടി.

നരവംശവിഭാഗങ്ങൾ, ജാതികൾ മതസമുദായങ്ങൾ, വർഗങ്ങൾ, രാജ്യങ്ങൾ എന്നിവയ്ക്കുപരി മനുഷ്യസഹായത്തിന്റേതായ ഒരു ദർശനം ആദ്യം രൂപപ്പെട്ടത് 19–ാം നൂറ്റാണ്ടിലെ യൂറോപ്പിലാണ്. അന്ന് മുതലാളിത്തം വളർന്നുവരികയായിരുന്നു. യൂറോപ്പിൽ രൂപംകൊണ്ട ആ സാമൂഹ്യ വ്യവസ്ഥ മറ്റെല്ലാ ഭൂഖണ്ഡങ്ങളെയും—ഭൂഗോളത്തെയാകെ—സ്വന്തം വരുതിയിൽ കൊണ്ടുവരാൻ ശ്രമിച്ചു. ആ വർഗത്തിന്റെ ദാർശനിക വീക്ഷണമാണ് മനുഷ്യസമൂഹത്തിന്റെ ഐക്യം. അതിന് ഏറ്റവും മൂർത്തമായ രൂപം നൽകിയത് ജർമൻ ദാർശനികനായ ഹെഗലാണ്.

പ്രകൃതിയിലും സമൂഹത്തിലും ചിന്തയിലുമെല്ലാം വിരുദ്ധശക്തികൾ പ്രവർത്തിക്കുന്നു. അവയുടെ സംഘട്ടനത്തിലൂടെയാണ് പ്രകൃതിയും മനുഷ്യനും ചിന്തയും വളർന്നുവരുന്നത്—ഇതാണ് ഹെഗലിയൻ വൈരുധ്യവാദത്തിന്റെ അടിസ്ഥാനം.

മനുഷ്യസമൂഹത്തിന്റെ മുഴുവൻ വികാസമാണ് ഇവിടെ ഹെഗൽ ചൂണ്ടിക്കാണിക്കുന്നത്. ആ സമൂഹത്തിന്റെ വിഭജനത്തിന്—നരവംശവിഭാഗങ്ങൾ, ജാതികൾ, മതവിഭാഗങ്ങൾ, രാജ്യങ്ങൾ, വർഗങ്ങൾ എന്നിവയ്ക്ക്—അതീതമായി മനുഷ്യസമൂഹമാകെ പുരോഗമിക്കുന്നതിന്റെ ചിത്രമാണ് ഹെഗൽ വരച്ചുകാട്ടിയത്.

ഈ ഹെഗലിയൻ ദർശനത്തെ ആസ്പദമാക്കിയാണെങ്കിലും അതിനെ ഫലത്തിൽ നിഷേധിക്കുന്ന മറ്റൊരു ദർശനവും ആ നൂറ്റാണ്ടിൽത്തന്നെ രൂപപ്പെട്ടു. അതാണ് മാർക്സിസം. അത് ഹെഗലിയൻ വൈരുധ്യവാദത്തിന്റെ തുടർച്ചയായിരുന്നു; നിഷേധവും.

വൈരുധ്യങ്ങളിലൂടെയാണ് വളർച്ച നടക്കുന്നതെന്ന ഹെഗലിയൻ സിദ്ധാന്തം മാർക്സ് സ്വാംശീകരിച്ചു. പക്ഷേ ഹെഗലിയൻ വൈരുധ്യവാദത്തിന്റെ ആശയപരതയെ ഉപേക്ഷിച്ച് ഭൗതികതയെ മാർക്സ് ആധാരമാക്കി. മാർക്സിന്റെ സ്വന്തം ഭാഷയിൽ, "തലകുത്തിനിന്ന ഹെഗലിസത്തിന്റെ തല നേരെയാക്കുകയാണ് ഞാൻ ചെയ്തത്."

ഇതോടൊപ്പം മറ്റു ചില മൗലിക സിദ്ധാന്തങ്ങൾകൂടി മാർക്സ് ആവിഷ്കരിച്ചു.

ഒന്നാമത്, "ദർശനത്തിന്റെ ഭൗതികമായ ആയുധമാണ് തൊഴിലാളിവർഗം; ദർശനമാകട്ടെ, തൊഴിലാളിവർഗത്തിന്റെ ആത്മീയമായ ആയുധവും." അങ്ങനെ ഹെഗലിസത്തെ ആസ്പദമാക്കിയെങ്കിലും അതിനെ നിഷേധിച്ച് രൂപപ്പെട്ട വൈരുധ്യാത്മക ഭൗതികവാദത്തെ തൊഴിലാളിവർഗത്തിന്റെ ആശയപരമായ ആയുധമാക്കി മാർക്സ് മാറ്റി.

രണ്ടാമത്, "വിവിധ വിഭാഗങ്ങളിൽപ്പെട്ട ദാർശനികർ ഇതേവരെ ചെയ്തിട്ടുള്ളത് പ്രപഞ്ചത്തെ വ്യാഖ്യാനിക്കുകയാണ്" എന്ന് അഭിപ്രായപ്പെട്ട മാർക്സ് തുടർന്നു: "നമുക്കാവശ്യമാകട്ടെ പ്രപഞ്ചത്തെ മാറ്റിമറിക്കലാണ്." ഈ മാർക്സിസ്റ്റ് അടിസ്ഥാനത്തിലാണ് വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തെ "വിപ്ലവപരമായ പ്രായോഗിക

പ്രവർത്തനത്തിന്റെ ദർശനം" എന്ന് ഗ്രാംഷി വിളിച്ചത്. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള മുറിക്കാൻവയ്യാത്ത ബന്ധമാണ് മാർക്സിസത്തിന്റെ അടിസ്ഥാന ശില.

മൂന്നാമത്, പ്രപഞ്ചത്തെ മാറ്റിമറിക്കുന്ന വിപ്ലവപ്രക്രിയയുടെ മൂർത്തരൂപം ചൂഷണവ്യവസ്ഥ അവസാനിപ്പിച്ച് ചൂഷണരഹിതമായ ഒരു സ്വതന്ത്ര സമൂഹം രൂപപ്പെടുത്തലാണ്. അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്ന പടവുകൾ ചവിട്ടിക്കയറി സമത്വസുന്ദരമായ ഒരു സമൂഹം (കമ്യൂണിസം മേധാവിത്വം വഹിക്കുന്ന ഒരു പുത്തൻ സമൂഹം) ഉയർന്നുവരും.

നാലാമത്, ഈ മാറ്റം വരുത്തുന്നതിൽ നേതൃത്വപരമായി സജീവ പങ്കു വഹിക്കുന്നത് തൊഴിലാളിവർഗമാണ്. അതിന്റെ എതിരാളിയായ മുതലാളിത്തത്തെപ്പോലെ അതും ആഗോളമായ ഒരു പ്രതിഭാസമാണ്. അതുകൊണ്ടാണ് ചൂഷണ വ്യവസ്ഥകളിൽ അവസാനത്തേതായ മുതലാളിത്തത്തിന്റെ ശവക്കുഴി വെട്ടുന്നവരാണ് തൊഴിലാളിവർഗമെന്ന് മാർക്സും എംഗൽസും വിശേഷിപ്പിച്ചത്.

ഈ കണ്ടുപിടിത്തങ്ങളിൽ ചെന്നെത്തിയ മാർക്സും എംഗൽസും പാണ്ഡിത്യക്കറ പിടിച്ച വെറും ധൈഷണികരായിരുന്നില്ല. തൊഴിലാളിവർഗത്തിന്റെ ദർശനം രൂപപ്പെടുത്തിയ അവർ തൊഴിലാളിവർഗത്തെ ഒരു സജീവ വിപ്ലവശക്തിയാക്കി സംഘടിപ്പിക്കുന്നതിലും മുൻനിന്നു.

കമ്യൂണിസ്റ്റ് ലീഗ്, ഒന്നാം ഇന്റർനാഷണൽ, രണ്ടാം ഇന്റർനാഷണൽ എന്നീ സംഘടനകളിലൂടെ അന്ന് മിക്കവാറും യൂറോപ്പിൽ ഒതുങ്ങിനിന്ന ആധുനിക തൊഴിലാളിവർഗത്തെ ഒരു സംഘടിത വിപ്ലവ രാഷ്ട്രീയ ശക്തിയാക്കി അവർ ഉയർത്തി.

അവരുടെ പിന്മുറക്കാരായ ലെനിനും അദ്ദേഹത്തിന്റെ പിന്മുറക്കാരും യൂറോപ്യൻ തൊഴിലാളിവർഗത്തെയും അതിന്റെ സഖ്യശക്തിയായ ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ ഭൂഖണ്ഡങ്ങളിലെ 'ദരിദ്രനാരായണ'ന്മാരെയും ഒരു ഏകീകൃത വിപ്ലവ രാഷ്ട്രീയ ശക്തിയാക്കി ഉയർത്തി.

ഈ വിപ്ലവ രാഷ്ട്രീയശക്തിക്ക് രൂപംനൽകിയ മാർക്സിസം-ലെനിനിസത്തിന് സാറിസ്റ്റ് റഷ്യയിലെ വിപ്ലവത്തിനുശേഷമുള്ള രണ്ട് പതിറ്റാണ്ടോളം കാലത്ത് എന്തെല്ലാം പുതിയ പ്രശ്നങ്ങൾ നേരിടേണ്ടിവന്നുവെന്നതാണ് ഇനി സംക്ഷേപിക്കാൻ പോവുന്ന *താത്വികക്കുറിപ്പുകളുടെ* രണ്ടാം ഭാഗത്ത് വിശദീകരിക്കുന്നത്.

യാന്ത്രിക മാർക്സിസത്തിനെതിരെ

*താത്വിക*ക്കുറിപ്പുകളിൽ രണ്ടാമത്തേതും *ജയിൽ*ക്കുറിപ്പുകളിൽ അവസാനത്തേതുമായ പ്രബന്ധത്തിന്റെ തലക്കെട്ട് "മാർക്സിസത്തിന്റെ പ്രശ്നങ്ങൾ" എന്നാണ്. താത്വിക ചർച്ചകളുടെ മേഖലകളിൽ നടന്ന ചില സമകാലീന ചർച്ചകളെ അവലോകനം ചെയ്യുകയാണ് ഗ്രാംഷി അതിൽ.

ഈ കുറിപ്പെഴുതാൻ ഗ്രാംഷിയെ പ്രേരിപ്പിച്ചത് വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിന്റേതിനെതിരായ പല ചിന്താഗതികളും പ്രത്യക്ഷപ്പെട്ടുവന്നിരുന്നതും അതിനെതിരേ സമരം ചെയ്യുന്നത് ആവശ്യമായിത്തീർന്നിരുന്നുവെന്ന വസ്തുതയുമാണ്. മാർക്സിസത്തിന്റെയും വൈരുധ്യാത്മക, ചരിത്രപര ഭൗതികവാദത്തിന്റെയും പേരിൽ താത്വിക മർക്കടമുഷ്ടിയുടെയും യാന്ത്രികതയുടെയും പ്രവണതകൾ വ്യാപകമായി പ്രചരിച്ചിരുന്നു. അവയെ പൊതുവിൽ വിമർശിക്കുന്നതോടൊപ്പം അവയുടെ ഒരു രൂപമായ ബുഖാറിന്റെ വാദഗതികളെ തുറന്നു കാട്ടുകകൂടി ചെയ്യാൻ ഗ്രാംഷി ഇതിൽ ശ്രമിക്കുന്നു.

ഇംഗ്ലണ്ടിലെ അർഥശാസ്ത്രം, ജർമനിയിലെ ആശയവാദപരമായ ദർശനം (ഹെഗലിസം), ഫ്രാൻസിലെ വിപ്ലവ രാഷ്ട്രീയ ദർശനവും അതിന്റെ പ്രയോഗവും എന്നിവയോട് മാർക്സിനുള്ള കടപ്പാട് ചെറുതല്ല. അവയോരോന്നിനെയും സ്വായത്തമാക്കുന്നതിനോടൊപ്പംതന്നെ അവയിലടങ്ങിയ ചിന്താഗതിയെ തൊഴിലാളിവർഗത്തിന്റെ പുത്തൻ ദാർശനിക പാരമ്പര്യമാക്കി ഉയർത്തുകകൂടിയാണ് മാർക്സ് ചെയ്തത്.

എന്നാൽ ഈ മൂന്ന് ചിന്താസരണികളും വെവ്വേറെ നിൽക്കുകയല്ല ചെയ്യുന്നത്. അവയെല്ലാം ചേർന്ന് 'പ്രയോഗത്തിന്റെ ദർശന'മെന്ന് വിളിക്കാവുന്ന തൊഴിലാളിവർഗത്തിന്റെ സമഗ്രവീക്ഷണം രൂപപ്പെടുത്തുക

കൂടി മാർക്സ് ചെയ്തു. അങ്ങനെയാണ് തൊഴിലാളിവർഗത്തിന് ബൂർഷ്വാസിക്കെതിരേ സാമ്പത്തികവും രാഷ്ട്രീയവുമെന്നപോലെ താത്വികവുമായ മേഖലകളിൽ പോരാടാനുള്ള കഴിവ് മാർക്സ് ഉണ്ടാക്കിയത്.

ഈ സമഗ്ര ലോകവീക്ഷണം രൂപപ്പെടുത്തിയ മാർക്സിനും എംഗൽസിനുംതന്നെ തങ്ങളുടെ സിദ്ധാന്തങ്ങളെ വികൃതപ്പെടുത്തുന്ന യുവ മാർക്സിസ്റ്റുകാർക്കെതിരേ ശബ്ദമുയർത്തേണ്ടിവന്നു. അപ്പോഴാണ് 'ഞാനൊരു മാർക്സിസ്റ്റല്ല' എന്ന നിരീക്ഷണം മാർക്സ് നടത്തിയത്.

സാമ്പത്തിക മേഖലയിൽ നടക്കുന്ന സംഘട്ടനങ്ങൾ സ്വാഭാവികമായി രാഷ്ട്രീയ വിപ്ലവങ്ങളിൽ പ്രതിഫലിക്കുകയെന്ന യാന്ത്രിക ദുർവ്യാഖ്യാനത്തെ തുറന്നുകാണിച്ചുകൊണ്ട് എംഗൽസ് ഏതാണ്ടിങ്ങനെ പറഞ്ഞു:

> രാഷ്ട്രീയ സംഭവവികാസങ്ങളുടെ അടിസ്ഥാനപരമായ കാരണം സാമ്പത്തികമാണെന്ന് മാത്രമേ മാർക്സും ഞാനും പറഞ്ഞിട്ടുള്ളൂ. സാമ്പത്തിക ഘടകം യാന്ത്രികമായി രാഷ്ട്രീയത്തിൽ പ്രകടമാവുമെന്ന് അതിനർഥമില്ല. ആശയപ്രപഞ്ചത്തെ ബാധിക്കുന്ന മറ്റു പല ഘടകങ്ങളുംകൂടി പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്രീയവും ഭരണപരവും ആശയപരവും കലാസാഹിത്യാദി മേഖലകളെ ബാധിക്കുന്നതും—ചുരുക്കത്തിൽ ആശയപ്രപഞ്ചത്തെ ബാധിക്കുന്ന ഒട്ടേറെ ഘടകങ്ങൾ—രാഷ്ട്രീയത്തിന്റെ ഗതിവേഗവും സ്വഭാവവും നിർണയിക്കുന്നു. ഈ വിവിധ ഘടകങ്ങൾ പരസ്പരം ചെലുത്തുന്ന സ്വാധീനമാണ് സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിൽ പ്രതിഫലിക്കുക.

ഈ ആശയം അവതരിപ്പിക്കുക മാത്രമല്ല മാർക്സും എംഗൽസും ചെയ്തത്. ഫ്രാൻസ്, ജർമനി എന്നീ രണ്ട് രാജ്യങ്ങളിൽ 19-ാം നൂറ്റാണ്ടിൽ നടന്ന വിപ്ലവങ്ങൾ അവർ സൂക്ഷ്മമായി പരിശോധിച്ചു. അതിലോരോന്നിലും സാമ്പത്തികവും രാഷ്ട്രീയവും ആശയപരവുമായ വിവിധ ഘടകങ്ങൾ എങ്ങനെ പ്രതികരിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാണിച്ചു.

യൂറോപ്പിൽത്തന്നെ ഇറ്റലി, സ്പെയിൻ, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലും അമേരിക്കയിലെ ഐക്യനാടുകളിലും അന്ന് നടന്ന രാഷ്ട്രീയ സംഭവവികാസങ്ങളെ ഈ കാഴ്ചപ്പാടോടെ അവർ പരിശോധിച്ചു.

ഏഷ്യാഭൂഖണ്ഡത്തിലെയും ഇന്ത്യ, ചൈന, പേർഷ്യ, തുർക്കി മുതലായ രാജ്യങ്ങളിലെയും സാമൂഹ്യ, രാഷ്ട്രീയ സ്ഥിതിഗതികളും മാറ്റങ്ങളും അവർ പരിശോധനാവിധേയമാക്കി.

ഇതിനുവേണ്ടി അവർ എഴുതിയ ലേഖനങ്ങൾ, ലഘു ഗ്രന്ഥങ്ങൾ മുതലായവ മാർക്സിസ്റ്റ് ദാർശനിക വിജ്ഞാനത്തിന്റെ അമൂല്യ നിധിയാണ്.

ഈ കാഴ്ചപ്പാടിനെയാണ് അനന്തരകാല മാർക്സിസ്റ്റുകാർ ഇങ്ങനെ വിശേഷിപ്പിച്ചത്: "മൂർത്ത പരിതഃസ്ഥിതിയുടെ മൂർത്ത പരിശോധന." ഇതാണ് മാർക്സിസ്റ്റ് വിജ്ഞാനത്തിന്റെ നാരായവേരെന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു.

തത്വവും പ്രയോഗവും തമ്മിലുള്ള അഭേദ്യബന്ധമാണല്ലോ മാർക്സിസത്തിന്റെ ഹൃദയം. അതുകൊണ്ടുതന്നെ മാർക്സിസ്റ്റ് സിദ്ധാന്തം അനുസരിച്ച് വിപ്ലവം വളർത്താനുള്ള പ്രവർത്തനം നടക്കുമ്പോൾ പലപ്പോഴും തിരിച്ചടികളും പാളിച്ചകളും പറ്റാനിടയുണ്ട്. എന്തുകൊണ്ടെന്നാൽ, സാമൂഹ്യവും രാഷ്ട്രീയവുമായ ഘടനയെ ഫോട്ടോചിത്രത്തിലെന്നപോലെ പ്രതിഫലിപ്പിക്കുംവിധം സാമൂഹ്യവും രാഷ്ട്രീയവുമായ ഘടനയെ വിശകലനം ചെയ്യാൻ വയ്യാ. ഓരോ സന്ദർഭത്തിലും പ്രകടമാവുന്ന പ്രവണതകൾ കാണാൻ കഴിഞ്ഞേക്കും. പക്ഷേ അവ ഫലപ്രാപ്തിയിലെത്തണമെന്നില്ല. ഒരു സാമൂഹ്യഘടനയുടെ ഘട്ടം മനസ്സിലാക്കണമെങ്കിൽ ആ ഘട്ടത്തിലെ വികാസമാകെ നടന്നുകഴിയണം. അതുവരെ ഓരോ സാമൂഹ്യ പ്രതിഭാസത്തിന്റെയും ഗതിവിഗതികൾ നിർണയിക്കുന്നത് താൽക്കാലികതയുള്ള ഒരഭ്യൂഹത്തിന്റെ രൂപത്തിലാണ്. അതുകൊണ്ടാണ് സാമൂഹ്യ, രാഷ്ട്രീയ വിപ്ലവങ്ങളിൽ പലതും പരാജയപ്പെടുകയും ചിലവ ജയിക്കുകയും ചെയ്യുന്നത്.

ഇതിൽനിന്ന് നമുക്ക് ചെന്നെത്താവുന്ന ഒരു നിഗമനമാണ് വിപ്ലവ പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്നവരുടെ പിശകുകൾ നിമിത്തം ആ പ്രക്രിയ ചീറ്റിപ്പോവുന്നത്. വിപ്ലവത്തിൽ സജീവമായി പങ്കുകൊള്ളുന്ന വിവിധ ഘടകങ്ങളിൽ ഓരോന്നിന്റെയും സ്വഭാവം, അവ തമ്മിലുള്ള ബന്ധം എന്നിവ മനസ്സിലാക്കുന്നതിൽ പിഴവുപറ്റിയാൽ വിപ്ലവ പ്രക്രിയയാകെ ചീറ്റിപ്പോവും.

എന്നുവച്ചാൽ, സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ പ്രക്രിയ അത്യന്തം സങ്കീർണമാണ്. പ്രകൃതിശാസ്ത്രങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങളും അവയുടെ ഫലവും നിർണയിക്കാൻ കഴിയുന്നതുപോലെ സാമൂഹ്യ ശാസ്ത്രങ്ങളുടെ മേഖലയിൽ വിവിധ ശക്തികൾ തമ്മിലുള്ള ബന്ധങ്ങളെ കൃത്യമായി വിലയിരുത്താൻവയ്യാ. ഇന്ന സാമ്പത്തിക സ്ഥിതി ഇന്ന രൂപത്തിൽ പ്രവർത്തിക്കുന്നതിനാൽ അതിന്റെ സ്വാഭാവിക ഫലമായി രാഷ്ട്രീയതലത്തിൽ ഇന്ന മാറ്റം വരും എന്ന് ദീർഘദർശനം ചെയ്യാൻ കഴിയില്ല. ആ വിധത്തിലുള്ള യാന്ത്രിക ധാരണ മാർക്സിസ്റ്റ് വീക്ഷണത്തിന് അന്യമാണ്.

ഈ കാഴ്ചപ്പാടോടെയാണ് ബുഖാറിന്റെ *ചരിത്രപരമായ ഭൗതികവാദം സാമൂഹ്യശാസ്ത്രപരമായ ഒരു പുസ്തകം* എന്ന ഗ്രന്ഥത്തെ ഗ്രാംഷി വിലയിരുത്തുന്നത്. സാമൂഹ്യശക്തികൾ തമ്മിലുള്ള ബന്ധം മൂർത്തമായി പരിശോധിക്കുന്നതിനുപകരം ഭൗതികവാദത്തെ താത്വിക മർക്കടമുഷ്ടിയോടെയും യാന്ത്രികമായും കാണുകയാണ് ബുഖാറിൻ ചെയ്യുന്നതെന്ന് ഗ്രാംഷി കുറ്റപ്പെടുത്തുന്നു.

ഗ്രാംഷിയുടെ വിമർശനത്തിന് വിഷയമായ ബുഖാറിന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് ലെനിൻ ജീവിച്ചിരിക്കുമ്പോഴാണ്. അതുകൂടി കണക്കിലെടുത്തിട്ടാണ് അന്തരിക്കുന്നതിന് ഏതാനും മാസം മുമ്പ് സെൻട്രൽ കമ്മിറ്റി

മെംബർമാർക്ക് എഴുതിയ ഒരു കത്തിൽ ലെനിൻ മറ്റു പലരെയുമെന്ന പോലെ ബുഖാറിനെയും ഒരേസമയത്ത് ശ്ലാഘിക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്തത്. താത്വിക പ്രശ്നങ്ങളിൽ ബുഖാറിനുള്ള പിടിപാടിനെ ലെനിൻ ശ്ലാഘിച്ചു. എന്നാൽ വൈരുധ്യവാദം മനസ്സിലാക്കാൻ ബുഖാറിന് കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ലെനിന്റെ ഈ വിമർശനത്തിന്റെ മാതൃക പിടിച്ചാണ് ഗ്രാംഷി ബുഖാറിന്റെ ഗ്രന്ഥത്തെ വിമർശിച്ചത്. ചരിത്രപരമായ ഭൗതികവാദത്തെ അതിന്റെ ബഹുമുഖമായ അർഥത്തിൽ കാണാതെ യാന്ത്രികതയോടെയും താത്വിക മർക്കട മുഷ്ടിയോടെയും കാണുകയാണ് ബുഖാറിൻ ചെയ്തതെന്നാണ് ഗ്രാംഷി അഭിപ്രായപ്പെട്ടത്.

ലെനിൻ അന്തരിച്ച് അധികം ചെല്ലുന്നതിനുമുമ്പ് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയിൽ അതിതീക്ഷ്ണമായ അഭിപ്രായവ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അവ പാർട്ടിയെ ഒരു പിളർപ്പിലെത്തിക്കുമെന്ന് ലെനിൻ ഭയപ്പെട്ടു. അതു സംബന്ധിച്ച് തനിക്കുള്ള ഉൽക്കണ്ഠയാണ് മിക്കവാറും മരണക്കിടക്കയിൽ കിടക്കുന്ന അവസരത്തിൽ സെൻട്രൽ കമ്മിറ്റിക്കെഴുതിയ ഒരു കത്തിൽ ലെനിൻ വിശദീകരിച്ചത്.

ബുഖാറിന്റെ താത്വിക പാളിച്ചകൾപോലെ സ്റ്റാലിന്റെ സംഘടനാപരമായ പാളിച്ചയെയും ആ കത്തിൽ അദ്ദേഹം തുറന്നുകാട്ടി.

> ജനറൽ സെക്രട്ടറി സ്ഥാനത്തിരുന്നുകൊണ്ട് പാർട്ടി സംഘടനയ്ക്കത്ത് വമ്പിച്ച അധികാരം സ്റ്റാലിൻ ഏറ്റെടുത്തിരിക്കുന്നു. ആ അധികാരം വേണ്ടതുപോലെ ഉപയോഗിക്കുമെന്ന് വിശ്വസിക്കാനും വയ്യാ.

എന്നു പറഞ്ഞ ലെനിൻ തുടർന്നു:

> സ്റ്റാലിനെ ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് മാറ്റാൻ ഒരു വഴി കണ്ടെത്തണം. സ്റ്റാലിന്റെ ഗുണങ്ങളെല്ലാമുള്ളതും ദോഷങ്ങളില്ലാത്തതുമായ ഒരാളെ കണ്ടുപിടിച്ച് ജനറൽ സെക്രട്ടറിയാക്കണം.

എന്നാൽ സ്റ്റാലിന്റെ ദോഷം ഇല്ലാത്തതും ഗുണങ്ങളുള്ളതുമായ ഒരാളെ ലെനിന് നിർദേശിക്കാനുണ്ടായിരുന്നില്ല. ലെനിൻ അന്തരിച്ചതിനുശേഷമാകട്ടെ, അദ്ദേഹത്തിന്റെ അഭിപ്രായം മാനിച്ച് ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് തന്നെ മാറ്റണമെന്ന് സ്റ്റാലിൻ നിർദേശിച്ചു. പക്ഷേ ലെനിൻ നിർദേശിച്ച വ്യക്തിസവിശേഷതകളുള്ള ഒരാളെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് സ്റ്റാലിൻ തന്നെ തുടരട്ടെ എന്ന് സെൻട്രൽ കമ്മിറ്റി തീരുമാനിച്ചു.

ഇതിനെത്തുടർന്ന് ലെനിൻ ഭയപ്പെട്ടതുപോലുള്ള സ്ഥിതിവിശേഷം ഉളവായി: കൈയടക്കിവച്ചിട്ടുള്ള അധികാരം നല്ല രീതിയിൽ ഉപയോഗിക്കുന്നതിനുപകരം ദുരുപയോഗപ്പെടുത്തുകയാണ് സ്റ്റാലിൻ ചെയ്തത്. അതിന്റെ ഫലമായി ബുഖാറിനടക്കം ഒട്ടേറെ സഖാക്കൾ അന്യായമായ അച്ചടക്ക നടപടികൾക്ക് ഇരയാവുക മാത്രമല്ല കൊല്ലപ്പെടുകകൂടി ചെയ്തു.

സോവിയറ്റ് പാർട്ടിയുടെ 20–ാം കോൺഗ്രസ്സും തുടർന്നുള്ള സെൻട്രൽ കമ്മിറ്റി യോഗങ്ങളും സ്റ്റാലിനെ താഴ്ത്തിക്കെട്ടുന്ന പ്രചാരണത്തിലേർപ്പെട്ടു. ആ പ്രചാരണത്തിന്റെ പുറകിൽ സോവിയറ്റ് പാർട്ടിയിലും ഇറ്റലിയടക്കമുള്ള പല യൂറോപ്യൻ രാജ്യങ്ങളിലും ആധുനിക റിവിഷനിസത്തിന്റെ അരങ്ങേറ്റമായി. ഇറ്റാലിയൻ പാർട്ടിയടക്കം ഒട്ടേറെ യൂറോപ്യൻ പാർട്ടികൾ 'യൂറോ കമ്യൂണിസം' എന്ന പേരിൽ തികച്ചും റിവിഷനിസ്റ്റായ ഒരു പ്രസ്ഥാനംതന്നെ രൂപപ്പെടുത്തി. അതിന്റെ യുക്തിയുക്തമായ പരിണാമമാണ് 1980 കളിലും 90 കളിലും ലോക സോഷ്യലിസത്തിനേറ്റ ഭയങ്കരമായ തിരിച്ചടി.

ഇതിന്റെ വസ്തുനിഷ്ഠമായ ചരിത്രസാഹചര്യം ആഴത്തിൽ പരിശോധിക്കണമെന്ന് സിപിഐ(എം)ന്റെ 14 ഉം 15 ഉം കോൺഗ്രസ്സുകൾ അഭിപ്രായപ്പെട്ടു. ആ പരിശോധന ഇനി നടക്കാനിരിക്കുന്നതേയുള്ളൂ. പക്ഷേ അതിനുള്ള വഴികാട്ടിയെന്ന നിലയ്ക്ക് ഒരു ചോദ്യം ഇവിടെ എടുത്തിടട്ടെ:

ബുഖാറിന് പറ്റിയതായി ലെനിനും അദ്ദേഹത്തെത്തുടർന്ന് ഗ്രാംഷിയും പറഞ്ഞ താത്വിക മർക്കടമുഷ്ടിയും യാന്ത്രികതയും സ്റ്റാലിനടക്കമുള്ള ലെനിന്റെ പിൻഗാമികളെയും ബാധിച്ചിട്ടില്ലേ? കുറച്ചുകൂടി വ്യക്തമായി പ്പറഞ്ഞാൽ 'പുത്തൻ സാമ്പത്തിക നയം' അംഗീകരിക്കുമ്പോൾ സോവിയറ്റ് യൂണിയന്റെയും ലോക വിപ്ലവത്തിന്റെയും ഭാവിയെ സംബന്ധിച്ച് ലെനിനുണ്ടായിരുന്ന വൈരുധ്യാത്മക ഭൗതികവാദത്തിന്റെ നിലപാട് ഉപേക്ഷിച്ച് താത്വിക മർക്കടമുഷ്ടിയുടെയും യാന്ത്രികതയുടെയും നിലപാട് ലെനിന്റെ പിൻഗാമികൾ എടുത്തില്ലേ? അതല്ലേ അനന്തരകാല സംഭവങ്ങൾക്ക് വഴിവെച്ചത്?

സാറിസ്റ്റ് റഷ്യയുടെ സവിശേഷ സാഹചര്യത്തിൽ ഒറ്റ രാജ്യമെന്ന നിലയ്ക്ക് സോഷ്യലിസം കെട്ടിപ്പടുക്കാനാരംഭിക്കുന്നതിന് സോവിയറ്റ് യൂണിയന് കഴിയുമെങ്കിലും ആ പ്രക്രിയ പൂർത്തിയാക്കാൻ സോവിയറ്റ് യൂണിയന് ഒറ്റയ്ക്ക് കഴിയുകയില്ലെന്ന് ലെനിന് ബോധ്യമുണ്ടായിരുന്നു. എന്നുവച്ചാൽ ആഗോളമായി മുതലാളിത്ത, സോഷ്യലിസ്റ്റ് ലോകങ്ങൾ തമ്മിൽ നടക്കുന്ന സംഘട്ടനത്തിലെ ഒരു സവിശേഷ സംഭവമാണ് സോവിയറ്റ് യൂണിയന്റെ നിലനിൽപ്പ്. അതിനെതിരേ ലോക സാമ്രാജ്യാധിപത്യം ആദ്യം അഴിച്ചുവിട്ട ആക്രമണം—ഇടങ്കോലിടൽ യുദ്ധവും ആഭ്യന്തര യുദ്ധവും—പരാജയപ്പെടുത്താൻ കഴിഞ്ഞുവെങ്കിലും സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ അവസാന വിജയം നേടിയിട്ടില്ലെന്ന് ലെനിന് തീർച്ചയുണ്ടായിരുന്നു. സാമ്പത്തികോൽപ്പാദനത്തിന്റെ മേഖലകളിൽ മുതലാളിത്ത ലോകത്തെ കവച്ചുവയ്ക്കാൻ സോവിയറ്റ് യൂണിയന് കഴിഞ്ഞെങ്കിൽ മാത്രമേ ആഗോള മത്സരത്തിൽ സോഷ്യലിസത്തിന് വിജയം കൈവരിക്കാനാവൂ എന്ന് ലെനിൻ അഭിപ്രായപ്പെട്ടു.

വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിന്റേതായ ഈ നിലപാടുപേക്ഷിച്ച് സൈനികവും നയതന്ത്രബന്ധപരവുമായ മേഖല

കളിൽ മുതലാളിത്തത്തെ കടത്തിവെട്ടാൻ കഴിഞ്ഞാൽ സോവിയറ്റ് യൂണിയനെന്ന ഒറ്റ രാജ്യത്ത് സോഷ്യലിസ്റ്റ് നിർമാണം തുടങ്ങാൻ മാത്രമല്ല, അത് പൂർത്തിയാക്കി കമ്യൂണിസത്തിലേക്ക് നീങ്ങാൻപോലും കഴിയുമെന്ന വ്യാമോഹം സ്റ്റാലിനെയും അനന്തരഗാമികളെയും ബാധിച്ചില്ലേ?

സാമ്പത്തികോൽപ്പാദനത്തിന്റെ കാര്യത്തിൽ കേന്ദ്രീകരിക്കേണ്ട ദേശീയ വിഭവങ്ങൾ സൈനികാവശ്യങ്ങൾക്ക് വിനിയോഗിച്ചില്ലേ? അതുകൊണ്ടല്ലേ ആദ്യത്തെ രണ്ടുമൂന്ന് പതിറ്റാണ്ടുകളിൽ മുതലാളിത്ത ലോകത്തെ ഉൽപ്പാദനത്തോതിന്റെ രംഗത്ത് കവച്ചുവയ്ക്കാൻ കഴിഞ്ഞ സോവിയറ്റ് യൂണിയൻ 1970 കളിലും 80 കളിലുമായി പിറകോട്ടടിച്ചത്?

ഇതിനുമുമ്പ് ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകളിൽ* പരാമർശിച്ച അമേരിക്കൻ മുതലാളിത്തത്തിന്റെ പുത്തൻ പ്രവർത്തനശൈലിയിലേക്ക് ഇവിടെ നമുക്ക് തിരിച്ചുപോകേണ്ടിയിരിക്കുന്നു. ഇറ്റലിയിലും ജർമനിയിലും ഫാഷിസം കൊടികുത്തിവാണകാലത്ത് അമേരിക്ക സാമ്പത്തികോൽപ്പാദനത്തിന്റെ രംഗത്ത് പുത്തൻ പരീക്ഷണങ്ങൾ നടത്തുകയായിരുന്നുവെന്ന് ഗ്രാംഷി ചൂണ്ടിക്കാണിച്ചു. യൂറോപ്പിലെ ഫാഷിസ്റ്റ് മുന്നേറ്റത്തെപ്പോലെതന്നെ ലോക തൊഴിലാളിവർഗത്തിന് ആപൽക്കാരിയാണ് അമേരിക്കൻ മുതലാളിത്തത്തിന്റെ പുത്തൻ രൂപങ്ങളെന്ന് ഗ്രാംഷി ചൂണ്ടിക്കാണിച്ചു.

ലെനിൻ അന്തരിച്ചതിനുശേഷം അരനൂറ്റാണ്ടിലേറെക്കാലത്ത് ആഗോള രാഷ്ട്രീയതലത്തിൽ നടന്ന സംഭവവികാസങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ചില ചോദ്യങ്ങളാണിവ. അവയ്ക്ക് വ്യക്തവും അവസാന രൂപത്തിലുള്ളതുമായ ഉത്തരം കാണണമെങ്കിൽ സിപിഐ(എം) ന്റെ 14 ഉം 15 ഉം കോൺഗ്രസ്സുകൾ നിർദേശിച്ചതുപോലെ ആഗോള സോഷ്യലിസത്തിന് അടുത്തകാലത്തുണ്ടായ തിരിച്ചടിയുടെ കാരണങ്ങളെക്കുറിച്ച് ആഴത്തിലുള്ള ഒരു പരിശോധന നടത്തണം. അതിനൊരു വഴികാട്ടിയായി ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകൾ* നമുക്ക് ഉപയോഗിക്കാം.

വലത്തോട്ടോ ഇടത്തോട്ടോ നീങ്ങാതെ തൊഴിലാളിവർഗത്തിന്റെ വിപ്ലവപരമായ നിലപാടെടുക്കാൻ നമ്മെ സഹായിക്കുന്നതാണ് ധൈഷണികരുടെ ഉയർച്ചതൊട്ട് ബുഖാറിന്റെ മാർക്സിസ്റ്റ്‌വിരുദ്ധ ദാർശനിക സമീപനംവരെ *ജയിൽക്കുറിപ്പുകളിൽ* വന്ന പരാമർശങ്ങൾ.

ഭാഗം നാല്

അനുബന്ധങ്ങൾ

അനുബന്ധം 1
കാലാനുക്രമണിക 107

അനുബന്ധം 2
ജീവചരിത്രക്കുറിപ്പുകൾ 112

അനുബന്ധം 3
വിവർത്തന സൂചി 115

അനുബന്ധം 4
സഹായക ഗ്രന്ഥവിവരണം 117

ഗ്രാംഷിയെപ്പറ്റി 120

അനുബന്ധം 1

കാലാനുക്രമണിക*

1891 ജാനുവരി 23 സർദീനിയയിലെ അലെസിൽ ഏഴുമക്കളിൽ നാലാമനായി അന്തോണിയോ ജനിച്ചു.

1898 വീടിനടുത്ത് സ്കൂളിൽ ചേർന്നു.

1900 ഒരു ചെറിയ സർക്കാർ ഉദ്യോഗസ്ഥനായിരുന്ന പിതാവ് ഔദ്യോഗിക കാര്യം സംബന്ധിച്ച് ശരിയായോ തെറ്റായോ കുറ്റം ആരോപിക്കപ്പെട്ട് തടവിൽ. പഠിത്തം മുടങ്ങി. ഉപജീവനത്തിനും കുടുംബത്തെ സഹായിക്കാനുമായി തൊഴിലിൽ.

1904 പിതാവിന്റെ മോചനം. തുറമുഖനഗരമായ കാഗ്ലിയാരിയിൽ തൊഴിലാളിയായിരുന്ന ജ്യേഷ്ഠൻ ഗൊണ്ണോറോയോടൊപ്പം താമസിച്ച് പഠനം തുടർന്നു. ജ്യേഷ്ഠനിൽനിന്ന് സോഷ്യലിസത്തിന്റെയും രാഷ്ട്രീയത്തിന്റെയും ആദ്യ പാഠങ്ങൾ.

1911 സ്കോളർഷിപ്പോടുകൂടി തൂറിൻ സർവകലാശാലയിൽ. തോഗ്ലിയാത്തി സഹപാഠി. ക്രോച്ചെ മുതൽപേർ അധ്യാപകർ.

1913 ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ (പിഎസ്ഐ) ചേർന്നു. സോഷ്യലിസ്റ്റ് പത്രങ്ങളിൽ ലേഖനങ്ങൾ.

1914 ഒന്നാം ലോകമഹായുദ്ധം (1914–18) ആരംഭിച്ചു.

1915 കൂടുതൽ ഊർജസ്വലമായ രാഷ്ട്രീയ പ്രവർത്തനം. ആരോഗ്യത്തകർച്ച. ബിരുദമെടുക്കുംമുമ്പ് പഠിത്തം നിർത്തി. സോഷ്യലിസ്റ്റ് മുഖപത്രമായ *അവന്തി*യുടെ പത്രാധിപസമിതിയിൽ.

1917 തൂറിൻ നഗരത്തിലെ സോഷ്യലിസ്റ്റ് വാരികയായ *ഇൻ പ്രിഡോ ഡിപോയോളോ(ജനകീയ കാഹളം)*യുടെ നടത്തിപ്പിന്റെ ചുമതല. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം.

1918 യുദ്ധാവസാനം ഇറ്റലിയിലാകെ വ്യാവസായികവും രാഷ്ട്രീയവുമായ അസ്വാസ്ഥ്യം.

1919 കമ്യൂണിസ്റ്റ് ഇന്റർനാഷണൽ രൂപീകരണം. പിഎസ്ഐ ഇന്റർനാഷണലിനോട് കൂറ് പ്രഖ്യാപിക്കുന്നു.

മെയ്: തോഗ്ലിയാത്തി, തസ്ക, ടെറാസിനി എന്നിവരുമായിച്ചേർന്ന് *സോഷ്യലിസ്റ്റ് സാംസ്കാരിക റിവ്യൂ* എന്ന വിശേഷണത്തോടെ *എൽ ഓർഡിൻ നോവോ* എന്ന കാലികം ആരംഭിച്ചു.

ജൂൺ: ഫാക്ടറി കൗൺസിലുകളുടെ പ്രവർത്തനത്തെപ്പറ്റി തൊഴിലാളിവർഗ ജനാധിപത്യം എന്ന ലേഖനം.

ജൂലായ് 26: പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് വഴിതെളിച്ച *കമ്യൂണിസ്റ്റ് വിഭാഗത്തിന്റെ പരിപാടി* എന്ന രേഖ പ്രസിദ്ധീകരിച്ചു.

നവംബർ–ഡിസംബറിൽ ഫാക്ടറി കൗൺസിൽ പ്രസ്ഥാനം പൊട്ടിപ്പുറപ്പെടുന്നു.

1920 ഫാക്ടറി കൗൺസിൽ പ്രസ്ഥാനം പടരുന്നു. മിലാനിലും തൂറിനിലും മറ്റും ഫാക്ടറികൾ പലതും തൊഴിലാളികളുടെ അധീനത്തിൽ. അധികാരികളുടെ കനത്ത തിരിച്ചടി.

ഏപ്രിൽ 13–24: പൊതു പണിമുടക്കം.

1921 **ജാനുവരി:** ഗ്രാംഷിയും സഖാക്കളും സോവിയറ്റ് പ്രോലികൾട്ടുമായി ബന്ധിപ്പിച്ച് ഇറ്റലിയിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രോലിറ്റേറിയൻ കൾച്ചർ സ്ഥാപിക്കുന്നു.

ജാനുവരിയിൽ ലിവോർണോയിൽ പിഎസ്ഐ 17–ാം കോൺഗ്രസ്സ്.

ജാനുവരി 21 ന് കമ്യൂണിസ്റ്റുകാർ പിഎസ്ഐയിൽനിന്ന് ഇറങ്ങിപ്പോന്ന് മറ്റൊരു കോൺഗ്രസ്സ് ചേർന്നു. ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നു ഗ്രാംഷിയും തോഗ്ലിയാത്തിയും നേതൃത്വത്തിൽ. അമാദിയോ ബ്രോഡിഗ ജനറൽ സെക്രട്ടറി.

1922 **മാർച്ച്:** റോമിൽ ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സ്. കമ്യൂണിസ്റ്റ് ഇന്റർനാഷണലിലെ ഇറ്റാലിയൻ പ്രതിനിധിയായി ഗ്രാംഷി തിരഞ്ഞെടുക്കപ്പെട്ടു.

രണ്ടു വർഷത്തേക്ക്. ഗ്രാംഷി മോസ്കോയിൽ. രോഗം മൂർച്ഛിച്ച് അനേകമാസം രോഗശുശ്രൂഷാലയത്തിൽ. റഷ്യക്കാരി ജൂലിയ ഷുഡ്റ്റിന്റെ ശുശ്രൂഷയും പ്രേമവും. വിവാഹം.

ഒക്റ്റോബർ 28: കരിങ്കുപ്പായക്കാരുടെ റോമ മാർച്ച്. മുസോളിനി അധികാരം പിടിച്ചെടുക്കുന്നു.

നവംബർ: കമ്യൂണിസ്റ്റ് ഇന്റർനാഷണൽ നാലാം കോൺഗ്രസ്സ്. ഇറ്റാലിയൻ പ്രശ്നം വീണ്ടും. കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടികൾ ലയിക്കാൻ നിർദേശം. ബോർഡിഗയുടെ എതിർപ്പ് നിർദേശം നടപ്പായില്ല.

1923 ഫെബ്രുവരി: ബോർഡിഗ ഉൾപ്പെടെ നിരവധി കമ്യൂണിസ്റ്റ് നേതാക്കൾ തടവിൽ. കോമിന്റേൺ നിർദേശങ്ങളോട് എതിർപ്പു പ്രകടിപ്പിച്ച ബോർഡിഗയുടെ കത്ത്. തോഗ്ലിയാത്തി അംഗീകരിച്ചു. ഗ്രാംഷി എതിർത്തു. ബോർഡിഗ സെക്രട്ടറി സ്ഥാനം രാജിവെക്കുന്നു. *ഓർഡിൻ നോവോ* നിരോധിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ തൊഴിലാളിവർഗ പത്രം ആരംഭിക്കാൻ കോമിന്റേൺ നിർദേശം. ഉത്തര ഇറ്റാലിയൻ തൊഴിലാളിവർഗവും കർഷകരും തമ്മിലുള്ള സമരസഖ്യവും ഫാഷിസത്തിനെതിരായ ഐക്യമുന്നണിയും എന്ന തന്റെ പ്രിയപ്പെട്ട ആശയങ്ങൾക്ക് മുൻതൂക്കം നൽകാൻ ഉതകുന്ന 'യൂണിത്ത' (ഐക്യം) എന്ന പേര് ഗ്രാംഷി നിർദേശിക്കുന്നു.

നവംബർ: ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയും മറ്റ് യൂറോപ്യൻ കമ്യൂണിസ്റ്റ് പാർട്ടികളുമായുള്ള ആശയവിനിമയവും ബന്ധവും സുദൃഢമാക്കാനുള്ള ചുമതലയോടെ ഗ്രാംഷി വിയന്ന ആസ്ഥാനമായി പ്രവർത്തിക്കാൻ നിയോഗിക്കപ്പെടുന്നു.

1924 ഫെബ്രുവരി: 'എൽ' യൂണിത്ത ആരംഭിച്ചു. ഒപ്പം ഒരു പാക്ഷിക പ്രസിദ്ധീകരണമായി *ഓർഡിൻ നോവോ*. കോമിന്റേണിന്റെ നയങ്ങളുടെ അടിസ്ഥാനത്തിൽ ഫാഷിസത്തിനെതിരായ ഐക്യമുന്നണി എന്ന ആശയം നടപ്പിൽവരുത്താൻ ഉതകുംവിധം ഇറ്റാലിയൻ പാർട്ടി നേതൃത്വം പുനഃസംഘടിപ്പിക്കണമെന്ന നിർദേശം വിയന്നയിൽനിന്നൊരു കത്തിലൂടെ ഗ്രാംഷി തോഗ്ലിയാത്തിയെയും ടെറാസിനിയെയും അറിയിക്കുന്നു.

ഏപ്രിൽ: പൊതുതിരഞ്ഞെടുപ്പ്. വിദേശത്ത് പാർത്തുകൊണ്ട് മത്സരിച്ച ഗ്രാംഷി ഡെപ്യൂട്ടിയായി (പ്രതിനിധി) പാർലമെന്റിലേക്കും തിരഞ്ഞെടുക്കപ്പെട്ടു.

മേയ്: പാർലമെന്റ് അംഗങ്ങൾക്കുള്ള സവിശേഷാധികാരങ്ങളുടെ സംരക്ഷണയുടെ പിൻബലത്തിൽ ഗ്രാംഷി സ്വദേശത്ത് എത്തി പാർട്ടി നിർവാഹകസമിതിയിൽ പ്രവർത്തിക്കാൻ തുടങ്ങി.

ജൂൺ: ഫാഷിസത്തെ വെല്ലുവിളിച്ച സോഷ്യലിസ്റ്റ് നേതാവ് പ്രതിയോഗികളാൽ വധിക്കപ്പെട്ടു. പ്രതിപക്ഷം പാർലമെന്റ് ബഹിഷ്കരിച്ചു.

ആഗസ്റ്റ്–സെപ്റ്റംബർ: ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സ് ഗ്രാംഷിയെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. ദിലിയോ എന്ന മകന്റെ ജനനം മോസ്കോയിൽ. പാർട്ടി കോമിന്റേൺ സിദ്ധാന്തങ്ങൾ പ്രകാരം അടിമുടി പുനഃസംഘടിപ്പിക്കപ്പെട്ടു.

മുഖ്യ രാഷ്ട്രീയം: ഫാഷിസത്തിനെതിരേ ഐക്യമുന്നണി. പക്ഷേ പാർലമെന്ററിയും പാർലമെന്റേതരവുമായ സകല സമരമാർഗങ്ങളും ഉപയോഗപ്പെടുത്തുക എന്ന പാർട്ടിയുടെ നയം മറ്റുള്ള

വർക്ക് സ്വീകാര്യമായില്ല. അതുകൊണ്ട് കമ്യൂണിസ്റ്റുകാരെ ഗ്രാംഷി പാർലമെന്റിലേക്ക് വീണ്ടും നയിച്ചു.

1925 മാർച്ച്: കോമിന്റേൺ നിർവാഹക സമിതിയിൽ പങ്കെടുക്കാൻ മോസ്കോയിൽ.

മേയ് 16: തിരിച്ചുവന്ന് പാർലമെന്റിൽ ഫാഷിസത്തിനെതിരേ ഗംഭീര പ്രസംഗം. ആദ്യത്തെയും അവസാനത്തെയും പാർലമെന്റ് പ്രസംഗം.

1926 ജാനുവരി: ലിയോൺസിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ മൂന്നാം കോൺഗ്രസ്സ്. ഗ്രാംഷി ഉൾപ്പെടെയുള്ള പുതിയ നേതൃത്വത്തിന് 90.8 ശതമാനം പിന്തുണ. ഇടതുപക്ഷ സെക്റ്റേറിയന്മാർ ഉൾപ്പെട്ട ബോർഡിഗപക്ഷത്തിന് 9.2. പുതിയ സാഹചര്യങ്ങൾക്കൊത്ത നയങ്ങൾ ഉൾക്കൊള്ളുന്ന 'ലിയോൺസ് തീസിസ്' ഗ്രാംഷിയും തോഗ്ലിയാത്തിയും ചേർന്ന് എഴുതി.

ഒക്റ്റോബർ 14: സ്റ്റാലിനും ബുഖാറിനും തമ്മിലും സ്റ്റാലിനും ട്രോത്സ്കിയും തമ്മിലും മറ്റും ഇതിനകം ആരംഭിച്ച ഭിന്നതകളിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുന്ന കത്ത് ഗ്രാംഷിയുടെ പേരിൽ പാർട്ടി ആസ്ഥാനത്തുനിന്ന് സോവിയറ്റ് കേന്ദ്രക്കമ്മിറ്റിക്ക് അയച്ചുകൊടുത്തു. ഈ ഇടപെടൽ അനുചിതമാണെന്ന് മോസ്കോയിലായിരുന്ന തോഗ്ലിയാത്തിക്ക് തോന്നിയെങ്കിലും കത്ത് ബന്ധപ്പെട്ടവർക്ക് അദ്ദേഹം എത്തിച്ചുകൊടുത്തു.

നവംബർ: 15 വയസ്സായ ഒരു കുട്ടി മുസോളിനിയെ വധിക്കാൻ ശ്രമിച്ചുവെന്ന വാർത്തയെത്തുടർന്ന് അടിയന്തരാവസ്ഥ നിയമ പ്രഖ്യാപനം. പ്രതിപക്ഷപ്പാർട്ടികൾ നിരോധിക്കപ്പെട്ടു. പ്രതിപക്ഷ നേതാക്കളും കേഡറും കൂട്ടത്തോടെ അറസ്റ്റിൽ.

നവംബർ 8 ന് ഗ്രാംഷി അറസ്റ്റിൽ.

1928 മേയ് 28: ഗ്രാംഷിയെയും മറ്റ് സഖാക്കളെയും മിലാനിൽ പ്രത്യേക കോടതിയിൽ വിചാരണ.

ജൂൺ 4: ഗ്രാംഷിയെ 20 വർഷത്തേക്കും മറ്റ് സഖാക്കളെ വിവിധ കാലയളവുകളിലേക്കും ശിക്ഷിച്ചു. കൃത്യമായി പറഞ്ഞാൽ 20 വർഷം 4 മാസം 5 ദിവസം തടവുശിക്ഷ.

1929 ഫെബ്രുവരി: ജയിൽക്കുറിപ്പുകൾ തൂറി ദി ബാരി ജയിലിൽ എഴുതിത്തുടങ്ങി.

1933 രോഗമൂർച്ഛ. ചികിത്സ കാര്യമായി ലഭിച്ചില്ല. വാർത്ത കുറേശ്ശെ പുറംലോകത്തേക്ക്. പ്രശസ്ത ഫ്രഞ്ച് സാഹിത്യനായകൻ റൊമാങ് റൊളാങ്ങും കാന്റർബറി ആർച്ച് ബിഷപ്പും ഉൾപ്പെടെ പലരും ഗ്രാംഷിയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

1936 ജാനുവരി അവസാനം പോലീസ് കസ്റ്റഡിയിൽ. ഗ്രാംഷിയെ ഫോർമിയയിലെ ഒരു ക്ലിനിക്കിലേക്കു മാറ്റി. പിന്നീട് റോമിലെ

കിസിസാന ആശുപത്രിയിലേക്കും. അപ്പോഴേക്കും രക്ഷയില്ലാത്തവിധം മരണശയ്യയിലായി.

1937 **ഏപ്രിൽ 21:** ശിക്ഷയുടെ കാലാവധി 10 വർഷമായി കുറച്ച് ഉത്തരവ് വരുന്നു. മരണശയ്യയിൽ ഗ്രാംഷി 'സ്വതന്ത്രനാ'യി.

ഏപ്രിൽ 27: 'സ്വതന്ത്രനാ'യി ഒരാഴ്ചയ്ക്കകം ആ ധന്യജീവിതം പൊലിഞ്ഞു. ഫാഷിസ്റ്റ് ക്രൂരതയുടെ രക്തസാക്ഷി. ശവസംസ്കാരച്ചടങ്ങുകൾ നടത്തിയ ഭാര്യാസഹോദരി താത്യാന ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകൾ* അടങ്ങിയ 33 നോട്ടുപുസ്തകങ്ങൾ രഹസ്യമായി കൈവശപ്പെടുത്തി മോസ്കോയിലായിരുന്ന തോഗ്ലിയാത്തിക്ക് അയച്ചുകൊടുത്തു.

1945 രണ്ടാം ലോകമഹായുദ്ധം. മുസോളിനിയെ പാർട്ടിസാൻ യോദ്ധാക്കൾ പിടികൂടി വധിച്ചു.

1947 ഇറ്റലിയിൽ ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകൾ* പ്രസിദ്ധീകരിച്ചു തുടങ്ങി.

അനുബന്ധം 2

ജീവചരിത്രക്കുറിപ്പുകൾ

എംഗൽസ്, ഫ്രെഡറിക് (1880–1895) ജർമനി: ശാസ്ത്രീയ സോഷ്യലിസത്തിന്റെ സഹസ്ഥാപകൻ.

കോങ്തെ, ഔഗസ്ത് (1798–1857) ഫ്രാൻസ്: സാങ്കൽപ്പിക സോഷ്യലിസത്തിന്റെ പ്രമുഖ വക്താവായിരുന്ന സാങ് സി മോണിന്റെ സെക്രട്ടറിയായി പൊതുജീവിതം ആരംഭിച്ചു. പോസിറ്റിവിസം എന്ന വൈരുധ്യാത്മക വിരുദ്ധ ദാർശനിക പദ്ധതിയുടെ സ്ഥാപകൻ.

ക്രോച്ചെ, ബെനെദിത്തോ (1866–1952) ഇറ്റലി: ദാർശനികൻ, അക്കാദമീഷ്യൻ. 20–ാം നൂറ്റാണ്ടിലെ ആദ്യപകുതിയിലെ അത്യുന്നത ആശയവാദി. സൗന്ദര്യശാസ്ത്ര ചിന്തകൻ.

ടാസ്ക്, ആഞ്ചെലോ (1892–1960) ഇറ്റലി: ഗ്രാംഷിയുടെ ആദ്യകാല സഹപ്രവർത്തകൻ. ആദ്യം സോഷ്യലിസ്റ്റ് പാർട്ടിയിലും കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ അതിലും പ്രമുഖൻ. 1929 ൽ വലതുപക്ഷ വ്യതിയാനം മൂലം അദ്ദേഹം പാർട്ടിക്കു പുറത്തായി.

ടെറാസിനി, ഉംബെർടോ (1895–1983) ഇറ്റലി: ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകാംഗം. ദീർഘകാലം ഫാഷിസ്റ്റ് തടവിൽ. യുദ്ധകാലത്ത് ഫാഷിസ്റ്റ്വിരുദ്ധ ഒളിപ്പോരാളി. യുദ്ധാനന്തരം കുറച്ചുകാലം ഭരണഘടനാ നിർമാണസമിതി അധ്യക്ഷൻ. 1948 മുതൽ മരണംവരെ പാർലമെന്റ് മെംബർ. വിദഗ്ധ അഭിഭാഷകൻ.

ഡാവിഞ്ചി, ലിയനാർഡോ (1482–1519) ഇറ്റലി: ചിത്രകാരൻ, ശാസ്ത്രജ്ഞൻ, എൻജിനീയർ, നവോത്ഥാന നായകൻ.

തോഗ്ലിയാത്തി, പാൽമിറോ (1893–1964) ഇറ്റലി: ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സഹസ്ഥാപകൻ. പിന്നീട് കമ്യൂണിസ്റ്റ് ഇന്റർനാഷണൽ സെക്രട്ടറി ജനറൽ.

ദാന്തെ, അലിഘിയെരി (1266–1321) ഇറ്റലി: ഇറ്റാലിയൻ ഭാഷയിലെ പ്രഥമ മഹാകവി, *ഡിവൈൻ കോമഡി* എന്ന ഇതിഹാസ കാവ്യകർത്താവ്. നവോത്ഥാന നായകൻ.

ദിമിത്രോവ്, ഗ്യോർഗി (1882–1949) ബൾഗേറിയ: ബൾഗേറിയൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ്. സോഷ്യലിസ്റ്റ് ബൾഗേറിയയുടെ പ്രഥമ പ്രസിഡന്റ്. 1934 മുതൽ 1943 ൽ കമ്യൂണിസ്റ്റ് ഇന്റർനാഷണൽ ദൗത്യം പൂർത്തിയാക്കി പിരിച്ചുവിടുംവരെ അതിന്റെ മുഖ്യ കാര്യദർശി. 1935 ൽ കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ *ഫാഷിസത്തിനെതിരേ ഐക്യമുന്നണി* എന്ന നയം അടങ്ങിയ *ഫാഷിസ്റ്റ് കടന്നാക്രമണവും കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ കടമകളും* എന്ന ചരിത്ര പ്രസിദ്ധ റിപ്പോർട്ടിന്റെ അവതാരകൻ.

പിരാൻഡല്ലോ, ലൂയിഗി (1867–1936) ഇറ്റലി: ഈ നൂറ്റാണ്ടിലെ നാടക കലയിലും സങ്കൽപ്പത്തിലും വമ്പിച്ച മാറ്റം വരുത്തിയ ഭാവനാശാലി. *ഒരു ഗ്രന്ഥകർത്താവിനെത്തേടി ആറ് കഥാപാത്രങ്ങൾ* അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധ നാടകം.

ഫൊയർബാഹ്, ലുഡ്‌വിഗ് (1804–1872) ജർമൻ: ഭൗതികവാദ ദാർശനികൻ, മാർക്സിന് കടപ്പാട്.

ബുഖാറിൻ, നിക്കോളെ (1888–1938) റഷ്യൻ: ബോൾഷെവിക് പാർട്ടിയിലെ ഉന്നത നേതാവ്. സൈദ്ധാന്തികൻ. 1938 ൽ സോവിയറ്റ്‌വിരുദ്ധ നടപടികൾ ആരോപിച്ച് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു.

മാർക്സ്, കാൾ (1818–1883) ജർമനി: ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകൻ.

മുസോളിനി, ബെനിറ്റോ (1883–1945) ഇറ്റലി: ആദ്യം സോഷ്യലിസ്റ്റ്, പിന്നെ ഫാഷിസ്റ്റ്. 1922 ൽ അധികാരം പിടിച്ചെടുത്ത് 1945 ൽ സ്വാതന്ത്ര്യപ്പോരാളികളാൽ വധിക്കപ്പെടുംവരെ ഇറ്റലിയിലെ ഫാഷിസ്റ്റ് സർവാധിപതി.

മൈക്കലാഞ്ചലോ, ബുനാറൊത്തി (1475–1564) ഇറ്റലി: ചിത്രകാരൻ, പ്രതിമാശിൽപ്പി, വാസ്തുശിൽപ്പി, കവി–നവോത്ഥാന നായകൻ.

ബോർഡിഗ, അമാദിയോ (1889–1970) ഇറ്റലി: ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ ജനറൽ സെക്രട്ടറി (1921–24). ഗ്രാംഷിയുമായും പിന്നീട് പാർട്ടിയാകെയുമായും ഭിന്നിപ്പ്. സെക്റ്റേറിയൻ, 1930 ൽ ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടി വിട്ട് 'ഇന്റർനാഷണൽ കമ്യൂണിസ്റ്റ് പാർട്ടി' സ്ഥാപിച്ച് കുറെക്കാലം നടത്തി.

ലാബ്രിയോള, അന്തോണിയോ (1843–1904) ഇറ്റലി: സർവകലാശാലാധ്യാപകൻ, ചിന്തകൻ, ഹെഗേലിയൻ, ഇറ്റാലിയൻ മാർക്സിസത്തിന്റെ പിതൃസ്ഥാനീയൻ.

ലെനിൻ, വ്ളാദിമിർ ഇലിച്ച് (1870–1924) റഷ്യൻ: ബോൾഷെവിക് പാർട്ടി നേതാവ്, ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശിൽപ്പി. മാർക്സിസത്തോട് ലെനിന്റെ സംഭാവനകൂടി ചേർത്ത് 'മാർക്സിസം–ലെനിനിസം'.

വിക്കൊ, ഗ്യാംബാറ്റിസ്റ്റ (1668–1744) ഇറ്റലി: നേപ്പിൾസിലെ പ്രമുഖ ദാർശനിക *നവീന വിജ്ഞാനം (ന്യൂ സയൻസ്)* എന്ന വിക്കോയുടെ ഐതിഹാസിക കൃതി, ചരിത്രത്തെയും സമൂഹത്തെയും നിയമബന്ധിത പ്രക്രിയകളായി കാണുകയും ഇറ്റാലിയൻ സാമൂഹ്യ വിജ്ഞാനീയത്തിന് അടിത്തറ പാകുകയും ചെയ്തു.

സ്റ്റാലിൻ, ജോസഫ് വിസ്സാറിയാനോവിച്ച് (1879–1953) റഷ്യ: ലെനിനു ശേഷം സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെയും രാഷ്ട്രീയത്തിന്റെയും അത്യുന്നത നേതാവ്.

സീസർ, ജൂലിയസ് (ക്രി. മു. 100–44) ഇറ്റലി: റോമാ ചക്രവർത്തി.

ഹെഗൽ, ഗ്യോർഗി വിൽഹെം ഫ്രെഡറിക് (1770–1831) ജർമൻ: ജർമൻ ക്ലാസിക്കൽ ദർശനത്തിന്റെ മൂർധന്യൻ. വൈരുധ്യവാദത്തിന്റെ ആധുനികാവിഷ്കർത്താവ്. മാർക്സിന്റെ പൂർവിക പ്രചോദകരിൽ പ്രമുഖൻ.

അനുബന്ധം 3

വിവർത്തന സൂചി

AESTHETICS	സൗന്ദര്യശാസ്ത്രം, ലാവണ്യശാസ്ത്രം
CAPITAL	മൂലധനം
CAPITALISM	മുതലാളിത്തം
CIVIL SOCIETY	പൗര സമൂഹം
DIALECTICS	വൈരുധ്യവാദം (ദ്വന്ദ്വാത്മക വാദം)
DIALECTICAL MATERIALISM	വൈരുധ്യാത്മക ഭൗതികവാദം
ECONOMICS	ധനശാസ്ത്രം
FEUDALISM	നാടുവാഴിത്തം
HEGEMONY	മേൽക്കോയ്മ, ആന്തരിക മുൻതൂക്കം
HISTORICAL MATERIALISM	ചരിത്രപരമായ ഭൗതികവാദം
HUMANISM	മാനവികതാവാദം (മാനവപക്ഷവാദം)
IDEOLOGY	പ്രത്യയശാസ്ത്രം
INTELECTUALS	ധൈഷണികർ (ബുദ്ധിജീവികൾ)
LEXIS	ജ്ഞാനം, ആശയം, ചിന്ത
MATERIALISM	ഭൗതികവാദം
PHILOSOPHY	ദർശനം (തത്വശാസ്ത്രം)
PHILOSOPHY OF PRAXIS	പ്രായോഗിക പ്രവർത്തനത്തിന്റെ ദർശനം
POLITICAL ECONOMY	അർഥശാസ്ത്രം

POLITICAL SCIENCE	രാഷ്ട്രമീമാംസ
POLITICAL SOCIETY	രാഷ്ട്രീയ സമൂഹം
PRAXIS	കർമം, സാമൂഹ്യകർമം, പ്രായോഗിക പ്രവർത്തനം
PRICE	വില
REFORMISM	പരിഷ്കരണവാദം (അതായത് വിപ്ലവം ഒഴിവാക്കാനുള്ള മിതവാദം)
SCIENTIFIC SOCIALISM	ശാസ്ത്രീയ സോഷ്യലിസം
SECTARIANISM	സെക്റ്റേറിയനിസം (വിഭാഗീയവാദം)
SOCIAL	സാമൂഹ്യ
SOCIETY	സമൂഹം
SOCIOLOGY	സാമൂഹ്യ വിജ്ഞാനീയം
STATE	ഭരണകൂടം
STRATEGY	തന്ത്രം
SURPLUS VALUE	മിച്ചമൂല്യം
TACTICS	അടവ്
UNITED FRONT	ഐക്യമുന്നണി
UTOPIANISM	സാങ്കൽപ്പികവാദം
UTOPIAN SOCIALISM	സാങ്കൽപ്പിക സോഷ്യലിസം
VALUE	മൂല്യം

അനുബന്ധം 4

സഹായക ഗ്രന്ഥ വിവരണം

അന്തോണിയോ ഗ്രാംഷിയെക്കുറിച്ച് മലയാളത്തിൽ വന്നിട്ടുള്ള രണ്ടാമത്തെ പുസ്തകമാണ് ഇപ്പോൾ നിങ്ങൾ വായിക്കുന്നത്. ഒന്നാമത്തേത് പ്രശസ്ത ചലച്ചിത്ര സംവിധായകനും എഴുത്തുകാരനുമായ രവീന്ദ്രന്റെ ലഘു കൃതിയാണ്—*അന്തോണിയോ ഗ്രാംഷി* (1986, തൃശ്ശൂർ).

എന്നാൽ ഗ്രാംഷിയുടെ മാതൃഭാഷയായ ഇറ്റാലിയൻ ഉൾപ്പെടെ ലോക ഭാഷകളിൽ മിക്കവയിലും ഗ്രാംഷിയുടെ കൃതികളും ഗ്രാംഷിയെക്കുറിച്ചുള്ള കൃതികളും ഒരു മലവെള്ളപ്പാച്ചിൽപോലെ കഴിഞ്ഞ അരനൂറ്റാണ്ടു കാലമായി പരന്നൊഴുകുകയാണ്. അവയിൽ ഗ്രാംഷിയുടെ കൃതികളുടെ പലതരത്തിലുള്ള സമാഹാരങ്ങളും തിരഞ്ഞെടുത്ത കൃതികളും ടിപ്പണികൾ സഹിതവും അല്ലാതെയുമെല്ലാം പെടും. അവ കൂടാതെ ഗ്രാംഷിയുടെ ജീവിതത്തെയും ചിന്തയെയും കുറിച്ചുള്ള പഠനങ്ങളും അവയെ മുൻനിർത്തിയുള്ള വിവിധ വ്യാഖ്യാനങ്ങളും വിവാദങ്ങളും ഉണ്ട്.

അവയിൽ ഇംഗ്ലീഷിൽ വന്നവയിൽ ചിലതും കൂടുതൽ വായിച്ച് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് സഹായകരം എന്ന് തോന്നുന്നവയും മാത്രം തിരഞ്ഞെടുത്ത് ചേർക്കാനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

ഗ്രാംഷിയുടെ കൃതികൾ

ഗ്രാംഷിയുടെ *കാരാഗൃഹത്തിൽനിന്നുള്ള കത്തുകൾ* ആണ് ആദ്യമായി വന്ന അദ്ദേഹത്തിന്റെ മരണാനന്തര പ്രസിദ്ധീകരണം—1947 ൽ ഇറ്റലിയിൽ. 1957 ആകുമ്പോഴേക്ക് ആറ് വാല്യങ്ങളായി അദ്ദേഹത്തിന്റെ ലേഖനങ്ങളും *ജയിൽക്കുറിപ്പുകളും* മറ്റും ഉൾപ്പെടെ ബഹുഭൂരിപക്ഷവും ഇറ്റലി

യിൽ വന്നു. താമസിയാതെ ഫ്രഞ്ച് തുടങ്ങിയ മറ്റ് യൂറോപ്യൻ ഭാഷകളിലും. എന്നാൽ ഇംഗ്ലീഷിൽ വെളിച്ചം കാണുന്ന ആദ്യത്തെ ഗ്രാംഷി കൃതി 1957 ലെ *The Modern Prince and other Writings*. വിവർത്തനം ചെയ്ത കുറിപ്പുകളോടെ അത് തയ്യാറാക്കിയത് ലൂയി മാർക്സ് (Louis Marks) ആണ്. ന്യൂയോർക്കിലെ ഇന്റർനാഷണൽ പബ്ലിഷേഴ്സും ലണ്ടനിലെ ലോറൻസ് ആന്റ് വിഷാർട്ടും (രണ്ടും കമ്യൂണിസ്റ്റ് പാർട്ടികളുടെ പ്രസാധനാലയങ്ങൾ) പ്രസിദ്ധീകരിച്ച ഈ പുസ്തകം ഇപ്പോഴും ആർക്കും വായിച്ച് ഗ്രാംഷിയെ മനസ്സിലാക്കാൻ ഉപകരിക്കുംവിധം ലളിതമാണ്. ഗ്രാംഷി തടവിലാകുന്നതിന് മുമ്പുള്ളതും പിമ്പുള്ളതുമായ ഈ തിരഞ്ഞെടുത്ത ലേഖനങ്ങൾ അങ്ങനെ രണ്ട് വിഭാഗമായി തിരിച്ച് ഓരോന്നിനും പ്രത്യേകം മുഖവുര ചേർത്തിട്ടുമുണ്ട്. തുടക്കക്കാർക്ക് ഇത് അത്യുത്തമം.

ഇതിലുള്ള ലേഖനങ്ങളിൽ പലതും ഉൾപ്പെടെ *ജയിൽക്കുറിപ്പുകളിൽ* നിന്ന് കുറെയേറെ ഇനങ്ങൾകൂടി ചേർന്ന ഒരു ബൃഹദ്ഗ്രന്ഥമാണ് 1971 ലെ *Selections from the Prison Note Books* ധാരാളം അടിക്കുറിപ്പുകളും ടിപ്പണികളും സഹിതം മുഖവുരയോടുകൂടി സമർഥമായി പഠിച്ച് തയ്യാറാക്കിയത് കിന്റിൻ ഹോറും ജ്യോഫ്രി നോവൽ സ്മിത്തും (Quintin Hoare and Geofrey Nowell Smith). പ്രസാധകർ മേൽപ്പറഞ്ഞവർ തന്നെ. മറ്റു ചില ഗ്രന്ഥങ്ങൾകൂടി സഹായകമായിട്ടുണ്ടെങ്കിലും നിങ്ങൾ വായിക്കുന്ന ഈ ഗ്രന്ഥം തയ്യാറാക്കിയത് മിക്കവാറും ഈ Selections നെ ആശ്രയിച്ചാണ്. ഒരു പഠനസഹായി എന്നതാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ലക്ഷ്യം.

അതേ പ്രസാധകർതന്നെ 1977 ൽ പ്രസിദ്ധീകരിച്ച മറ്റൊരു പ്രയോജനകരമായ സമാഹാരമാണ് *Selections from Political Writings 1910-1920*. ഫാഷിസ്റ്റ് ആധിപത്യം സ്ഥാപിക്കുന്നതിനു മുമ്പുള്ള ഇറ്റാലിയൻ രാഷ്ട്രീയ സംഭവവികാസത്തെയും അതിലൂടെ ഗ്രാംഷിയുടെ രാഷ്ട്രീയവും ദാർശനികവുമായുള്ള വളർച്ചയെയും മനസ്സിലാക്കാൻ സഹായിക്കുന്ന സമാഹാരമാണിത്. Quintin Hoare എഡിറ്റ് ചെയ്ത ഇതിന്റെ വിവർത്തനം ഭംഗിയായി നിർവഹിച്ചത് ജോൺ മാത്യൂസ്.

മിക്കവാറും ഇതേ ലേഖനങ്ങൾതന്നെ ചേർത്ത് അടിക്കുറിപ്പുകളും വിവരണങ്ങളും മുഖവുരകളും സഹിതം കേംബ്രിഡ്ജ് സർവകലാശാല പ്രസ്സ് അവരുടെ *Texts in History of Political Thoughts* എന്ന പരമ്പരയിൽ ചേർത്ത് ജയിലിൽ പോകുന്നതിനു മുമ്പുള്ള കൃതികൾ എന്ന പേരിൽ റിച്ചാർഡ് ബെല്ലാമി എഡിറ്റ് ചെയ്തതും വെർജീനിയ കോക്സ് വിവർത്തനം നിർവഹിച്ചതുമായ ഒരു നല്ല സമാഹാരം ഈയിടെ വന്നിട്ടുണ്ട്. *Pre-Prison wirtings* (1994).

ഗ്രാംഷിയുടെ ബഹുമുഖ സംഭാവനകളിൽ ഏറ്റവും മൗലികമായവയാണ്

സംസ്കാരം, സാഹിത്യം, മാധ്യമം മുതലായവയെക്കുറിച്ചുള്ളവ. അങ്ങനെയുള്ളവ മാത്രം തിരഞ്ഞെടുത്ത് അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റി കുറിപ്പുകളും വ്യാഖ്യാനവും സഹിതം പ്രസിദ്ധീകരിച്ചിട്ടുള്ള *Selections from Cultural Writings* (1985) സാധാരണ പുസ്തകക്കടകളിൽ ലഭ്യമല്ലെങ്കിലും വളരെ പ്രയോജനപ്രദമാണ്. David Forges ഉം Geofrey Nowell Smith ഉം ആണ് ഈ സമാഹാരം തയ്യാറാക്കിയത്.

ഗ്രാംഷിയെപ്പറ്റി

7799

അന്തോണിയോ ഗ്രാംഷിയെപ്പറ്റി ഇംഗ്ലീഷിൽ വന്നിട്ടുള്ള ഡസൻ കണക്കിന് കൃതികളിൽ ലാളിത്യവും ഹ്രസ്വതയുംകൊണ്ട് James Joll ന്റെ *Gramsci* (Fontana Modern Masters, 1983) ആകർഷകമാകുന്നു. ജോൾ ഒരു മാർക്സിസ്റ്റ് അല്ല എന്നത് വായിക്കുമ്പോൾ ഓർത്തിരിക്കണം എന്നുമാത്രം.

ഗ്രാംഷിയുടെ അനേകം ജീവചരിത്രങ്ങളിൽ ഏറ്റവും ആധികാരികവും ഹൃദയാവർജകവും ആയത് ഗ്രാംഷിയുടെ ജന്മനാടായ സർദീനിയ ദ്വീപുകാരൻ Ginseppe Fiori രചിച്ച *Antonio Gramsci: Life of a Revolutionary* ആണ്. Tom Nairn ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ഈ പുസ്തകം 1970 ൽ ലണ്ടനിലെ ന്യൂ ലെഫ്റ്റ് ബുക്ക്സ് (NLB) പ്രസിദ്ധീകരിച്ചു.

ഇംഗ്ലീഷുകാരനെങ്കിലും നീണ്ടകാലം ഇറ്റലിയിൽ ചെലവഴിക്കുകയും റോമിലെ ഗ്രാംഷി ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം ചെയ്ത ഗ്രാംഷി പണ്ഡിതനാണ്. Alastair Davidson അദ്ദേഹത്തിന്റെ *Antonio Gramsci: Towards an Intellectual Biography* (Merlin Press, London, 1977) ആധികാരികമായ വിശകലനങ്ങളും വിലയിരുത്തലുകളും കൊണ്ട് ശ്രദ്ധേയമാണ്.

ഇനി ഗ്രാംഷിയുടെ ചിന്തയെയും പരികൽപ്പനകളെയും സിദ്ധാന്തങ്ങളെയും കുറിച്ചുള്ള വിജ്ഞാനപ്രദമായ വിവാദങ്ങളിൽ തൽപ്പരരായവർക്ക് Chantal Mouffe ശേഖരിച്ച് എഡിറ്റ് ചെയ്ത *Gramsci and Marxist Theory* (Routledge and Kegen Paul, London, 1979) ഒരു രത്നഖനിയായി അനുഭവപ്പെടും. ഇറ്റലിക്കാരും അല്ലാത്തവരുമായ പലർ പങ്കെടുക്കുന്ന ഈ വിവാദങ്ങൾക്ക് എഡിറ്റർ നൽകുന്ന മുഖവുര നല്ലൊരു കവാടമാണ്.

John M Cammet എഴുതിയതും 1967 ൽ അമേരിക്കയിലെ സ്റ്റാർ ഫോർഡ് സർവകലാശാല പ്രസിദ്ധീകരിച്ചതുമായ *Antonio Gramsci and the Origins of Italian Communism* അക്കാദമീയ രാഷ്ട്രമീമാംസയുടെ കണ്ണടയിൽക്കൂടി ഗ്രാംഷിയൻ ചിന്തയുടെയും പ്രയോഗത്തിന്റെയും വികാസഗതികളെ സൂക്ഷ്മമായി പരിശോധിക്കുന്ന വിലപ്പെട്ട ഒരു കൃതിയാണ്.

ഗ്രാംഷിയൻ വിചാര വിപ്ലവം

20-ാം നൂറ്റാണ്ടിന്റെ സാമൂഹ്യ-സാംസ്കാരിക-ദാർശനിക-രാഷ്ട്രീയ ചിന്തകൾക്ക് നവമാനങ്ങൾ നൽകിയവരിൽ അഗ്രഗണ്യനാണ് അന്തോണിയോ ഗ്രാംഷി. മാർക്സിസം-ലെനിനിസത്തിൽ അടിയുറച്ചു പോരാടുകയും എഴുതുകയും ചെയ്ത ഈ ഫാസിസ്റ്റ്വിരുദ്ധ രക്തസാക്ഷിയുടെ ജീവിതവും കൃതികളും മാർക്സിസം-ലെനിനിസത്തിന്റെ പാരമ്പര്യത്തിന് പുറത്തുനിൽക്കുന്നവരെയും ത്രസിപ്പിക്കുന്നു, സ്വാധീനിക്കുന്നു. ഗ്രാംഷിയൻ ചിന്തയുടെ സ്ഫുരണങ്ങളില്ലാതെ വരും കാലങ്ങളിൽ ചരിത്രമോ ദർശനമോ സംസ്കാരമോ രാഷ്ട്രമീമാംസയോ ചർച്ചചെയ്യാൻ വിവേകശാലികളാരും മുതിരുകയില്ല; അവർ മാർക്സിസ്റ്റുകാരായാലും അല്ലെങ്കിലും.

ഇ എം എസ്
പി ഗോവിന്ദപ്പിള്ള



TOGETHER WITH
TOGLIATTI
THE POLITICAL LIFE
OF THE INTERNATIONAL
ARREST AND AFTER
THE INTELLECTUALS AND
THE WORKING CLASS
ON EDUCATION
RELEVANCE TO INDIA
1. Personal Despotism
and Class Dictatorship
2 Proletarian Dictatorship

3 The Revolutionary Party of the
Working Class
4 Civil Society and the State
5 Americanism and Fordism
CRITIQUE OF
BUKHARIN'S BOOK

Antonio Gramsci

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം